## കേരളത്തിലെ വിദ്യാലയങ്ങളിൽ നടപ്പിലാക്കിയ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ

# ഫലപ്രാപ്തിപഠനം

*തയാറാക്കിയത്*

**സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (എസ്.സി.ഇ.ആർ.ടി)**

പൂജപ്പുര, തിരുവനന്തപുരം 695 012

2019

## പഠനസമിതി അംഗങ്ങൾ

1. **ഡോ. ടി.വി.കുഞ്ഞിരാമൻ**
   സംസ്ഥാന കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റി അംഗം,
   പ്രിൻസിപ്പൽ, ഗവ.ബ്രണ്ണൻ കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ. തലശ്ശേരി.
3. **ഡോ.സി.രാമകൃഷ്ണൻ**
   സംസ്ഥാന കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റി അംഗം,
2. **ഡോ.കെ.രാജേശ്വരി**
   അസോ.പ്രൊഫ. ഗവ ട്രെയിനിംഗ് കോളേജ്, കോഴിക്കോട്
4. **വി.വി. പ്രേമരാജൻ**
   സീനിയർ ലക്ചറർ, ഡയറ്റ്, കണ്ണൂർ
5. **എം.തമ്പാൻ**
   സീനിയർ ലക്ചറർ (റിട്ട), ഡയറ്റ്, കോഴിക്കോട്
6. **കുഞ്ഞിരാമൻ പുതുശ്ശേരി**
   ലക്ചറർ (റിട്ട), ഡയറ്റ്, എറണാകുളം
7. **ഷീല.പി.എസ്,**
   സീനിയർ ലക്ചറർ (റിട്ട), ഡയറ്റ്, ഇടുക്കി
8. **ഷീജ.എസ്**
   ലക്ചറർ , ഡയറ്റ്, കൊല്ലം
9. **ഡോ.വി.എൻ.ഷാജി**
   സീനിയർ ലക്ചറർ , ഡയറ്റ്, എറണാകുളം
10. **സി.ശശിധരൻ നായർ**
    സീനിയർ ലക്ചറർ , ഡയറ്റ്, കോട്ടയം
11. **ജാബിർ.കെ**
    എച്ച്.എസ്.എ., ജി.എച്ച്.എസ്., പള്ളിക്കര, കാഞ്ഞങ്ങാട്, കാസർകോട്
12. **അൻവർ കെ**
    എച്ച്.എസ്.എ., ജി.വി.എച്ച്.എസ്.എസ്., വിതുര, തിരുവനന്തപുരം
13. **രജിത. എം.എസ്**
    എച്ച്.എസ്.എ., ജി.എച്ച്.എസ്.എസ്., പുന്നമൂട്, തിരുവനന്തപുരം
14. **മഞ്ജു ശങ്കർ കെ.**
    ജൂനിയർ റിസർച്ച് ഫെലോ, എസ്.സി.ഇ.ആർ.ടി, തിരുവനന്തപുരം

---

അക്കാദമിക് കോഡിനേറ്റർ
**ഡോ. അജീഷ്. പി.റ്റി**
റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി, തിരുവനന്തപുരം

---

## എഡിറ്റിംഗ്

1. **ഡോ. എസ്.കെ. ബിജു**
   അസിസ്റ്റന്റ് പ്രൊഫസർ, ഗവ.ആർട്സ് കോളെജ്, തിരുവനന്തപുരം.
2. **ശ്രീമതി. മഞ്ജു പി.കെ,**
   ലക്ചറർ, ഡയറ്റ്, കോട്ടയം.
3. **ശ്രീ. അനിൽ കെ,**
   ടീച്ചർ, ഗവ. വി.എച്ച്.എസ്.എസ്, മാടായി, കണ്ണൂർ

എഡിറ്റിംഗ് കോഡിനേറ്റർ
**സുദർശനൻ.എൽ**
റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി, തിരുവനന്തപുരം

# ആമുഖം

ഇന്ത്യയിലാദ്യമായി നമ്മുടെ സംസ്ഥാനത്ത് 2006-ൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ നിലവിൽവരികയുണ്ടായി. പൊതുസമൂഹത്തിന്റെയും വിദ്യാലയങ്ങളുടെയും മാധ്യമങ്ങളുടെയും മികച്ച അംഗീകാരത്തോടും പിൻബലത്തോടും കൂടി '21' ൽ നിന്ന് '576' വിദ്യാലയങ്ങളിലേക്ക് ഇത് വ്യാപിക്കുകയും വികസിക്കുകയും ചെയ്തിട്ടുണ്ട്. വിദ്യാർഥികൾ അംഗങ്ങളായുള്ള മറ്റ് സന്നദ്ധ പ്രവർത്തനങ്ങളിൽ നിന്നും എസ്.പി.സിയെ വേറിട്ടുനിർത്തുന്നത് അതിന്റെ സജീവതയും നിയമപാലന സന്നദ്ധതയും സമൂഹ്യ തിന്മകൾക്കെതിരെയുള്ള വേറിട്ട ഇടപെടലുകളുമാണ്. വിദ്യാഭ്യാസം, വനം, എക്സൈസ്, മോട്ടോർവാഹനം, തദ്ദേശസ്വയംഭരണം, ഫയർ ആന്റ് സേഫ്റ്റി എന്നീ വകുപ്പുകളുടെ സഹകരണത്തോടെ നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഈ പദ്ധതിയുടെ മേൽനോട്ടം വഹിക്കുന്നത് ആഭ്യന്തര വകുപ്പാണ്. എസ്.പി.സി.യുടെ നിലവിലെ അവസ്ഥയും അതിന്റെ ഫലപ്രാപ്തിയും പഠിക്കുക എന്ന ഉദേശ്യത്തോടെയാണ് എസ്.സി.ഇ.ആർ.ടി ഗവേണിംഗ് ബോഡിയുടെ നിർദേശപ്രകാരം ഈ പഠനം നടത്തിയത്.

കൊല്ലം, എറണാകുളം, കണ്ണൂർ ജില്ലകളിലെ തിരഞ്ഞെടുത്ത വിദ്യാലയങ്ങളിലാണ് ഈ പഠനം നടത്തിയിട്ടുള്ളത്. സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ വിദ്യാഭ്യാസവകുപ്പിന്റെ കീഴിൽ ശാസ്ത്രീയമായ ഒരു പഠനം നടന്നിട്ടില്ല. ഇതിന്റെ പ്രവർത്തനത്തിലും ഘടനയിലും കാഴ്ചപ്പാടിലും ആവശ്യമായ മെച്ചപ്പെടുത്തലുകൾ വരുത്തേണ്ടതുണ്ടെന്ന നിർദേശവും പല കോണുകളിൽ നിന്നും ഉയർന്നു വന്നിട്ടുണ്ട്. ഈ സാഹചര്യത്തിലാണ് ഈ പഠനം എസ്.സി.ഇ.ആർ.ടി ഏറ്റെടുത്തത്. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായും ഈ പഠനത്തെ കാണാവുന്നതാണ്.

ആശാവഹമായ കണ്ടെത്തലുകളാണ് ഈ പഠനത്തിലൂടെ വെളിവായത്. എസ്.പി.സി. അംഗങ്ങളായ കുട്ടികളിൽ ഭൂരിഭാഗവും തങ്ങൾക്കു ലഭ്യമാകുന്ന സമയം ക്രിയാത്മകമായി ഉപയോഗിക്കുന്നുവെന്നതും തന്റെ സഹപാഠികളിൽ ഗുണാത്മകമായ മാറ്റങ്ങൾ ഉണ്ടാക്കാൻ പര്യാപ്തമായ ഇടപെടലുകൾ നടത്തുന്നുവെന്നതും പ്രതീക്ഷയ്ക്ക് വക നൽകുന്നു. എസ്.പി.സി. യൂണിറ്റുള്ള മിക്ക വിദ്യാലയങ്ങളും അക്കാദമിക മുന്നേറ്റത്തിന്റെ പാതയിലാണെന്ന് രക്ഷിതാക്കളും അധ്യാപകരും സാക്ഷ്യപ്പെടുത്തുന്നു. എസ്.പി.സി.യുടെ ഭാഗമായി നടത്തുന്ന പ്രവർത്തനങ്ങളെ ക്ലാസ്റൂം പഠനവുമായി ബന്ധിപ്പിച്ച് എല്ലാ കുട്ടികൾക്കും അതിന്റെ മികവ് ലഭ്യമാക്കാനുള്ള ബോധപൂർവമായ ശ്രമങ്ങൾ ഉണ്ടാവണം എന്ന് പഠനം നിർദേശിക്കുന്നു. എസ്.പി.സി. കേഡറ്റുകളായ പെൺകുട്ടികളിൽ പ്രകടമാവുന്ന ആത്മധൈര്യം, അഭിമാനബോധം, വോളണ്ടിയർ പ്രവർത്തന സന്നദ്ധത, കായികശേഷിയുടെ വികാസം എന്നിവയുടെ സാധ്യതകൾ പഠനത്തിലുടനീളം ഊന്നിപ്പറഞ്ഞിട്ടുണ്ട്. നിയമത്തെ അംഗീകരിക്കുകയും സ്വമേധയാ അനുസരിക്കുകയും ചെയ്യുന്ന ഒരു യുവതലമുറയാണ് സ്റ്റുഡന്റ് പോലീസ് പദ്ധതിയിലൂടെ വളർന്നുവരുന്നത് എന്ന് പഠനം ചൂണ്ടിക്കാട്ടുന്നു. സാമൂഹ്യതിന്മകളോട് സന്ധിയില്ലാ സമരത്തിലേർപ്പെടാനുള്ള മനോഭാവം ഈ കേഡറ്റുകൾക്ക് ഉണ്ടെന്ന് പഠനം വ്യക്തമാക്കുന്നു.

ഈ പദ്ധതിയുടെ പരിമിതികൾ പരിഹരിച്ച് കൂടുതൽ കാര്യക്ഷമമായി മുന്നോട്ട് നയിക്കാൻ ഈ പഠനത്തിലൂടെ കഴിയേണ്ടതുണ്ട്. കേരളത്തിന്റെ ഒരു തനത് വിദ്യാഭ്യാസ പരിപാടി എന്ന നിലയിൽ മറ്റു സംസ്ഥാനങ്ങൾക്കും ഇത് മാതൃകയായിട്ടുണ്ട് എന്നത് ശുഭോദർക്കമാണ്. എസ്.പി.സി. പദ്ധതിയുടെ അവസ്ഥാ പഠനത്തിൽ സഹകരിച്ച ആഭ്യന്തര വകുപ്പിലെയും വിദ്യാഭ്യാസവകുപ്പിലെയും ഉദ്യോഗസ്ഥർ, അധ്യാപകർ, രക്ഷിതാക്കൾ ഇതര സന്നദ്ധസേവന മേഖലകളിലുള്ളവർ, വിദ്യാർഥികൾ എന്നിവരോടുള്ള നന്ദി അറിയിക്കുന്നു. ഏകോപനത്തോടെയുള്ള പ്രവർത്തനം, സമൂഹത്തിന്റെ ആവശ്യങ്ങളോട് അനുഭാവ പൂർണമായ സമീപനം, നിരന്തരമായ വിലയിരുത്തലും പിന്തുണയും എന്നിവ ഉറപ്പുവരുത്തിക്കൊണ്ട് നമ്മുടെ വിദ്യാലയങ്ങൾക്ക് മികച്ച അക്കാദമിക അന്തരീക്ഷം നിലനിർത്താൻ കഴിയും എന്ന ഉറച്ചവിശ്വാസത്തോടെ......

പൂജപ്പുര

01.03.2019

**ഡോ. ജെ പ്രസാദ്**

ഡയറക്ടർ, എസ്.സി.ഇ.ആർ.ടി

## പൂർണരൂപങ്ങൾ

| | | |
|---|---|---|
| ACPO | - | Additional Community Police Officer |
| ADNO | - | Assistant District Nodal Officer |
| CI | - | Circle Inspector |
| CPO | - | Community Police Officer |
| DDE | - | Deputy Director of Education |
| DEO | - | District Education Officer |
| DI | - | Drill Instructor |
| DIET | - | District Institute of Education and Training |
| DNO | - | District Nodal Officer |
| IG | - | Inspector General of Police |
| IP | - | Inspector of Police |
| KPMG | - | Kylnveld Peat Marwick Goerdeler |
| LSGD | - | Local Self Government Department |
| MPR | - | Monthly Performance Report |
| NCC | - | National Cadet Corps |
| NSS | - | Nation Service Scheme |
| PSLO | - | Police Student Liaison Officer |
| PT | - | Physical Training |
| PTA | - | Parents Teachers Association |
| SCERT | - | State Council of Educational Research and Training |
| School LAC | - | School Level Advisory Committee |
| SHO | - | Station House Officer |
| SIEMAT | - | State Institute of Educational Management And Training |
| SLAC | - | State Level Advisory Committee |
| SPC | - | Student Police Cadet |
| WDI | - | Woman Drill Instructor |

# ഉള്ളടക്കം

പേജ് നമ്പർ

**പഠനത്തിന്റെ സംക്ഷിപ്തം ................................................ 01**

**(1) സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി ഫലപ്രാപ്തിപഠനം പശ്ചാത്തലവും പ്രസക്തിയും ................................................ 11**

**(2) പൂർവ പഠനങ്ങളും രേഖകളും ................................................ 18**

- പൂർവ പഠനങ്ങൾ
- രേഖകളും ഉത്തരവുകളും

**(3) പഠനത്തിന്റെ രീതിശാസ്ത്രം ................................................ 22**

- പഠനോദ്ദേശ്യങ്ങൾ
- പഠനരീതി
- പഠനത്തിനുപയോഗിച്ച ഉപകരണങ്ങൾ, ഉപാധികൾ
- സാമ്പിൾ
- ദത്തശേഖരണ രീതി
- കാലയളവ്

**(4) ദത്തങ്ങളുടെ വിശകലനവും വ്യാഖ്യാനവും ................................................ 32**

- ചോദ്യാവലികളുടെ വിശകലനം
- ഫോക്കസ് ഗ്രൂപ്പ് ചർച്ചകളുടെ വിശകലനം
- അഭിമുഖങ്ങളുടെ വിശകലനം

**(5) നിഗമനങ്ങളും നിർദേശങ്ങളും ................................................ 101**

**ഉപസംഹാരം ................................................ 108**

**റഫറൻസുകൾ ................................................ 109**

**അനുബന്ധങ്ങൾ ................................................ 110**

1. പഠനോപാധികൾ 1 മുതൽ 12 വരെ
2. സാമ്പിളായി എടുത്ത സ്കൂളുകളുടെ ലിസ്റ്റ്
3. ഗവ: ഉത്തരവുകൾ

# സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ ഫലപ്രാപ്തി പഠനം
## സംക്ഷിപ്തം

2030 - ഓടുകൂടി ലോകത്ത് ഏറ്റവും കൂടുതൽ യുവജനങ്ങളുള്ള രാജ്യമായി ഇന്ത്യ മാറുമെന്ന് കരുതപ്പെടുന്നു. ഈ യുവജനശക്തിയെ നിയമം സ്വമേധയാ പാലിക്കുന്ന സമൂഹത്തിന്റെയും രാജ്യത്തിന്റെയും അഭിവൃദ്ധിക്കായി കഠിനാധ്വാനം ചെയ്യുന്ന, ദിശാബോധമുള്ള ഒരു തലമുറയായി രൂപപ്പെടുത്താൻ കഴിഞ്ഞാൽ നാളത്തെ ഇന്ത്യ ലോകത്തിന് മാതൃകയായിത്തീരും. ഈ ചിന്തയിൽ നിന്നാണ് വിദ്യാർഥികളിൽ കായികവും മാനസികവുമായ വളർച്ചയും വികാസവും ഉറപ്പുവരുത്തുന്ന വ്യക്തിത്വവികാസ പരിശീലന പദ്ധതി ''സ്റ്റുഡന്റ് പോലീസ് കേഡറ്റ്'' നടപ്പിലാക്കിയത്.

വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ ആഭ്യന്തരവകുപ്പ് മുൻകൈ എടുത്ത് നടപ്പിലാക്കിയ ഈ പരിപാടിയിൽ ട്രാഫിക്, എക്സ്സൈസ്, വനം, പരിസ്ഥിതി, ഫയർ ആന്റ് റസ്ക്യൂ തുടങ്ങിയ വകുപ്പുകളുടെ സഹായം കൂടിയുണ്ട്. 2010 മുതൽ തിരഞ്ഞെടുത്ത സ്കൂളുകളിൽ 8 മുതൽ 12-ാം ക്ലാസുവരെയുള്ള തിരഞ്ഞെടുത്ത കുട്ടികളിലാണ് ഈ പരിപാടി നടപ്പിലാക്കിയത്. ഇന്ന് 576 സ്കൂളുകളിലായി 48,000 വിദ്യാർഥികൾ പരിശീലനം നേടുന്നുണ്ട്. എഴുത്തു പരീക്ഷ, കായികക്ഷമതാപരിശോധന എന്നിവയാണ് പ്രധാനപ്പെട്ട തിരഞ്ഞെടുപ്പ് രീതികൾ. രണ്ട് വർഷ തീവ്രപരിശീലനത്തിൽ കായിക പരിശീലനം, പരേഡ്, യോഗ, കരാട്ടെ, ഇൻഡോർ ക്ലാസുകൾ, ക്യാമ്പുകൾ, തുടങ്ങിയ സാമൂഹ്യപ്രതിബദ്ധതയുള്ള നിരവധി പരിപാടികൾ ഉൾപ്പെടുത്തിയിരിക്കുന്നു.

കേരളത്തിന് പുറമേ രാജസ്ഥാൻ, ഗുജറാത്ത്, ഹരിയാന, കർണാടക തുടങ്ങിയ സംസ്ഥാനങ്ങളിൽ എസ്.പി.സി.പദ്ധതി നിലവിൽ വരുകയും 2017 ഡിസംബർ 24ന് ഈ പദ്ധതി ദേശീയ തലത്തിൽ പ്രഖ്യാപിക്കപ്പെടുകയും ചെയ്തു.

### പഠനത്തിന്റെ ആവശ്യകത

2010 അധ്യയനവർഷത്തിൽ ആരംഭിച്ച എസ്.പി.സി. പദ്ധതിയുടെ ഫലപ്രാപ്തിയെക്കുറിച്ച് നിലവിൽ ആധികാരിക പഠനങ്ങളൊന്നും നടന്നിട്ടില്ല. കൂടുതൽ വിദ്യാലയങ്ങളിലേക്കും കൂടുതൽ സംസ്ഥാനങ്ങളിലേക്കും വ്യാപിപ്പിക്കുന്നതിനുള്ള ആവശ്യം സജീവമായ സാഹചര്യത്തിലാണ് പദ്ധതിയുടെ ഫലപ്രാപ്തിയെ സംബന്ധിച്ചുള്ള പഠനം നടത്താൻ എസ്.സി.ഇ.ആർ.ടി കേരളം തീരുമാനിച്ചത്.

### പഠനത്തിന്റെ ലക്ഷ്യം

- കേരളത്തിലെ വിദ്യാലയങ്ങളിൽ നടപ്പിലാക്കിയ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ ഫലപ്രാപ്തി കണ്ടെത്തുന്നതിന്.

### പഠനത്തിന്റെ ഉദ്ദേശ്യങ്ങൾ

- സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി മുന്നോട്ട് വച്ച ഉദ്ദേശ്യലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിന് അതിന്റെ ഘടന, പ്രവർത്തനങ്ങൾ എന്നിവ എത്രമാത്രം പര്യാപ്തമാണ് എന്ന് കണ്ടെത്തുന്നതിന്.
- എസ്.പി.സി. പദ്ധതിയിലൂടെ കുട്ടികളിൽ, ഈ പരിപാടി മുന്നോട്ടു വച്ച ലക്ഷ്യങ്ങൾ എത്രമാത്രം നേടിയെടുക്കാൻ സാധിച്ചിട്ടുണ്ട്, അവ എത്രമാത്രം നിലനിൽക്കുന്നുണ്ട് എന്ന് കണ്ടെത്തുന്നതിന്.
- വിദ്യാലയാന്തരീക്ഷം, വിദ്യാലയപ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തൽ എന്നിവയ്ക്ക് എസ്.പി.സി. യുടെ ഇടപെടൽ എത്രമാത്രം സ്വാധീനം ചെലുത്തിയിട്ടുണ്ട് എന്ന് കണ്ടെത്തുന്നതിന്.
- എസ്.പി.സി പദ്ധതി കൂടുതൽ ശക്തിപ്പെടുത്തുന്നതിനാവശ്യമായ തുടർ പ്രവർത്തനങ്ങൾക്കുള്ള നിർദേശങ്ങൾ തയാറാക്കുന്നതിന്.

## പഠനകാലയളവ്

2017 ഡിസംബർ 1 മുതൽ 2018 മാർച്ച് 31 വരെയാണ് പഠനകാലയളവ്.

## പഠനത്തിന്റെ രീതിശാസ്ത്രം

പഠനത്തിന് പരിഗണിക്കേണ്ട വിവിധ മേഖലകൾ, കാഴ്ചപ്പാടുകൾ, പഠനത്തിന്റെ വ്യാപ്തി, രീതി, ഘടന, പഠനത്തിനുപയോഗിക്കേണ്ട ദത്തശേഖരണ സാമഗ്രികൾ എന്നിവ സംബന്ധിച്ച് വിദ്യാഭ്യാസ വിദഗ്ധരുമായി ചർച്ച ചെയ്ത് ധാരണകൾ രൂപീകരിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ പഠന മേഖലകൾ, രീതി, സാമ്പിൾ, പഠനസമയം എന്നിവ തീരുമാനിച്ചു. പഠനസംഘാംഗങ്ങളേയും വിദഗ്ധരേയും ഉൾപ്പെടുത്തി വിവിധ ശില്പശാലകൾ സംഘടിപ്പിക്കുകയും അതിലൂടെ വിവരശേഖരണ സാമഗ്രികൾ രൂപീകരിക്കുകയുണ്ടായി.

## രീതി

സർവേ, രേഖാ വിശകലനം എന്നിവയാണ് പ്രധാനമായും ഉപയോഗിച്ച പഠനരീതികൾ

## സാമ്പിൾ

ആകെ 12 തരത്തിലുള്ള സാമ്പിളുകളാണ് തിരഞ്ഞെടുത്തത് കണ്ണൂർ, എറണാകുളം , കൊല്ലം എന്നീ ജില്ലകളിലെ 360 എസ്.പി.സി കുട്ടികൾ, 68 സി.പി.ഒ.മാർ, 56 ഡി.ഐ.മാർ, 71 മറ്റ് അധ്യാപകർ, 36 പ്രധാനഅധ്യാപകർ, 36 പി.ടി.എ. പ്രസിഡന്റുമാർ, 3 ഡി.എൻ.ഒ.മാർ, 3 സി.ഐ.മാർ, 3 ഡി.ഡി.ഇ.മാർ എന്നിവരാണ് സാമ്പിളിൽ ഉൾപ്പെട്ടിട്ടുള്ളത്.

## രേഖാവിശകലനം

എസ്.പി.സിയുമായി ബന്ധപ്പെട്ടു പുറപ്പെടുവിച്ച സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ പഠന റിപ്പോർട്ടുകൾ, ഡോക്യുമെന്റുകൾ, ക്യാമ്പ് റിപ്പോർട്ടുകൾ, അനുഭവ വിവരങ്ങൾ എന്നിവ വിശകലനവിധേയമാക്കിയിട്ടുണ്ട്.

## ഉപയോഗിച്ച പഠനോപാധികൾ

വിവര ശേഖരണത്തിനായി എസ്.പി.സി കേഡറ്റുകൾ, സി.പി.ഒ.മാർ, ഡി.ഐ.മാർ, മറ്റ് അധ്യാപകർ, ഡി.എൻ.ഒ./ എ. ഡി.എൻ.ഒ.മാർ എന്നിവർക്ക് പ്രത്യേകം ചോദ്യാവലികളും, പ്രധാന അധ്യാപകർ, പി.ടി.എ. പ്രസിഡന്റുമാർ, സി.ഐ.മാർ, ഡി.ഡി.ഇ.മാർ എന്നിവർക്ക് പ്രത്യേക അഭിമുഖ പത്രികകളും, ഫോക്കസ് ഗ്രൂപ്പ് ചർച്ചാ സൂചകങ്ങളും ഉപയോഗിച്ചിട്ടുണ്ട്.

## ദത്തശേഖരണ വിശകലനരീതി

ജില്ലാതല ഗ്രൂപ്പുകളായി സ്കൂളുകളിൽ നിന്നും നേരിട്ട് വിവരം ശേഖരിച്ചു. അവയിൽ നിന്നും പ്രധാനവിവരങ്ങൾ ക്രോഡീകരിച്ചു. തുടർന്ന് കിട്ടിയ വിവരങ്ങൾ പ്രത്യേക ഫോർമാറ്റിൽ ക്രോഡീകരിച്ചു. ഗണാത്മകവിവരങ്ങളുടെ വിശകലനത്തിന് ശതമാനമാണ് ഉപയോഗിച്ച സ്റ്റാറ്റിസ്റ്റിക്സ് തന്ത്രം. ഗുണാത്മക വിവരങ്ങളും ക്രോഡീകരിക്കപ്പെട്ടു.

## കണ്ടെത്തലുകൾ

- എസ്.പി.സി പദ്ധതിയിൽ ചേരാൻ രക്ഷിതാക്കളുടെ താൽപ്പര്യം, പോലീസ് യൂണിഫോമിനോടുള്ള ആകർഷണം, ഗ്രേസ് മാർക്ക് എന്നിവയൊക്കെ പ്രേരണയാകുന്നുവെങ്കിലും 95.07% കുട്ടികളും സ്വന്തം ഇഷ്ടപ്രകാരമാണ് ചേർന്നിട്ടുള്ളതെന്ന് കണ്ടെത്തി.
- എസ്.പി.സി. പദ്ധതിയിലെ ബോധവൽക്കരണ ക്ലാസുകൾ, ഫീൽഡ് ട്രിപ്പുകൾ, സാമൂഹ്യ സേവന പ്രവർത്തനങ്ങൾ തുടങ്ങി എല്ലാ പ്രവർത്തനങ്ങളിലും കുട്ടികൾക്ക് താൽപ്പര്യമുണ്ടെങ്കിലും അവർ ഏറ്റവും കൂടുതൽ ഇഷ്ടപ്പെടുന്ന പ്രവർത്തനം (72.6%) ക്യാമ്പുകളാണെന്ന് അഭിപ്രായപ്പെട്ടു.
- എസ്.പി.സി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ചെയ്യുന്ന സേവന ബോധവൽക്കരണ പ്രവർത്തനങ്ങളിൽ നിന്ന് ഊർജമുൾക്കൊണ്ട് കേഡറ്റുകൾ സ്വമേധയാ ആവശ്യപ്പെടുന്ന നിരവധി പ്രവർത്തനങ്ങൾ - പരിസര ശുചീകരണം, പച്ചക്കറി, ഔഷധത്തോട്ട നിർമ്മാണം തുടങ്ങിയവ - വിദ്യാലയങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കാറുണ്ട്.
- യൂണിഫോം ധരിക്കുമ്പോൾ ഉണ്ടാകുന്ന അഭിമാനബോധം കേഡറ്റുകൾക്ക് കൂടുതൽ ആത്മവിശ്വാസം നൽകുന്നു. പ്രത്യേകിച്ച് പെൺകുട്ടികൾക്ക്. പോലീസ് ഉദ്യോഗസ്ഥരുമായി അടുത്ത് ഇടപഴകാൻ അവസരം ലഭിക്കുന്നത് തങ്ങളും നിയമപാലകരാണ് എന്ന ബോധം കുട്ടികളിൽ വളരാൻ പര്യാപ്തമാകുന്നു. അതുകൊണ്ട് തന്നെ നിയമലംഘനം നടത്തുവാനോ നിയമലംഘനം നടത്തുന്നവരെ അംഗീകരിക്കുവാനോ എസ്.പി.സി തയാറാകുന്നില്ല.
- എസ്.പി.സി പ്രോഗ്രാമുകൾ വിലയിരുത്തലിന് വിധേയമാക്കുന്ന വിദ്യാലയങ്ങൾ 94% ആണ്. എന്നാൽ വിദ്യാലയങ്ങളിൽ നടപ്പിലാക്കുന്ന വിലയിരുത്തൽ പ്രക്രിയകൾ ഒരേ രീതിയിലുള്ളതോ ശാസ്ത്രീയമായ രീതികൾ അവലംബിച്ചുള്ളതോ അല്ല.
- എസ്.പി.സി പദ്ധതിയുടെ നടത്തിപ്പിന് സ്കൂളുകളിൽ ലഭിക്കുന്ന പ്ലാൻഫണ്ട് പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിന് പര്യാപ്തമല്ല. അനുവദിക്കുന്നതു തന്നെ യഥാസമയം ലഭ്യമാവുന്നില്ല എന്നതും പരിഗണിക്കേണ്ടതാണ്. എസ്. പി. സി. യുടെ പ്രധാന ഘടകമായ യൂണിഫോം കുട്ടികൾക്ക് കൃത്യസമയത്ത് നൽകുന്നതിന് ഇത് തടസ്സമാകുന്നു. അർഹമായ പ്രതിഫലം നൽകാൻ കഴിയാത്തതുകൊണ്ട് ക്ലാസുകളെടുക്കാൻ വിദഗ്ധരുടെ സേവനം ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല. രക്ഷിതാക്കളും അധ്യാപകരും ചേർന്നാണ് തികയാതെ വരുന്ന പണം കണ്ടെത്തുന്നത്. ചുരുക്കം ചില തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ മാത്രമാണ് ചെറിയ തോതിൽ ധനസഹായം നൽകുന്നത്.
- എസ്.പി.സി.യുടെ പ്രവർത്തനങ്ങൾക്ക് സമൂഹത്തിന്റെ വിവിധ മേഖലകളിൽ നിന്നുള്ള സ്വീകാര്യതയും സഹകരണവും ഒരു പരിധിവരെ ലഭിക്കുന്നുണ്ട് എന്നുള്ളത് ശ്രദ്ധേയമാണ്. രക്ഷിതാക്കളും എസ്.പി.സിയുടെ പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നുണ്ട്.
- വിദ്യാലയങ്ങളിലെ സി. പി. ഒ. ഒഴികെയുള്ള മറ്റധ്യാപകർ, ക്യാമ്പ്, ബോധവൽക്കരണ ക്ലാസുകൾ, ഫീൽഡ് ട്രിപ്പുകൾ തുടങ്ങിയ ചില പ്രവർത്തനങ്ങളുമായി സഹകരിക്കുന്നുണ്ടെങ്കിലും സി.പി.ഒയുടെ ചുമതല ഏറ്റെടുക്കാൻ തയാറല്ല എന്നത് ഗൗരവത്തോടെ കാണേണ്ടതാണ്. സി.പി.ഒ. മാരുടെ അധികജോലിഭാരമാണ് ഇതിനു കാരണമായി കണ്ടെത്തിയത്.

- എസ്.പി.സിക്ക് പ്രത്യേക കലണ്ടർ ഉള്ളതിനാൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിൽ എസ്.ആർ.ജി., സ്റ്റാഫ് കൗൺസിൽ എന്നിവയ്ക്ക് കാര്യമായ പങ്കാളിത്തം ഇല്ല എന്ന് പ്രഥമാധ്യാപകർ അഭിപ്രായപ്പെട്ടു. എന്നാൽ എസ്.പി.സി പ്രവർത്തനങ്ങളിൽ ഈ സമിതികൾ സഹകരിക്കുന്നുണ്ട്.

- കുട്ടികളുടെ എണ്ണക്കുറവ് ചില സ്കൂളുകളിലെങ്കിലും എസ്.പി.സി അംഗങ്ങളുടെ തിരഞ്ഞെടുപ്പിനെ ബാധിക്കുന്നുണ്ട്. കുട്ടികളുടെ ശാരീരികക്ഷമതയുടെ കുറവ്, കായികക്ഷമതാപരീക്ഷ നടത്താനുള്ള പ്രയാസം എന്നിവ ശരിയായ തിരഞ്ഞെടുപ്പിനെ ബാധിക്കുന്നുണ്ട്.

- എസ്.പി.സിയുടെ പ്രവർത്തനങ്ങളിൽ പോലീസ് അധികൃതരുടെ പിന്തുണ ഫലപ്രദമായി ലഭിക്കുന്നുണ്ട്. ഇത് പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർധിപ്പിക്കുന്നു. (ചില സ്കൂളുകളിൽ പരിശീലനം ലഭിക്കാത്ത അധ്യാപകർ സി.പി.ഒ. മാരായി പ്രവർത്തിക്കുന്നുണ്ട്.)

- കുട്ടികളോട് ഡ്രിൽ ഇൻസ്ട്രക്ടർമാർ ഇടപെടുന്ന രീതി തൃപ്തികരമാണെന്ന അഭിപ്രായമാണ് ഭൂരിഭാഗം പേർക്കും ഉള്ളത്. മാത്രവുമല്ല പകുതിയോളം DI മാർ താൽപ്പര്യത്തോടെയാണ് ആ സ്ഥാനം ഏറ്റെടുത്തിട്ടുള്ളത്. എന്നാൽ DI മാരുടെ അമിത ജോലിഭാരം, വനിതാ DI മാരുടെ കുറവ് എന്നിവ പ്രവർത്തനങ്ങൾ ഫലപ്രദമായി നിർവഹിക്കാൻ തടസ്സം സൃഷ്ടിക്കുന്നുണ്ടെന്ന് അവർ അഭിപ്രായപ്പെടുന്നു. എസ്.പി.സി പ്രവർത്തനങ്ങളുടെ ഉത്തരവാദിത്വം മറ്റ് ഔദ്യോഗിക പ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ട് എന്ന് CI മാർ അഭിപ്രായപ്പെട്ടു. എന്നാൽ പോലീസിന് ജനകീയ മുഖം നൽകുന്നതിനും കേസുകളുടെ എണ്ണം കുറയ്ക്കുന്നതിനും എസ്.പി.സി പദ്ധതി നിർണായക പങ്ക് വഹിക്കുന്നുണ്ട്.

- എസ്.പി.സി. നിർദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്ക് അനുസൃതമായാണ് കുട്ടികളുടെ തിരഞ്ഞെടുപ്പ് നടത്തുന്നത്. എന്നാൽ ചില സ്ഥലങ്ങളിലെങ്കിലും എസ്.പി.സി യുടെ തിരഞ്ഞെടുപ്പിൽ പി.ടി.എ., സമൂഹത്തിലെ ഉന്നതർ എന്നിവരുടെ സമ്മർദ്ദം ഉണ്ടാകുന്നുണ്ട്. വിദ്യാലയാധികൃതരെ ബുദ്ധിമുട്ടിലാക്കുന്ന ഇത്തരം സന്ദർഭങ്ങൾ വിദ്യാലയത്തിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

- പൊതുവെ ആഭ്യന്തരവകുപ്പധിഷ്ഠിതപരിപാടി ആയിട്ടാണ് ജില്ലകളിൽ എസ്.പി.സി പ്രവർത്തനങ്ങൾ മുന്നോട്ടുപോകുന്നത്. വിദ്യാഭ്യാസവകുപ്പും ആഭ്യന്തരവകുപ്പും തമ്മിലുള്ള ഏകോപനമില്ലായ്മ ഗുരുതരമായ വീഴ്ചയായി DDE മാർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. DEO മാരെ ഈ പദ്ധതിയുമായി ബന്ധപ്പെടുത്തിയിട്ടില്ല എന്നതും ഗൗരവമായി കാണേണ്ടതാണ്.

- എസ്.പി.സി. പ്രവർത്തനങ്ങളിൽ അവധിക്കാലക്യാമ്പുകൾ, ക്ലാസ് സമയത്തെ പ്രവർത്തനങ്ങൾ തുടങ്ങിയവ ഒഴിവാക്കപ്പെടേണ്ടതായി ചെറിയൊരു ശതമാനം സി.പി.ഒ മാർക്ക് അഭിപ്രായമുണ്ട്.

- എസ്.പി.സി. പ്രവർത്തനങ്ങളിലൂടെ വിദ്യാർഥികളുടെ അക്കാദമിക നിലവാരം മെച്ചപ്പെട്ടിട്ടുണ്ട് എന്ന് രക്ഷിതാക്കളും അധ്യാപകരും അഭിപ്രായപ്പെടുന്നു. എസ്.പി.സി പ്രവർത്തനങ്ങൾ എസ്.എസ്.എൽ.സി വിജയശതമാനത്തിലും $A^+$ന്റെ എണ്ണത്തിലും കാര്യമായ വർധനവിന് കാരണമായിട്ടുണ്ട്. ഗ്രേസ് മാർക്ക് ഇതിൽ ഒരു പ്രധാനഘടകമാണ്.

- എസ്.പി.സി. പ്രവർത്തനങ്ങളുടെ ഫലമായി പഠനസമയം നഷ്ടപ്പെടുന്നു എന്ന് ചുരുക്കം ചില രക്ഷിതാക്കൾ അഭിപ്രായപ്പെട്ടിട്ടുണ്ട്. പക്ഷേ രക്ഷിതാക്കളിൽ നിന്ന് എസ്.പി.സിയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പരാതികളൊന്നും ലഭിച്ചിട്ടില്ല.

- താൽപ്പര്യമുള്ള അധ്യാപകർ മുന്നോട്ടു വരാത്തതുമൂലം സി.പി.ഒ. മാരെ നിയോഗിക്കു മ്പോൾ അധ്യാപകരുടെ താൽപ്പര്യം പരിഗണിക്കാൻ കഴിയുന്നില്ല എന്ന് ചില പ്രഥമാധ്യാ പകർ അഭിപ്രായപ്പെട്ടു.
- അധ്യാപകരുടെ അമിതജോലിഭാരവും ആനുകൂല്യങ്ങൾ നൽകാത്തതും ചില സി.പി.ഒമാരിലെങ്കിലും മടുപ്പ് ഉളവാക്കുന്നുണ്ട്.
- സ്കൂളുകളിൽ എസ്.പി.സി പദ്ധതി തുടങ്ങുന്നതിന്, പി.ടി.എ, ജനപ്രതിനിധികൾ എന്നിവ രുടെ താൽപ്പര്യം വളരെ പ്രധാനപ്പെട്ട ഒരു ഘടകമാണെന്ന് പ്രഥമാധ്യാപകർ ചൂണ്ടിക്കാ ണിച്ചു.
- എസ്.പി.സി കേഡറ്റുകൾ അച്ചടക്കം, സാമൂഹ്യബോധം, ദേശസ്നേഹം, ഉത്തരവാദിത്വ ബോധം എന്നിവ പ്രകടിപ്പിക്കുന്നു. ശരിതെറ്റുകൾ മനസ്സിലാക്കി മുന്നേറാനുള്ള തിരിച്ചറിവ് കേഡറ്റുകൾക്കുണ്ടാകുന്നുണ്ട്. പ്രതികരണശേഷിയും ആത്മവിശ്വാസവും വർധിച്ചിട്ടുള്ള തായും കണ്ടെത്തി.
- വാഹന യാത്രകളിൽ നിയമം അനുസരിപ്പിക്കുന്നതിലും, മാലിന്യം നിർമ്മാർജനം ചെയ്യു ന്നതിലും , കുടുംബം സ്വയം പര്യാപ്തമാകുന്നതിലും, വിഷലിപ്തമായ ഭക്ഷ്യവസ്തുക്ക ളുടെ വില്പന തടയുന്നതിലും, ലഹരി വസ്തുക്കളുടെ വില്പന, ഉപഭോഗം എന്നിവ ഇല്ലായ്മ ചെയ്യുന്നതിലും, പഠനത്തിലും എസ്.പി.സി വിദ്യാർഥികൾ സദാ ജാഗരൂകരാണ് എന്ന് രക്ഷിതാക്കളും അധ്യാപകരും അഭിപ്രായപ്പെട്ടു.
- എസ്.പി.സി പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വിദ്യാലയമികവിന് കാരണമാകു ന്നുണ്ടെന്ന് ഭൂരിഭാഗവും അഭിപ്രായപ്പെടുന്നു. എന്നാൽ വിദ്യാലയാന്തരീക്ഷത്തിൽ കാര്യ മായ മാറ്റങ്ങൾ ഉണ്ടാക്കുന്നതിന് കഴിഞ്ഞിട്ടില്ലെന്ന് ചിലർ അഭിപ്രായപ്പെട്ടു.
- എസ്.പി.സി പദ്ധതി നിലവിൽ വന്നശേഷം വ്യക്തിശുചിത്വവും പരിസരശുചിത്വവും പാലി ക്കുന്നതിൽ കുട്ടികൾ കൂടുതൽ ശ്രദ്ധ പുലർത്തുന്നു. കൂടാതെ സ്വമേധയാ അച്ചടക്കം പാലിക്കുന്നതിൽ കുട്ടികൾ ജാഗ്രത കാണിക്കുന്നു. അധ്യാപകരോടും സഹപാഠിക ളോടുമുള്ള പെരുമാറ്റത്തിൽ ഗുണപരമായ മാറ്റം ഉണ്ടായിട്ടുണ്ടെന്നും അധ്യാപകർ അഭി പ്രായപ്പെട്ടു.
- സ്കൂൾ, സബ്ജില്ല, ജില്ല, സംസ്ഥാനതലങ്ങളിലെ വിവിധ മേളകളിൽ വോളന്റിയർമാരായി എസ്.പി.സിയുടെ സേവനം ലഭ്യമാകുന്നതിലൂടെ പ്രസ്തുത മേഖലയിലെ പ്രവർത്തന ങ്ങൾ സുഗമമായി നടത്താൻ കഴിയുന്നുണ്ട്. എന്നാൽ പഠനസമയം നഷ്ടപ്പെടുന്ന രീതി യിൽ ഇത്തരം പ്രവർത്തനങ്ങളിൽ ഇടപെടുവിക്കുന്നത് ഒഴിവാക്കേണ്ടതാണ്.
- എസ്.പി.സി പ്രവർത്തനങ്ങൾ കൂടുതൽ വിദ്യാലയങ്ങളിലേക്കും കുട്ടികളിലേക്കും വ്യാപി പ്പിക്കണമെന്ന് സർവെയിൽ പങ്കെടുത്ത എല്ലാവരും അഭിപ്രായപ്പെട്ടു. പട്ടികജാതി പട്ടിക വർഗ കുട്ടികളിലേക്കും തീരദേശ മേഖലയിലെ കുട്ടികളിലേക്കും കൂടി ഇതിന്റെ ഗുണ ങ്ങൾ വ്യാപിപ്പിക്കേണ്ടതാണ്.
- നീന്തൽ, ഫുട്ബോൾ, കരാട്ടെ തുടങ്ങിയ മേഖലകൾ എസ്.പി.സിയിൽ ഉൾപ്പെടുത്തണ മെന്ന് കുട്ടികളും, പി.ടി.എ. പ്രസിഡണ്ടുമാരും അഭിപ്രായപ്പെട്ടു. എസ്.പി.സിക്കായി പ്രത്യേക കലാ-കായിക മത്സരങ്ങളും സംഘടിപ്പിക്കണം.
- എസ്.പി.സി പരിശീലനം പൂർത്തിയാക്കിയ കേഡറ്റുകൾക്ക് ആവശ്യമായ തുടർ പ്രവർത്ത നങ്ങൾ നൽകണം.

- എസ്.പി.സി പദ്ധതിക്ക് വിദ്യാഭ്യാസവകുപ്പിന്റെ സാമ്പത്തികസഹായം ലഭ്യമാക്കണം. ക്യാമ്പുകൾ മത്സരങ്ങൾ തുടങ്ങിയവയുടെ സംഘാടനം വിദ്യാഭ്യാസ വകുപ്പ് ഏറ്റെടുക്കണം എന്ന് എല്ലാവരും അഭിപ്രായപ്പെട്ടിട്ടുണ്ട്.
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വനം, ഫയർ & റസ്ക്യൂ, ആരോഗ്യം എക്സൈസ്, തുടങ്ങിയ വകുപ്പുകളുടെ കൂടുതൽ സഹകരണം ഉറപ്പുവരുത്തുന്നത് എസ്.പി.സി പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ സഹായകമാകും.
- സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾക്ക് നിർബന്ധിത കായിക പരിശീലനം നൽകുന്നത് വഴി കരുത്തുറ്റ കുട്ടികളെ വാർത്തെടുക്കാം. എല്ലാ ജില്ലയിലും എസ്.പി.സി ട്രെയിനിംഗ് സെന്ററുകൾ സ്ഥാപിക്കണം. മാത്രമല്ല എസ്. പി.സി അംഗങ്ങളുടെ നിലവാരം മികച്ചതാക്കാൻ ഡോക്ടർമാർ, ക്രിമിനോളജിസ്റ്റ്കൾ, വിദഗ്ധ പരിശീലകർ തുടങ്ങിയവരുടെ സേവനം അനിവാര്യമാണ്. ആയതിനാൽ അവരുടെ സേവനം കേഡറ്റുകൾക്ക് ലഭ്യമാക്കണം എന്നീ അഭിപ്രായങ്ങൾ വിദ്യാഭ്യാസ സെക്രട്ടറി പങ്കുവച്ചു.
- എസ്.പി.സിക്ക് കൃത്യമായ ഒരു ഭരണനിർവഹണ സംവിധാനം ഉണ്ടാകണം. പുതിയ തസ്തികകൾ സൃഷ്ടിക്കുകയും വേണം., എസ്.പി.സി പദ്ധതിയിൽ അംഗമായ അധ്യാപകർക്കു വേണ്ടി ഒരു ട്രെയിനിംഗ് അക്കാഡമി സ്ഥാപിക്കണം. എസ്.പി.സി. പദ്ധതിയെപ്പറ്റി എല്ലാ വർഷവും ഒരു പഠനം നടത്തുകയും പ്രവർത്തനം പുനപ്പരിശോധിക്കുകയും കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുകയും ചെയ്യണം., എസ്.പി.സിയിലെ പോലീസ് ഉദ്യോഗസ്ഥർക്കും അധ്യാപകർക്കും മെച്ചപ്പെട്ട പ്രവർത്തനാന്തരീക്ഷം സൃഷ്ടിക്കണം. അവർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ നൽകണം. തുടങ്ങിയ നിർദേശങ്ങൾ ശ്രീ. പി. വിജയൻ ഐ. പി. എസ്. മുന്നോട്ടുവെച്ചു
- കുട്ടികൾക്ക് വിദഗ്ധ പരിശീലനം നൽകാൻ Armed Police ന്റെ സേവനം നൽകുന്നത് അഭികാമ്യമായിരിക്കും. എന്നാൽ സ്കൂളും പോലീസ് സംവിധാനവും തമ്മിലുള്ള സൗഹൃദ അന്തരീക്ഷം നിലനിർത്തിക്കൊണ്ട് മാത്രമേ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകാവൂ.
- അംഗങ്ങളുടെ പ്രകടനപരതയ്ക്കനുസരിച്ചുള്ള അംഗീകാരം നൽകുക, എല്ലാ വിദ്യാലയങ്ങളിലും എസ്.പി.സി യൂണിറ്റ് ആരംഭിക്കുക, യൂണിഫോമ്ഡ് ഫോഴ്സിലേയ്ക്കുള്ള തിരഞ്ഞെടുപ്പിൽ എസ്.പി.സി കാർക്ക് മുൻഗണന നൽകുക, ക്യാമ്പുകളുടെ നടത്തിപ്പിന് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ സഹായം ഉറപ്പു വരുത്തുക, രാഷ്ട്രപതി പുരസ്കാർ, രാജ്യപുരസ്കാർ തുടങ്ങിയവയുടെ മാതൃകയിൽ പുരസ്കാരങ്ങൾ ഏർപ്പെടുത്തുക എന്നിവ ഫോക്കസ് ഗ്രൂപ്പ് ചർച്ചയിൽ ഉയർന്ന നിർദേശങ്ങളാണ്.

വിദ്യാർഥികളും അധ്യാപകരും രക്ഷിതാക്കളും സ്വാഗതം ചെയ്യുന്ന ഒരു പദ്ധതിയാണ് എസ്.പി.സി. അച്ചടക്കമുള്ള സാമൂഹ്യബോധവും ആത്മാർഥതയുമുള്ള നിയമാവബോധവും പ്രതികരണശേഷിയുമുള്ള ഒരു വിദ്യാർഥി സമൂഹത്തെ രൂപപ്പെടുത്താൻ എസ്.പി.സി. പ്രവർത്തനങ്ങൾ പര്യാപ്തമാണ്.

ജലസംരക്ഷണം, മാലിന്യനിർമാർജനം പരിസ്ഥിതി സംരക്ഷണം, നിയമ, ഗതാഗത, സൈബർ ബോധവൽക്കരണ പ്രവർത്തനങ്ങൾ ലഹരിനിർമാർജനം തുടങ്ങിയ മേഖലകളിൽ എസ്.പി. സി.യ്ക്ക് ഫലപ്രദമായ ഇടപെടലുകൾ നടത്താൻ കഴിയും.

വാഹനയാത്രകളിൽ ഗതാഗത നിയമങ്ങൾ അനുസരിക്കുന്നതിലും ലഹരിവസ്തുക്കളുടെ വില്പന, ഉപഭോഗം എന്നിവ ഇല്ലായ്മ ചെയ്യുന്നതിലും, മാലിന്യ നിർമാർജനത്തിലും വിഷലിപ്തമായ ഭക്ഷ്യവസ്തുക്കളുടെ വിപണനം തടയുന്നതിലും എസ്.പി.സി. സദാ ജാഗരൂകരാണ് എന്നത് പദ്ധതി

യുടെ ഒരു മികവാണ്. വ്യക്തിശുചിത്വവും പരിസരശുചിത്വവും പാലിക്കുന്നതിനും വിദ്യാലയത്തിലും വീട്ടിലും ജൈവകൃഷിയിലൂടെ ഭക്ഷ്യവസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്നതിനും ആ സന്ദേശം സമൂഹത്തിന് നൽകുന്നതിനും കേഡറ്റുകൾ ശ്രമിക്കുന്നു എന്നത് ശുഭോദർക്കമാണ്.

വിദ്യാലയത്തിനകത്തും പുറത്തും ഉണ്ടായിക്കൊണ്ടിരിക്കുന്ന അസാന്മാർഗിക പ്രവർത്തനങ്ങൾ, ലഹരി ഉപയോഗം, പെൺകുട്ടികൾക്കു നേരെയുള്ള അതിക്രമങ്ങൾ പഠനത്തിൽ നിന്ന് പിന്തിരിപ്പിക്കാനുള്ള ബോധപൂർവമായ ശ്രമങ്ങൾ, സൈബർ കെണികൾ തുടങ്ങിയവ ഒരു പരിധിവരെ എസ്.പി.സി. വഴി നിയന്ത്രണ വിധേയമായിട്ടുണ്ട്. വിദ്യാർഥികളെ പഠനമികവിലേക്ക് നയിക്കാനും സ്കൂളന്തരീക്ഷത്തിൽ ഗുണാത്മക മാറ്റങ്ങൾ വരുത്താനും എസ്.പി.സി. പ്രവർത്തനങ്ങൾക്ക് സാധ്യമായിട്ടുണ്ട്. വിദ്യാലയം, രക്ഷിതാക്കൾ, വിദ്യാർഥികൾ, പോലീസ് സേനാംഗങ്ങൾ, പിന്തുണ നൽകുന്ന മറ്റ് വകുപ്പുകൾ ഇവയുടെ ഒരു കൂട്ടായ്മ രൂപപ്പെട്ടിട്ടുണ്ട് എങ്കിലും പൊതുവിൽ വിദ്യാഭ്യാസവകുപ്പും ആഭ്യന്തരവകുപ്പും തമ്മിലുള്ള ഏകോപനക്കുറവ് ദൃശ്യമാണ്.

സി.പി.ഒ. മാരും ഡി.ഐ.മാരും കേഡറ്റുകളോടൊപ്പം നിന്ന് നിസ്വാർഥമായി ചെയ്യുന്ന സേവനങ്ങളാണ് എസ്.പി.സി.പദ്ധതിയുടെ വിജയം. പക്ഷെ അർപ്പണബോധത്തോടെ സേവനമനുഷ്ടിക്കുന്ന സി.പി.ഒമാരും ഡി.ഐ.മാരും അമിത ജോലിഭാരത്താൽ ബുദ്ധിമുട്ടനുഭവിക്കുന്നു.

സാമ്പത്തികമായ അപര്യാപ്തത എസ്.പി.സി.യുടെ മുന്നോട്ടുള്ള കുതിപ്പിന് തടസ്സങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

വ്യക്തിഗതമായ ഗുണങ്ങളുടെ വികാസത്തോടൊപ്പം സമൂഹത്തിൽ ഇടപെട്ട് പ്രവർത്തിക്കാനുള്ള വ്യഗ്രതയും എസ്.പി.സി. പദ്ധതി വഴി കുട്ടികൾക്ക് കൈവന്നിട്ടുണ്ട്. മൂല്യബോധമുള്ള വിദ്യാഭ്യാസം ഇന്നത്തെ തലമുറയ്ക്ക് ലഭ്യമാക്കാൻ എസ്.പി.സി. പദ്ധതി കൂടിയേ കഴിയൂ എന്ന അഭിപ്രായം ശക്തമാണ്. അതിനാൽ കൂടുതൽ വിദ്യാലയങ്ങളിലേക്ക് പദ്ധതി വ്യാപിപ്പിക്കുന്നത് സമൂഹത്തിനും വിദ്യാർഥികൾക്കും വിദ്യാലയങ്ങൾക്കും പ്രയോജന പ്രദമാകുമെന്ന് കണ്ടെത്തലുകൾ വ്യക്തമാക്കുന്നു.

## നിർദ്ദേശങ്ങൾ

### സാമ്പത്തികം

- എസ്.പി.സി പ്രവർത്തനങ്ങൾക്കാവശ്യമായ ധനസഹായം പ്ലാൻ ഫണ്ടിൽനിന്ന് ലഭിക്കുന്നുണ്ടെങ്കിലും സാമ്പത്തികമായ അപര്യാപ്തത പ്രവർത്തനങ്ങളുടെ നടത്തിപ്പിനെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. അതിനാൽ എസ്.പി.സി പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിനാവശ്യമായ സാമ്പത്തിക സഹായം വർധിപ്പിക്കേണ്ടതും ആയത് അധ്യയന വർഷത്തിന്റെ ആരംഭത്തിൽ തന്നെ ലഭ്യമാക്കേണ്ടതുമാണ്.
- യൂണിഫോം, ഭക്ഷണത്തിനുള്ള ഫണ്ട് എന്നിവ കൃത്യസമയത്ത് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. കേഡറ്റുകൾക്കുള്ള റിഫ്രഷ്മെന്റ് അലവൻസ് വർധിപ്പിക്കണം.
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് എസ്.പി.സി പ്രവർത്തനങ്ങൾക്കുള്ള ധനസഹായം ഉറപ്പാക്കണം.
- വിദ്യാഭ്യാസവകുപ്പ്, ജനപ്രതിനിധികളുടെ പ്ലാൻഫണ്ട് എന്നിവയിൽ നിന്ന് എസ്.പി.സി.ക്കായി ധനവിഹിതം മാറ്റിവയ്ക്കണം

### വിവിധ വകുപ്പുകളുടെയും വിവിധ പ്രവർത്തനങ്ങളുടേയും ഏകോപനം

- എസ്.പി.സി പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് സ്റ്റേറ്റ് തലത്തിലും ജില്ലാതലത്തിലും വിദ്യാഭ്യാസവകുപ്പിന്റെയും ആഭ്യന്തരവകുപ്പിന്റെയും ഏകോപനം ഉറപ്പാക്കേണ്ടതുണ്ട്.

ആഭ്യന്തര വകുപ്പിനെപ്പോലെ വിദ്യാഭ്യാസവകുപ്പും എസ്.പി.സി യിൽ തുല്യ ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടതുണ്ട്.

- ലഹരി, മയക്കുമരുന്ന് ഉപയോഗം സൈബർ കുറ്റകൃത്യങ്ങൾ തുടങ്ങി പുതിയ തലമുറയെ നശിപ്പിക്കുന്ന ദുഷ്പ്രവണതകൾക്കെതിരെ സമൂഹത്തിനെ ബോധവൽക്കരിക്കാൻ ഏറ്റവും അനുയോജ്യമായ ഒരു യൂണിറ്റായി സ്കൂളിൽ എസ്.പി.സി യെ ഉപയോഗപ്പെടുത്തണം.
- ക്യാമ്പുകളുടെയും, മത്സരങ്ങളുടെയും സംഘാടനം, പ്രവർത്തന കലണ്ടർ തയാറാക്കൽ മുതലായ കാര്യങ്ങളിൽ വിദ്യാഭ്യാസവകുപ്പിന്റെ കൂടുതൽ പിന്തുണ ആവശ്യമുണ്ട്.
- സ്കൂൾതലത്തിൽ പ്രവർത്തനങ്ങൾ തീരുമാനിക്കുന്നതിൽ ഏകോപനമുണ്ടാകണം. സംസ്ഥാനതലത്തിൽ നിന്നുള്ള നിർദേശം ഇതിനായി എല്ലാ വിദ്യാലയങ്ങൾക്കും നൽകണം. എന്നാൽ എസ്.പി.സി.യുടെ പ്രവർത്തനങ്ങൾ രൂപീകരിക്കുമ്പോൾ സ്കൂൾതലത്തിൽ ആസൂത്രണം ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ കൂടി ഉൾക്കൊള്ളിക്കാൻ കഴിയും വിധം അയവുള്ളതായിരിക്കണം.
- മോട്ടോർ വാഹന വകുപ്പ്, വനം, എക്സൈസ്, ഫയർ & റെസ്ക്യൂ, ആരോഗ്യം, സാമൂഹ്യനീതി തുടങ്ങിയ വകുപ്പുകളുടെ സഹകരണവും പങ്കാളിത്തവും വർദ്ധിപ്പിക്കണം.

### വിദ്യാലയ മികവുകൾ

- പ്രവർത്തനങ്ങളെ ശാസ്ത്രീയമായി വിലയിരുത്തി തുടർ പ്രവർത്തനങ്ങൾ പ്ലാൻ ചെയ്യാനുള്ള പരിശീലനം വിദ്യാലയങ്ങൾക്ക് നൽകണം.
- എസ്.പി.സി പ്രവർത്തനങ്ങളെ ക്ലാസ്സ് റൂം പഠനവുമായി ബന്ധിപ്പിച്ച് എല്ലാ കുട്ടികൾക്കും അതിന്റെ മികവ് ലഭ്യമാക്കാനുള്ള ബോധപൂർവമായ പ്രവർത്തനങ്ങൾ നടത്താനാവശ്യമായ നിർദേശങ്ങൾ വിദ്യാഭ്യാസ വകുപ്പ് വഴി നൽകണം.
- എസ്.പി.സി. പ്രവർത്തനങ്ങൾ പഠനമികവിലേക്ക് കുട്ടികളെ നയിക്കാൻ പര്യാപ്തമാണ്. പക്ഷെ പഠനപിന്നൊക്കാവസ്ഥയുള്ള കുട്ടികളെ പരിഗണിക്കുന്ന രീതിയിലല്ല നിലവിലുള്ള തിരഞ്ഞെടുപ്പ്. ഇവരെക്കൂടി പരിഗണിക്കുന്ന വിധത്തിൽ തിരഞ്ഞെടുപ്പ് മാനദണ്ഡങ്ങൾ പരിഷ്ക്കരിച്ചാൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കുകൂടി പഠനത്തിൽ മികവു തെളിയിക്കാനുള്ള അവസരം ലഭ്യമാകും.

### ഡി. ഐ. മാരുടെ പ്രവർത്തനങ്ങൾ

- ഡി.ഐ മാരുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് വ്യക്തമായ മാനദണ്ഡങ്ങൾ നിർണയിക്കേണ്ടതുണ്ട്.
- ജില്ല, സംസ്ഥാന തലങ്ങളിൽ ഡി.ഐ മാരുടെ പ്രവർത്തനങ്ങൾ വിലയിരുത്തി അർഹമായ അംഗീകാരം നൽകേണ്ടതുണ്ട്.
- ഡി.ഐ മാരായി ജോലി ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥരുടെ അമിത ജോലിഭാരം ലഘൂകരിക്കുന്നതിനുള്ള നടപടി ഉണ്ടാകണം. എസ്.പി.സി യുള്ള ദിവസങ്ങളിൽ ഡി.ഐ മാരെ സ്റ്റേഷൻ ഡ്യൂട്ടിയിൽ നിന്ന് പൂർണമായും ഒഴിവാക്കണം.
- എസ്.പി.സി പങ്കാളികളായ ഡി.ഐ മാർക്ക് ആകർഷകമായ പ്രതിഫലം നൽകേണ്ടതുണ്ട്.
- എസ്.പി.സി യുടെ പ്രവർത്തനങ്ങൾ നടക്കുന്ന ദിവസം ഡ്രിൽ ഇൻസ്ട്രക്റ്റർമാരുടെ സാന്നിധ്യം ഉറപ്പാക്കണം. വനിതാ ഡി.ഐ മാരുടെ എണ്ണം വർധിപ്പിക്കുകയും അവരെ കൃത്യമായി സ്കൂളുകളിൽ നിയോഗിക്കുകയും ചെയ്യണം.

- കുട്ടികൾക്ക് വിദഗ്ധ പരിശീലനം നൽകാൻ Armed Police ന്റെ സേവനം നൽകുന്നത് അഭികാമ്യമായിരിക്കും. എന്നാൽ സ്കൂളും പോലീസ് സംവിധാനവും തമ്മിൽ ഇന്നുള്ള സൗഹൃദാന്തരീക്ഷം നിലനിർത്തിക്കൊണ്ട് മാത്രമേ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടു പോകാവൂ.

## സി.പി.ഒ മാരുടെ പ്രവർത്തനങ്ങൾ

- സി.പി.ഒ മാരെ തൊഴിൽ സംബന്ധമായ മികവിലേക്ക് നയിക്കാൻ പര്യാപ്തമായ മികച്ച പരിശീലനം ഉചിതമായ ഇടവേളകളിൽ നൽകി പ്രസ്തുത സംവിധാനത്തെ പരിപോഷിപ്പിക്കണം.
- സി.പി.ഒ മാർക്ക് ആകർഷകമായ പ്രതിഫലം നൽകണം. കൂടാതെ സറണ്ടർ തുടങ്ങിയസേവനാനുകൂല്യങ്ങൾ കൂടി നൽകണം.
- സി.പി.ഒ മാരുടെ അമിതജോലി ഭാരം കുറച്ചാൽ മറ്റ് അധ്യാപകർക്കും ചുമതല ഏൽക്കുന്നതിന് താൽപ്പര്യമുണ്ടാകും.
- എസ്.പി.സി പ്രവർത്തനങ്ങളിൽ ഒഴിവാക്കപ്പെടേണ്ടതായി സി.പി.ഒ മാർ കണ്ടെത്തിയ അവധിക്കാല ക്യാമ്പുകൾ, ക്ലാസ്സ് സമയത്തെ പ്രവർത്തനങ്ങൾ തുടങ്ങിയ കാര്യങ്ങൾ വിശകലനം ചെയ്ത് വസ്തുതകൾ മനസ്സിലാക്കി പരിഹരിക്കാനുള്ള തീരുമാനം കൈക്കൊള്ളണം.
- ജില്ലാ സംസ്ഥാന തലങ്ങളിൽ സി.പി.ഒ മാരുടെ പ്രവർത്തനങ്ങൾ വിലയിരുത്തി അർഹമായ അംഗീകാരം നൽകേണ്ടതുണ്ട്.

## എസ്.പി.സി പദ്ധതിയുടെ വ്യാപനം

- എസ്.പി.സി പദ്ധതി കൂടുതൽ വിദ്യാലയങ്ങളിലേക്കും കൂടുതൽ കുട്ടികളിലേക്കും വ്യാപിപ്പിക്കണം. പട്ടികജാതി പട്ടികവർഗ കുട്ടികളിലേക്കും തീരദേശ മേഖലയിലെ കുട്ടികളിലേക്കും എസ്.പി.സി പദ്ധതി വ്യാപിപ്പിക്കേണ്ടതാണ്.
- നിലവിൽ 8, 9 ക്ലാസുകളിലാണ് എസ്.പി.സി. ആരംഭിക്കുന്നത്. രണ്ടു വർഷത്തെ പരിശീലനത്തിനുശേഷം 10-ാം ക്ലാസ്സ് മുതൽ ഈ കേഡറ്റുകൾക്കായി പ്രത്യേകിച്ച് തുടർ പ്രവർത്തനങ്ങളൊന്നും എസ്.പി.സി. നിർദേശിച്ചിട്ടില്ല. അതുകൊണ്ടു തന്നെ എസ്.പി.സി. പദ്ധതി മുഖാന്തിരം കുട്ടികളിലുണ്ടായിട്ടുള്ള ഗുണഫലങ്ങൾ നിലനിർത്തുന്നതിൽ വേണ്ടത്ര വിജയിക്കുന്നില്ല. ആയതിനാൽ എസ്.പി.സി. പരിശീലനം നേടിയ കുട്ടികളെ ഒരു റിസോഴ്സ്ഗ്രൂപ്പായി നിലനിർത്തിക്കൊണ്ട് തുടർ പരിശീലന പരിപാടികൾ ആസൂത്രണം ചെയ്യണം. എസ്.പി.സി.യുടെ പ്രാഥമിക പാഠങ്ങൾ ലിറ്റിൽ എസ്.പി.സി ക്ലബ്ബുകൾ വഴി 5, 6 ക്ലാസുകളിൽ നടപ്പിലാക്കണം.
- എസ്.പി.സിക്ക് ഒരു ഡയറക്ടറേറ്റ് ഉണ്ടാകണം. പുതിയ തസ്തികകൾ സൃഷ്ടിക്കുകയും വേണം. വിദ്യാഭ്യാസവകുപ്പിലും ആഭ്യന്തര വകുപ്പിലും പ്രത്യേകവിഭാഗം രൂപീകരിച്ച് താഴെത്തട്ടുവരെയുള്ള പ്രവർത്തനങ്ങളിൽ ഏകോപനം ഉണ്ടാക്കിയെടുക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. വിദ്യാഭ്യാസവകുപ്പിനും, ആഭ്യന്തരവകുപ്പിനും ഇതിൽ തുല്യ പങ്കാളിത്തം വേണം.
- എസ്.പി.സി പദ്ധതിയിൽ അംഗമായ അധ്യാപകർക്കു വേണ്ടി ഒരു ട്രെയിനിംഗ് അക്കാഡമി സ്ഥാപിക്കണം.
- സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾക്ക് പരിശീലനം നൽകുന്നതിന്, ഓരോ ജില്ലയിലും എസ്.പി.സി ട്രെയിനിംഗ് സെന്ററുകൾ സ്ഥാപിക്കണം. മാത്രമല്ല എസ്. പി.സി അംഗങ്ങ

ളുടെ നിലവാരം മികച്ചതാക്കാൻ ഡോക്ടർമാർ, ക്രിമിനോളജിസ്റ്റ്കൾ, വിദഗ്ധ പരിശീല കർ തുടങ്ങിയവരുടെ സേവനം അനിവാര്യമാണ്. ആയതിനാൽ അവരുടെ കൂടി സേവനം ലഭ്യമാക്കണം.

- എസ്.പി.സിക്ക് നൽകുന്ന ഗ്രേസ് മാർക്ക് പൊതു പരീക്ഷയിൽ ലഭിക്കുന്ന അധികമാർക്ക് എന്ന രൂപത്തിലല്ലാതെ ഉയർന്ന ക്ലാസുകളിലെ പ്രവേശനത്തിനുള്ള വെയിറ്റേജ് എന്ന രൂപ ത്തിൽ പരിഗണിക്കണം.
- എസ്.പി.സി കേഡറ്റുകൾ വിദ്യാഭ്യാസം പൂർത്തിയാക്കിയതിന് ശേഷം യൂണിഫോം തസ്തികകൾക്ക് അപേക്ഷിക്കുമ്പോൾ അവർക്ക് വെയിറ്റേജ് നൽകുന്നത് പരിഗണിക്കേണ്ട താണ്.

## വിലയിരുത്തൽ

- വിവധ തലങ്ങളിൽ നടക്കുന്ന എസ്.പി.സി. പ്രവർത്തനങ്ങൾ സ്കൂൾ, ജില്ലാ, സംസ്ഥാന തലങ്ങളിൽ വിലയിരുത്തുകയും അർഹമായ അംഗീകാരം നൽകുകയും ചെയ്യേണ്ടതുണ്ട്.
- ഡി.ഇ.ഒ, ഡി.ഡി.ഇ മാർ വിദ്യാലയ സന്ദർശനവേളകളിൽ എസ്.പി.സി പ്രവർത്തനങ്ങൾ വിലയിരുത്തി നിർദേശങ്ങൾ നൽകണം.
- പോലീസ് അധികാരികളുടെ ഇടവിട്ടുള്ള സന്ദർശനവും മേൽനോട്ടവും വിദ്യാലയങ്ങളിൽ ഉണ്ടാകണം. എസ്.പി.സി. പ്രവർത്തനങ്ങളുടെ ഇടക്കാല, അന്തിമവിലയിരുത്തലുകൾ ശാസ്ത്രീയമായി കൃത്യതപ്പെടുത്തിക്കൊണ്ട് അന്തിമവിലയിരുത്തലിന്റെ ഫലം കൂടി ഉൾപ്പെടുത്തി സർട്ടിഫിക്കറ്റ് നൽകുന്നത് ഉചിതമായിരിക്കും.
- പോലീസ്, വിദ്യാഭ്യാസ ഓഫീസർമാരുടെ നേതൃത്വത്തിൽ എല്ലാ മാസവും ജില്ലാതല അവലോകനം കാര്യക്ഷമമായി നടത്തണം.
- എസ്.പി.സി പദ്ധതിയുമായി ബന്ധപ്പെട്ട് കൃത്യമായ ഇടവേളകളിൽ പഠനം നടത്തുകയും പ്രവർത്തനങ്ങൾ പുനപ്പരിശോധിക്കുകയും കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുകയും ചെയ്യണം. ഇതനുസരിച്ച് എസ്.പി.സി. മാന്വലുകൾ പരിഷ്കരിക്കണം. അവ മലയാള ത്തിൽ പ്രസിദ്ധീകരിക്കണം.

## ഇതര കാര്യങ്ങൾ

- രക്ഷിതാക്കളെ വിദ്യാലയത്തിൽ വിളിച്ചു ചേർത്ത് എസ്.പി.സി യുടെ പ്രവർത്തനങ്ങളെക്കു റിച്ച് നല്ല ധാരണ നൽകയതിനുശേഷമേ എസ്.പി.സി യിൽ കുട്ടികളെ ചേർക്കാനുള്ള നട പടികൾ ആരംഭിക്കാവൂ. തിരഞ്ഞെടുപ്പ് പ്രക്രിയയ്ക്ക് ആവശ്യമായത്ര സമയം അനുവദിക്ക ണം.
- പൊതു സമൂഹം പ്രാദേശികമായി ആവശ്യപ്പെടുന്ന കാര്യങ്ങൾ എസ്.പി.സി. വഴി നിർവ ഹിക്കാനുള്ള സന്നദ്ധത വിദ്യാലയങ്ങൾക്ക് ഉണ്ടാകണം. അതിനാവശ്യമായ നിർദേശങ്ങൾ നൽകണം.
- നിലവിൽ എയ്ഡഡ് സ്കൂളിലുള്ള സ്വാശ്രയ എസ്.പി.സി പരിപാടി നിർത്തലാക്കി സാമ്പ ത്തിക ആനുകൂല്യങ്ങൾ നൽകികൊണ്ട് പുനസ്ഥാപിക്കണം.

# അധ്യായം – 1

# സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി – ഫലപ്രാപ്തി പഠനം

# പശ്ചാത്തലവും പ്രസക്തിയും

**ആമുഖം**

കേരളാ പോലീസിന്റെ ആഭിമുഖ്യത്തിൽ ആഭ്യന്തരവകുപ്പും വിദ്യാഭ്യാസവകുപ്പും സംയുക്തമായി നടപ്പിലാക്കിയ സ്കൂൾതല പദ്ധതിയാണ് എസ്.പി.സി. മറ്റു വകുപ്പുകളായ വനംവകുപ്പും ഗതാഗതവകുപ്പും, എക്സൈസ്വകുപ്പും കൂടാതെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും ഈ പദ്ധതിയെ പിന്തുണച്ചുവരുന്നു.

ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം സെക്കന്ററിതലത്തിലുള്ള കുട്ടികളിൽ നിയമത്തെ അംഗീകരിക്കുന്നതിനും അനുസരിക്കുന്നതിനും അച്ചടക്കം പാലിക്കുന്നതിനും പൗരബോധം വളർത്തുന്നതിനും സമൂഹത്തിൽ പ്രത്യേക പരിഗണന ലഭിക്കേണ്ടവരോട് സഹാനുഭൂതിയുണ്ടാകുന്നതിനുമുള്ള പരിശീലനം കൊടുക്കുകയെന്നുള്ളതാണ്. അതു വഴി സമൂഹത്തിൽ നിലനിൽക്കുന്ന വിപരീതവാസനകളെയും സ്വഭാവദൂഷ്യങ്ങളെയും മറ്റ് സാമൂഹ്യ തിന്മകളെയും ചെറുത്തു നിൽക്കുന്നതിനും കുടുംബത്തോടും സമൂഹത്തോടുമുള്ള ആത്മാർഥത പരിപോഷിപ്പിക്കുന്നതിനും വിദ്യാർഥികളെ കഴിവുള്ളവരാക്കുന്നു.

കേരളത്തിലെ ഹൈസ്കൂൾ, ഹയർസെക്കന്ററി സ്കൂളുകളിൽ വിദ്യാഭ്യാസവകുപ്പിന്റെ സഹകരണത്തോടെ ആഭ്യന്തരവകുപ്പിന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കിയ പരിപാടിയാണ് സ്റ്റുഡന്റ് പോലീസ് കേഡറ്റ്(എസ്.പി.സി). 2010 മുതൽ തിരഞ്ഞെടുത്ത വിദ്യാലയങ്ങളിലെ 8 മുതൽ 12 വരെയുള്ള ക്ലാസുകളിൽ ഈ പരിപാടി നടത്തിവരുന്നു. കുട്ടിയുടെ കായികവും മാനസികവുമായ വികസനത്തിലൂന്നിയുള്ള ഈ പ്രവർത്തനപരിപാടിയുടെ വിലയിരുത്തൽ നടത്തി കാലാനുസൃതമായി മാറ്റങ്ങൾ വരുത്തേണ്ടത് ആവശ്യമാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് എസ്.സി.ഇ.ആർ.ടി ഈ പരിപാടിയുടെ ഫലപ്രാപ്തി പഠനം നടത്താൻ മുൻകൈയെടുത്തത്.

## സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി

2006-ലെ 'ജനകീയം' എന്ന സംരംഭത്തിന്റെ ഭാഗമായി കൊച്ചി സിറ്റി പോലീസിന്റെയും ഹൈസ്കൂൾ വിദ്യാർഥികളുടേയും പങ്കാളിത്തത്തോടെ ആരംഭിച്ച ഒരു പദ്ധതിയാണ് 'സ്റ്റുഡന്റ് പോലീസ് കേഡറ്റ്' (എസ്.പി.സി). പരീക്ഷണാടിസ്ഥാനത്തിൽ എറണാകുളം, ആലപ്പുഴ എന്നീ ജില്ലകളിലെ തിരഞ്ഞെടുത്ത സ്കൂളുകളിൽ എസ്.പി.സി പദ്ധതി ആരംഭിച്ചു. ഈ പദ്ധതിക്ക് തുടക്കത്തിൽ തന്നെ മികച്ച അഭിപ്രായങ്ങളും പ്രതികരണങ്ങളും ലഭിച്ചു. പദ്ധതിയുടെ പ്രവർത്തനങ്ങൾ പരക്കെ അംഗീകരിക്കപ്പെട്ടു.

പരീക്ഷണത്തിന് കിട്ടിയ അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ ഒരു ഉന്നതതല കമ്മിറ്റി (ആഭ്യന്തര സെക്രട്ടറി, വിദ്യാഭ്യാസ സെക്രട്ടറി, പോലീസ് മേധാവി) സർക്കാറിന് ഒരു പദ്ധതി പ്രൊപ്പോസൽ സമർപ്പിച്ചു. ആ പ്രൊപ്പോസൽ അടിസ്ഥാനമാക്കി സർക്കാർ ഉത്തരവ് G.O.(P).121/2010/Home. dtd 29.05.2010 പ്രകാരം എസ്.പി.സി പദ്ധതി സംസ്ഥാനത്ത് നിലവിൽ വന്നു.

പൗരബോധവും, ലക്ഷ്യബോധവും, സാമൂഹിക പ്രതിബദ്ധതയും സേവനസന്നദ്ധതയുമുള്ള ഒരു യുവജനതയെ വാർത്തെടുക്കുന്നതിനും, നിയമത്തെ അംഗീകരിക്കുകയും, അനുസരിക്കുകയും ചെയ്യുന്ന ഒരു സമൂഹത്തെ സൃഷ്ടിക്കുന്നതിനും, വിദ്യാർഥികളിൽ പൗരബോധം , സമത്വബോധം, മതേതരവീക്ഷണം, അന്വേഷണത്വര, നിരീക്ഷണപാടവം, നേതൃപാടവം, സാഹസിക മനോഭാവം എന്നീ ലക്ഷ്യങ്ങൾ വളർത്തിയെടുക്കുന്നതിനും വേണ്ടി സംസ്ഥാനത്തെ വിദ്യാലയങ്ങളിലെ

8 മുതൽ 12 വരെയുള്ള ക്ലാസുകളിലെ വിദ്യാർഥികളെ ഉൾപ്പെടുത്തി സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നടപ്പാക്കി.

എൻ.സി.സിയുടെ അച്ചടക്കവും, എൻ.എസ്.എസ്. ന്റെ സേവന മനോഭാവവും സമന്വയിപ്പിച്ച് ഒരു പുതിയ പ്രസ്ഥാനം വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തിലാണ് ഈ പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളത്. വിദ്യാലയങ്ങൾ, അധ്യാപകർ, രക്ഷിതാക്കൾ, വിദ്യാർഥികൾ എന്നിവരുടെ ഭാഗ ത്തുനിന്നുള്ള സഹകരണവും മാധ്യമങ്ങളുടെ രചനാത്മകമായ പിന്തുണയുംകൊണ്ട് ഈ പദ്ധതി വിജയകരമായി നടപ്പാക്കി വരുന്നു.

സംസ്ഥാനത്ത് ആലപ്പുഴ, എറണാകുളം, കോഴിക്കോട് സിറ്റി എന്നീ പോലീസ് ജില്ലാ പരിധിയിൽ വരുന്ന 21 വിദ്യാലയങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ച ഈ പദ്ധതി ഇന്ന് 576 വിദ്യാ ലയങ്ങളിൽ നടപ്പിലാക്കി വരുന്നു. അധ്യാപകരിൽ നിന്ന് തിരഞ്ഞെടുത്ത ഒരു വ്യക്തി കമ്മ്യൂണിറ്റി പോലീസ് ഓഫീസറായും (CPO) മറ്റൊരു വ്യക്തി അഡീഷണൽ കമ്മ്യൂണിറ്റി പോലീസ് ഓഫീസ റായും സേവനമനുഷ്ടിക്കുന്ന വിധമാണ് സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ ഘടന വിഭാ വനം ചെയ്തിരിക്കുന്നത്.

സർക്കിൾ ഇൻസ്പെക്ടർ തലത്തിലുള്ള ഒരു ഉദ്യോഗസ്ഥൻ ലെയ്സൺ ഓഫീസറായി പ്രവർത്തിക്കാനുള്ള നിർദേശങ്ങളും, കൂടാതെ വിദ്യാലയങ്ങൾ തിരഞ്ഞെടുക്കുന്നതിലെ മാനദണ്ഡ ങ്ങൾ, പരിശീലന വിശദാംശങ്ങൾ, യൂണിഫോം എന്നിവയും പദ്ധതി രൂപരേഖയിൽ ഉൾപ്പെടുത്തി യിട്ടുണ്ട്. നടത്തിപ്പിനായി സ്കൂൾ തലം മുതൽ സംസ്ഥാനതലം വരെ ഉപദേശക സമിതികളും പ്രവർത്തിക്കുന്നുണ്ട്.

കേഡറ്റുകൾക്കും അനുബന്ധ ഉദ്യോഗസ്ഥർക്കും യൂണിഫോം, അലവൻസ്, പരേഡ് ദിവസങ്ങ ളിലെ ഭക്ഷണ അനുബന്ധ ചെലവുകൾ, പഠനക്ലാസുകൾ, ക്യാമ്പുകൾ, യാത്രകൾ എന്നിവയ്ക്കു ള്ള തുക ആഭ്യന്തരം, വിദ്യാഭ്യാസം, തദ്ദേശസ്വയംഭരണം മറ്റ് അനുബന്ധ വകുപ്പുകൾ എന്നിവ യിൽ നിന്ന് വഹിക്കാനാണ് നിർദ്ദേശമെങ്കിലും നിലവിൽ അഭ്യന്തരവകുപ്പ് മാത്രമാണ് ഫണ്ട് നൽകുന്നത്. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും തുക വിനി യോഗിക്കാൻ ഉത്തരവ് നിലവിലുണ്ട്.

## പ്രധാനമായും മൂന്നുതരം പരിശീലന പരിപാടികളാണ് നടത്തിവരുന്നത്

രണ്ടു വർഷത്തെ പരിശീലനം ആണ് എസ്.പി.സിയിൽ ലഭ്യമാക്കുന്നത്. ഈ പരിശീലന വേളയിൽ കുട്ടികളുടെ ആരോഗ്യ, കായിക ക്ഷമത വർധിപ്പിക്കുന്നതിനും സാമൂഹ്യമൂല്യങ്ങൾ വളർത്തുന്നതിനും തന്നിൽ അന്തർലീനമായിരിക്കുന്ന കഴിവുകളെ പരിപോഷിപ്പിക്കുന്നതിനും സമൂ ഹത്തിൽ പൗരബോധമുള്ള ഒരു വ്യക്തിയായി ജീവിക്കാനുള്ള നൈപുണികൾ വളർത്തുന്നതിനും ഉതകുന്ന പ്രവർത്തനങ്ങൾക്കാണ് ഈ പദ്ധതിയിൽ ഊന്നൽ നൽകുന്നത്.

ആഴ്ചയിൽ ഒരു ദിവസം 45 മിനിറ്റ് പരേഡും 45 മിനിറ്റ് കായിക പരിശീലനവും; മാസത്തിൽ

ഒരു തവണ റൂട്ട് മാർച്ച്/ ക്രോസ് കൺട്രി വർഷത്തിൽ 40 മണിക്കൂർ പഠനക്ലാസുകൾ. ഓണം/ ക്രിസ്തുമസ് അവധിക്കാലങ്ങളിൽ ത്രിദിന ക്യാമ്പുകൾ അതത് സ്കൂളുകളിലും അദ്ധ്യായന വർഷാവസാനം 5 ദിവസത്തെ ജില്ലാതല റസിഡൻഷ്യൽ ക്യാമ്പും 7 ദിവസത്തെ സംസ്ഥാനതല റസിഡൻഷ്യൽ ക്യാമ്പും സംഘടിപ്പിക്കുന്നു. ജൂൺ മുതൽ മാർച്ച് വരെ നീളുന്ന അധ്യയന വർഷ ത്തിൽ അതത് മാസങ്ങളിൽ നടത്തേണ്ട പ്രവർത്തനങ്ങളും പരിശീലനപരിപാടികളും വ്യക്തമാ ക്കുന്ന വിശദമായ പ്രവർത്തന കലണ്ടർ തയാറാക്കുകയും അതുപ്രകാരം ഒരു വിദ്യാർഥിക്ക് ശരാ ശരി 130 മണിക്കൂർ പരിശീലനം ഒരു വർഷം നൽകുകയും ചെയ്യുന്നു.

## എസ്.പി.സി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

1 നിയമത്തെ അംഗീകരിക്കുകയും സ്വമേധയാ അനുസരിക്കുകയും ചെയ്യുന്ന ഒരു സമൂഹത്തെ സൃഷ്ടിക്കുക.

2 വിദ്യാർഥികളിൽ പൗരബോധം, സമത്വബോധം, മതേതര വീക്ഷണം, അന്വേഷണത്വര, നിരീക്ഷണപാടവം, നേതൃശേഷി, സാഹസിക മനോഭാവം തുടങ്ങിയ മൂല്യങ്ങൾ വളർത്തുക.

3 വിദ്യാർഥികളിൽ സാമൂഹ്യപ്രതിബദ്ധതയും സേവനസന്നദ്ധതയും സഹജീവിസ്നേഹവും വളർത്തുക.

4 സാമൂഹ്യതിൻമകളായ തീവ്രവാദം, വിഘടനവാദം, വർഗീയത, ജാതീയത, ലഹരിഭ്രമം തുടങ്ങിയവയ്ക്കെതിരെ പ്രതികരിക്കാനും പ്രവർത്തിക്കാനും വിദ്യാർഥികളെ സജ്ജരാക്കുക.

5 ആഭ്യന്തരസുരക്ഷ, കുറ്റകൃത്യനിവാരണം, ക്രമസമാധാനപാലനം, ഗതാഗത നിയന്ത്രണം, സാമൂഹ്യ സേവനം തുടങ്ങിയ പ്രവർത്തനങ്ങളിൽ പോലീസ് സേനയോടൊപ്പം പ്രവർത്തിക്കുന്നതിന് വിദ്യാർഥികളെ പ്രാപ്തരാക്കുക.

6 വിദ്യാർഥികളിൽ പ്രകൃതി സ്നേഹം, പരിസ്ഥിതിസംരക്ഷണബോധം, പ്രകൃതിദുരന്തങ്ങൾക്കെതിരെ പ്രവർത്തിക്കാനുള്ള സന്നദ്ധത എന്നിവ വളർത്തുക.

7 സാമൂഹ്യ പ്രശ്നങ്ങളിൽ ഇടപെടാനും ദുരന്ത ഘട്ടങ്ങളിൽ ഉണർന്ന് പ്രവർത്തിക്കാനുമുള്ള മനോഭാവം കുട്ടികളിൽ വളർത്തുക.

8 സ്വഭാവ ശുദ്ധിയിലും പെരുമാറ്റ ശീലത്തിലും മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന ഒരു മാതൃകാ വിദ്യാർഥിസമൂഹത്തെ വാർത്തെടുക്കുക.

9 സമൂഹത്തിന്റെ സർവതോന്മുഖമായ പുരോഗതിക്ക് വേണ്ടി നിസ്വാർഥമായി പ്രവർത്തിക്കുന്ന ഒരു യുവ തലമുറയെ സൃഷ്ടിക്കുക.

10 കായികവും മാനസികവുമായ ആരോഗ്യം, മാനസിക വ്യാപാരങ്ങളിൽ നിയന്ത്രണം, കാര്യശേഷി എന്നിവ വിദ്യാർഥികളിൽ വളർത്തുക.

11 വിദ്യാർഥികളിൽ അന്തർലീനമായ കഴിവുകളെ പ്രചോദിപ്പിച്ച് നേതൃത്വ പാടവവും സംഘബലവും വളർത്തി സൃഷ്ടിപരമായ കർമ്മങ്ങളിലേക്ക് നയിക്കുവാനും, പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനും പ്രാപ്തരാക്കുക.

12 വിവരസാങ്കേതികവിദ്യയെ കാര്യക്ഷമമായി പ്രയോജനപ്പെടുത്തുന്നതിന് സജ്ജരാക്കി അതിന്റെ ദൂഷ്യവശങ്ങൾ മനസ്സിലാക്കി അവയ്ക്കെതിരെ ബോധവൽക്കരണം നടത്തുന്നതിന് കേഡറ്റുകളെ പ്രാപ്തരാക്കുക.

13 എൻ.സി.സി., എൻ.എസ്.എസ്. തുടങ്ങിയ സന്നദ്ധ സംഘടനകളെപ്പോലെ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയെ ഒരു സ്വതന്ത്ര സാമൂഹ്യ സേവനവിഭാഗമായി വളർത്തുക.

## എസ്.പി.സി പദ്ധതി ഭരണനിർവഹണം

എസ്.പി.സി പദ്ധതി - ഭരണ നിർവഹണത്തിനായി തയാറാക്കിയിട്ടുള്ള പ്രധാന മാർഗ നിർദേശങ്ങൾ - (സർക്കുലർ നമ്പർ 19/2011 dtd 12/7/2011) പ്രകാരം താഴെ കൊടുത്തിരിക്കുന്നു. വിദ്യാഭ്യാസം, വനം, എക്സൈസ്, മോട്ടോർ വാഹനം, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകളുടെ സഹായ സഹകരണത്തോടെ കേരളാ പോലീസ് നടപ്പാക്കി വരുന്ന സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനായി ചുവടെ പറയുന്ന ഭരണപരമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

- സംസ്ഥാന പോലീസ്മേധാവി ചെയർമാനും, പൊതുവിദ്യാഭ്യാസ സെക്രട്ടറി കൺവീനറും, ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ, ഹയർസെക്കന്ററി ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കന്ററി ഡയറക്ടർ, എൻ.എസ്.എസ് സംസ്ഥാന ലെയ്സൺ ഓഫീസർ, വനം, എക്സൈസ്, മോട്ടോർ വാഹനം, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകളുടെ മേധാവികൾ എന്നിവർ അംഗങ്ങളായ സംസ്ഥാനതല ഉപദേശക സമിതി പദ്ധതി നടത്തിപ്പിനായി രൂപീകരിച്ചിട്ടുണ്ട്.

- ജില്ലാ കളക്ടർ രക്ഷാധികാരിയും, ജില്ലാ പോലീസ് മേധാവി ചെയർമാനും, കോർപറേഷൻ/ മുനിസിപ്പാലിറ്റി/ ജില്ലാ പഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാന്റിഗ് കമ്മിറ്റി ചെയർമാൻ, ജില്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, ആർ.ഡി.ഡി (എച്ച്.എസ്.എസ്) അസി: ഡയറക്ടർ (വി.എച്ച്.എസ്.സി) വനം, എക്സൈസ്, മോട്ടോർ വാഹനം, തദ്ദേശ സ്വയംഭരണവകുപ്പ് എന്നിവയുടെ ജില്ലാതല അധികാരികൾ അംഗങ്ങളുമായ ജില്ലാ ഉപദേശക സമിതികൾ എല്ലാ പോലീസ് ജില്ലകളിലും രൂപീകരിച്ചിട്ടുണ്ട്.
- സ്കൂൾ മേലധികാരി, സ്ഥലം പോലീസ് സർക്കിൾ ഇൻസ്പെക്ടർ, പോലീസ് സബ് ഇൻസ്പെക്ടർ, പി.റ്റി.എ പ്രസിഡന്റ്, വിദ്യാഭ്യാസം, വനം, എക്സൈസ്, മോട്ടോർ വാഹന വകുപ്പുകളുടെ പ്രതിനിധികൾ, സ്ഥലത്തെ തദ്ദേശ സ്ഥാപനത്തിലെ വാർഡ് മെമ്പർ/ കൗൺസിലർ, സ്റ്റാഫ് സെക്രട്ടറി എന്നിവർ അംഗങ്ങളായ സ്കൂൾ തല ഉപദേശക സമിതികൾ പദ്ധതി പ്രവർത്തിക്കുന്ന ഓരോ സ്കൂളിലും നിലവിലുണ്ട്.
- അധ്യാപകരിൽ നിന്ന് സ്കൂൾ അധികൃതർ തിരഞ്ഞെടുക്കുന്ന ഒരാൾ കമ്മ്യൂണിറ്റി പോലീസ് ഓഫീസർ (സി.പി.ഒ) ആയി സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നിലവിലുള്ള സ്കൂളിൽ പദ്ധതിയുടെ ഇൻചാർജ് ആയി പ്രവർത്തിക്കുന്നു. സാമൂഹ്യ പ്രതിബദ്ധതയും, സേവന സന്നദ്ധതയുമുള്ള അധ്യാപകരിൽ നിന്നും ഒരാളെ കമ്മ്യൂണിറ്റി പോലീസ് ഓഫീസറായും, ഒരാളെ അഡീ. കമ്മ്യൂണിറ്റി പോലീസ് ഓഫീസറായും പ്രിൻസിപ്പാളിന് നിയോഗിക്കാവുന്നതാണ്. പെൺകുട്ടികൾ അംഗങ്ങളായ സ്കൂളുകളിൽ കമ്മ്യൂണിറ്റി പോലീസ് ഓഫീസർ, അഡീ. കമ്മ്യൂണിറ്റി പോലീസ് ഓഫീസർ എന്നിവരിൽ ഒരാൾ അധ്യാപികയായിരിക്കണം.
- വിദ്യാലയവും പോലീസും തമ്മിലുള്ള ബന്ധം നിലനിർത്തുന്നതിനും, പദ്ധതിയുടെ സുഗമമായ മേൽനോട്ടത്തിനുമായി സർക്കിൾ ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത ഒരു പോലീസ് ഉദ്യോഗസ്ഥനെ പോലീസ്-സ്റ്റുഡന്റ് ലെയ്സൺ ഓഫീസറായി ഓരോ സ്കൂളിനായും ജില്ലാ പോലീസ് മേധാവി ചുമതലപ്പെടുത്തിയിട്ടുണ്ട്.
- ഹൈസ്കൂളിലും, ഹയർസെക്കന്ററി സ്കൂളിലുമായി 500-ൽ കൂടുതൽ കുട്ടികൾ പഠിക്കുന്ന സർക്കാർ / സർക്കാർ എയ്ഡഡ് വിദ്യാലയങ്ങളെയാണ് സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിക്കായി തിരഞ്ഞെടുക്കുന്നത്. സ്കൂളുകൾ തിരഞ്ഞെടുക്കേണ്ട ചുമതല സംസ്ഥാന ഉപദേശക സമിതിക്കാണ്.
- തൊട്ടു മുമ്പുള്ള വാർഷിക പരീക്ഷയിൽ ചുരുങ്ങിയത് $C^{+}$ ഗ്രേഡ് (50% മാർക്ക്) നേടിയവരും, നിശ്ചിത ശാരീരിക യോഗ്യതയുള്ളവരും പ്രധാന അധ്യാപകന്റെ സ്വഭാവ സർട്ടിഫിക്കറ്റും, രക്ഷകർത്താവിന്റെ സമ്മത പത്രവും ഉള്ളവരുമായ വിദ്യാർഥികളെയാണ് സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയിലേക്ക് തിരഞ്ഞെടുക്കുന്നത്.
- സംസ്ഥാന തലത്തിലെയും, ജില്ലാതലത്തിലെയും ഉപദേശക സമിതികളെ സഹായിക്കുന്നതിനും പദ്ധതിയുടെ നടത്തിപ്പിനുമായി സംസ്ഥാന തലത്തിൽ സീനിയർ പോലീസ് സൂപ്രണ്ട് റാങ്കിൽ കുറയാത്ത ഐ.പി.എസ് ഉദ്യോഗസ്ഥനെയും ജില്ലാ തലത്തിൽ ഡി.വൈ.എസ്.പി റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥനെയും നോഡൽ ഓഫീസർമാരായി നിയമിച്ചിരിക്കുന്നു. അവരുടെ ഉപദേശനിർദേശങ്ങളിലും മേൽ നോട്ടത്തിലുമാണ് പദ്ധതി നടപ്പിലാക്കുന്നത്.
- ആഭ്യന്തരം, വിദ്യാഭ്യാസം, വനം, എക്സൈസ്, മോട്ടോർവാഹനം, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകളുടെ പദ്ധതി വിഹിതത്തിൽ നിന്നും റോഡ് സേഫ്റ്റി ഫണ്ട് രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ എന്നിവയിൽ നിന്നും സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ നടത്തിപ്പിനായുള്ള തുക കണ്ടെത്തേണ്ടതാണ്. കാലാകാലങ്ങളിൽ ഇതു സംബന്ധിച്ച നിർദേശങ്ങൾ പോലീസ് ആസ്ഥാനത്തു നിന്നും ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും നൽകിവരുന്നു.

- പദ്ധതിയുടെ ഉദ്ദേശ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനും, കേഡറ്റുകളുടെ ചുമതലകൾ നിർവഹിക്കുന്നതിനും പര്യാപ്തമായ കായിക പരിശീലനം (Outdoor classes) , പഠന ക്ലാസുകൾ (Indoor classes), പ്രായോഗിക പരിശീലനം (Practical training) എന്നിവ നിശ്ചിത പീരിയഡുകൾ നിശ്ചയിച്ച് ഓരോ അധ്യായനവർഷവും നൽകിവരുന്നു. ഇവകൂടാതെ ഒരു വിദ്യാർഥിക്ക് ശരാശരി 130 മണിക്കൂർ അധ്യായനവും പരിശീലനവും പദ്ധതി വിഭാവനം ചെയ്യുന്നു.
- അവധിക്കാല മിനിക്യാമ്പുകൾ അതാത് സ്കൂളുകളിൽ വച്ചു സംഘടിപ്പിക്കപ്പെടുന്നു. എന്നാൽ ഏഴ് ദിവസം നീണ്ടു നിൽക്കുന്ന സംസ്ഥാനതല റസിഡൻഷ്യൽ സമ്മർ ക്യാമ്പും, ജില്ലാ അടിസ്ഥാനത്തിൽ അഞ്ച് ദിവസത്തെ റസിഡൻഷ്യൽ ക്യാമ്പും ജില്ലാ സായുധ ക്യാമ്പുകൾ, ബറ്റാലിയൻ ആസ്ഥാനങ്ങൾ, പോലീസ് ട്രെയിനിംഗ് കോളേജ് (തിരുവനന്തപുരം), കേരളാ പോലീസ് അക്കാദമി (തൃശൂർ) എന്നീ കേന്ദ്രങ്ങളിൽ എവിടെയെങ്കിലും വച്ച് നടത്തുന്നു.
- കാക്കി പാന്റ്, കാക്കി ഷർട്ട്, ബ്ലാക്ക് ഷൂ, കാക്കി സോക്സ്, ബ്ലാക്ക് ബെൽറ്റ്, ബ്ലൂ ബരറ്റ് ക്യാപ്പ് എന്നിവയാണ് സ്റ്റുഡന്റ് പോലീസ് കേഡറ്റുകളുടെ യൂണിഫോം. കായിക പരിശീലന സമയത്ത് വെളുത്ത ടീഷർട്ടും, കറുത്ത പാൻസും, ക്യാൻവാസ് ഷൂവും ധരിക്കേണ്ടതാണ്.
- ആദ്യവർഷത്തിൽ ഓരോ സ്കൂളിൽ നിന്നും 44 കുട്ടികളെ വീതം ഈ പദ്ധതിയിൽ ഉൾപ്പെടുത്തണം. 22 പേർ വീതം അടങ്ങുന്ന പെൺകുട്ടികളുടെ ഒരു പ്ലറ്റൂണും ആൺകുട്ടികളുടെ ഒരു പ്ലറ്റൂണുമാണ് തിരഞ്ഞെടുക്കപ്പെടേണ്ടത്.
- സ്കൂൾ പി.ടി.എഫണ്ട്, ബാങ്ക്/ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നുള്ള സ്പോൺസർഷിപ്പ് എന്നിവയിൽ കൂടിയും സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിക്കുള്ള തുക കണ്ടെത്തിവരുന്നു.
- സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നടത്തിപ്പിനുള്ള സംസ്ഥാനതല ഉപദേശകസമിതിയുടെ ഫണ്ട് കൈകാര്യം ചെയ്യുന്നതിനായി എസ്.ബി.ഐ തിരുവനന്തപുരം മെയിൻ ബ്രാഞ്ചിൽ പോലീസ് ആസ്ഥാനത്തിന്റെ ചുമതലയുള്ള പോലീസ് ഇൻസ്പെക്ടർ ജനറലിന്റെയും, സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി സംസ്ഥാനതല നോഡൽ ഓഫീസറുടേയും പേരിൽ സംയുക്തമായ അക്കൗണ്ട് തുടങ്ങുകയും സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ ഫണ്ട് സ്കൂൾ തലത്തിൽ കൈകാര്യം ചെയ്യുന്നതിന് തിരഞ്ഞെടുക്കപ്പെട്ട സ്കൂളിന്റെ അധികാരപരിധിയിൽ വരുന്ന സർക്കിൾ ഇൻസ്പെക്ടറുടെയും, സ്കൂളിന്റെ പ്രിൻസിപ്പൽ/ ഹെഡ്മാസ്റ്ററുടെയും പേരിലുള്ള സംയുക്ത അക്കൗണ്ട് തുടങ്ങുകയും ചെയ്തിട്ടുണ്ട്.
- ഭാവി സമൂഹത്തെ പടുത്തുയർത്തുവാനുള്ള ഒരു സംരംഭം എന്നുള്ള നിലയിൽ പദ്ധതിയുടെ നയരൂപീകരണത്തിലും, നടത്തിപ്പിലും യാതൊരുവിധ വിഭാഗീയതയും സങ്കുചിത താൽപ്പര്യങ്ങളും കടന്നു കൂടാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്ന് നിർദേശിച്ചിട്ടുണ്ട്.
- കേരളപോലീസിലെ വിവിധ റാങ്കുകളിലുള്ള പോലീസ് ഉദ്യോഗസ്ഥർക്ക് ഈ പദ്ധതി നടപ്പിലാക്കി വിജയിപ്പിക്കുന്നതിൽ പ്രധാന പങ്കു വഹിക്കാനുണ്ട്.

### പഠനത്തിന്റെ ആവശ്യകത

ഒരു രാജ്യത്തെ ജനത നിയമം സ്വമേധയാ അനുസരിച്ചു തുടങ്ങുമ്പോഴാണ് ആ രാജ്യം യഥാർത്ഥത്തിൽ റിപ്പബ്ലിക്കാകുന്നത്. നിയമത്തെ സ്വമേധയാ അനുസരിക്കുന്ന ഒരു സമൂഹത്തെ സൃഷ്ടിക്കുക എന്ന ഉദ്യേശത്തോടുകൂടി 2010 മുതൽ തുടങ്ങിയ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി വളരെ യധികം പൊതുജനശ്രദ്ധ നേടിയ വിദ്യാഭ്യാസ പദ്ധതിയാണ്. പൗരബോധം, സമത്വബോധം മതേതരവീക്ഷണം നേതൃത്വശേഷി തുടങ്ങി പ്രകൃതിസംരക്ഷണവും വ്യക്തിത്വവികാസവും ഈ പരി

പാടി വിഭാവന ചെയ്യുന്നുണ്ട്. ഒരു അദ്ധ്യയന വർഷത്തിൽ 130 മണിക്കൂർ പഠനേതര പ്രവർത്തനങ്ങളായി പരിശീലനങ്ങളും ക്ലാസുകളുമായി തുടരുന്ന ഈ പദ്ധതി വിദ്യാർത്ഥികളുടെ പഠനത്തെ എപ്രകാരം ബാധിക്കുന്നു. ഗുണപരമാണോ, അദ്ധ്യാപകരും രക്ഷിതാക്കളും ഈ പദ്ധതിയെ എങ്ങനെ കാണുന്നു, സ്കൂളിന്റേയും ഒപ്പം വിദ്യാർത്ഥിയുടേയും പുരോഗതിയ്ക്ക് അനുയോജ്യമാണോ. ഈ പദ്ധതിയുടെ ഘടനയും പ്രവർത്തനങ്ങളും തുടങ്ങി ഒട്ടേറേ ചോദ്യങ്ങൾ ഇത്തരുണത്തിൽ പ്രസക്തമാണ്. എസ്.സി.ഇ.ആർ.ടി.യുടെ ഗവേണിങ്ങ് ബോഡിയുടെ നിർദേശപ്രകാരം ഈ സ്ഥാപനത്തിലെ ഗവേഷണ വിഭാഗം വിദഗ്ധസമിതി യോഗം ചേർന്ന് വിവിധ ഗവേഷണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കേരളത്തിൽ നിലവിൽ നടക്കുന്ന എസ്.പി.സി. പദ്ധതിയുടെ ഫലപ്രാപ്തിയെ സംബന്ധിച്ചത് ഇതിൽ ഒന്നാണ്.

### പഠന ഉദ്ദേശ്യങ്ങൾ

1 കേരളത്തിലെ വിദ്യാലയങ്ങളിൽ നടപ്പിലാക്കിയ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ ഫലപ്രാപ്തി കണ്ടെത്തുന്നതിന്

2 സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി മുന്നോട്ട് വച്ച ഉദ്ദേശ്യലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിന് അതിന്റെ ഘടന, പ്രവർത്തനങ്ങൾ എന്നിവ എത്രമാത്രം പര്യാപ്തമാണ് എന്ന് കണ്ടെത്തുന്നതിന്.

3 എസ്.പി.സി. പരിപാടിയിലൂടെ കുട്ടികളിൽ, ഈ പരിപാടി മുന്നോട്ടുവച്ച ലക്ഷ്യങ്ങൾ എത്രമാത്രം നേടിയെടുക്കാൻ സാധിച്ചിട്ടുണ്ട്, അവ എത്രമാത്രം നിലനിൽക്കുന്നുണ്ട് എന്ന് കണ്ടെത്തുന്നതിന്.

4 വിദ്യാലയാന്തരീക്ഷം, വിദ്യാലയ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തൽ എന്നിവയ്ക്ക് എസ്.പി.സി. യുടെ ഇടപെടൽ എത്രമാത്രം സ്വാധീനം ചെലുത്തിയിട്ടുണ്ട് എന്ന് കണ്ടെത്തുന്നതിന്

5 എസ്.പി.സി. പദ്ധതി കൂടുതൽ ശക്തിപ്പെടുത്തുന്നതിനാവശ്യമായ തുടർപ്രവർത്തനങ്ങൾക്കുള്ള നിർദേശങ്ങൾ തയാറാക്കുന്നതിന്

പഠനോദ്ദേശ്യങ്ങൾ നേടിയെടുക്കുന്നതിനായി താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തേണ്ടതുണ്ട്.

- എസ്.പി.സി. പദ്ധതിയുടെ ഉദ്ദേശ്യങ്ങൾ നേടുന്നതിനായി എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തുന്നത്?
- ഈ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് ഇന്നത്തെ രൂപഘടന എത്രമാത്രം ഫലപ്രദമാണ്?
- വിദ്യാഭ്യാസത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് എസ്.പി.സിയുടെ ഇന്നത്തെ പ്രവർത്തനങ്ങൾ അനുഗുണമാണോ?
- എസ്.പി.സി. യുടെ ഭാഗമായി എന്തൊക്കെ ഗുണപരമായ മാറ്റങ്ങൾ (സാമൂഹിക, വൈകാരിക, മാനസിക, ശാരീരിക) കുട്ടികളിൽ ഉണ്ടാക്കിയെടുത്തിട്ടുണ്ട്?
- എസ്.പി.സി പ്രവർത്തനങ്ങൾ സ്കൂളിലെ മറ്റു കുട്ടികൾ അധ്യാപകർ, ചുറ്റുപാടുള്ള സമൂഹം, സ്കൂൾ അന്തരീക്ഷം എന്നിവരിൽ ഉണ്ടാക്കിയ സ്വാധീനം എന്താണ്?

### പഠനത്തിന്റെ പരിമിതികൾ

- എസ്.പി.സി പദ്ധതിയുടെ മുഴുവൻ പരിപാടികളും നിർദിഷ്ടസമയത്തിനുള്ളിൽ വിശകലനം ചെയ്യുന്നതിന് സാധ്യതയില്ലാത്തതിനാൽ അത് ഒരു പരിമിതിയായി കണക്കാക്കുന്നു.
- എസ്.പി.സി പദ്ധതിയിലൂടെ പുറത്തുവന്ന കുട്ടികളുടെ സാമ്പിളുകൾ വളരെക്കുറച്ചുമാത്രമേ പ്രായോഗികമായി ഉൾപ്പെടുത്താൻ സാധിച്ചുള്ളുയെന്നതുകൊണ്ട് പദ്ധതിയുടെ ഫലപ്രാപ്തി എത്രമാത്രമെന്ന് കൃത്യമായി വിശകലനം ചെയ്യുന്നതിന് പരിമിതിയുണ്ട്.
- അൺ എയ്ഡഡ് സ്കൂളുകളിൽ നടപ്പിലാക്കിയ എസ്.പി.സി പദ്ധതി വിശകലനവിധേയമാക്കിയിട്ടില്ല എന്നത് മറ്റൊരു പരിമിതിയാണ്.

### പഠനത്തിന്റെ സാധ്യതകൾ

- എസ്.പി.സി യുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്താനുള്ള സാധ്യതകൾ ഈ പഠനം വഴി തെളിയുമെന്ന് കരുതുന്നു.
- സർക്കാർ തലത്തിൽ പുതിയ നിയമനിർമാണത്തിനുള്ള സാധ്യതകൾ തെളിയും.
- കൂടുതൽ മെച്ചപ്പെട്ട രീതിയിൽ ഘടനാപരമായും ധർമ്മപരമായും ഈ മേഖലയെ ശക്തിപ്പെടുത്തേണ്ടതിന്റെ ദിശാസൂചകങ്ങൾ പഠനത്തിലൂടെ ലഭ്യമാകുമെന്ന് കരുതുന്നു.

# അധ്യായം 2

# പൂർവ പഠനങ്ങളും രേഖകളും

## I പൂർവപഠനങ്ങൾ

പത്തനംതിട്ട ജില്ലയിലെ എസ്.പി.സി അംഗങ്ങൾക്കിടയിൽ പൗരബോധവും നിയമാവബോധവും സംബന്ധിച്ചുള്ള ഒരു പഠനം നടത്തുകയുണ്ടായി (2016). പഠനത്തിന്റെ ഉദ്ദേശ്യങ്ങൾ:

(i) എസ്.പി.സി അംഗങ്ങൾക്കിടയിലെ പൗരബോധവും നിയമാവബോധവും വിശകലനം ചെയ്യുക, എസ്.പി.സി അംഗങ്ങളല്ലാത്ത വിദ്യാർഥികളുടെ നിലവാരവുമായി താരതമ്യം ചെയ്യുക.

(ii) എസ്.പി.സി അംഗങ്ങളായ ആൺകുട്ടികളും പെൺകുട്ടികളും തമ്മിൽ മേൽപ്പറഞ്ഞ ചരങ്ങളിലുള്ള (variables) നിലവാരം താരതമ്യം ചെയ്യുക.

പഠനത്തിനായി സർവേരീതി പ്രയോജനപ്പെടുത്തി 200 എസ്.പി.സി അംഗങ്ങളും 200 എസ്.പി.സി അംഗമല്ലാത്തവരും പഠനത്തിൽ പങ്കാളികളായി.

### പഠനത്തിന്റെ പ്രധാന കണ്ടെത്തലുകൾ

(i) എസ്.പി.സി അംഗങ്ങളുടെ പൗരബോധത്തിന്റെയും നിയമാവബോധത്തിന്റെയും നിലവാരം ശരാശരിയും (average) എസ്.പി.സി അംഗങ്ങളല്ലാത്തവരുടെ നിലവാരം ശരാശരിയിൽ താഴെയുമാണ്.

(ii) പൗരബോധത്തിന്റെയും നിയമാവബോധത്തിന്റെയും നിലവാരത്തിൽ ആൺകുട്ടികളും പെൺകുട്ടികളും തമ്മിൽ വ്യത്യാസമുണ്ട്. ആൺകുട്ടികളുടെ ശരാശരി സ്കോർ കൂടുതലായിരുന്നു.

(iii) പൗരബോധവും നിയമബോധവും തമ്മിൽ പരസ്പരബന്ധം ഇല്ലെന്ന് (correlation) വ്യക്തമാക്കുന്നു.

കെ.പി.എം.ജി (KPMG), 2015 - ൽ എസ്.പി.സിയുടെ ഫലപ്രാപ്തി പഠനം നടത്തിയിരുന്നു. 50 എസ്.പി.സി സ്കൂളുകളും 10 എസ്.പി.സി ഇതര സ്കൂളുകളും പഠനവിധേയമാക്കി. 50 എസ്.പി.സി സ്കൂളുകളിലെ 50% കുട്ടികളും, എസ്.പി.സി ഇതര സ്കൂളുകളിലെ 250 കുട്ടികളും, 100 രക്ഷിതാക്കളും, 100 അധ്യാപകരും പഠനത്തിൽ പങ്കാളികളായി. കൂടാതെ എസ്.പി.സിയുമായി നേരിട്ട് ബന്ധമുള്ള സി.പി.ഒ. ഉൾപ്പെടെയുള്ളവരിൽ നിന്നും ദത്തശേഖരണം നടത്തി വിശകലന വിധേയമാക്കി. പഠനത്തിന്റെ പ്രധാന കണ്ടെത്തലുകൾ

(i) വിദ്യാർഥികൾ, അധ്യാപകർ, രക്ഷിതാക്കൾ, പോലീസ് ഉദ്യോഗസ്ഥർ എന്നിവരുടെ ഇടയിൽ വളരെ അനുഗുണമായ (positive) സ്വാധീനം ചെലുത്താൻ ഈ പദ്ധതിക്ക് സാധിച്ചിട്ടുണ്ട്.

(ii) എസ്.പി.സിക്കുള്ള സാഹചര്യങ്ങളുടെ മെച്ചപ്പെടുത്തൽ അനിവാര്യമാണ്

(iii) ഭൗതിക സാഹചര്യങ്ങളുടെ മെച്ചപ്പെടുത്തൽ അനിവാര്യമാണ്.

(iv) എസ്.പി.സിയുടെ പ്രവർത്തനങ്ങൾ കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കണമെന്ന് പഠനം നിർദേശിക്കുന്നു.

(v) വിദ്യാർഥികൾ ,രക്ഷിതാക്കൾ, അധ്യാപകർ എന്നിവരുടെ ജീവിതത്തിൽ ഈ പദ്ധതി ശക്തമായ സ്വാധീനം ചെലുത്തുന്നതായി പഠനം രേഖപ്പെടുത്തുന്നു.

സ്റ്റുഡന്റ് പോലീസ് കേഡറ്റുകളുടെയും സ്റ്റുഡന്റ് പോലീസ് കേഡറ്റല്ലാത്ത കുട്ടികളുടെയും സാമൂഹിക പൊരുത്തപ്പെടലും (social adjustment) അഹംബോധവും (Self concept) തമ്മിലുള്ള ബന്ധത്തെക്കുറിച്ച് താഹ്സിന (2011) പഠനം നടത്തുകയുണ്ടായി. സാമൂഹിക പൊരുത്തപ്പെടലും അഹംബോധവും തമ്മിൽ ഒരേ തരത്തിലുള്ള ബന്ധമാണ് രണ്ടു ഗ്രൂപ്പിലും ഉണ്ടായിരുന്നത്. രണ്ടു ഗ്രൂപ്പുകാരുടെയും അഹംബോധം ശരാശരി നിലവാരത്തിലാണെന്നും കണ്ടെത്തി. അനൂപ് (2013) മലപ്പുറം, കോഴിക്കോട് ജില്ലകളിലെ എസ്.പി.സി. അംഗങ്ങൾക്ക് പദ്ധതിയോടുള്ള മനോഭാവത്തെക്കുറിച്ച് പഠിക്കുകയുണ്ടായി. എല്ലാ അംഗങ്ങൾക്കും പദ്ധതിയോട് അനുഗുണമായ (Positive) മനോഭാവമാണെന്ന് കണ്ടെത്തി. ബിജേഷ് (2015)കോഴിക്കോട് ജില്ലയിലെ എസ്.പി.സി അംഗങ്ങളുടെയും എസ്.പി.സി. അംഗങ്ങൾ അല്ലാത്തവരുടെയും വൈകാരിക ബുദ്ധിയെ സംബന്ധിച്ച് താരതമ്യപഠനം നടത്തി. ഭൂരിഭാഗം എസ്.പി.സി അംഗങ്ങൾക്കും, അംഗങ്ങൾ അല്ലാത്തവർക്കും ശരാശരി നിലവാരത്തിൽ വൈകാരിക ബുദ്ധിയുള്ളതായി കണ്ടെത്തി. ഗ്രീഷ്മ (2017) സെക്കന്ററി സ്കൂളുകളിലെ എസ്.പി.സി അംഗങ്ങളുടെയും, അംഗങ്ങൾ അല്ലാത്തവരുടെയും സാമൂഹ്യ ഇടപെടലിനെ സംബന്ധിച്ച് പഠനം നടത്തി. പഠനത്തിൽ എസ്.പി.സി അംഗങ്ങൾക്ക് സാമൂഹ്യ ഇടപെടലിനുള്ള കഴിവ് അംഗങ്ങളല്ലാത്തവരേക്കാൾ കൂടുതലാണെന്ന് കണ്ടെത്തി.

## II രേഖകളും ഉത്തരവുകളും

എസ്.പി.സി. പ്രൊജക്ട് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം, എസ്.പി.സിയുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ എന്നിവ സംഗ്രഹിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിലെ ഉള്ളടക്കസംഗ്രഹം താഴെ വിശദീകരിക്കുന്നു.

- സംസ്ഥാനത്തെ സ്കൂളുകളിൽ എസ്.പി.സി. പദ്ധതി നടപ്പിലാക്കൽ സംബന്ധിച്ച് രൂപരേഖ അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. (സ.ഉ.(പി.) നമ്പർ 121/2010/ ആഭ്യന്തരം തീയതി 2010 മേയ് 29). പദ്ധതിയുടെ ഉദ്ദേശ്യങ്ങളും, നടത്തിപ്പുരീതികളും, സാമ്പത്തിക സ്രോതസ്സുകളും, വിവിധ വകുപ്പുകളുടെ പങ്കാളിത്തവും മറ്റും ഉത്തരവിൽ വ്യക്തമാക്കുന്നു.
- ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പ്രധാന അധ്യാപകർ/ പ്രിൻസിപ്പാൾ, ജില്ലാ നോഡൽ ഓഫീസർ (ഡി.എൻ.ഒ.), പോലീസ് സ്റ്റുഡന്റ് ലൈസൺ ഓഫീസർ, എസ്.എച്ച്.ഒ.മാർ, ഡ്രിൽ ഇൻസ്ട്രക്ടർമാർ, സി.പി.ഒ.മാർ എന്നിവരുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും G.O.(Rt) No.3284/2011 Gl.Edn dtd 12.08.2011 ൽ വ്യക്തമാക്കുന്നു.
- എസ്.പി.സി. പദ്ധതിക്ക് സംസ്ഥാനത്തെ ഗ്രാമപഞ്ചായത്ത്/നഗരസഭ/മുൻസിപ്പാലിറ്റി എന്നിവയുടെ തനത് ഫണ്ടിൽ നിന്നും ഒരു വർഷം 50,000 (അൻപതിനായിരം രൂപ) രൂപയിൽ കവിയാത്ത തുക അവരുടെ കൗൺസിൽ തീരുമാനത്തിന് വിധേയമായി ചെലവാക്കുന്നതിന് അനുമതിയുണ്ട് (സ.ഉ.(സാരണ).നം: 03/2012/ത.സ്വ.ഭ.വ തിരുവനന്തപുരം, തീയതി 02.01.2012)

### വിദ്യാർഥികൾക്ക് ഗ്രേസ്മാർക്ക്

- പദ്ധതിയിൽ അംഗങ്ങളാകുന്ന വിദ്യാർഥികൾക്ക് പ്രോത്സാഹനമെന്ന നിലയിലും ചേരാനുദ്ദേശിക്കുന്നവർക്ക് പ്രചോദനമെന്ന നിലയിലും നിശ്ചയിക്കപ്പെട്ട മാനദണ്ഡങ്ങൾ പുലർത്തുന്നവർക്ക് എസ്.എസ്.എൽ.സി, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി തലപരീക്ഷകളിൽ ഗ്രേസ് മാർക്ക് നൽകാൻ സർക്കാർ ഉത്തരവുണ്ട് (സ.ഉ(കെ) 214/12/ആഭ്യന്തരം തിരുവനന്തപുരം, തീയതി, 4.08.2012). ഈ ഉത്തരവിൻ പ്രകാരം എൻ.സി.സി കേഡറ്റുകൾക്ക് നൽകി വരുന്നതിന് തുല്യമായ ഗ്രേസ് മാർക്ക് നൽകാൻ അനുമതിയുണ്ട്. 90% ഹാജർ നിലയുള്ളവർക്ക് $A^+$; 80% ഹാജർ നിലയിലുള്ളവർക്ക് A; 75% ഹാജർ നിലയിലുള്ള വർക്ക് B എന്നീ ഗ്രേഡുകൾക്ക് അനുമതിയുണ്ട്. മേൽപ്പറഞ്ഞ ഉത്തരവിന്റെ സ്പഷ്ടീകരണം പിന്നിടുള്ള ഉത്തരവിൽ വിശദീകരിച്ചു. 75% ഹാജർ ഉണ്ടെങ്കിൽ 5% ഗ്രേസ് മാർക്ക് അനുവദിക്കുന്ന

താണെന്ന് എസ്.പി.സി. സംസ്ഥാനഉപദേശകസമിതി ശുപാർശചെയ്തിരുന്നു.(സ.ഉ.(സാ).നം: 1114/2013, ആഭ്യന്തരം തീയതി, തിരുവനന്തപുരം, 24.04.2013)

### സി.പി.ഒ. ഓണറേറിയം സംബന്ധിച്ച്

- സ്റ്റുഡന്റ് പോലീസ് പദ്ധതിയിൽ കമ്മ്യൂണിറ്റി പോലീസ് ഓഫീസർ (സി.പി.ഒ.) അഡീഷണൽ കമ്മ്യൂണിറ്റി പോലീസ് ഓഫീസർ (ACPO)എന്നീ നിലകളിൽ പ്രവർത്തിക്കുന്ന അധ്യാപകർക്ക് പ്രതിമാസം 500/ രൂപ നിരക്കിൽ ഓണറേറിയം അനുവദിക്കുന്നുണ്ട്. (സ.ഉ(കൈ) നം.291/2012/ആഭ്യന്തരം തീയതി, തിരുവനന്തപുരം , 20-11-12)

### സി.പി.ഒ./ എ.സി.പി.ഒ. എന്നിവരുടെ ഉത്തരവാദിത്വങ്ങളും ചുമതലകളും:

- സി.പി.ഒ, എ.സി.പി.ഒ എന്നിവരുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും ജീ.ഒ (MS) നമ്പർ 216/13/Gl.Edn dtd 20.07.2013. വിശദീകരിക്കുന്നു.
- സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ ഭരണനിർവഹണത്തിനായി വിശദമായ മാർഗനിർദേശങ്ങൾ നൽകിയിട്ടുണ്ട്. (സർക്കാർ സർക്കുലർ നമ്പർ 09/2011 തീയതി 12.07.2011). ഈ മേഖലയിലെ വിവിധ ഉദ്യോഗസ്ഥരായ - ജില്ലാ പോലീസ് മേധാവി, ജില്ലാ നോഡൽ ഓഫീസർ, സബ് ഡിവിഷണൽ ഓഫീസർമാർ, സർക്കിൾ ഇൻസ്പെക്ടർമാർ, എസ്.എച്ച്.ഒ.മാർ, ഡ്രിൽ ഇൻസ്ട്രക്ടർമാർ എന്നിവരുടെ ചുമതലകൾ ഈ സർക്കുലറിൽ വിശദമാക്കുന്നുണ്ട്.
- എസ്.പി.സി പദ്ധതിയുടെ ഭാഗമായി 'എന്റെ മരം എന്റെ സ്വപ്നം' എന്ന പേരിൽ വൃക്ഷപരിപാലന പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇതിനുവേണ്ടിയുള്ള പ്രത്യേക നിർദ്ദേശങ്ങൾ ( സർക്കുലർ നമ്പർ 01./2014 തീയതി 25.05.2014) എസ്.പി.സി സെക്രട്ടറിയേറ്റ് നൽകിയിരുന്നു. ഇതുവഴി കേഡറ്റുകളുടെ പദ്ധതിയുടെ പങ്കാളിത്തവും ഉത്തരവാദിത്വവും ഉറപ്പുവരുത്തുന്നുണ്ട്.

### ഗാർഡിയൻ എസ്.പി.സി.

എസ്.പി.സി.യുടെ ലക്ഷ്യം നിറവേറ്റുന്നതിന് അധ്യാപകരോടൊപ്പം രക്ഷിതാക്കളും അണിചേരേണ്ടതുണ്ട്. അത്തരം ഒരു ആവശ്യകത മുൻനിർത്തി 'ഗാർഡിയൻ എസ്.പി.സി.' എന്ന പേരിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റുകളുടെ രക്ഷകർത്താക്കളുടെ ഒരു കൂട്ടായ്മ ഓരോ സ്കൂളിലും നിലവിലുണ്ട്. ഗാർഡിയൻ എസ്.പി.സി.യിൽ സ്കൂൾ ഹെഡ്മാസ്റ്റർ രക്ഷാധികാരിയും എസ്.എച്ച്.ഒ. കൺവീനറുമായിരിക്കും. രക്ഷിതാക്കളിൽ നിന്നും പ്രസിഡന്റ്, സെക്രട്ടറി, അഞ്ച് എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവരെ തിരഞ്ഞെടുക്കുന്നു. രണ്ടുമാസത്തിലൊരിക്കൽ ഒരു ശനിയാഴ്ച സമതിയോഗം ചേരേണ്ടതും പദ്ധതിയുടെ പ്രവർത്തനങ്ങൾ വിശദമായി ചർച്ചചെയ്ത് പുരോഗതിക്കും കൂട്ടായ്മക്കും പ്രചോദനപ്രദമാകുംവിധം പ്രവർത്തിക്കേണ്ടതുമാണ്. പദ്ധതിയുമായി ബന്ധപ്പെട്ട ക്ലാസുകൾ, ഫീൽഡ് വിസിറ്റുകൾ, കമ്മ്യൂണിറ്റി പ്രൊജക്റ്റുകൾ മറ്റ് പ്രധാന പ്രവർത്തനങ്ങൾ എന്നിവ സംഘടിപ്പിക്കുമ്പോൾ ഗാർഡിയൻ എസ്.പി.സി.യുടെ എല്ലാവിധ പങ്കാളിത്തവും ഉറപ്പുവരുത്തേണ്ടതാണ്. ( സർക്കുലർ നമ്പർ 01./2015 തീയതി 10.07.2015, എസ്.പി.സി. സെക്രട്ടറിയേറ്റ്)

സർക്കാർ നടപ്പാക്കിവരുന്ന പ്രധാന അനുബന്ധപദ്ധതികളായ കേരള ലീഗൽ സർവീസ് (KELSA) അസോസിയേഷന്റെ ' നിയമബോധവൽക്കരണ പരിപാടികൾ' എക്സൈസ് വകുപ്പുമായി ചേർന്നു നടത്തുന്ന 'കേരളം മദ്യാസക്തിക്കെതിരെ' കേരള ശുചിത്വ മിഷന്റെ പിന്തുണയോടെ നടപ്പാക്കിവരുന്ന 'ഫലപ്രദമായ മാലിന്യ സംസ്കരണപരിപാടി' , കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ റോഡുസുരക്ഷാമാർഗങ്ങൾ സംബന്ധിച്ച 'ശുഭയാത്ര' പദ്ധതി, സംസ്ഥാന വനംവകുപ്പിന്റെ പിൻതുണയോടെ നടപ്പാക്കുന്ന 'എന്റെ മരം' പദ്ധതി, സമൂഹത്തിൽ ശാരീരികവും മാനസികവുമായി പിന്നാക്കം നിൽക്കുന്നവരെ കണ്ടെത്തി അവരെ മുന്നോട്ടുള്ള ജീവിതപ്പാതയിൽ സഹായിക്കുന്നതി

നായി ആരംഭിച്ച 'വീട്ടിലൊരു ചങ്ങാതിക്കൂട്ടം' പദ്ധതി, ആരോഗ്യ വകുപ്പിന്റെ പിൻതുണയോടെ നടപ്പാക്കിവരുന്ന 'സമ്പൂർണ ആരോഗ്യം' പദ്ധതി, കൂടാതെ സംസ്ഥാന സർക്കാറിന്റെ സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 'സംയോജിത ബാലസംരക്ഷണ' പദ്ധതി (Integrated Child Protection Scheme- ICPS) യുടെ ഭാഗമായി 'കെയർ' (CARE- Counselling Awareness Rehabitilation and Enabling) പ്രവർത്തനങ്ങളിലെല്ലാം എസ്.പി.സി.യുടെ സജീവ പങ്കാളിത്തവും പ്രവർത്തനങ്ങളും ഇടപെടലുകളും ഉറപ്പുവരുത്തുന്നുണ്ട്.

വ്യക്തിഗതമായ ഗുണങ്ങളുടെ വികാസത്തോടൊപ്പം സമൂഹത്തിൽ ഇടപെട്ട് പ്രവർത്തിക്കാനുള്ള സാഹചര്യം എസ്.പി.സി. പദ്ധതി വഴി ലഭ്യമാക്കാമെന്നും മൂല്യബോധ്യമുള്ള വിദ്യാഭ്യാസം ഇന്നത്തെ തലമുറക്ക് ലഭിക്കാൻ എസ്.പി.സി. പ്രോഗ്രാം അനിവാര്യമാണെന്നും പലപഠനങ്ങളും കണ്ടെത്തിയിരിക്കുന്നു. അതായത് മേൽ പ്രസ്താവിച്ച പഠനങ്ങളും റിപ്പോർട്ടുകളും എല്ലാം തന്നെ എസ്.പി.സി. പദ്ധതിയെ ഗൗരവത്തോടെ കാണേണ്ടതിന്റെ പ്രസക്തി ചൂണ്ടിക്കാണിക്കുന്നു.

# അധ്യായം 3

# പഠനത്തിന്റെ രീതിശാസ്ത്രം

എസ്.പി.സി പദ്ധതിയുടെ ഫലപ്രാപ്തി പഠനത്തിന്റെ രീതിശാസ്ത്രമാണ് ഈ അധ്യായത്തിൽ പ്രതിപാദിച്ചിരിക്കുന്നത്.

പഠനത്തിന് പരിഗണിക്കേണ്ട വിവിധ മേഖലകൾ, കാഴ്ച്ചപ്പാടുകൾ, പഠനത്തിന്റെ വ്യാപ്തി, രീതി, ഘടന, പഠനത്തിനുപയോഗിക്കേണ്ട ദത്തശേഖരണ സാമഗ്രികൾ എന്നിവ സംബന്ധിച്ച് എസ്.സി.ഇ.ആർ.ടി ഫാക്കൽറ്റി അംഗങ്ങൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ വിദഗ്ധരുമായി ചർച്ചചെയ്ത് ധാരണകൾ രൂപീകരിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ പഠനമേഖലകൾ, രീതിശാസ്ത്രം, സാമ്പിൾ, പഠനസമയം എന്നിവ തീരുമാനിച്ചു. പഠനസംഘാംഗങ്ങളെയും തിരഞ്ഞെടുത്ത വിദഗ്ധരെയും ഉൾപ്പെടുത്തി വിവിധ ശില്പശാലകൾ സംഘടിപ്പിക്കുകയും അതിലൂടെ വിവരശേഖരണത്തിനാവശ്യമായ സാമഗ്രികളും തന്ത്രങ്ങളും രൂപീകരിക്കുകയുമുണ്ടായി. കൂടുതൽ വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

### രീതി

സർവ്വെ, രേഖാവിശകലനം എന്നിവയാണ് പ്രധാനമായി ഉപയോഗിച്ച പഠനരീതികൾ

### (എ) പഠനത്തിനുപയോഗിച്ച വിവിധ ഉപകരണങ്ങൾ, ഉപാധികൾ

എസ്.സി.ഇ.ആർ.ടി നിർദേശമനുസരിച്ച് പഠനച്ചുമതലയേറ്റ പഠനസംഘം വിവരശേഖരണത്തിനായി ചോദ്യാവലി, സർവ്വെ, ഫോക്കസ് ഗ്രൂപ്പ് ചർച്ച, കേസ് വിശകലനം, അഭിമുഖം എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള പഠന രീതിയാണ് സ്വീകരിച്ചത്. വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

### I ചോദ്യാവലി

സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾക്കും, സി.പി.ഒ. മാർക്കും, അധ്യാപകർക്കും, ഡ്രിൽ ഇൻസ്ട്രക്റ്റേഴ്സിനും പ്രത്യേകം ചോദ്യാവലികൾ നിർമ്മിക്കുകയുണ്ടായി. ഓരോ ചോദ്യാവലിയുടേയും വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

#### (a) സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾക്കുള്ള ചോദ്യാവലി

സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾക്കുള്ള ചോദ്യാവലിയിൽ 20 ചോദ്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. അവയിൽ ഏതാനും ചോദ്യങ്ങൾ, നൽകിയിട്ടുള്ള പ്രതികരണങ്ങളിൽ നിന്ന് കുട്ടിക്ക് അനുയോജ്യമായവ രേഖപ്പെടുത്താനുള്ള അവസരത്തോടൊപ്പം സ്വതന്ത്രമായി പ്രതികരണം എഴുതുന്നതിനുള്ള അവസരവും നൽകുന്നു. മറ്റു ചില ചോദ്യങ്ങൾ ഉണ്ട്/ ഇല്ല എന്നിവയിൽ നിന്ന് ഉചിതമായത് തിരഞ്ഞെടുത്തശേഷം അതിന്റെ കാരണം എഴുതേണ്ടവയാണ്. സ്വതന്ത്രമായി അനുഭവങ്ങൾ വിവരിക്കേണ്ട ഏതാനും ചോദ്യങ്ങളും ചേർത്തിട്ടുണ്ട്. വിദ്യാർഥികൾ എസ്.പി.സിയിൽ ചേരാനുള്ള കാരണം, അവർക്ക് താൽപ്പര്യം ഉള്ളതും ഇല്ലാത്തതുമായ പ്രവർത്തനങ്ങൾ എസ്.പി.സി പ്രവർത്തനങ്ങൾ വഴി അവർക്കുണ്ടായിട്ടുള്ള വ്യക്തിപരമായ മാറ്റങ്ങൾ, സ്കൂളിലും കുടുംബത്തിലും വരുത്താൻ കഴിഞ്ഞിട്ടുള്ള മാറ്റങ്ങൾ, ചില പ്രത്യേകസാഹചര്യങ്ങളിൽ അവരെടുക്കുന്ന നിലപാടുകൾ, പദ്ധതി മെച്ചപ്പെടുത്തുന്നതിനുള്ള നിർദേശങ്ങൾ തുടങ്ങിയ വിവരങ്ങളാണ് കേഡറ്റുകൾക്കുള്ള ചോദ്യാവലിയിലൂടെ ശേഖരിച്ചത്.

(b) **സി.പി.ഒമാർക്കുള്ള ചോദ്യാവലി**

എസ്.പി.സി പദ്ധതിയുടെ സി.പി.ഒമാരായി ചുമതല വഹിക്കുന്ന അധ്യാപകർക്കായുള്ള ചോദ്യാവലിയിൽ 28 ചോദ്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. നൽകിയിട്ടുള്ള സൂചനകളിൽ നിന്ന് അനുയോജ്യമായവ തിരഞ്ഞെടുക്കുന്നതിനും അനുഭവങ്ങളും നിർദേശങ്ങളും വിവരിച്ചെഴുതുന്നതിനും ഉതകുന്ന തരത്തിലാണ് ചോദ്യങ്ങൾ രൂപപ്പെടുത്തിയിട്ടുള്ളത്.

സി.പി.ഒ ആയ സാഹചര്യം, സ്കൂൾ തല പ്രവർത്തനങ്ങളുടെ ആസൂത്രണം, നടത്തിപ്പ്, പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിന് മറ്റ് ഘടകങ്ങളിൽ നിന്ന് ലഭിക്കുന്ന സഹകരണം, എസ്.പി.സി പ്രവർത്തനങ്ങൾ കുട്ടികളിലും സമൂഹത്തിലും ഉണ്ടാക്കിയിട്ടുള്ള സ്വാധീനങ്ങൾ, എസ്.പി.സി മെച്ചപ്പെടുത്തുന്നതിനുള്ള നിർദേശങ്ങൾ തുടങ്ങിയ വിവരങ്ങളാണ് ഈ ചോദ്യാവലിയിലൂടെ ശേഖരിച്ചത്.

(c) **അധ്യാപകർക്കുള്ള ചോദ്യാവലി**

വിദ്യാലയങ്ങളിലെ സി.പി.ഒ.മാരല്ലാത്ത അധ്യാപകർക്കുള്ള ചോദ്യാവലിയിൽ 11 ചോദ്യങ്ങളാണ് ഉള്ളത്. എസ്.പി.സി പദ്ധതി നിലവിൽ വന്നശേഷം സ്കൂളിൽ ഉണ്ടായിട്ടുള്ള മികവുകൾ, സ്കൂൾ അന്തരീക്ഷത്തിൽ വന്ന മാറ്റം, മറ്റ് അധ്യാപകരുടെ പങ്കാളിത്തം, പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നിർദേശങ്ങൾ , ഇവയെല്ലാം അധ്യാപകർക്കുള്ള ചോദ്യാവലിയിലൂടെ ശേഖരിച്ചു.

(d) **ഡ്രിൽ ഇൻസ്ട്രക്ടേഴ്സിനുള്ള ചോദ്യാവലി**

എസ്.പി.സി പദ്ധതിയുടെ ഫലപ്രാപ്തി പഠനത്തിന്റെ ഭാഗമായി ഡി.ഐ. മാരിൽ നിന്നുള്ള വിവരശേഖരണത്തിനായി തയാറാക്കിയ ചോദ്യാവലിയിൽ 19 ചോദ്യങ്ങൾ ഉണ്ടായിരുന്നു. എസ്.പി.സിയുമായി ബന്ധപ്പെട്ട് സ്കൂളിൽ ചെയ്യുന്ന വിവിധ പ്രവർത്തനങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള ചോദ്യങ്ങൾ ഉണ്ടായിരുന്നു. ഡി.ഐ. യുടെ ചുമതലകൾ കാര്യക്ഷമമായി ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ രേഖപ്പെടുത്തുന്നതിനോടൊപ്പം പ്രസ്തുത ജോലികൾ ചെയ്യുന്നതിന് സ്കൂളിന്റെയും പോലീസ് വകുപ്പിന്റെയും ഭാഗത്ത് നിന്നുണ്ടാകുന്ന പിന്തുണകളും പ്രയാസങ്ങളും സ്വതന്ത്രമായി എഴുതുന്നതിനുള്ള ചോദ്യങ്ങളും ഉണ്ടായിരുന്നു. എസ്.പി.സിയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് രക്ഷിതാക്കളിൽ നിന്നും പരാതി ലഭിച്ചിട്ടുണ്ടോയെന്ന് അറിയുന്നതിനുള്ള ചോദ്യങ്ങൾ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

(e) **ഡി. എൻ. ഒ.മാർക്കുള്ള ചോദ്യാവലി**

ഡി. എൻ. ഒ.മാർക്കുള്ള ചോദ്യാവലിയിൽ 10 ചോദ്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രാഥമിക വിവരങ്ങളോടൊപ്പം എസ്.പി.സി പദ്ധതി നടപ്പിലാക്കുന്നതിന് നേരിടുന്ന പ്രശ്നങ്ങൾ, എസ്.പി.സിയുമായി ബന്ധപ്പെട്ട അറിയിപ്പുകൾ എത്തിക്കൽ, പ്രവർത്തനങ്ങൾ ഏകോപിപ്പിക്കൽ, സമയബന്ധിതമായി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട അഭിപ്രായങ്ങൾ, ഫണ്ടുകളുടെ ലഭ്യത, കുട്ടികളെ തിരഞ്ഞെടുക്കൽ, വിദ്യാഭ്യാസവകുപ്പിൽ നിന്നുള്ള പിന്തുണ, സാമ്പത്തിക സഹായം ലഭിക്കുന്ന സ്രോതസുകൾ എന്നിവയും പദ്ധതി മെച്ചപ്പെടുത്തുന്നതിലേക്ക് അവരുടെ നിർദേശങ്ങളുമാണ് ചോദ്യാവലിയിൽ ഉൾക്കൊള്ളിച്ചിരുന്നത്.

### II അഭിമുഖ പത്രിക

സ്കൂൾ മേലധികാരികൾ, സി.ഐ.മാർ, ഡി.ഡി.ഇ.മാർ, വിദ്യാഭ്യാസ സെക്രട്ടറി, പി.ടി.എ പ്രസിഡന്റുമാർ എന്നിവർക്ക് പ്രത്യേകം പ്രത്യേകം അഭിമുഖചോദ്യാവലി/ പത്രിക തയാറാക്കുകയുണ്ടായി. അവയുടെ വിശദീകരണമാണ് താഴെ കൊടുത്തിരിക്കുന്നത്.

(a) **ഹെഡ്മാസ്റ്റർ**

എസ്.പി.സി. പദ്ധതിയുടെ ഫലപ്രാപ്തി പഠനത്തിന്റെ ഭാഗമായി ഹെഡ്മാസ്റ്റർമാരിൽ നിന്ന് വിവരശേഖരണം നടത്തുന്നതിനായി തയാറാക്കിയ അഭിമുഖ ചോദ്യാവലിയിൽ 16 മേഖലകളെ ആസ്പദമാക്കി പ്രതികരിക്കാനുള്ള അവസരം ഒരുക്കിയിരുന്നു. വിദ്യാർഥികൾക്കും വിദ്യാലയത്തിന് പൊതുവായും ഉണ്ടായ അക്കാദമിക മികവുകളെ കുറിച്ച് സ്വതന്ത്രമായി പ്രതികരിക്കുന്നതിനുള്ള ചോദ്യങ്ങൾക്കൊപ്പം വിദ്യാർഥികളും രക്ഷിതാക്കളും സമൂഹവും ഈ പദ്ധതിയോട് കാണിക്കുന്ന താൽപ്പര്യങ്ങൾ വിശദീകരിക്കാനുതകുന്ന ചോദ്യങ്ങളും ഉണ്ടായിരുന്നു.

എസ്.പി.സി പദ്ധതി സ്കൂളിൽ തുടങ്ങാനുണ്ടായ സാഹചര്യങ്ങൾ, പദ്ധതി നടത്തിപ്പിന്റെ വിവിധ മേഖലകളിൽ നേരിടുന്ന വെല്ലുവിളികൾ എന്നിവ സ്വതന്ത്രമായി രേഖപ്പെടുത്തുന്നതിനുള്ള സാഹചര്യങ്ങൾ അഭിമുഖത്തിൽ ഉണ്ടായിരുന്നു. ഇതോടൊപ്പം എസ്.പി.സിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നിർദേശങ്ങൾ നൽകാനുള്ള അവസരവും ഒരുക്കിയിരുന്നു.

(b) **സി.ഐ. മാർ**

സർക്കിൾ ഇൻസ്പെക്ടർമാർക്കുള്ള അഭിമുഖചോദ്യാവലിയിൽ 9 മേഖലകളാണ് ഉൾപ്പെട്ടിട്ടുള്ളത്. സ്റ്റേഷൻ പരിധിയിൽ ഉൾപ്പെടുന്ന എസ്.പി.സി. വിദ്യാലയങ്ങളുടെ എണ്ണം, സി.ഐയുടെ ചുമതലകൾ, സഹായിക്കുന്നവർ, മറ്റ് പ്രവർത്തനങ്ങളെ ബാധിക്കാതിരിക്കാൻ വേണ്ടിയുള്ള നിർദേശങ്ങൾ, എസ്.പി.സി സമൂഹത്തിലുണ്ടാക്കിയ മാറ്റങ്ങൾ, എസ്.പി.സിയുടെ ലക്ഷ്യങ്ങൾ വിദ്യാഭ്യാസ ലക്ഷ്യങ്ങളുമായി താരതമ്യം ചെയ്യൽ, പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിന് നേരിടുന്ന പ്രതിബന്ധങ്ങൾ, എസ്.പി.സി പ്രവർത്തനങ്ങളിൽ വരുത്തേണ്ട മാറ്റങ്ങൾ, എസ്.പി.സി. പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ എന്നിവ രേഖപ്പെടുത്തുന്നതിനുള്ള അവസരം ചോദ്യാവലിയിൽ ഉണ്ടായിരുന്നു.

(c) **വിദ്യാഭ്യാസ ഉപഡയറക്ടർമാർ**

റവന്യൂജില്ലയിലെ വിദ്യാഭ്യാസ അധികാരിയാണ് ജില്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർ. ജില്ലാതല പൊതു പരിപാടികളിൽ എസ്.പി.സിയുടെ സേവനം ലഭിക്കുന്ന മേഖലകൾ, പ്രവർത്തനങ്ങളിൽ വരുത്തേണ്ട മാറ്റങ്ങൾ നിർദേശിക്കൽ, കീഴുദ്യോഗസ്ഥർക്ക് യഥാസമയം നൽകുന്ന നിർദേശങ്ങൾ, വിവിധതലങ്ങളുമായുള്ള ഏകോപനം, എസ്.പി.സി. പ്രവർത്തനങ്ങൾ ക്ലാസ് റൂം പഠനത്തെ വിപരീതമായി ബാധിക്കുന്നുണ്ടോ എന്നിവയാണ് അഭിമുഖ ചോദ്യാവലിയിൽ ഉൾപ്പെടുത്തിയിരുന്നത്.

(d) **പൊതുവിദ്യാഭ്യാസ സെക്രട്ടറി**

എസ്.പി.സി. ഫലപ്രാപ്തി പഠനത്തിനായി വിദ്യാഭ്യാസ സെക്രട്ടറിയിൽ നിന്ന് വിവരശേഖരണം നടത്തുന്നതിനായി തയ്യാറാക്കിയ അഭിമുഖ ചോദ്യാവലിയിൽ എസ്.പി.സിയുടെ നിലവിലുള്ള പ്രവർത്തനളുടെ വിലയിരുത്തൽ, ഉദ്ദേശ്യ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള പര്യാപ്തത, നിലവിൽ എസ്.പി.സി. കുട്ടികൾക്ക് അധ്യയന ദിവസങ്ങളിൽ സ്കൂളിന് പുറത്തുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളിൽ എത്രത്തോളം പങ്കാളികളാകാൻ കഴിയുന്നു, സി.പി.ഒമാരുടെ സേവനം ഉറപ്പാക്കൽ, പദ്ധതി നടത്തിപ്പിന് വിദ്യാഭ്യാസ വകുപ്പിൽ നിന്ന് സാമ്പത്തിക സഹായം ലഭ്യമാക്കാനുള്ള സാധ്യത മുതലായവ ഉൾക്കൊള്ളിച്ചിരുന്നു.

(e) **പി.ടി.എ പ്രസിഡന്റുമാർ**

എസ്.പി.സി പ്രവർത്തനങ്ങൾ വിദ്യാലയത്തിലെ എസ്.എസ്.എൽ.സി വിജയശതമാനത്തിൽ വരുത്തിയമാറ്റം, കുട്ടികളുടെ പഠനത്തെ എങ്ങനെ സ്വാധീനിച്ചു, സ്കൂൾ അന്തരീക്ഷത്തിൽ വരുത്തിയ മാറ്റം, കുട്ടികളുടെ പെരുമാറ്റത്തിൽ ഉണ്ടാക്കിയ ശ്രദ്ധയമായ മാറ്റം, സാമൂഹ്യസന്നദ്ധ സംഘടനകളുടെ ഇടപെടലും സഹായവും, രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും പ്രതികരണങ്ങൾ, എസ്.

പി.സിയിൽ നിലവിലുള്ള പരിമിതികൾ, മെച്ചപ്പെടുത്തുന്നതിനുള്ള നിർദേശങ്ങൾ എന്നിവയാണ് പി.ടി.എ. പ്രസിഡന്റുമാർക്കുള്ള ചോദ്യാവലിയിൽ ഉണ്ടായിരുന്നത് .

(f) **ശ്രീ പി.വിജയൻ ഐ.പി.എസ്, ഐ.ജി. (അഡ്മിനിസ്ട്രേഷൻ)**

ഉദ്യോഗസ്ഥരുടെ ഏകോപനം, സാമ്പത്തികം, എൽ.എസ്.ജി.ഡി.യെ പ്രയോജനപ്പെടുത്തൽ, സി.പി.ഒമാരുടെ ആനുകൂല്യങ്ങൾ മെച്ചപ്പെടുത്തൽ എസ്.പി.സി വിഭാവനം ചെയ്ത ഉദേശ്യലക്ഷ്യങ്ങൾ പൂർത്തീകരിക്കാൻ വരുത്തേണ്ട മാറ്റങ്ങൾ തുടങ്ങിയവയാണ് ആദ്യം ചോദിച്ചറിഞ്ഞത്. കൂടാതെ എസ്.പി.സി പരിശീലനം ലഭിച്ച വിദ്യാർഥികളുടെ സേവനം എല്ലാ കുട്ടികളിലേക്കും എത്തിക്കാനുള്ള നിർദേശങ്ങൾ , എസ്.പി.സി ലക്ഷ്യവും വിദ്യാഭ്യാസ ലക്ഷ്യവും തമ്മിലുള്ള പൊരുത്തം എന്നിവ കൂടി അന്വേഷിച്ചറിയലാണ് ഈ അഭിമുഖത്തിലൂടെ ലക്ഷ്യമിട്ടത്.

**III ഫോകസ് ഗ്രൂപ്പ് ചർച്ച**

സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ, എസ്.പി.സിയിൽ അംഗമായിരുന്ന പൂർവവിദ്യാർഥികൾ, രക്ഷിതാക്കൾ, ജനപ്രതിനിധികൾ, മറ്റധ്യാപകർ, പൊതുജനങ്ങൾ എന്നിവർക്കായിട്ടാണ് ഫോക്കസ് ഗ്രൂപ്പ് ചർച്ച നടത്തിയത്. ചോദ്യങ്ങൾ സ്വാഭാവികമായി അവതരിപ്പിക്കുകയും പ്രതികരണങ്ങൾ രേഖപ്പെടുത്തുകയും ചെയ്യുന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്.

എസ്.പി.സി പദ്ധതിയുടെ ലക്ഷ്യങ്ങൾ നേടാൻ പര്യാപ്തമായ വിധത്തിലാണോ പ്രവർത്തനങ്ങൾ, എസ്.പി.സി ചെയ്യുന്ന സാമൂഹ്യ പ്രതിബദ്ധതയുള്ള പ്രവർത്തനങ്ങൾ, എസ്.പി.സിയുടെ വ്യാപനം, എസ്.പി.സി പദ്ധതി കുട്ടികളുടെ പഠനത്തിലുണ്ടാക്കുന്ന സ്വാധീനം, കുട്ടികളിലുണ്ടാകുന്ന ഗുണപരമായ മാറ്റങ്ങൾ, രക്ഷിതാക്കളുടെ പങ്കാളിത്തം, പദ്ധതി നേരിടുന്ന വെല്ലുവിളികൾ, മെച്ചപ്പെടുത്തുന്നതിനുള്ള നിർദേശങ്ങൾ തുടങ്ങിയ വിവരങ്ങളാണ് ഫോക്കസ് ഗ്രൂപ്പ് ചർച്ചയിലൂടെ ലഭ്യമായത്. ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾക്കായി മുൻകൂട്ടി സൂചകങ്ങൾ തയാറാക്കുകയുണ്ടായി.

**IV രേഖാ വിശകലനം**

എസ്.പി.സി പദ്ധതിയുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച സർക്കാർ ഉത്തരവുകൾ, മാന്വലുകൾ കമ്മീഷൻ ഉത്തരവുകൾ, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ സർക്കുലർ കൂടാതെ ബന്ധപ്പെട്ട പഠനങ്ങൾ (KPMG 2015 - Impact Study on Student Police Trivandurm) Student Police Kerala an Evaluation (Planning Board, Government of Kerala, R.M. Abraham Committe Report on SPC ; കേരള സ്കൂൾ പാഠ്യപദ്ധതി സംക്ഷിപ്തം, റിപ്പോർട്ടുകൾ , പത്രവാർത്തകൾ, ഡോക്യുമെന്റേഷനുകൾ, സർക്കുലറുകൾ, വിഡിയോകൾ എന്നിവ വിശകലനം ചെയ്ത് കണ്ടെത്തലുകൾ ക്രോഡീകരിച്ചു.

**I സാമ്പിൾ**

പഠനോപാധികൾക്ക് അനുഗുണമായരീതിയിൽ സമയപരിമിതികൂടി കണക്കിലെടുത്ത് സാമ്പിൾ തിരഞ്ഞെടുത്തു.

കേരളത്തിൽ ആകെ 576 സ്കൂളുകളിലാണ് എസ്.പി.സി നിലവിലുള്ളത്. ഇതിൽ എയ്ഡഡ്, ഗവൺമെന്റ്, അൺ എയ്ഡഡ്, വിഭാഗങ്ങളിലായി 8,9 ക്ലാസുകളിലുള്ള എസ്.പി.സി യും ഹയർസെക്കന്ററിയിലുള്ള എസ്.പി.സി യും ഉണ്ട്. 2010 മുതലാണ് എസ്.പി.സി ആരംഭിച്ചത്. 2013 ന് മുമ്പ് ആരംഭിച്ച വിദ്യാലയങ്ങളിൽ നിന്ന് ദത്തങ്ങൾ ശേഖരിച്ചാൽ മാത്രമെ ഇതിന്റെ ഫലപ്രാപ്തി കൃത്യമായി അറിയാൻ സാധിക്കൂ എന്നുള്ളതിനാൽ 2013 ന് മുമ്പ് എസ്.പി.സി ആരംഭിച്ച 36 ഗവൺമെന്റ്, എയ്ഡഡ് വിഭാഗത്തിലുള്ള സ്കൂളുകളെ (6.25%) സാമ്പിളായി പരിഗണിക്കാൻ തീരുമാനിച്ചു. ആയതിനാൽ ബഹുതല സാമ്പ്ലിംഗ് (Multistage Sampling) രീതിയാണ് ഉപയോഗിച്ചിരിക്കുന്നത്.

(i) **ഒന്നാം ഘട്ടം:** ജില്ലകൾ തെരഞ്ഞെടുക്കൽ.

കേരളത്തെ മൂന്ന് മേഖലകളായി തിരിച്ച് ഓരോ മേഖലയിൽ നിന്നും ഓരോ ജില്ല നറുക്കെടുപ്പിലൂടെ തെരഞ്ഞെടുത്തു. അവ കണ്ണൂർ (വടക്ക്),എറണാകുളം (മധ്യം), കൊല്ലം (തെക്ക്) എന്നിവയാണ്. കൂടാതെ മറ്റുള്ളവ (Coastal, Tribal, Model Residential, Sports) പ്രത്യേക വിഭാഗം സ്കൂളുകൾ ഉൾപ്പെടുന്നു.

(ii) **രണ്ടാം ഘട്ടം :** ജില്ലകളിൽ നിന്നും സ്കൂളുകൾ തെരഞ്ഞെടുക്കൽ.

എല്ലാ പ്രാതിനിധ്യവും പരിഗണിച്ച് ഓരോ ജില്ലയിൽ നിന്നും 10 വീതം സ്കൂളുകൾ തിരഞ്ഞെടുത്തു. ഇതിൽ ഗ്രാമം, നഗരം, മലനാട്, ഇടനാട്, തീരപ്രദേശം എന്നിവയ്ക്ക് അർഹമായ പ്രാധാന്യം നൽകിയിട്ടുണ്ട്. കൂടാതെ എച്ച്.എസ്., എച്ച്.എസ്.എസ്. സ്കൂളുകളും തിരഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ 6 വിദ്യാലയങ്ങളെ ചില പ്രത്യേക മാനദണ്ഡങ്ങൾ (Tribal, Coastal, Model Residential, Sports) പ്രകാരം തിരഞ്ഞെടുത്തിട്ടുണ്ട്. നല്ല പ്രവർത്തനം നടത്തുന്ന സ്കൂളുകളുടെ പേര് മേൽ വിവരിച്ച പ്രാതിനിധ്യവും കണക്കിലെടുത്ത് അതാതു ജില്ലകളിലെ DNO മാരാണ് നിർദേശിച്ചത്. പഠനത്തിന് വിധേയമാക്കിയ സ്കൂളുകളുടെ ജില്ല തിരിച്ചുള്ള എണ്ണമാണ് താഴെ കൊടുത്തിരിക്കുന്നത്

**പട്ടിക– 3.1**

**പഠനത്തിന് വിധേയമായ സ്കൂളുകളുടെ എണ്ണം**

| **ജില്ല** | **റൂറൽ** | **അർബൻ** | **ആകെ** |
|---|---|---|---|
| കണ്ണൂർ | 5 | 5 | 10 |
| എറണാകുളം | 5 | 5 | 10 |
| കൊല്ലം | 5 | 5 | 10 |
| മറ്റുള്ളവ | | 6 | 6 |
| **ആകെ** | 15 | 21 | 36 |

(1) എസ്.പി.സി കേഡറ്റുകൾ

**മൂന്നാം ഘട്ടം:** കേഡറ്റുകൾ അധ്യാപകർ എന്നിവരെ തെരഞ്ഞെടുക്കൽ

ഓരോ വിദ്യാലയത്തിലെയും 9- ാം ക്ലാസിലെ (രണ്ടാം വർഷ എസ്.പി.സി) വിദ്യാർത്ഥികളുടെ പട്ടികയിൽ നിന്നും (Simple random) ലോട്ടറി രീതി പ്രകാരം 10 എസ്.പി.സി വിദ്യാർഥികളിൽ നിന്നും പ്രത്യേക ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ (അനുബന്ധം 1) വിവരശേഖരണം നടത്തി. പഠനത്തിനായി തിരഞ്ഞെടുത്ത കുട്ടികളുടെ ആകെ എണ്ണം ആൺ പെൺ തിരിച്ച് താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**പട്ടിക – 3.2**

**എസ്.പി.സി കേഡറ്റുകൾ**

| **ജില്ല** | **ആൺ** | **പെൺ** | **ആകെ** |
|---|---|---|---|
| കണ്ണൂർ | 50 | 50 | 100 |
| എറണാകുളം | 50 | 50 | 100 |
| കൊല്ലം | 50 | 50 | 100 |
| മറ്റുള്ളവ | 30 | 30 | 60 |
| ആകെ | 180 | 180 | 360 |

(2) സി.പി.ഒ മാർ

സി.പി.ഒ.മാർ (കമ്മ്യൂണിറ്റി പോലീസ് ഓഫീസർമാർ) എസ്.പി.സി യുടെ ചുമതലയുള്ള അധ്യാപകരാണ്. ഒരു സ്കൂളിൽ 2 സി.പി.ഒ.മാരാണ് ഉള്ളത്. (1 പുരുഷൻ 1 സ്ത്രീ) തിരഞ്ഞെടുക്കപ്പെട്ട സ്കൂളിലെ എല്ലാ സി.പി.ഒ മാരെയും പ്രത്യേക ചോദ്യാവലി (അനുബന്ധം 2) ഉപയോഗിച്ച് വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. താഴെ നൽകിയ പട്ടികയിൽ സി.പി.ഒ.മാരുടെ വിശദാംശങ്ങൾ കൊടുത്തിരിക്കുന്നു.

**പട്ടിക – 3.3**

**സി.പി.ഒ മാരുടെ എണ്ണം**

| ജില്ല | ആൺ | പെൺ | ആകെ |
|---|---|---|---|
| കണ്ണൂർ | 10 | 9 | 19 |
| എറണാകുളം | 10 | 9 | 19 |
| കൊല്ലം | 10 | 8 | 18 |
| മറ്റുള്ളവ | 6 | 6 | 12 |
| **ആകെ** | 36 | 32 | 68 |

(3) അധ്യാപകർ

പഠനത്തിന് വിധേയമാക്കിയ സ്കൂളുകളിലെ സ്കൂൾതല പ്രവർത്തനങ്ങളിൽ കൂടുതൽ ഇടപെടുന്ന അധ്യാപകരെന്ന നിലയിൽ പ്രഥമാധ്യാപകൻ പേരു നൽകിയ അധ്യാപകരെയാണ് സാമ്പിളായി എടുത്തത്. 2 വീതം അധ്യാപകരുടെ (സി.പി.ഒ മാരല്ലാത്ത) അഭിപ്രായങ്ങൾ പ്രത്യേക ചോദ്യാവലി (അനുബന്ധം 3) ഉപയോഗിച്ച് ശേഖരിക്കുകയുണ്ടായി. ജില്ലാതലത്തിൽ വിവരങ്ങൾ ശേഖരിച്ച അധ്യാപകരുടെ എണ്ണം താഴെ കൊടുത്തിരിക്കുന്നു.

**പട്ടിക – 3.4**

**അധ്യാപകരുടെ എണ്ണം : ജില്ലാതലം**

| ജില്ല | അധ്യാപകർ |
|---|---|
| കണ്ണൂർ | 20 |
| എറണാകുളം | 20 |
| കൊല്ലം | 20 |
| മറ്റുള്ളവ | 11 |

(4) ഡ്രിൽ ഇൻസ്ട്രക്ടർമാർ

എസ്.പി.സി. പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിനായി ബന്ധപ്പെട്ട പോലീസ്സ്റ്റേഷനിൽ നിന്ന് സ്കൂളിലേക്ക് രണ്ട് പോലീസ് ഉദ്യോഗസ്ഥരെ (1 ആൺ, 1 പെൺ) ഇൻസ്ട്രക്ടർമാരായി നിയോഗിച്ചിട്ടുണ്ട്. സാമ്പിളായി തിരഞ്ഞെടുത്ത വിദ്യാലയങ്ങളിൽ നിയോഗിച്ച ഡ്രിൽ ഇൻസ്ട്രക്ടർമാർക്ക് ചോദ്യാവലികൾ നൽകി ഉത്തരങ്ങൾ ശേഖരിക്കുകയാണ് ചെയ്തത്. തിരഞ്ഞെടുക്കപ്പെട്ട എല്ലാ സ്കൂളുകളിലും 2 വീതം പേരെയാണ് പ്രതീക്ഷിച്ചതെങ്കിലും ചിലയിടങ്ങളിൽ 2 പേരെ ലഭിക്കാത്തതിനാൽ ആകെ 56 പേരിൽ നിന്നു മാത്രമേ വിവരങ്ങൾ ലഭ്യമായിട്ടുള്ളൂ. പഠനത്തിൽ പങ്കെടുത്ത ഡി.ഐ.മാരുടെ എണ്ണം താഴെ കൊടുത്തിരിക്കുന്നു.

**പട്ടിക – 3.5**

**ഡി.ഐ.മാരുടെ എണ്ണം : ജില്ലാതലം**

| **ജില്ല** | **ആൺ** | **പെൺ** | **ആകെ** |
|---|---|---|---|
| *കണ്ണൂർ* | 10 | 6 | 16 |
| *എറണാകുളം* | 10 | 6 | 16 |
| *കൊല്ലം* | 10 | 6 | 16 |
| *മറ്റുള്ളവ* | 6 | 2 | 8 |
| **ആകെ** | 36 | 20 | 56 |

(5) ഡി.എൻ.ഒ./എ.ഡി.എൻ.ഒ.മാർ

എസ്.പി.സി പദ്ധതി നടത്തിപ്പിനായി DYSP റാങ്കിലുള്ള ഒരു പോലീസ് ഉദ്യോഗസ്ഥന് ജില്ലാ നോഡൽ ഓഫീസറായി ചുമതല നൽകിയിട്ടുണ്ട്. കൂടാതെ ഒരു പോലീസ് ഉദ്യോഗസ്ഥന് അസിസ്റ്റന്റ് നോഡൽ ഓഫിസറുടെ ചുമതലയും നൽകിയിട്ടുണ്ട്. പഠനത്തിന് തിരഞ്ഞെടുക്കപ്പെട്ട ജില്ലയിലെ ഡി.എൻ.ഒ/എ.ഡി.എൻ.ഒ. മാരിൽ നിന്ന് നിർദിഷ്ട ചോദ്യാവലി ഉപയോഗിച്ച് വിവരങ്ങൾ ശേഖരിച്ചു. വിശദാംശം താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

**പട്ടിക - 3.6**

**ഡി.എൻ.ഒ./എ.ഡി.എൻ.ഒ.മാരുടെ എണ്ണം : ജില്ലാതലം**

| **ജില്ല** | **DNO/ADNO** |
|---|---|
| കണ്ണൂർ | 1 |
| എറണാകുളം | 1 |
| കൊല്ലം | 1 |
| **ആകെ** | 3 |

(6) പ്രധാനാധ്യാപകർ

തിരഞ്ഞെടുക്കപ്പെട്ട വിദ്യാലയങ്ങളിൽ നിന്നുള്ള പ്രധാനാധ്യാപകരിൽ നിന്ന് അഭിമുഖം നടത്തി വിവരശേഖരണം നടത്തിയിട്ടുണ്ട്. പ്രധാനാധ്യാപകരുടെ എണ്ണം താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

**പട്ടിക -** 3.7

**പ്രധാനാധ്യാപകരുടെ എണ്ണം : ജില്ലാതലം**

| **ജില്ല** | **പ്രധാനാധ്യാപകർ** |
|---|---|
| കണ്ണൂർ | 10 |
| എറണാകുളം | 10 |
| കൊല്ലം | 10 |
| മറ്റുള്ളവ | 6 |
| **ആകെ** | 36 |

(7) പി ടി എ പ്രസിഡന്റുമാർ

സാമ്പിളായി തിരഞ്ഞെടുക്കപ്പെട്ട സ്കൂളിലെ പിടിഎ പ്രസിഡന്റ്/എസ്.എം.സി ചെയർമാൻമാരിൽ നിന്ന് പ്രത്യേക ചോദ്യാവലി ഉപയോഗിച്ച് വിവരങ്ങൾ ശേഖരിച്ചു. വിശദാംശം താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

**പട്ടിക - 3.8**

**പി.ടി.എ/ എസ്.എം.സി. പ്രസിഡന്റുമാരുടെ എണ്ണം**

| **ജില്ല** | **പി.ടി.എ/ എസ്.എം.സി. പ്രസിഡന്റ്** |
|---|---|
| കണ്ണൂർ | 10 |
| എറണാകുളം | 10 |
| കൊല്ലം | 10 |
| മറ്റുള്ളവ | 6 |
| **ആകെ** | 36 |

(8) ഇൻസ്പെക്ടർ ഓഫ് പോലീസ് (സർക്കിൾ ഇൻസ്പെക്ടർ)

എസ്.പി.സി യുടെ സ്കൂളുകളുടെ നടത്തിപ്പു ചുമതല ബന്ധപ്പെട്ട മേഖലയിലെ ഇൻസ്പെക്ടർ ഓഫ് പോലീസുകാർക്കാണ് (സി.ഐ) ഒരു ജില്ലയിൽ നിന്നും ഒരു ഐ.പി വീതം ആകെ മൂന്ന് ഐ.പി. മാരിൽ നിന്ന് മുൻകൂട്ടി തയാറാക്കിയ അഭിമുഖ ചോദ്യാവലി ഉപയോഗിച്ച് അഭിമുഖം നടത്തി വിവരശേഖരണം നടത്തി. ഐ.പി.മാരുടെ എണ്ണം താഴെ കൊടുത്തിരിക്കുന്നു.

**പട്ടിക - 3.9**

**ഐ.പി.മാരുടെ എണ്ണം**

| **ജില്ല** | **ഇൻസ്പെക്ടർ ഓഫ് പോലീസുകാരുടെ എണ്ണം** |
|---|---|
| കണ്ണൂർ | 1 |
| എറണാകുളം | 1 |
| കൊല്ലം | 1 |
| **ആകെ** | 3 |

(9) വിദ്യാഭ്യാസ ഉപഡയറക്ടർ

തിരഞ്ഞെടുത്ത ജില്ലകളിലെ വിദ്യാഭ്യാസ ചുമതല വഹിക്കുന്ന ഉപഡയറക്ടർമാരിൽ നിന്ന് (ഡിഡിഇ) പ്രത്യേക ചോദ്യാവലി ഉപയോഗിച്ച് അഭിമുഖം നടത്തി വിവരം ശേഖരിച്ചു.

**പട്ടിക - 3.10**

| **ജില്ല** | **ഡി.ഡി.ഇ** |
|---|---|
| കണ്ണൂർ | 1 |
| എറണാകുളം | 1 |
| കൊല്ലം | 1 |
| **ആകെ** | 3 |

(10) സംസ്ഥാനതല ഉദ്യോഗസ്ഥരായ, എസ്.പി.സി. ഉപദേശകസമിതി ചെയർമാൻ (വിദ്യാഭ്യാസ സെക്രട്ടറി) സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ പ്രഥമ സംസ്ഥാന നോഡൽ ഓഫീസറായിരുന്ന ശ്രീ.പി.വിജയൻ ഐ.പി.എസ്. (ഐ.ജി. ഓഫ് പോലീസ്) എന്നിവരുമായി പ്രത്യേക അഭിമുഖം നടത്തി വിവരശേഖരണം നടത്തിയിട്ടുണ്ട്.

(VI) ഫോക്കസ് ഗ്രൂപ്പ് (ദത്തശേഖരണം വിലയിരുത്തൽ)

ഇതു കൂടാതെ ഓരോ ജില്ലയിലും 2 വീതം ഫോക്കസ് ഗ്രൂപ്പുചർച്ച കൂടി നടത്തിയിട്ടുണ്ട്. (ആകെ 6) ഓരോ ഫോക്കസ് ഗ്രൂപ്പുചർച്ചയിലും പങ്കെടുത്തവരുടെ വിശദാംശം താഴെ ചേർക്കുന്നു.

**പട്ടിക - 3.11**

**ഫോക്കസ് ഗ്രൂപ്പ് ചർച്ചയിൽ പങ്കെടുത്തവരുടെ വിശദാംശങ്ങൾ**

| പങ്കെടുത്തവർ | എണ്ണം | എഫ്.ജി.ഡി എണ്ണം | ആകെ |
|---|---|---|---|
| രക്ഷിതാക്കൾ | 2 | 6 | 12 |
| പൊതുപ്രവർത്തകർ സന്നദ്ധസംഘടന/ | 2 | 6 | 12 |
| ക്ലബ് പ്രതിനിധികൾ | 2 | 6 | 12 |
| എസ്.പി.സി. കേഡറ്റുകൾ (9/12 ക്ലാസ്) | 2 | 6 | 12 |
| മുൻ എസ്.പി.സി. കേഡറ്റുകൾ | 2 | 6 | 12 |
| തദ്ദേശ സ്വയംഭരണ സ്ഥാപന പ്രതിനിധികൾ | 1 | 6 | 6 |
| പി.റ്റി.എ/എം.പി.റ്റി.എ പ്രതിനിധി | 1 | 6 | 6 |
| അധ്യാപകർ | 2 | 6 | 6 |

ആറ് ഫോക്കസ് ഗ്രൂപ്പുചർച്ചകൾ തിരഞ്ഞെടുത്ത സ്കൂളുകൾ കേന്ദ്രീകരിച്ച് നടത്തി.

**(VII) ദത്തശേഖരണരീതി**

കൊല്ലം, എറണാകുളം, കണ്ണൂർ എന്നീ മൂന്ന് ജില്ലകളിൽ നിന്ന് രണ്ടുവീതം ഗ്രൂപ്പുകൾ (ഒരു ഗ്രൂപ്പിൽ രണ്ടംഗങ്ങൾ) തിരഞ്ഞെടുക്കുകയും മൂന്ന് ജില്ലാ കോർഡിനേറ്റർമാരായി ഡയറ്റ് ഫാക്കൽറ്റികളെ ഉൾപ്പെടുത്തുകയും ചെയ്തു. തുടർന്ന് എസ്.സി.ഇ.ആർ.ടിയുടെ നേതൃത്വത്തിൽ കണ്ണൂരിൽ വച്ച് തിരഞ്ഞെടുക്കപ്പെട്ട ഗ്രൂപ്പംഗങ്ങൾക്ക് പഠനോപാധികൾ പരിചയപ്പെടുത്തുന്നതിനും ട്രൈ ഔട്ട് നടത്തുന്നതിനുമായി ഒരു ശില്പശാല സംഘടിപ്പിച്ചു. കണ്ണൂർ ജില്ലയിലെ രണ്ട് വിദ്യാലയങ്ങളിൽ ട്രൈ ഔട്ട് നടത്തി. പഠനോപാധികൾ എഡിറ്റുചെയ്തു. എല്ലാ ഗ്രൂപ്പംഗങ്ങൾക്കും ആവശ്യമായ ഉപാധികൾ ആ ശില്പശാലയിൽ വച്ചുതന്നെ നൽകി.

ഓരോ ജില്ലയിലെയും 10 വിദ്യാലയങ്ങൾ വീതമാണ് തിരഞ്ഞെടുത്തത്. അതിൽ കൊല്ലം ജില്ലയിൽ നിന്നുള്ള ടീമംഗങ്ങൾ തിരുവനന്തപുരം ജില്ലയിലെയും ആലപ്പുഴ ജില്ലയിലെയും ഓരോ വിദ്യാലയങ്ങളിൽ നിന്നുകൂടി ആകെ 12 സ്കൂളുകളുടെ ദത്തശേഖരണം നടത്തി. കണ്ണൂർജില്ലാടീം മലപ്പുറത്തുള്ള ഒരു വിദ്യാലയവും എറണാകുളം ടീം ഇടുക്കി ജില്ലയിലെ രണ്ട് വിദ്യാലയങ്ങളെയും കൂടി ദത്തശേഖരണത്തിന് തിരഞ്ഞെടുത്തു. ഓരോ ടീമും 6 വിദ്യാലയങ്ങൾ വീതമാണ് ദത്തശേഖരണം നടത്തിയത്. വിദ്യാലയങ്ങളിൽ നേരത്തെ അറിയിപ്പ് നൽകി. വിദ്യാലയത്തിലെത്തിയ ടീമംഗങ്ങൾ രണ്ടാം വർഷ എസ്.പി.സി കുട്ടികളുടെ ലിസ്റ്റിൽ നിന്നും സാമ്പിൾ റാൻഡം ആയി 10

കുട്ടികളെ തിരഞ്ഞെടുത്ത് ചോദ്യാവലി നൽകുകയും കുട്ടികൾക്ക് ചോദ്യാവലി പൂരിപ്പിക്കുന്നതിനുള്ള നിർദേശങ്ങൾ നൽകുകയും ചെയ്തു. കുട്ടികൾ എല്ലാവരും ചോദ്യാവലി പൂരിപ്പിച്ചുനൽകി. ഈ സമയം ടീമിലെ മറ്റൊരംഗം പ്രഥമാധ്യാപകനോട് അഭിമുഖം നടത്തുകയും ചെയ്തു. സി.പി.ഒമാരായ രണ്ടധ്യാപകർക്കും വിദ്യാലയത്തിലെ മറ്റ് രണ്ടധ്യാപകർക്കും ടീമംഗങ്ങൾ ചോദ്യാവലി നൽകി. ഡ്രിൽ ഇൻസ്ട്രക്ടർമാർ അറിയിപ്പ് ലഭിച്ചിരുന്നതിനാൽ വിദ്യാലയത്തിലെത്തുകയും ചോദ്യാവലി വാങ്ങി വിശദമായ വിവരങ്ങൾ ഉൾപ്പെടുത്തി പൂരിപ്പിച്ചു നൽകുകയും ചെയ്തു.

രണ്ട് വിദ്യാലയങ്ങളിലെ അധ്യാപകരെയും രക്ഷിതാക്കളെയും പൂർവവിദ്യാർഥികളെയും ജനപ്രതിനിധികളെയും ഉൾപ്പെടുത്തി ഫോക്കസ് ഗ്രൂപ്പ് ഡിസ്കഷൻ മറ്റൊരു ദിവസം നടത്തുകയുണ്ടായി.

ജില്ലയിലെ നോഡൽ ഓഫീസറുമായുള്ള അഭിമുഖം നടത്തുന്നതിനായി ചുമതലയുള്ള ജില്ലാ കോർഡിനേറ്റർ (ഡയറ്റ് ഫാക്കൽറ്റി) നോഡൽ ഓഫീസിൽ എത്തി അഭിമുഖം നടത്തി. ഇൻസ്പെക്ടർ ഓഫ് പോലീസിനോടും സർക്കിൾ ഓഫീസിലെത്തി അഭിമുഖം നടത്തുകയുണ്ടായി.

ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടറുമായുള്ള അഭിമുഖവും ജില്ലാ കോർഡിനേറ്റർ നടത്തി.

പൊതുവിദ്യാഭ്യാസ സെക്രട്ടറി, എസ്.പി.സിയുടെ ആദ്യ സംസ്ഥാന നോഡൽ ഓഫീസറും അഡ്മിനിസ്ട്രേഷൻ ഐ.ജി.യുമായ ശ്രീ.വിജയൻ ഐ.പി.എസ്. എന്നിവരുമായി എസ്.സി.ഇ.ആർ.ടി പ്രതിനിധികൾ അഭിമുഖം നടത്തി.

### (VIII) ദത്തങ്ങളുടെ ക്രോഡീകരണവും വിശകലനവും

ലഭിച്ച ദത്തങ്ങൾ ശില്പശാലയിൽ വച്ച് ക്രോഡീകരിച്ചു. ഗുണാത്മകമായ ദത്തങ്ങൾ (ഉപാധി 1,2,3,4,5) ക്രോഡീകരിക്കുന്നതിന് ഫോർമാറ്റ് തയാറാക്കി. ഓരോ ദത്തവും വിശകലനം ചെയ്യുന്നതിന് ശതമാനം മാത്രമാണ് സ്റ്റാറ്റിസ്റ്റിക്സ് തന്ത്രമായി ഉപയോഗിച്ചത്. ദത്ത ശേഖരണം നടത്തിയ ടീം അംഗങ്ങളെ കൂടാതെ വിദഗ്ധർ, സ്റ്റാറ്റിസ്റ്റിക്സ് വിദഗ്ധർ, തുടങ്ങിയവർ കൂടി ഈ ശില്പശാലയിൽ പങ്കെടുത്തു.തുടർന്ന് പഠന റിപ്പോർട്ട് തയാറാക്കുന്നതിനായും എഡിറ്റുചെയ്യുന്നതിനായും ശില്പശാലകൾ നടത്തി.

### (IX) കാലയളവ്

പഠനത്തിന്റെ കാഴ്ചപ്പാടുരൂപീകരണം, ടൂൾ നിർമ്മാണം, പരിചയപ്പെടൽ, ശില്പശാലകൾ, എന്നിവ 2017 ഡിസംബർ മാസം പൂർത്തിയാക്കി. 2018 ജനുവരി മാസമാണ് ദത്തശേഖരണം നടത്തിയത്. 2018 ഫെബ്രുവരി മാസം ദത്തങ്ങളുടെ ക്രോഡീകരണവും വിശകലനവും 2018 മാർച്ച് മാസം റിപ്പോർട്ട് തയാറാക്കലും എഡിറ്റിംഗും നടന്നു.

## അധ്യായം – 4

## ദത്തങ്ങളുടെ വിശകലനവും വ്യാഖ്യാനവും

കേരളത്തിലെ ഹൈസ്കൂൾ ഹയർസെക്കന്ററി സ്കൂളിൽ നടപ്പിലാക്കിയ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പരിപാടിയുടെ ഫലപ്രാപ്തി പഠനവുമായി ബന്ധപ്പെട്ട് ലഭിച്ച വിവരങ്ങളുടെ വിശകലന മാണ് ഈ അധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. എസ്.പി.സി. കേഡറ്റുകളിൽ നിന്നും, സി.പി.ഒ.മാരിൽ നിന്നും മറ്റു അധ്യാപകരിൽ നിന്നും ഡി.ഐ.മാരിൽ നിന്നും, ഡി.എൻ.ഒമാരിൽ നിന്നും പൂരിപ്പിച്ച ചോദ്യാവലിയിലൂടെ ലഭിച്ച വിവരങ്ങളും, പ്രധാനാധ്യാപകർ, പി.ടി.എ പ്രസിഡന്റുമാർ, ഡി.ഡി.ഇ.മാർ, സി.ഐ.മാർ, വിദ്യാഭ്യാസ സെക്രട്ടറി, ശ്രീ വിജയൻ ഐ.പി.എസ്. എന്നിവരുമായി നടത്തിയ അഭിമുഖത്തിൽ നിന്നും ലഭിച്ച വിവരങ്ങൾ, ഫോക്കസ് ഗ്രൂപ്പ് ചർച്ചക ളിൽ നിന്നും ലഭിച്ച വിവരങ്ങൾ, എന്നിവ വിശകലനത്തിന് വിധേയമാക്കിയിട്ടുണ്ട്. ദ്വിതീയ വിവര ശേഖരണത്തിനായി വിവിധ ഡോക്യുമെന്റുകൾ, റിപ്പോർട്ടുകൾ, വീഡിയോകൾ, ഉത്തരവുകൾ വിവിധപഠനങ്ങൾ എന്നിവ വിശകലന വിധേയമാക്കി.

ലഭ്യമായ വിവരങ്ങൾ ക്രോഡീകരിച്ച് വിശകലനം ചെയ്ത് കണ്ടെത്തലുകൾ അടുത്ത അധ്യായത്തി ലാണ് ചേർത്തിട്ടുള്ളത്. ക്രോഡീകരണത്തിനായി ഉപയോഗിച്ച പട്ടികകൾ, ഗ്രാഫുകൾ, വിശദീകര ണങ്ങൾ എന്നിവയുംചേർത്തിട്ടുണ്ട്. ശതമാനരീതി ഉപയോഗിച്ചാണ് ദത്തവിശകലനം ചെയ്തത്. വിശദാംശങ്ങൾ ഉചിതമായ തലക്കെട്ടുകളിൽ കൊടുത്തിരിക്കുന്നു.

## I സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾക്കുള്ള ചോദ്യാവലിയുടെ വിശകലനം

കൊല്ലം, എറണാകുളം, കണ്ണൂർ എന്നീ മൂന്നു ജില്ലകളിലെ പന്ത്രണ്ടു വീതം സ്കൂളുകളിലെ 10 വീതം സ്റ്റുഡന്റ് പോലീസ് കേഡറ്റുകളിൽ നിന്നുമാണ് വിവരങ്ങൾ ശേഖരിച്ചത്. ആകെ 360 കുട്ടി കൾ ചോദ്യാവലി പൂരിപ്പിച്ച് നൽകുകയുണ്ടായി. വിശദാംശങ്ങൾ ഉചിതമായ തലക്കെട്ടിൽ കൊടു ത്തിരിക്കുന്നു.

### (i) എസ്.പി.സി. പദ്ധതിയിൽ ചേരാനുണ്ടായ കാരണം

എസ്.പി.സി. പദ്ധതിയിൽ ചേരാനുണ്ടായ കാരണത്തേക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശക ലനം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**പട്ടിക – 4.1**

**എസ്.പി.സി. പദ്ധതിയിൽ ചേരാനുണ്ടായ കാരണം**

| പ്രതികരണങ്ങൾ | എണ്ണം | ശതമാനം(%) |
|---|---|---|
| ഗ്രേസ് മാർക്ക് ലഭിക്കുമെന്നുള്ളതുകൊണ്ട് | 24 | 6.58 |
| രക്ഷിതാക്കളുടെ താൽപ്പര്യപ്രകാരം | 39 | 10.68 |
| അധ്യാപകരുടെ പ്രേരണമൂലം | 5 | 1.37 |
| സ്വന്തം താൽപ്പര്യപ്രകാരം | 347 | 95.07 |
| നല്ല പൗരനായി വളരാൻ | 33 | 9.16 |
| സാമൂഹിക ഇടപെടലിനു വേണ്ടി | 30 | 8.33 |
| യൂണിഫോം ധരിക്കാൻ വേണ്ടി | 19 | 5.28 |
| മറ്റുള്ളവർക്ക് മാതൃകയാവാൻ | 10 | 2.77 |

| | | |
|---|---|---|
| വ്യക്തിത്വ വികസനത്തിന് | 8 | 2.2 |
| പോലീസ് ഉദ്യോഗത്തോട് താൽപ്പര്യം | 17 | 4.72 |
| കായികക്ഷമത കൂട്ടാൻ | 4 | 1.10 |
| IAS ആകാൻ താൽപ്പര്യം | 2 | 0.55 |
| അച്ചടക്കമുള്ളവരാകാൻ | 4 | 1.10 |

സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയിൽ ചേരാനുള്ള കാരണങ്ങൾ ചോദിച്ചപ്പോൾ കുട്ടികൾ 95.07% (347 പേർ) സ്വന്തം താൽപ്പര്യപ്രകാരമാണെന്നാണ് അഭിപ്രായപ്പെട്ടത്. എന്നാൽ 10.68% കുട്ടികൾ രക്ഷിതാക്കളുടെ താൽപ്പര്യപ്രകാരമാണ് സ്റ്റുഡന്റ് പോലീസ് കേഡറ്റായത്.

എസ്.പി.സി. പദ്ധതിയിൽ ചേരാനുണ്ടായ മറ്റ് കാരണങ്ങളെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

നല്ല പൗരനായി വളരുന്നതിനു വേണ്ടി 9.16% കുട്ടികൾ എസ്.പി.സി. ആയപ്പോൾ സാമൂഹിക ഇട പെടലിനുവേണ്ടി ചേർന്നവർ 8.33% ആണ്. ഗ്രേസ് മാർക്ക് ലഭിക്കുന്നു എന്നതുകൊണ്ടു എസ് പി സിയിൽ ചേർന്നവർ 24 (6.58%) ആണ്. അതോടൊപ്പം 4.72% കുട്ടികൾ പോലീസ് ഉദ്യോഗത്താൽ ആകൃഷ്ടരായതിനാലും 5.28% പേർ യൂണിഫോം ധരിക്കുന്നതിനു വേണ്ടിയും എസ് പി സിയിൽ ചേർന്നതായി രേഖപ്പെടുത്തി.

## (ii) എസ്.പി.സി. പദ്ധതിയിൽ ഏറ്റവും ഇഷ്ടപ്പെട്ട പ്രവർത്തനങ്ങൾ

എസ്.പി.സി. പദ്ധതിയിൽ ഏറ്റവും ഇഷ്ടപ്പെട്ട പ്രവർത്തനത്തെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**പട്ടിക – 4.2**

**എസ്.പി.സി. പദ്ധതിയിൽ ഏറ്റവും ഇഷ്ടപ്പെട്ട പ്രവർത്തനം**

| പ്രതികരണങ്ങൾ | എണ്ണം | ശത മാനം(%) |
|---|---|---|
| പി.ടി പരേഡ് | 141 | 38.63 |
| ക്യാമ്പുകൾ | 265 | 72.60 |
| ബോധവൽക്കരണപ്രവർത്തനങ്ങൾ | 168 | 46.03 |
| ക്ലാസ്സുകൾ | 113 | 30.96 |
| സാമൂഹ്യപ്രവർത്തനം (അഗതിമന്ദിരസന്ദർശനം, രോഗീപരിചരണ) | 23 | 6.30 |
| പരിസ്ഥിതി സംരക്ഷണം (ശുചീകരണം, എന്റെ മരം) | 13 | 3.56 |
| ട്രാഫിക് ഡ്യൂട്ടി, ശുഭരാത്രി | 40 | 10.96 |
| പഠനയാത്ര | 19 | 5.21 |
| കായിക പ്രവർത്തനം (റോഡ് നടത്തം) | 4 | 1.10 |
| ക്വിസ് | 2 | 0.55 |
| കലോത്സവം | 4 | 1.10 |
| യോഗ | 2 | 0.55 |

എസ്.പി.സി പദ്ധതിയിൽ കുട്ടികൾക്ക് ഏറെ ഇഷ്ടപ്പെട്ട പ്രവർത്തനം ക്യാമ്പുകളാണ്. (72.6)%, പി.ടി പരേഡ് (38.63%) ബോധവൽക്കരണ പ്രവർത്തനങ്ങൾ (46.03%) വ്യത്യസ്ത ക്ലാസ്സുകൾ (30.96%) ഇവയും ഇഷ്ടമാണ്. 10% ലേറെ കുട്ടികൾ ട്രാഫിക് ഡ്യൂട്ടിയാണ് ഇഷ്ടപ്പെട്ട പ്രവർത്തന മായി കാണുന്നത്. പഠനയാത്ര ക്വിസ്, കലോത്സവം, യോഗ എന്നിവയാണ് ഇഷ്ടപ്പെടുന്ന മറ്റ് പ്രവർത്തനങ്ങൾ. വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്ന ഗ്രാഫിൽ ചിത്രീകരിച്ചിരിക്കുന്നു.





Fig. 4.1

### (iii) താൽപ്പര്യമില്ലാത്ത പ്രവർത്തനങ്ങൾ

എസ്.പി.സി. പദ്ധതിയുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങളിൽ താൽപ്പര്യമില്ലാത്തവയെ കുറി ച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**പട്ടിക – 4.3**

**താൽപ്പര്യമില്ലാത്ത പ്രവർത്തനങ്ങൾ**

| പ്രവർത്തനങ്ങൾ | എണ്ണം | ശതമാനം(%) |
|---|---|---|
| പി.ടി പരേഡ് | 8 | 2.19 |
| ഗതാഗത ബോധവൽക്കരണം | 1 | 0.27 |
| ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ | 2 | 0.55 |
| സൈബർ സേഫ്റ്റി | 2 | 0.55 |
| താൽപ്പര്യമില്ലാത്തതായി ഒന്നുമില്ല | 345 | 94.52 |

എസ് പി സി പദ്ധതിയുമായി ബന്ധപ്പെട്ട് 94.52% കുട്ടികൾക്കും താൽപര്യമില്ലാത്തതായി ഒരു പ്രവർത്തനവുമില്ല. എന്നാൽ 2.19% (8) കുട്ടികൾക്ക് പി.ടി പരേഡിനോട് താൽപ്പര്യമില്ല.

## (iv) കേഡറ്റുകളുടെ ആവശ്യപ്രകാരം സ്കൂളിൽ നടത്തിയ പ്രവർത്തനങ്ങൾ

എസ്.പി.സി. യുമായി ബന്ധപ്പെട്ട് കുട്ടികളുടെ ആവശ്യപ്രകാരം നടത്തിയ പ്രവർത്തനങ്ങളെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**പട്ടിക – 4.4**

**കുട്ടികളുടെ ആവശ്യപ്രകാരം നടത്തിയ പ്രവർത്തനങ്ങൾ**

| | എണ്ണം | ശതമാനം (%) |
|---|---|---|
| ഉണ്ട് | 334 | 91.51 |
| ഇല്ല | 31 | 8.49 |
| ആകെ | 365 | 100.00 |

എസ്.പി.സിയുമായി ബന്ധപ്പെട്ട് കുട്ടികളുടെ ആവശ്യപ്രകാരം 91.5% വിദ്യാലയങ്ങളും പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. വിദ്യാലയങ്ങളിൽ നടത്തിയ പ്രവർത്തനങ്ങളെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**പട്ടിക – 4.5**

**വിദ്യാലയങ്ങളിൽ നടത്തിയ പ്രവർത്തനങ്ങൾ**

| പ്രതികരണങ്ങൾ | എണ്ണം | ശതമാനം (%) |
|---|---|---|
| പരിസര ശുചീകരണം | 91 | 24.93 |
| എന്റെ മരം പദ്ധതി | 35 | 9.59 |
| വിവിധ ബോധവൽക്കരണ പരിപാടി | 25 | 6.85 |
| കൃഷി, ഔഷധ - പച്ചക്കറി തോട്ടം (വീട് നിർമ്മാണം | 50 | 13.70 |

ഇതിൽ 25.27% വിദ്യാലയങ്ങളിലും പരിസര ശുചീകരണം നടത്തി. 13.70% കുട്ടികൾ പറയുന്നത് പച്ചക്കറി - ഔഷധത്തോട്ടം നിർമ്മാണമാണ് ഏറ്റെടുത്ത പ്രവർത്തനം എന്നാണ്. എന്നാൽ വളരെ ചെറിയ ശതമാനം വിദ്യാലയങ്ങളിൽ കുട്ടികളുടെ ആവശ്യപ്രകാരം പാവങ്ങൾക്ക് ധനസഹായവും ഭവനരഹിതർക്ക് വീട് നിർമ്മിച്ച് നൽകുന്നതുമായ പ്രവർത്തനങ്ങളും മാതൃകാപരമായി നടപ്പിലാക്കിയിട്ടുണ്ട്.

*"എസ്.പി.സി. എനിക്കൊരു പാഠ പുസ്തകമായിരുന്നു.ഞാൻ സമൂഹത്തിന്റെ ഭാഗമാണെന്നും, സമൂഹത്തിന് വേണ്ടി എന്തെങ്കിലും ചെയ്യേണ്ടവളാണെന്നും ഉള്ള ബോധം എനിക്ക് നൽകിയത് എസ്.പി.സി. എന്ന മഹത്തായ പദ്ധതിയാണ്".*

*(എസ്.പി.സി. പരിശീലനം പൂർത്തിയാക്കിയ വിദ്യാർഥി, കോട്ടയം ജില്ല)*

## (V) പൊതുപരിപാടികളിലെ ചുമതലകൾ

സ്കൂൾ അസംബ്ലി, മേളകൾ, പൊതുപരിപാടികൾ തുടങ്ങിയവയിൽ കുട്ടികളെ പ്രത്യേകം ചുമതലകൾ ഏൽപ്പിക്കുന്നതിനെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**പട്ടിക – 4.6**

**ചുമതലകൾ ഏൽപ്പിക്കുന്നതിനെ കുറിച്ചുള്ള വിവരങ്ങൾ**

| | എണ്ണം | ശതമാനം (%) |
|---|---|---|
| ഉണ്ട് | 361 | 98.90 |
| ഇല്ല | 4 | 1.10 |
| ആകെ | 365 | 100.00 |

സ്കൂൾ അസംബ്ലി മേളകൾ എന്നീ പൊതുപരിപാടികളിൽ എസ് പി സി അംഗങ്ങൾക്ക് പ്രത്യേകം ചുമതലകൾ ലഭിക്കാറുണ്ട് എന്ന് 99% പേരും അഭിപ്രായപ്പെട്ടു. ചുമതലകളെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**പട്ടിക – 4.7**

**ചുമതലകൾ**

| പ്രതികരണങ്ങൾ | എണ്ണം | ശതമാനം (%) |
|---|---|---|
| വോളന്റിയർ (മേളകൾ) അച്ചടക്കം, മത്സരാർഥികളുടെ സഹായി | 353 | 96.71 |
| ട്രാഫിക് ഡ്യൂട്ടി | 8 | 2.19 |
| ശുചീകരണം | 8 | 2.19 |
| സ്കൂൾ അസംബ്ളി | 2 | 0.55 |

പട്ടിക പ്രകാരം മേളകളിൽ അച്ചടക്കം പരിപാലിക്കുന്നതിനുള്ള പ്രത്യേക ചുമതലകളാണ് ഏൽപ്പിക്കപ്പെടാറുള്ളത് എന്നാണ് 96.71% പേരും അഭിപ്രായപ്പെട്ടിരിക്കുന്നത്. കൂടാതെ വളരെ കുറച്ച് കുട്ടികൾ ട്രാഫിക് ഡ്യൂട്ടി, ശുചീകരണ പ്രവർത്തനങ്ങൾ, അസംബ്ലി എന്നിവയിലും ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്തിട്ടുണ്ട് എന്ന് രേഖപ്പെടുത്തി.

## (vi) എസ്.പി.സി. പ്രവർത്തനങ്ങൾക്ക് പഠനത്തിലുള്ള സ്വാധീനം

എസ്.പി.സി. പ്രവർത്തനങ്ങൾ കുട്ടികളുടെ പഠനത്തെ സ്വാധീനിക്കുന്നതിനെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## പട്ടിക – 4.8

### പഠനത്തിലെ സ്വാധീനം

| പ്രതികരണങ്ങൾ | എണ്ണം | ശതമാനം (%) |
|---|---|---|
| ആത്മവിശ്വാസം വളർത്തുന്നു. | 274 | 75.07 |
| ശാരീരികവും മാനസികവുമായി ഊർജസ്വലത നൽകുന്നു. | 256 | 70.14 |
| അടുക്കും ചിട്ടയോടും കൂടി പഠിക്കാൻ കഴിയുന്നു. | 245 | 67.12 |
| സമയനിഷ്ഠയും ശ്രദ്ധയും ലഭിക്കുന്നു. | 217 | 59.45 |
| ലക്ഷ്യബോധം നൽകുന്നു. | 292 | 80.00 |
| സാമൂഹ്യപ്രതിബദ്ധത | 5 | 1.37 |
| ക്ലാസിനുപുറത്തുള്ള അറിവ് നേടാൻ കഴിയുന്നു | 7 | 1.92 |

പഠനത്തെ എസ്.പി.സി പ്രവർത്തനങ്ങൾ എങ്ങനെ സ്വാധീനിക്കുന്നു എന്നതിന് ലക്ഷ്യബോധം നൽകുന്നു എന്ന് 80% പേർ അഭിപ്രായപ്പെട്ടപ്പോൾ 75.07% കുട്ടികൾ എസ്.പി.സി പ്രവർത്തനങ്ങളിലൂടെ ആത്മവിശ്വാസം വളർന്നതായി അഭിപ്രായപ്പെട്ടു. ശാരീരിക - മാനസിക ഊർജസ്വലത നേടാൻ കഴിഞ്ഞുവെന്ന് 70.14% പേർ വിലയിരുത്തി. പഠനത്തിൽ അടുക്കും ചിട്ടയും വരുത്താൻ കഴിഞ്ഞവർ 67.12% പേരും സമയനിഷ്ഠയും ശ്രദ്ധയും ലഭിക്കുന്നുവെന്ന് 59.45% പേരുമാണ് രേഖപ്പെടുത്തിയത്. എന്നാൽ വളരെ കുറഞ്ഞ ശതമാനം (2%) അതിൽ താഴെയും ക്ലാസ്സിനു പുറത്തുള്ള അറിവ് നേടാൻ കഴിയുന്നുവെന്നും, സാമൂഹ്യ പ്രതിബദ്ധത വളർത്താൻ സഹായിച്ചു എന്നുമുള്ള ഗുണാത്മകമായ അഭിപ്രായങ്ങൾ രേഖപ്പെടുത്തി. എന്നാൽ 5 കുട്ടികൾ പഠിക്കാൻ ബുദ്ധിമുട്ടുണ്ടാക്കുന്നുവെന്നും ട്യൂഷനു പോകാൻ കഴിയുന്നില്ല എന്നും രേഖപ്പെടുത്തി. വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്ന ഗ്രാഫിൽ ചിത്രീകരിച്ചിരിക്കുന്നു.





Fig 4.2

## (vii) വിദ്യാലയത്തിലെ അച്ചടക്ക മേൽനോട്ടം എസ്.പി.സി. യെ ഏൽപ്പിച്ചാൽ പ്രവർത്തിക്കുന്ന രീതി

സ്കൂളിന്റെ അച്ചടക്കവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ കുട്ടികളെ മേൽനോട്ടം ഏൽപ്പിക്കുന്നതിനെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**പട്ടിക - 4.9**

**അച്ചടക്ക മേൽനോട്ടം എസ്.പി.സി. കുട്ടികളെ ഏൽപ്പിച്ചാൽ**

| പ്രതികരണങ്ങൾ | എണ്ണം | ശതമാനം |
|---|---|---|
| നിർബന്ധപൂർവം അനുസരിപ്പിക്കും | 38 | 10.41 |
| നിയമം അനുസരിക്കാൻ പ്രേരിപ്പിക്കും. | 138 | 37.81 |
| സ്വയം മാതൃകയായി പ്രവർത്തിച്ച് കാണിക്കും | 319 | 87.40 |
| അനുസരിക്കാത്ത കുട്ടികളുടെ വിവരം അധികാരികളെ അറിയിക്കും. | 193 | 52.88 |

വിദ്യാലയ അച്ചടക്ക മേൽനോട്ടം എസ്.പി.സിയെ ഏൽപ്പിച്ചാൽ 87.40% കുട്ടികളും അഭിപ്രായപ്പെട്ടത് സ്വയം മാതൃകയായി പ്രവർത്തിച്ച് കാണിക്കും എന്നാണ്. അച്ചടക്കം ലംഘിക്കുന്ന കുട്ടികളുടെ വിവരം അധികാരികളെ അറിയിക്കുമെന്ന് 52.88% കുട്ടികളും നിയമം അനുസരിക്കാൻ പ്രേരിപ്പിക്കും എന്ന് 37.81% കുട്ടികളും രേഖപ്പെടുത്തി. കുറഞ്ഞ ശതമാനം (10.41%) കുട്ടികൾ മാത്രമാണ് നിർബ്ബന്ധപൂർവം അനുസരിപ്പിക്കും എന്നഭിപ്രായപ്പെട്ടത്.

## (viii) ബോധവൽക്കരണ പ്രവർത്തനങ്ങളിൽ ഇടപെടാനുള്ള കാരണം

ലഹരിവിരുദ്ധ പ്രവർത്തനം, ഗതാഗത ബോധവൽക്കരണം തുടങ്ങിയ പ്രവർത്തനങ്ങളിൽ നിങ്ങൾ ഇടപെടാനുള്ള കാരണത്തെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**പട്ടിക - 4.10**

**ബോധവൽക്കരണ പ്രവർത്തനങ്ങളിൽ ഇടപെടാനുള്ള കാരണം**

| പ്രതികരണങ്ങൾ | എണ്ണം | ശതമാനം (%) |
|---|---|---|
| അധ്യാപകരുടെ നിർബന്ധപ്രകാരം | 8 | 2.19 |
| പോലീസ് ഉദ്യോഗസ്ഥർ നിർദേശിച്ചിട്ട് | 38 | 10.41 |
| ഇത്തരം പ്രവർത്തനങ്ങൾ എന്റെ കടമയാണെന്ന ബോധ്യമുള്ളതുകൊണ്ട് | 351 | 96.16 |
| സമൂഹത്തിന് മാതൃകയാവാൻ | 17 | 4.66 |
| ലഹരിയുടെ ദൂഷ്യഫലങ്ങൾ ബാധിക്കാതിരിക്കാൻ | 12 | 3.29 |
| ദൈനംദിനജീവിതം സുരക്ഷിതമാക്കാൻ | 7 | 1.92 |
| കടമ നിർവഹിക്കൽ | 7 | 1.92 |

ലഹരിവിരുദ്ധ പ്രവർത്തനം,. ഗതാഗത ബോധവൽക്കരണം തുടങ്ങിയ പ്രവർത്തനങ്ങളിൽ ഇടപെട്ടത് ഇത്തരം പ്രവർത്തനങ്ങൾ സ്വന്തം കടമയാണെന്ന് ബോധ്യമുള്ളതുകൊണ്ടെന്ന് 96.16% എസ്.

പി.സി കുട്ടികളും അഭിപ്രായപ്പെട്ടു. എന്നാൽ പോലീസ് ഉദ്യോഗസ്ഥർ നിർദേശിച്ചതുകൊണ്ടുമാത്രം ഇത്തരം പ്രവർത്തനങ്ങളിൽ ഇടപെട്ടതായി 10.41% കുട്ടികൾ അഭിപ്രായം രേഖപ്പെടുത്തി.

സമൂഹത്തിന് മാതൃകയാകാൻ ബോധവൽക്കരണപ്രവർത്തനങ്ങളിൽ ഇടപെട്ടുവെന്ന് 4.66% കുട്ടികൾ രേഖപ്പെടുത്തി. ലഹരിയുടെ ദൂഷ്യഫലങ്ങൾ ബാധിക്കാതിരിക്കാൻ എന്ന് 3.29% പേർ രേഖപ്പെടുത്തി. എന്നാൽ വളരെ ചെറിയ ശതമാനം കുട്ടികൾ (2.19%) അധ്യാപകരുടെ നിർദേശപ്രകാരം ബോധവൽക്കരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുവെന്ന് അഭിപ്രായപ്പെട്ടു.

### (ix) എസ്.പി.സി. വന്നതുകൊണ്ട് വിദ്യാലയത്തിലുണ്ടായ മാറ്റങ്ങൾ

എസ്.പി.സി. പദ്ധതി നിലവിലുള്ളതുകൊണ്ട് സ്കൂളിൽ ഉണ്ടായ മാറ്റങ്ങളെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**പട്ടിക - 4.11**

**വിദ്യാലയത്തിലുണ്ടായ മാറ്റങ്ങൾ**

| പ്രതികരണങ്ങൾ | എണ്ണം | ശതമാനം (%) |
|---|---|---|
| പാഠ്യപ്രവർത്തനങ്ങളിൽ കൂടുതൽ മികവുകൾ | 158 | 43.29 |
| സ്കൂൾ പ്രവർത്തനങ്ങൾ കൂടുതൽ ചിട്ടപ്പെടുത്താൻ കഴിഞ്ഞു. | 248 | 67.95 |
| സ്കൂളിൽ വരുന്ന കുട്ടികളുടെ എണ്ണത്തിൽ വർധനവ് ഉണ്ടായി | 116 | 31.78 |
| സാമൂഹ്യപ്രതിബദ്ധതയുള്ള നിരവധി പ്രവർത്തനങ്ങളിൽ പങ്കാളിത്തമുണ്ടായി. | 257 | 70.41 |
| ലഹരിയുടെ ദോഷവശങ്ങളെക്കുറിച്ചും മൊബൈൽ ഫോണിന്റെ ഗുണദോഷങ്ങളെക്കുറിച്ചും ധാരണയായി. | 269 | 73.70 |
| സ്കൂൾ പരിസരം ആകർഷകമാക്കൽ | 65 | 17.81 |
| അച്ചടക്കം | 30 | 8.22 |

എസ് പി സി പദ്ധതി നിലവിലുള്ളതുകൊണ്ട് സ്കൂളിലുണ്ടായ മാറ്റങ്ങൾ എന്തെല്ലാം എന്ന ചോദ്യത്തിന് 73.70% കുട്ടികൾ അഭിപ്രായപ്പെട്ടത് ലഹരിയുടെ ദൂഷ്യവശങ്ങളെക്കുറിച്ചും മൊബൈൽ ഫോണിന്റെ ഗുണദോഷങ്ങളെക്കുറിച്ചും ധാരണയായി എന്നാണ്. എന്നാൽ സാമൂഹ്യ പ്രതിബദ്ധതയുള്ള നിരവധി പ്രവർത്തനങ്ങളിൽ പങ്കാളികളാകാൻ കഴിഞ്ഞുവെന്ന് 70.41% കുട്ടികൾ രേഖപ്പെടുത്തി. 67.95% കുട്ടികൾ സ്കൂൾ പ്രവർത്തനങ്ങൾ കൂടുതൽ ചിട്ടപ്പെടുത്തുന്നതിന് എസ്. പി. സി പദ്ധതി സഹായകമായി എന്ന് അഭിപ്രായപ്പെട്ടു. പഠനപ്രവർത്തനങ്ങളിൽ മികവുണ്ടായി എന്ന് 43.29% കുട്ടികളും, വിദ്യാലയത്തിലെ കുട്ടികളുടെ എണ്ണം വർധിച്ചതായി 31.78% കുട്ടികളും അഭിപ്രായപ്പെടുകയുണ്ടായി.

**(X) യൂണിഫോമിനോടുള്ള മനോഭാവം**

യൂണിഫോമിനോടുള്ള മനോഭാവങ്ങളെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**പട്ടിക - 4.12**

**എസ്.പി.സി. യൂണിഫോമിനോടുള്ള മനോഭാവം**

| പ്രതികരണങ്ങൾ | എണ്ണം | ശതമാനം |
|---|---|---|
| സുരക്ഷിതത്വബോധം ഉണ്ടാകുന്നു. | 135 | 36.99 |
| മറ്റുള്ള കുട്ടികളെ നിർബന്ധപൂർവം അനുസരിപ്പിക്കാമെന്ന ധാരണ ഉണ്ടാകുന്നു. | 26 | 7.12 |
| മറ്റുള്ളവർക്ക് മാതൃകയാകേണ്ട വ്യക്തിയാണെന്ന ധാരണ ഉണ്ടാകുന്നു. | 304 | 83.29 |
| ഉത്തരവാദിത്വബോധത്തോടെ പ്രവർത്തിക്കേണ്ടതാണെന്ന തിരിച്ചറിവ് ഉണ്ടാകുന്നു. | 328 | 89.86 |
| അഭിമാനം | 16 | 4.38 |
| രാജ്യസ്നേഹം (മതേതരബോധം) | 4 | 1.10 |
| ആത്മവിശ്വാസം (ലക്ഷ്യബോധം) | 45 | 12.33 |
| അച്ചടക്കബോധം (ഉത്തരവാദിത്വ ബോധം കാര്യനിഷ്ഠ, നിയമം പാലിക്കുക, മാതൃകയാവുക) | 29 | 7.95 |
| പോലീസെന്ന ബോധം (അധികാരം) | 13 | 3.56 |

എസ്.പി.സി. യൂണിഫോം ധരിക്കുന്നതിലൂടെ ഉത്തരവാദിത്വ ബോധത്തോടെ പ്രവർത്തിക്കേണ്ടതാണെന്ന തിരിച്ചറിവ് ഭൂരിഭാഗം (89.86%) കേഡറ്റുകൾക്കും ഉണ്ടായതായി അഭിപ്രായപ്പെട്ടപ്പോൾ. 83.29% കുട്ടികൾക്ക് അവർ മറ്റുള്ളവർക്ക് മാതൃകയാകേണ്ട വ്യക്തിത്വമാണെന്ന ധാരണയുണ്ടായതായി രേഖപ്പെടുത്തി. എസ്. പി.സി യൂണിഫോം ധരിക്കുന്നതിലൂടെ സുരക്ഷിതത്വബോധം ഉണ്ടാകുന്നുവെന്ന് 36.99% കുട്ടികൾ അഭിപ്രായപ്പെട്ടു. എന്നാൽ എസ്.പിസി യൂണിഫോം ധരിക്കുന്നതിലൂടെ മറ്റുള്ളവരെ നിർബന്ധപൂർവം അനുസരിപ്പിക്കാമെന്ന ധാരണയുണ്ടായതായി 7.12% കുട്ടികൾ രേഖപ്പെടുത്തി.

(xi) **സ്കൂൾ പഠനസമയം**

എസ്.പി.സി. പദ്ധതിയിൽ ചേർന്നതുകൊണ്ട് സ്കൂൾ പഠനസമയം നഷ്ടപ്പെടുന്നതിനെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.


ऺ

**പട്ടിക - 4.13**

**പഠനസമയം**

| | എണ്ണം | ശതമാനം (%) |
|---|---|---|
| ഉണ്ട് | 31 | 8.49 |
| ഇല്ല | 334 | 91.51 |
| ആകെ | 365 | 100.00 |

എസ്.പി.സി പദ്ധതിയിൽ ചേർന്നതുകൊണ്ട് സ്കൂൾ പഠനസമയം നഷ്ടപ്പെടുന്നില്ലായെന്ന് ഭൂരി ഭാഗം (91.51%) കുട്ടികളും അഭിപ്രായം രേഖപ്പെടുത്തി. എന്നാൽ 8.49% കുട്ടികൾ പഠനസമയം നഷ്ടപ്പെടുന്നതായി അഭിപ്രായപ്പെട്ടു. വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്ന ചിത്രത്തിൽ കൊടുത്തിരിക്കുന്നു.




**(xii) ബോധവൽക്കരണം**

സൈബർ സേഫ്റ്റി, സൈബർ ക്രൈം എന്നിവയെപ്പറ്റിയുള്ള ബോധവൽക്കരണം ലഭിക്കുന്നതിനെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**പട്ടിക - 4.14**

**ബോധവൽക്കരണം**

| | എണ്ണം | ശതമാനം (%) |
|---|---|---|
| ഉണ്ട് | 360 | 98.63 |
| ഇല്ല | 5 | 1.37 |
| ആകെ | 365 | 100.00 |

സൈബർ സേഫ്റ്റി, സൈബർ ക്രൈം എന്നിവയെ പറ്റിയുള്ള ബോധവൽക്കരണം ഭൂരിപക്ഷം കുട്ടികൾക്കും (98.63%) ലഭിക്കുന്നതായി അഭിപ്രായം രേഖപ്പെടുത്തി.

### (xiii) എസ്.പി.സിയുമായി ബന്ധപ്പെട്ട നല്ല അനുഭവം

എസ്.പി.സിയുമായി ബന്ധപ്പെട്ട നല്ല അനുഭവത്തെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**പട്ടിക - 4.15**

**നല്ല അനുഭവങ്ങൾ**

| പ്രതികരണങ്ങൾ | എണ്ണം | ശതമാനം (%) |
|---|---|---|
| സഹവാസക്യാമ്പുകൾ | 135 | 37.5 |
| പഠനയാത്ര | 98 | 27.22 |
| അഗതിമന്ദിര സന്ദർശനം | 45 | 12.5 |
| ആശ്രിതർക്ക് ധനസഹായം | 31 | 8.61 |
| ട്രാഫിക് ഡ്യൂട്ടി | 29 | 8.05 |
| പ്രതികരിക്കാത്തവർ | 22 | 6.11 |

എസ്.പി.സിയുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങളിൽ ഓർമ്മയിൽ സജീവമായി നില്ക്കുന്ന അനുഭവം 37.5% കുട്ടികളും സഹവാസ ക്യാമ്പാണ് എന്ന് അഭിപ്രായപ്പെട്ടു. 27.2% പേർ പഠനയാത്രയാണ് മറക്കാൻ കഴിയാത്ത അനുഭവമായി കരുതുന്നത്. അഗതിമന്ദിര സന്ദർശനം 12.5% പേർക്ക് ഹൃദയഹാരിയായ ഓർമ്മയിൽ തങ്ങിനില്ക്കുന്ന അനുഭവമാണെങ്കിൽ 8.61% പേർക്ക് ആശ്രിത ധനസഹായവും 8.05% കുട്ടികൾക്ക് ട്രാഫിക് നിയന്ത്രണവും മറക്കാൻ കഴിയുന്നില്ല. ഈ ചോദ്യത്തോട് പ്രതികരിക്കാതെ 22 (6.11%) പേരുണ്ടായിരുന്നു എന്നത് ശ്രദ്ധിക്കപെടേണ്ടതാണ്. പ്രതികരണം ഒന്നും തന്നെ രേഖപ്പെടുത്താത്തവർ കൂടുതലും ഗ്രാമപ്രദേശത്തെ സർക്കാർ വിദ്യാലയത്തിലെ കുട്ടികളാണ്.

### (xiv) എസ്.പി.സിയുമായി ബന്ധപ്പെട്ട വിഷമം തോന്നിയ അനുഭവം

എസ്.പി.സിയുമായി ബന്ധപ്പെട്ട വിഷമം തോന്നിയ അനുഭവത്തെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**പട്ടിക 4.16**

**വിഷമം തോന്നിയ അനുഭവങ്ങൾ**

| പ്രതികരണങ്ങൾ | എണ്ണം | ശതമാനം |
|---|---|---|
| ഡ്രിൽ ഇൻസ്ട്രക്ടർ പിരിഞ്ഞു പോയത് | 12 | 3.3 |
| ക്യാമ്പിൽ പങ്കെടുക്കാൻ കഴിയാത്തത് | 5 | 1.4 |
| പ്രത്യേകം മുറിയില്ലാത്തത് | 4 | 1.1 |
| ശിക്ഷ ഏറ്റുവാങ്ങേണ്ടി വന്നത് | 14 | 3.9 |

എസ്.പി.സിയുമായി ബന്ധപ്പെട്ട് കുട്ടികൾക്ക് ഏറെ വിഷമം തോന്നിയ ഒരനുഭവം എഴുതാൻ ആവശ്യപ്പെട്ടപ്പോൾ 90% പേർക്കും അത്തരത്തിലൊരു അനുഭവം ഉണ്ടായിട്ടില്ല. എന്നാൽ 3.9% കുട്ടികൾക്ക് ഏറെ വിഷമം ഉണ്ടാക്കിയ അനുഭവം ശിക്ഷ ഏറ്റുവാങ്ങേണ്ടി വന്നതാണ്. 3.3% പേർക്ക് ഡ്രിൽ ഇൻസ്ട്രക്ടർ പിരിഞ്ഞുപോയതാണ് ഏറെ വിഷമമുണ്ടാക്കിയത്. കൂടാതെ ക്യാമ്പിൽ പങ്കെടുക്കാൻ കഴിയാത്തത്, എസ്.പി.സി.ക്ക് പ്രത്യേകം മുറിയില്ലാത്തത്, ഫണ്ട് സമയത്തിന് ലഭിക്കാത്തത് എല്ലാം വിഷമമുണ്ടാക്കിയ അനുഭവങ്ങളായി വളരെ കുറച്ച് കുട്ടികൾ രേഖപ്പെടുത്തിയിട്ടുണ്ട്.

### (XV) കുടുംബത്തിലുണ്ടായ ഗുണപരമായ മാറ്റങ്ങൾ

കുടുംബത്തിലുണ്ടായ ഗുണപരമായ മാറ്റങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**പട്ടിക - 4.17**

**കുടുംബത്തിലുണ്ടായ ഗുണപരമായ മാറ്റങ്ങൾ**

| പ്രതികരണങ്ങൾ | എണ്ണം | ശതമാനം |
|---|---|---|
| വീടും പരിസരവും സൂക്ഷിക്കൽ (മരങ്ങൾ നടൽ) | 63 | 17.5 |
| കൃത്യനിഷ്ഠ | 45 | 12.5 |
| ലഹരി ഉപയോഗത്തിന്റെ ദൂഷ്യഫലം, സൈബർ സുരക്ഷ, ഗതാഗത നിയമങ്ങൾ പാലിക്കേണ്ട ആവശ്യകത എന്നിവയെക്കുറിച്ചുള്ള ബോധവൽക്കരണം | 198 | 55 |
| വീട്ടിൽ നല്ല അന്തരീക്ഷം, കുടുംബാഗങ്ങളുടെ അംഗീകാരം | 110 | 30.6 |

ഗുണപരമായ മാറ്റങ്ങളിൽ ഭൂരിപക്ഷം കുട്ടികളും രേഖപ്പെടുത്തിയത് ലഹരി ഉപയോഗത്തിന്റെ ദൂഷ്യഫലങ്ങൾ, സൈബർ സുരക്ഷ, ഗതാഗത നിയമങ്ങൾ പാലിക്കേണ്ട ആവശ്യകത എന്നിവയിൽ കുടുംബാംഗങ്ങൾക്കുണ്ടായ ബോധവൽക്കരണത്തെക്കുറിച്ചാണ്. 30.6% പേർ കുടുംബാന്തരീക്ഷം നന്നാവുകയും സ്റ്റുഡന്റ് പോലീസ് കേഡറ്റായ കുടുംബാംഗത്തെ അംഗീകരിക്കുകയും ചെയ്യുന്നു എന്നാണഭിപ്രായപ്പെട്ടത്. 17.5% കുട്ടികൾ കുടുംബത്തിൽ പ്ലാസ്റ്റിക് ഉപയോഗം കുറച്ച് പരിസരം ശുചിയായി സൂക്ഷിക്കുവാനും പച്ചക്കറിത്തോട്ടം നിർമ്മിക്കാനും ഉള്ള അന്തരീക്ഷം ഉണ്ടായതായും അഭിപ്രായപ്പെട്ടു. കുടുംബാംഗങ്ങൾക്ക് കൃത്യനിഷ്ഠ ഉണ്ടാകുവാൻ സഹായിച്ചതായി 12.5% പേരും അഭിപ്രായപ്പെട്ടു.

### (XVi) സാമൂഹ്യ പ്രശ്നങ്ങൾ കൂട്ടായ്മയിലൂടെ പരിഹരിച്ച അനുഭവങ്ങൾ

സാമൂഹ്യ പ്രശ്നങ്ങൾ കൂട്ടായ്മയിലൂടെ പരിഹരിച്ച അനുഭവങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**പട്ടിക - 4.18**

**സാമൂഹ്യ പ്രശ്നങ്ങൾ കൂട്ടായ്മയിലൂടെ പരിഹരിച്ച അനുഭവങ്ങൾ**

| പ്രതികരണങ്ങൾ | എണ്ണം | ശതമാനം |
|---|---|---|
| ലഹരി ഉപയോഗം ഇല്ലാതാക്കി | 84 | 23.33 |
| ട്രാഫിക് സംവിധാനം മെച്ചമാക്കി | 25 | 6.94 |
| സ്കൂളും പരിസരവും മോടി പിടിപ്പിച്ചു | 127 | 35.27 |
| സ്നേഹവീട്, ധനസഹായം തുടങ്ങിയ കാരുണ്യ പ്രവർത്തനങ്ങൾ | 62 | 17.22 |
| കുട്ടികളെ സ്കൂളിൽ എത്തിച്ചു. (കൊഴിഞ്ഞു പോയ) | 06 | 1.36 |

ചുറ്റുമുള്ള സാമൂഹ്യ പ്രശ്നങ്ങൾ മനസ്സിലാക്കി കൂട്ടായ്മയിലൂടെ അവ പരിഹരിച്ച അനുഭവങ്ങൾ എഴുതുവാൻ ആവശ്യപ്പെട്ടപ്പോൾ പട്ടിക 16b അനുസരിച്ച് സ്കൂളും പരിസരവും ആകർഷകമാക്കുന്ന അനുഭവമാണ് കൂടുതൽ പേരും എഴുതിയത്(35.27%). എന്നാൽ സാമൂഹ്യ പ്രശ്നങ്ങളിൽ ഇടപെട്ടു പരിഹരിച്ച അനുഭവങ്ങളായി സ്കൂളിലും പരിസരത്തുമുള്ള ലഹരി ഉപയോഗം ഇല്ലാതാക്കാൻ 23.33% പേർക്ക് കഴിഞ്ഞിട്ടുണ്ട്. അതുപോലെ സമൂഹത്തിൽ ദുരിതമനുഭവിക്കുന്ന സഹജീവികൾക്ക് കാരുണ്യത്തിന്റെ കൈത്താങ്ങ് നൽകുവാൻ ധനസഹായം, സ്നേഹവീട് നിർമ്മിച്ചു നൽകൽ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തിയ അനുഭവം 17.22% കുട്ടികൾ പങ്കുവച്ചു. ഇവ കൂടാതെ ട്രാഫിക് സംവിധാനം സുഗമമാക്കൽ (6.94%) കൊഴിഞ്ഞുപോയ കുട്ടികളെ സ്കൂളിൽ തിരികെ എത്തിക്കൽ (13.6%) എന്നീ അനുഭവങ്ങളും രേഖപ്പെടുത്തി.

### (xvii) കുട്ടികൾക്ക് ബോധവൽക്കരണം നൽകാനുള്ള അവസരങ്ങൾ ഉപയോഗിക്കുന്നവിധം

കുട്ടികൾക്ക് ബോധവൽക്കരണം നൽകാനുള്ള അവസരങ്ങൾ ഉപയോഗിക്കുന്നവിധത്തെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**പട്ടിക - 4.19**

**കുട്ടികൾക്ക് ബോധവൽക്കരണം നൽകാനുള്ള അവസരങ്ങൾ ഉപയോഗിക്കുന്നവിധങ്ങൾ**

| പ്രതികരണങ്ങൾ | എണ്ണം | ശതമാനം |
|---|---|---|
| ക്ലാസെടുക്കുക, പറഞ്ഞുകൊടുക്കുക | 228 | 63.33 |
| റാലി, പ്രദർശനം, സെമിനാർ, ഡോക്യുമെന്ററി, വായന | 32 | 8.88 |
| സ്വയം മാതൃകയാകുക | 4 | 1.10 |

എസ്.പി.സി കേഡറ്റുകളെ ഉപയോഗപ്പെടുത്തി സ്കൂളിലെ മറ്റു കുട്ടികൾക്ക് ബോധവൽക്കരണം നടത്താനുള്ള അവസരം ലഭിച്ചാൽ ക്ലാസ്സുകളെടുത്ത് കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കി കൊടുക്കും എന്നാണ് 63.33% കുട്ടികൾ രേഖപ്പെടുത്തിയിട്ടുള്ളത്. 8.88% കുട്ടികൾ പ്രതികരിച്ചത് റാലികൾ, പ്രദർശനങ്ങൾ, സെമിനാർ, ഡോക്യുമെന്ററി എന്നീ സാധ്യതകൾ ഉപയോഗപ്പെടുത്തി ബോധവൽക്കരണം നടത്തും എന്നാണ്. ഒരു ശതമാനം കുട്ടികൾ മാത്രം സ്വയം മാതൃകയായി മാറും എന്ന് രേഖപ്പെടുത്തി.

### (xviii) ചില പ്രത്യേക സാഹചര്യങ്ങളിൽ കുട്ടികളുടെ പ്രതികരണങ്ങൾ

ചില പ്രത്യേക സാഹചര്യങ്ങളിൽ കുട്ടികളുടെ പ്രതികരണങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

*''പത്താം ക്ലാസിൽ മുഴുവൻ വിഷയങ്ങളിലും എ പ്ലസ് കരസ്ഥമാക്കിയ ഞാൻ പ്ലസ് വൺ കോഴ്സിന് ഹ്യൂമാനിറ്റീസാണ് തിരഞ്ഞെടുത്തത്. സമൂഹത്തിൽ നിന്നും കുടുംബത്തിൽ നിന്നും ഉയർന്നുവന്ന ഒരുപാടുചോദ്യങ്ങളെ അതിജീവിച്ച് സിവിൽ സർവ്വീസ് എന്ന സ്വപ്നത്തെ സാക്ഷാത്കരിക്കാൻ ഇത്തരം ഒരു തീരുമാനം എടുക്കാൻ ധൈര്യം തന്നതും ... ബോധം നൽകിയതും എസ്.പി.സി.പദ്ധതിയാണ്''.*

*(അഭിമന്യൂ.എ.എസ്, തിരുവനന്തപുരം ജില്ല)*

**പട്ടിക - 4.20**

**ലഹരി ഉപയോഗം കണ്ടാൽ**

| **പ്രതികരണങ്ങൾ** | **എണ്ണം** | **ശതമാനം (%)** |
|---|---|---|
| പറഞ്ഞു തിരുത്താൻ ശ്രമിക്കും | 235 | 65.28 |
| മേലധികാരികളെ അറിയിക്കും | 168 | 46.67 |

ഏതെങ്കിലും തരത്തിലുള്ള ലഹരി ഉപയോഗം കൂട്ടുകാരിലോ പരിചയക്കാരിലോ കണ്ടാൽ ലഹരി ഉപയോഗിക്കുന്നവരെ പറഞ്ഞു തിരുത്താൻ ശ്രമിക്കും എന്ന് 65.28% കുട്ടികൾ രേഖപ്പെടുത്തി. 46.67% പേർ മേലധികാരികളെ അറിയിക്കും എന്ന് രേഖപ്പെടുത്തി.

- **വൃദ്ധനെ റോഡ് മുറിച്ച് കടക്കാൻ സഹായിക്കൽ**

വൃദ്ധനെ റോഡ് മുറിച്ച് കടക്കാൻ സഹായിക്കുന്നതിനെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**പട്ടിക - 4.21**

**വൃദ്ധനെ റോഡ് മുറിച്ച് കടക്കാൻ സഹായിക്കൽ**

| പ്രതികരണങ്ങൾ | എണ്ണം | ശതമാനം |
|---|---|---|
| സഹായിക്കും | 365 | 100 |
| ഇല്ല | 0 | 0 |

ഒരു വൃദ്ധരോ അംഗപരിമിതരോ റോഡ് മുറിച്ചുകടക്കാൻ വിഷമിക്കുന്നത് കണ്ടാൽ അവരെ സഹായിക്കും എന്ന് എല്ലാ കുട്ടികളും രേഖപ്പെടുത്തി.

- **ദേശീയ പതാകയെ അപമാനിക്കുന്നതു കണ്ടാൽ**

ദേശീയ പതാകയെ അപമാനിക്കുന്നതു കണ്ടാലുള്ള പ്രതികരണത്തെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

*''ഒരുപാട് എസ്.പി.സി കേഡറ്റുകൾക്ക് ജീവിതത്തിന്റെ നേർരേഖ കാണിച്ചുകൊടുക്കാൻ, ഒരുപാട് മനസ്സുകളുടെ പ്രശ്നങ്ങളിൽ കൂടെ നിൽക്കാനും വഴികാട്ടാനും കാരണമായത് എസ്.പി.സി പദ്ധതിയിൽ നിന്നും ലഭിച്ച ഊർജമാണ് ''.*

*(സുരേഷ് ബാബു, എ.ഡി.എൻ.ഒ., ഇടുക്കി ജില്ല)*

**പട്ടിക - 4.22**

**ദേശീയ പതാകയെ അപമാനിക്കുന്നതു കണ്ടാൽ**

| പ്രതികരണങ്ങൾ | എണ്ണം | ശതമാനം |
|---|---|---|
| രാജ്യസ്നേഹത്തെപ്പറ്റി പറഞ്ഞു ബോധ്യപ്പെടുത്തും | 261 | 72.5 |
| മേലധികാരികളെ അറിയിക്കും | 70 | 19.44 |
| അവരെ ചോദ്യം ചെയ്യും / ശിക്ഷിക്കും | 29 | 8.5 |

ദേശീയപതാകയേയോ ദേശീയഗാനത്തേയോ ആരെങ്കിലും അപമാനിക്കുന്നത് ശ്രദ്ധയിൽ പെട്ടാൽ രാജ്യസ്നേഹത്തെപ്പറ്റി അവരെ പറഞ്ഞു ബോധ്യപ്പെടുത്തും എന്നാണ് 72.5% കുട്ടികൾ ഉത്തരം നൽകിയത്. 19.7% പേർ മേലധികാരികളെ (അധ്യാപരെ) അറിയിക്കുമെന്നും 8.05% പേർ അവരെ ചോദ്യം ചെയ്ത് ശിക്ഷിക്കുമെന്നും മറുപടി നൽകി.

- **പ്രകൃതി ദുരന്തമുണ്ടായാൽ**

പ്രകൃതി ദുരന്തം സംഭവിച്ചാൽ എങ്ങനെ പ്രതികരിക്കും എന്നതിനെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**പട്ടിക - 4.23**

**പ്രകൃതി ദുരന്തമുണ്ടായാൽ**

| പ്രതികരണങ്ങൾ | എണ്ണം | ശതമാനം |
|---|---|---|
| തന്നാലാവുന്ന ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ ഏർപ്പെടും | 263 | 73.9 |
| മേലധികാരികളെ അറിയിക്കും | 93 | 25.8 |
| പ്രതികരിക്കാത്തവർ | 4 | 1.10 |

സമീപ പ്രദേശത്ത് എന്തെങ്കിലും പ്രകൃതിദുരന്തമുണ്ടായാൽ എന്തു നിലപാടു സ്വീകരിക്കും എന്നതിന് 73.5% കുട്ടികളും പ്രതികരിച്ചത് തന്നാലാവുന്ന ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ ഏർപ്പെടും എന്നാണ്. 25.8% കുട്ടികൾ അത്തരം സന്ദർഭമുണ്ടായാൽ മേലധികാരികളെ വിവരമറിയിക്കുമെന്നാണ് രേഖപ്പെടുത്തിയത്. ഒരു പ്രതികരണവുമില്ലാത്ത 4 പേരും ഉണ്ടായിരുന്നു. സ്വയം തന്നാലാവുന്ന ദുരന്ത നിവാരണപ്രവർത്തനങ്ങളിൽ ഏർപ്പെടുമെന്ന് അഭിപ്രായപ്പെട്ടവർ കൂടുതലും പെൺകുട്ടികളാണ്.

- **സുഹൃത്തിനെ മർദ്ദിക്കുന്നത് കണ്ടാൽ**

സുഹൃത്തിനെ മർദ്ദിക്കുന്നത് കണ്ടാൽ എങ്ങനെ പ്രതികരിക്കും എന്നതിനെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**പട്ടിക - 4.24**

**സുഹൃത്തിനെ മർദ്ദിക്കുന്നത് കണ്ടാൽ**

| പ്രതികരണങ്ങൾ | എണ്ണം | ശതമാനം |
|---|---|---|
| പ്രശ്നം ഇടപെട്ട് പരിഹരിക്കും | 9 | 2.47 |
| അധികാരികളെ അറിയിക്കും | 59 | 16.16 |
| സുഹൃത്തിനോടൊപ്പം നിന്ന് എതിരാളികളെ മർദ്ദിക്കും | 2 | 1 |

മറ്റൊരു കുട്ടി നിങ്ങളുടെ സുഹൃത്തിനെ മർദ്ദിക്കുന്നത് കണ്ടാൽ എന്തു നിലപാട് സ്വീകരിക്കും എന്ന ചോദ്യത്തിന് 83.05% കുട്ടികളും ഉത്തരം നൽകിയത് പ്രശ്നത്തിൽ ഇടപെട്ട് പരിഹരിക്കും എന്നാണ്. 16.7% കുട്ടികൾ അധികാരികളെ ഉടൻ തന്നെ വിവരമറിയിക്കുമെന്നും പ്രതികരിച്ചു. 2 ആൺ കുട്ടികൾ സൂഹൃത്തിനോടൊപ്പം നിന്ന് എതിരാളിയെ മർദ്ദിക്കും എന്നും അഭിപ്രായപ്പെട്ടത് ശ്രദ്ധിക്കപ്പെടേണ്ടതാണ്.

- **മാലിന്യം വലിച്ചെറിയുന്നത് കണ്ടാൽ**

മാലിന്യം വലിച്ചെറിയുന്നത് കണ്ടാൽ എങ്ങനെ പ്രതികരിക്കും എന്നതിനെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**പട്ടിക - 4.25**

**മാലിന്യം വലിച്ചെറിയുന്നത് കണ്ടാൽ**

| പ്രതികരണങ്ങൾ | എണ്ണം | ശതമാനം (%) |
|---|---|---|
| മാലിന്യം വലിച്ചെറിഞ്ഞാലുണ്ടാകുന്ന ഭവിഷ്യത്ത് പറഞ്ഞ് ബോധ്യപ്പെടുത്തും | 321 | 87.95 |
| മേലധികാരികളെ അറിയിക്കും | 29 | 7.95 |
| സ്ഥലത്തുനിന്ന് മാലിന്യം മാറ്റി വൃത്തിയാക്കും | 10 | 2.74 |

ഭക്ഷണാവശിഷ്ടങ്ങൾ ക്ലാസിനു പുറത്തോ മറ്റിടങ്ങളിലോ വലിച്ചെറിയുന്നത് കാണുകയാണെങ്കിൽ ആ കുട്ടികളെ മാലിന്യം വലിച്ചെറിഞ്ഞാലുണ്ടാകുന്ന ഭവിഷ്യത്ത് പറഞ്ഞ് ബോധ്യപ്പെടുത്തും എന്ന് 89.16% കുട്ടികൾ രേഖപ്പെടുത്തി. എന്നാൽ 8.05% കുട്ടികൾ സ്വയം ആ സ്ഥലത്തു നിന്ന് ഭക്ഷണാവശിഷ്ടം മാറ്റി ആ സ്ഥലം വൃത്തിയാക്കും എന്നും രേഖപ്പെടുത്തി.

- **ശുചിത്വം പാലിക്കാത്ത സുഹൃത്തിനോടുള്ള ഇടപെടൽ**

ശുചിത്വം പാലിക്കാത്ത സുഹൃത്തിനോട് എങ്ങനെ ഇടപെടുമെന്നതിനെതിനെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

### പട്ടിക - 4.26
### ശുചിത്വം പാലിക്കാത്ത സുഹൃത്ത്

| പ്രതികരണങ്ങൾ | എണ്ണം | ശതമാനം |
|---|---|---|
| സുഹൃത്തിനെ ബോധവൽക്കരിക്കും | 341 | 94.7 |

വ്യക്തിശുചിത്വം പാലിക്കാത്ത സുഹൃത്തിനെ കാണുകയാണെങ്കിൽ 94.7% കുട്ടികളും സുഹൃത്തിനെ ബോധവൽക്കരിക്കും എന്നാണ് രേഖപ്പെടുത്തിയത്. 5% കുട്ടികൾ പ്രതികരിക്കാത്തതായും കണ്ടെത്തി

- **സ്വയം തെറ്റുകാരനെന്നറിഞ്ഞാൽ**

സ്വയം തെറ്റുകാരനെന്നറിഞ്ഞാൽ എങ്ങനെ ഇടപെടുമെന്നതിനെതിനെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

### പട്ടിക - 4.27
### സ്വയം തെറ്റുകാരനെന്നറിഞ്ഞാൽ

| പ്രതികരണങ്ങൾ | എണ്ണം | ശതമാനം (%) |
|---|---|---|
| തെറ്റു തിരുത്തി ആവർത്തിക്കാതിരിക്കും | 328 | 91.1 |
| ക്ഷമ ചോദിക്കും | 12 | 3.3 |
| ശിക്ഷ ഏറ്റു വാങ്ങും | 5 | 1.38 |

തെറ്റുകാരനാണെന്ന് സുഹൃത്തുക്കളോ അധ്യാപകരോ ശ്രദ്ധയിൽ പെടുത്തിയാൽ 91.1% കുട്ടികൾ നൽകിയ മറുപടി അവർ തെറ്റുതിരുത്തി ആ തെറ്റ് ആവർത്തിക്കാതിരിക്കും എന്നാണ്. 3.3% കുട്ടികൾ ക്ഷമചോദിക്കും എന്ന് എഴുതിയപ്പോൾ 1.38% കുട്ടികൾ ശിക്ഷ ഏറ്റുവാങ്ങാൻ തയാറാവും എന്നാണ് രേഖപ്പെടുത്തിയത്.

### (xix) എസ്. പി.സി. പ്രവർത്തനങ്ങളിൽ കൂടുതലായി ഉൾപ്പെടുത്തേണ്ട മേഖലകൾ

എസ്.പി. സി പ്രവർത്തനങ്ങളിൽ കൂടുതലായി ഉൾപ്പെടുത്തേണ്ട മേഖലകളുണ്ടോ എന്നതിനെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

### പട്ടിക - 4.28
### ഉൾപ്പെടുത്തേണ്ട മേഖലകൾ

| | എണ്ണം | ശതമാനം (%) |
|---|---|---|
| ഉണ്ട് | 264 | 72.33 |
| ഇല്ല | 101 | 27.67 |
| ആകെ | 365 | 100.00 |

എസ്.പി.സി പ്രവർത്തനങ്ങളിൽ കൂടുതൽ മേഖലകൾ കൂടി ചേർക്കണമെന്ന് 72.33% കുട്ടികൾ അഭിപ്രായപ്പെട്ടു. എസ്.പി.സി പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തേണ്ട മേഖലകളെ കുറിച്ചുള്ള വിവര ങ്ങൾ ശേഖരിച്ച് വിശകലനം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരി ക്കുന്നു.

**പട്ടിക - 4.29**

**ഉൾപ്പെടുത്തേണ്ട മേഖലകൾ**

| പ്രതികരണങ്ങൾ | എണ്ണം | ശതമാനം |
|---|---|---|
| കല, കായികം (നീന്തൽ, ഫുട്ബോൾ, മറ്റു മേജർ ഗെയിംമുകൾ) | 95 | 26 |
| ആയോധന കലകൾ | | |
| കൃഷി | | |

എസ്.പി.സി പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തേണ്ട കൂടുതൽ മേഖലകളായി 26% കുട്ടികൾ ചൂണ്ടി ക്കാണിച്ചത് നീന്തൽ, ഫുട്ബോൾ, സൈക്കിളിംഗ് തുടങ്ങിയവയാണ്. കുട്ടികൽ രേഖപ്പെടുത്തിയ

(xx) എസ്.പി.സി പദ്ധതി മെച്ചപ്പെടുത്താനുള്ള നിർദേശങ്ങൾ

എസ്.പി.സി പദ്ധതി മെച്ചപ്പെടുത്താനുള്ള നിർദേശങ്ങളെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശ കലനം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**പട്ടിക - 4.30**

**മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ**

| പ്രതികരണങ്ങൾ | എണ്ണം | ശതമാനം |
|---|---|---|
| പ്രവർത്തനങ്ങളുടെ ദിവസം കൂട്ടണം | 58 | 16.11 |
| ഉയർന്ന മറ്റു ക്ലാസുകളിലേക്ക് വ്യാപിപ്പിക്കുക | 34 | 9.44 |
| ധനസഹായം (ഫണ്ട്) വർദ്ധിപ്പിക്കുക | 13 | 3.61 |
| കൂടുതൽ സ്കൂളുകളിലേക്ക് വ്യാപിപ്പിക്കുക | 21 | 5.83 |
| കുട്ടികളുടെ എണ്ണം കൂട്ടുക | 28 | 7.77 |

എസ്.പി.സി പദ്ധതി മെച്ചപ്പെടുത്താനുള്ള നിർദേശങ്ങൾ രേഖപ്പെടുത്തിയത് 50%ത്തിൽ താഴെ കുട്ടികൾ മാത്രമാണ്. അവർ പ്രധാനമായും നിർദേശിച്ചത് പ്രവർത്തന ദിവസങ്ങളുടെ എണ്ണം കൂട്ടണം (16.11%) എന്നതാണ്. തുടർന്ന് വന്ന നിർദേശങ്ങൾ മറ്റ് ക്ലാസുകളിലേക്ക് വ്യാപിപ്പിക്ക ണം, ബാച്ചിലെ കുട്ടികളുടെ എണ്ണം കൂട്ടണം, കൂടുതൽ വിദ്യാലയങ്ങളിലേക്ക് വ്യപിപ്പിക്കണം, ഫണ്ട് വർധിപ്പിക്കണം എന്നിവയാണ്.

## II സി.പി.ഒ. മാർക്കുള്ള ചോദ്യാവലി

ഇരുപത്തിയെട്ട് ചോദ്യങ്ങൾ ഉൾപ്പെടുന്നതാണ് സി.പി.ഒമാരുടെ ചോദ്യാവലി. 69 പേരാണ് ചോദ്യാവലി പൂരിപ്പിച്ചത്. ഓരോ ചോദ്യത്തിനും ലഭിച്ച പ്രതികരണങ്ങൾക്കനുസൃതമായുള്ള വിശകലനം ചുവടെ നൽകിയിരിക്കുന്നു.

### (i) എസ്.പി.സിയുടെ ചുമതല ഏറ്റെടുക്കുന്നതിനുണ്ടായ സാഹചര്യങ്ങൾ

എസ്.പി.സിയുടെ ചുമതല ഏറ്റെടുക്കുന്നതിനുണ്ടായ സാഹചര്യങ്ങളെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**പട്ടിക - 4.31**

**എസ്.പി.സിയുടെ ചുമതല ഏറ്റെടുക്കുന്നതിനുണ്ടായ സാഹചര്യങ്ങൾ**

| പ്രതികരണങ്ങൾ | എണ്ണം | ശതമാനം (%) |
|---|---|---|
| സഹ അധ്യാപകരുടെ നിർബന്ധപ്രകാരം | 5 | 7.35 |
| പോലീസ് ഉദ്യോഗസ്ഥർ നിർദേശിച്ചിട്ട് | 0 | 0.00 |
| താൽപ്പര്യമുള്ളതുകൊണ്ട് | 57 | 83.82 |
| ആരും ഏറ്റെടുക്കാനില്ലാത്ത സാഹചര്യത്തിൽ ഏറ്റെടുത്തു | 11 | 16.18 |
| മറ്റ് അധ്യാപകർ വളരെ ദൂരെ നിന്ന് വരുന്നതിനാൽ | 3 | 4.41 |
| പഠനസമയത്ത് എൻ.എസ്.എസ്-ൽ പങ്കെടുക്കാൻ കഴിയാത്തതിലുള്ള നഷ്ടബോധം നികത്താൻ | 2 | 2.94 |
| യൂണിഫോമിനോടുള്ള താൽപ്പര്യം | 3 | 4.41 |
| താൽപ്പര്യപൂർവം ഏറ്റെടുത്തു | 4 | 5.88 |
| പോലീസ് വകുപ്പിൽ മുൻപ് ജോലിചെയ്തതിനാലുള്ള താൽപ്പര്യം | 2 | 2.94 |
| വിദ്യാലയ അന്തരീക്ഷം മെച്ചപ്പെടുത്താൻ വേണ്ടി | 4 | 5.88 |
| സാമൂഹ്യപ്രതിബദ്ധത, ജീവിത മൂല്യങ്ങൾ തുടങ്ങിയവ കുട്ടികളിലെത്തിക്കാൻ | 2 | 2.94 |

സി.പി.ഒ മാരായി സ്വന്തം താൽപ്പര്യപ്രകാരം വന്നവരാണ് ഭൂരിപക്ഷംപേരും (84%) എന്നാൽ ആരും ഏറ്റെടുക്കാനില്ലാത്ത സാഹചര്യത്തിൽ ഏറ്റെടുത്തവരും, യൂണിഫോമിനോടുള്ള താൽപ്പര്യം കൊണ്ട് ഏറ്റെടുത്തവരും, വിദ്യാലയ അന്തരീക്ഷം മെച്ചപ്പെടുത്താൻ വേണ്ടി ബോധപൂർവം ഏറ്റെടുത്തവരും സി.പി.ഒ മാരായി പ്രവർത്തിക്കുന്നു.

### (ii) എസ്.പി.സി. യുടെ പ്രവർത്തനങ്ങൾ സ്കൂൾതലത്തിൽ തീരുമാനിക്കുന്നത്

എസ്.പി.സി. യുടെ പ്രവർത്തനങ്ങൾ സ്കൂൾതലത്തിൽ തീരുമാനിക്കുന്നത് എങ്ങനെ എന്നതിനെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

പട്ടിക - 4.32

**എസ്.പി.സി. പ്രവർത്തനങ്ങൾ സ്കൂൾതലത്തിൽ**

| പ്രതികരണങ്ങൾ | എണ്ണം | ശതമാനം (%) |
|---|---|---|
| നിർദിഷ്ട ഗൈഡ്ലൈൻ പ്രകാരം | 50 | 73.53 |
| അപ്പപ്പോൾ വരുന്ന നിർദേശങ്ങൾക്കനുസൃതമായി | 27 | 39.71 |
| സ്റ്റാഫ് കൗൺസിൽ തീരുമാനപ്രകാരം | 12 | 17.65 |
| എസ്.പി.സി. അംഗങ്ങളുമായി ചർച്ച ചെയ്ത് തീരുമാനിച്ച് | 21 | 30.88 |
| കലണ്ടർ അനുസരിച്ച് തീരുമാനിക്കുന്നു | 9 | 13.24 |
| മുകളിൽ നിന്ന് വരുന്ന നിർദേശമനുസരിച്ച് | 11 | 16.18 |
| അഡ്വൈസറി യോഗതീരുമാനമനുസരിച്ച് മൊഡ്യൂൾ തയാറാക്കി | 9 | 13.24 |
| പി.ടി.എ/ ജനപ്രതിനിധികളുമായി ചർച്ച ചെയ്ത്. | 6 | 8.82 |
| അപ്പപ്പോഴുള്ള സാഹചര്യം പരിഗണിച്ച്കൊണ്ട് | 7 | 10.29 |

എസ്.പി.സി. പ്രവർത്തനങ്ങൾ സ്കൂൾതലത്തൽ തീരുമാനിക്കുന്ന മറ്റ് രീതികളെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

നിർദിഷ്ട ഗൈഡ്ലൈൻ പ്രകാരം എസ്.പി.സി യുടെ പ്രവർത്തനങ്ങൾ സ്കൂൾതലത്തിൽ തീരുമാനിക്കുന്നു എന്ന് 74% സി.പി.ഒ മാരും അഭിപ്രായപ്പെട്ടപ്പോൾ 40% പേർ അപ്പപ്പോൾവരുന്ന നിർദേശങ്ങൾക്കനുസൃതമായും, 31% പേർ എസ്.പി.സി അംഗങ്ങളുമായി ചർച്ചചെയ്തും 18% സ്റ്റാഫ് കൗൺസിൽ തീരുമാനപ്രകാരവുമാണ് പ്രവർത്തനങ്ങൾ തീരുമാനിക്കുന്നത്. വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്ന ഗ്രാഫിൽ ചിത്രീകരിക്കുന്നു.





**Fig 4.3**

### (iii) എസ്.പി.സി പ്രവർത്തന ദിവസങ്ങൾ

എസ്.പി.സി പ്രവർത്തന ദിവസങ്ങളെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

### പട്ടിക - 4.33

### എസ്.പി.സി പ്രവർത്തന ദിവസങ്ങൾ

| പ്രതികരണങ്ങൾ | എണ്ണം | ശതമാനം |
|---|---|---|
| ബുധനാഴ്ചയും ശനിയാഴ്ചയും | 53 | 77.94 |
| ബുധൻ, ശനി, വെള്ളി ദിവസങ്ങളിൽ | 1 | 1.47 |
| വ്യാഴം, ശനി ദിവസങ്ങളിൽ | 2 | 2.94 |
| എല്ലാ ശനിയാഴ്ചകളിലും | 2 | 2.94 |

ആഴ്ചയിൽ ബുധൻ , ശനി ദിവസങ്ങളിൽ എസ്.പി.സി പ്രവർത്തനങ്ങൾ നടത്തുന്നവയാണ് ബഹുഭൂരിപക്ഷംവരുന്ന (77%) വിദ്യാലയങ്ങളും. എന്നാൽ ചുരുക്കം ചില വിദ്യാലയങ്ങളിൽ വ്യാഴം, ശനി ദിവസങ്ങളിലും, ശനിയാഴ്ചകളിൽ മാത്രമായും, ബുധൻ ശനി ദിവസങ്ങൾക്കു പുറമെ വെള്ളിയാഴ്ച്ചയും എസ്.പി.സി പ്രവർത്തനങ്ങൾ നടക്കുന്നു.

## (iv) എസ്.പി.സി പ്രവർത്തനങ്ങൾക്കായി ഏറ്റെടുത്ത മേഖലകൾ

എസ്.പി.സി പ്രവർത്തനങ്ങൾക്കായി ഏറ്റെടുത്ത മേഖലകളെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

### പട്ടിക - 4.34

### എസ്.പി.സി പ്രവർത്തനങ്ങൾക്കായി ഏറ്റെടുത്ത മേഖലകൾ

| പ്രതികരണങ്ങൾ | എണ്ണം | ശതമാനം |
|---|---|---|
| ലഹരി വിരുദ്ധ ബോധവൽക്കരണം, കൗൺസിലിങ്, ട്രാഫിക് ബോധവൽക്കരണം, പ്രകൃതിസംരക്ഷണം | 24 | 35.29 |
| പ്ലാസ്റ്റിക് നിർമ്മാർജനം, ട്രാഫിക് ബോധവൽക്കരണം, വൈകല്യമുള്ള കുട്ടികളുടെ പുനരധിവാസം, വിദ്യാഭ്യാസം | 12 | 17.65 |
| ഓഖി ദുരന്തനിവാരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കൽ | 1 | 1.47 |
| ബയോഡൈവേഴ്സിറ്റി പാർക്കിന്റെ നിർമ്മാണം, പ്ലാസ്റ്റിക് വസ്തുക്കൾ ശേഖരിച്ചുനൽകൽ. | 4 | 5.88 |
| ട്രാഫിക് നിയമപഠനം, സാമൂഹ്യസേവനം, ഡ്രഗ്സ് ഉപയോഗം നിയന്ത്രിക്കൽ | 14 | 20.59 |
| ട്രാഫിക് ബോധവൽക്കരണം, പാലിയേറ്റീവ് കെയർപ്രവർത്തനങ്ങൾ, നിയമബോധവൽക്കരണം. | 9 | 13.24 |
| അവയവദാന സമ്മതപത്രം | 1 | 1.47 |
| സഹപാഠിക്കൊരു വീട് | 2 | 2.94 |
| മഴക്കാല രോഗങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം | 3 | 4.41 |
| വൃദ്ധജനങ്ങളുടെ വീട് സന്ദർശനം - സാന്ത്വന പ്രചാരണം | 4 | 5.88 |

*"സ്കൂളിൽ നടക്കുന്ന ഒട്ടുമിക്ക പരിപാടികൾക്കും ചുക്കാൻ പിടിക്കുന്നത് എസ്.പി.സി. കേഡറ്റുകളാണ്. ഏറ്റവും അഭിമാനകരമായ കാര്യം സ്റ്റുഡന്റ് പോലീസ് കേഡറ്റുകളുടെ പെരുമാറ്റവും, മറ്റു സ്വഭാവ സവിശേഷതകളും സ്കൂളിലെ ബാക്കിയുള്ള കുട്ടികൾ മാതൃകയാക്കുന്നു എന്നുള്ളതാണ്."*

*(സി.പി.ഒ, തിരുവനന്തപുരം ജില്ല)*

ഈ വർഷം (2017-18) എസ്.പി.സിയുടെ പ്രവർത്തനങ്ങളിൽ കൂടുതൽ പേരും ഏറ്റെടുത്ത് നടപ്പിലാക്കിയത് ലഹരി വിരുദ്ധ ബോധവൽക്കരണം, ട്രാഫിക് ബോധവൽക്കരണം, പ്ലാസ്റ്റിക് നിർമ്മാർജനയജ്ഞം, കൗൺസലിംഗ്, പ്രകൃതിസംരക്ഷണം , പാലിയേറ്റീവ് കെയർ എന്നിവയാണ്. കൂടാതെ വൈകല്യമുള്ള കുട്ടികളുടെ പുനരധിവാസം, ബയോഡൈവേഴ്സിറ്റി പാർക്കിന്റെ നിർമ്മാണം, അവയവദാനസമ്മതപത്രം നൽകൽ, സഹപാഠിക്കൊരുവീടുപദ്ധതി, വൃദ്ധജനങ്ങളുടെ വീട് സന്ദർശിച്ച് സാന്ത്വന പരിചരണ പരിപാടികൽ എന്നിവയും ഏറ്റെടുത്തു നടത്തിയിട്ടുണ്ട്.

## (v) എസ്.പി.സി.യുടെ വിവിധ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ

പ്രവർത്തനങ്ങളുടെ വിലയിരുത്തലിനെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**പട്ടിക - 4.35**

**എസ്.പി.സി പ്രവർത്തനങ്ങളുടെ വിലയിരുത്തൽ**

| പ്രതികരണങ്ങൾ | എണ്ണം | ശതമാനം |
|---|---|---|
| ഉണ്ട് | 64 | 94.12 |
| ഇല്ല | 4 | 5.88 |
| ആകെ | 68 | 100.00 |

- **എസ്.പി.സി.യുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്ന രീതി**

എസ്.പി.സി.യുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്ന രീതികളെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**പട്ടിക - 4.36**

**എസ്.പി.സി.യുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്ന രീതി**

| പ്രതികരണങ്ങൾ | എണ്ണം | ശതമാനം |
|---|---|---|
| സൂചകങ്ങളുടെ അടിസ്ഥാനത്തിൽ | 10 | 14.71 |
| കുട്ടികളെ സസൂക്ഷ്മം നിരീക്ഷിച്ച് | 40 | 58.82 |
| കുട്ടികളുടെ അഭിപ്രായങ്ങളിലൂടെ | 43 | 63.24 |
| മറ്റ് രീതികളിലൂടെ | 4 | 5.88 |
| നിരീക്ഷണം, സഹപ്രവർത്തകരുടെയും രക്ഷിതാക്കളുടെയും അഭിപ്രായം പരിഗണിച്ച് | 10 | 14.71 |
| ഹെഡ്മാസ്റ്ററുടെയും അഡ്വൈസറികമ്മിറ്റിയുടെയും നിർദേശം അനുസരിച്ച് | 14 | 20.59 |
| രക്ഷിതാക്കളുടെ യോഗം ചേർന്ന്, ടീച്ചേഴ്സിന്റെ അഭിപ്രായം പരിഗണിച്ച് | 16 | 23.53 |
| കുട്ടികളുടേയും മറ്റ് ബന്ധപ്പെട്ട എല്ലാവരുടെയും അഭിപ്രായം സ്വീകരിച്ചു കൊണ്ട്. | 5 | 7.35 |
| കുട്ടികളിൽ നിന്ന് റിവ്യു എഴുതി വാങ്ങിക്കുന്നു, ഗ്രൂപ്പ് ലീഡർമാരുടെ അഭിപ്രായം പരിഗണിക്കുന്നു. | 3 | 4.41 |
| കുട്ടികളിൽനിന്ന് രഹസ്യമായി വിവരങ്ങൾ ശേഖരിക്കുന്നു | 1 | 1.47 |

### മറ്റ് രീതികൾ

മറ്റ് രീതികളെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തിയതിന്റെ വിശദാംശങ്ങൾ എസ്.പി.സി പ്രോഗ്രാം വഴി നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ വിലയിരുത്തലിനു വിധേയമാക്കുന്നത് 94% വിദ്യാലയങ്ങളാണ്. ഇതിൽ ഭൂരിപക്ഷം വിദ്യാലയങ്ങളും (63%) എസ്.പി.സി കുട്ടികളുടെ അഭിപ്രായങ്ങളിലൂടെയും, 59% വിദ്യാലയങ്ങൾ കുട്ടികളുടെ പ്രവർത്തനങ്ങൾ സസൂഷ്മം നിരീക്ഷിച്ചും വിലയിരുത്തൽ നടത്തുന്നു. ഇതിനുപരിയായി സൂചകങ്ങളുടെ അടിസ്ഥാനത്തിലും രക്ഷിതാക്കളുടെയും അധ്യാപകരുടെയും യോഗം ചേർന്ന് അഭിപ്രായങ്ങൾ സ്വരൂപിച്ചും, അഡൈ്വസറികമ്മിറ്റിയുടെ നിർദേശങ്ങൾ പരിഗണിച്ചുകൊണ്ടും വിലയിരുത്തൽ നടത്തുന്നുണ്ട്.

## (vi) 2017 - 18 വർഷത്തെ എസി.പി.സി. പ്രവർത്തനങ്ങളുടെ വിലയിരുത്തലിൽ നിന്നുള്ള കണ്ടെത്തലുകൾ

2017 - 18 വർഷത്തെ എസി.പി.സി. പ്രവർത്തനങ്ങളുടെ വിലയിരുത്തലിൽ നിന്നുള്ള കണ്ടെത്തലുകളെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**പട്ടിക - 4.37**

**2017 - 18 വർഷത്തെ എസി.പി.സി. പ്രവർത്തനങ്ങളുടെ വിലയിരുത്തലിൽ നിന്നുള്ള കണ്ടെത്തലുകൾ**

| പ്രതികരണങ്ങൾ | എണ്ണം | ശതമാനം |
|---|---|---|
| കുട്ടികളിൽ ശാരീരികവും മാനസികവുമായ വളർച്ച, ലീഡർഷിപ്പ് ക്വാളിറ്റി, ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാനുള്ള മനസ്സ്. | 21 | 30.88 |
| ഉന്നതതലത്തിലുള്ള വിലയിരുത്തലിന്റെ അഭാവം, സാമ്പത്തിക ക്കുറവ്, സാമ്പത്തിക പ്രശ്നങ്ങൾ - (Self financing എസ്.പി.സി. വിദ്യാലയങ്ങളിലെ) | 5 | 7.35 |
| സഹാനുഭൂതി, സേവനസന്നദ്ധത, അച്ചടക്കം, ആത്മവിശ്വാസം എന്നീ മൂല്യങ്ങൾ വളരാൻ സഹായിച്ചു. | 12 | 17.65 |
| കുട്ടികൾക്ക് കൃഷിയോട് ആഭിമുഖ്യമുണ്ടായി. | 8 | 11.76 |
| സാമൂഹ്യപ്രവർത്തനങ്ങളിൽ ഇടപെടുന്നതിനാൽ നന്മ കാണപ്പെടുന്നു (ഉദാ: സഹപാഠിക്കൊരു സ്നേഹവീട്) | 12 | 17.65 |
| ശാരീരികമായ മികവ് ഉണ്ടാകുന്നുണ്ട്. എന്നാൽ തുടർച്ചയില്ലായ്മ വലിയ പ്രശ്നമാണ്. | 2 | 2.94 |
| Drill Instructor മാർ വരുന്നതിന് കൃത്യതയില്ലാത്തത്കൊണ്ട് അധ്യാപകർക്ക് ജോലിഭാരം കൂടുതലാകുന്നു. | 3 | 4.41 |
| എസ്.പി.സി. വിദ്യാർഥികൾ വിദ്യാലയത്തിന് മുതൽക്കൂട്ട്, സമൂഹം വളരെയധികം തൽപ്പരർ. | 2 | 2.94 |
| ചിട്ടയും അച്ചടക്കവും ജീവിതത്തിൽ കൊണ്ടുവരാൻ കഴിഞ്ഞു. | 2 | 2.94 |
| രക്ഷിതാക്കളുടെ മദ്യപാന ശീലം മാറ്റിയെടുക്കാൻ കഴിഞ്ഞു. | 1 | 1.47 |

എസ്പി.സിയുടെ പ്രവർത്തനങ്ങളിൽ സജീവമായതുകൊണ്ട് കുട്ടികളിൽ ശാരീരികവും മാനസികവുമായ വളർച്ച ഉണ്ടായതായും നേതൃപാടവം, ഉത്തരവാദിത്വം ഏറ്റെടുക്കാനുള്ള മനസ്സ് എന്നിവ

വർധിച്ചിട്ടുള്ളതായും 30.88% സി.പി.ഒമാർ അഭിപ്രായപ്പെട്ടു. കേഡറ്റുകൾ സാമൂഹ്യപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതുകൊണ്ട് സഹാനുഭൂതി, സേവനസന്നദ്ധത, അച്ചടക്കം, ആത്മവിശ്വാസം എന്നീ മൂല്യങ്ങൾ വളർന്നതോടൊപ്പം സഹപാഠിക്കൊരു വീട് പോലുള്ള മാനുഷിക പ്രവർത്തനങ്ങളിലും സജീവമായി ഇടപെടുന്നതായി (7%) സി.പി.ഒമാർ അഭിപ്രായപ്പെട്ടു. കൃഷിയോട് കുട്ടികൾക്ക് താൽപ്പര്യം വർധിച്ചതായി കാണാൻ കഴിയുന്നതായി രേഖപ്പെടുത്തി.

**എസ്.പി.സി. പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിന് ലഭിക്കുന്നസഹകരണം**

എസ്.പി.സി. പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിന് ഏതെല്ലാം ഘടകങ്ങളിൽ നിന്നുമാണ് സഹകരണം ലഭിക്കുന്നത് എന്നതിനെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**പട്ടിക – 4.38**

**എസ്.പി.സി. പ്രവർത്തനങ്ങൾക്ക് ലഭിക്കുന്ന സഹകരണങ്ങൾ**

| പ്രതികരണങ്ങൾ | എണ്ണം | ശതമാനം (%) |
|---|---|---|
| ഹെഡ്മാസ്റ്റർ / പ്രിൻസിപ്പാൾ | 68 | 100.00 |
| സഹപ്രവർത്തകർ | 66 | 97.06 |
| പി.ടി.എ | 66 | 97.06 |
| സന്നദ്ധസംഘടനകൾ | 45 | 66.18 |
| പോലീസ് വകുപ്പ് | 68 | 100.00 |
| ഉന്നത വിദ്യാഭ്യാസ അധികാരികൾ | 40 | 58.82 |
| മറ്റു വകുപ്പുകൾ (എക്സൈസ്, ഫയർഫോഴ്സ്, ഗതാഗതം .................) | 61 | 89.71 |
| സ്കൂൾതലത്തിലുള്ള ക്ലബ്ബുകൾ | 33 | 48.53 |
| തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ | 53 | 77.94 |

എസ്.പി.സി പ്രവർത്തനങ്ങൾ സുഗമമായി നടക്കുന്നതിന് ഹെഡ്മാസ്റ്റർ, സഹപ്രവർത്തകർ, പി.ടി.എ, പോലീസ് വകുപ്പ് എന്നിവരുടെ സഹകരണം പൂർണമായിത്തന്നെ ലഭിക്കുന്നതായി സി.പി.ഒമാർ സൂചിപ്പിച്ചു. എക്സൈസ്, ഫയർഫോഴ്സ്, ഗതാഗതം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധസംഘടനകൾ എന്നിവയുടെ സഹകരണം യഥാസമയം ലഭിക്കുന്നതായി ചുമതലയുള്ള സി.പി.ഒമാർ ചൂണ്ടിക്കാണിച്ചു. എന്നാൽ സ്കൂൾ തലത്തിലുള്ള ക്ലബുകൾ (48.53%) ഉന്നത അധികാരികൾ എന്നിവരുടെ ഇടപെടൽ വളരെ കുറവാണെന്ന് (58.82%) കാണാൻ കഴിഞ്ഞു. ഇവ എല്ലാം മറ്റുഘടകങ്ങളെ അപേക്ഷിച്ച് കുറവാണ്.

- **പിന്തുണാ സംവിധാനങ്ങൾ**

പിന്തുണാ സംവിധാനങ്ങളെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**പട്ടിക - 4.39**

**പിന്തുണാ സംവിധാനങ്ങൾ**

| പ്രതികരണങ്ങൾ | എണ്ണം | ശതമാനം (%) |
|---|---|---|
| ഹെൽത്ത് സെന്ററിൽ നിന്ന് | 3 | 4.41 |
| പൂർവ വിദ്യാർഥികളിൽ നിന്ന് | 4 | 5.88 |
| Mother PTA/ PTA / SMC യിൽ നിന്ന് | 7 | 10.29 |
| പൊതു പ്രവർത്തകരിൽ നിന്ന് | 6 | 8.82 |

ഹെൽത്ത് സെന്റർ, പൂർവ വിദ്യാർഥികൾ, പൊതുപ്രവർത്തകർ എന്നിവരിൽ നിന്നും സമയാസമയങ്ങളിൽ ആവശ്യമായ സഹായം ലഭിക്കുന്നുവെന്ന് സി.പി.ഒമാർ അഭിപ്രായപ്പെട്ടു.

## (viii) സർക്കാറിന്റെ ധനസഹായത്തിനു പുറമെയുളള ഇതര സാമ്പത്തിക സ്രോതസ്സുകൾ

സർക്കാറിന്റെ ധനസഹായത്തിനു പുറമെയുളള ഇതര സാമ്പത്തിക സ്രോതസ്സുകളെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**പട്ടിക - 4.40**

**സർക്കാറിന്റെ ധനസഹായത്തിനു പുറമെയുളള ഇതര സാമ്പത്തിക സ്രോതസ്സുകൾ**

| പ്രതികരണങ്ങൾ | എണ്ണം | ശതമാനം (%) |
|---|---|---|
| തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ | 33 | 48.53 |
| പി.ടി.എ. | 27 | 39.71 |
| ഇതരസ്രോതസ്സുകൾ | 13 | 19.12 |

**സർക്കാരിന്റെ ധനസഹായത്തിനുപുറമേയുള്ള ഇതരസാമ്പത്തിക സ്രോതസ്സുകൾ.**

സർക്കാരിന്റെ ധനസഹായത്തിനുപുറമേയുള്ള ഇതരസാമ്പത്തിക സ്രോതസ്സുകളെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**പട്ടിക - 4.41**

**സർക്കാരിന്റെ ധനസഹായത്തിനുപുറമേയുള്ള ഇതരസാമ്പത്തിക സ്രോതസ്സുകൾ.**

| പ്രതികരണങ്ങൾ | എണ്ണം | ശതമാനം (%) |
|---|---|---|
| സ്രോതസ്സ് ഒന്നുമില്ല | 10 | 14.71 |
| രക്ഷിതാക്കൾ | 10 | 14.71 |
| സ്റ്റാഫ് ഫണ്ട് | 3 | 4.41 |
| സംഭാവനകൾ മുഖാന്തരം | 2 | 2.94 |
| മറ്റു വകുപ്പുകൾ ഉദാ:(Scheduled Caste Department) | 3 | 4.41 |
| | | |

സർക്കാറിന്റെ ധനസഹായമല്ലാതെ മറ്റു സ്രോതസ്സുകളിൽ നിന്നും ഒരു സഹായവും ലഭിക്കുന്നില്ല എന്ന് 47% സി.പി.ഒമാർ സൂചിപ്പിച്ചപ്പോൾ രക്ഷിതാക്കൾ സഹായിക്കുന്നുണ്ടെന്ന് 14.7% പേർ അഭിപ്രായപ്പെട്ടു. ഇതോടൊപ്പം പി.ടി.എ, സഹകരണസ്ഥാപനങ്ങൾ, പട്ടികജാതി വകുപ്പ്, അധ്യാപകർ എന്നീ സ്രോതസ്സുകളിൽ നിന്ന് അത്യാവശ്യസന്ദർഭങ്ങളിൽ ധനസഹായം ലഭിക്കുന്നുണ്ടെന്ന അഭിപ്രായവും രേഖപ്പെടുത്തിയതായി കണ്ടു.

### (ix) എസ്.പി.സിയുടെ പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ ഇടപെടൽ

എസ്.പി.സിയുടെ പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ ഇടപെടലുകളെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**പട്ടിക - 4.42**

**എസ്.പി.സിയുടെ പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ ഇടപെടൽ**

| പ്രതികരണങ്ങൾ | എണ്ണം | ശതമാനം(%) |
|---|---|---|
| സജീവമായി എല്ലാ പ്രവർത്തനങ്ങളിലും, നല്ല രീതിയിൽ ഇടപെടുന്നു | 20 | 29.41 |
| പി.ടി.എ യോഗങ്ങളിലെ ഇടപെടൽ, ക്യാമ്പ് നടത്തിപ്പിൽ | 10 | 14.71 |
| കേഡറ്റുകൾക്കാവശ്യമായ ഭക്ഷണം പാകം ചെയ്ത് വിതരണം ചെയ്യുന്നതിൽ. | 6 | 8.82 |
| ക്യാമ്പ് നടത്തിപ്പുകളിലെ സജീവ സഹകരണം | 13 | 19.12 |
| നിരന്തര ആശയ വിനിമയം | 7 | 10.29 |
| സാമ്പത്തികമായ സഹായം ചെയ്യൽ, കുട്ടികളെ പങ്കെടുപ്പിക്കൽ | 1 | 1.47 |
| ആസൂത്രണതലം മുതൽ നടപ്പിലാക്കൽ തലം വരെ | 3 | 4.41 |
| പരിസര ശുചീകരണത്തിൽ | 3 | 4.41 |
| വീടുകളിൽ ചെന്ന് പഠന പിന്തുണ നൽകുന്നതിൽ | 1 | 1.47 |
| ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നതിൽ | 2 | 2.94 |
| രക്ഷിതാക്കൾ ചെയ്യാറുള്ള സഹായ വാഗ്ദാനങ്ങൾ വിദ്യാലയങ്ങൾ സ്വീകരിക്കാറില്ല. | 1 | 1.47 |

എസ്.പി.സിയുടെ എല്ലാ പ്രവർത്തനങ്ങളിലും രക്ഷിതാക്കളുടെ സജീവ പങ്കാളിത്തം ഉണ്ടെന്ന് 29.41% പേർ അഭിപ്രായപ്പെട്ടു. അവയിൽ പ്രധാനമാണ് ക്യാമ്പ് നടത്തിപ്പ് (19.12%) കേഡറ്റുകൾക്കാവശ്യമായ ഭക്ഷണം തയാറാക്കൽ (8.82%), പരിസരശുചികരണം, ഫീൽഡു ട്രിപ്പ് സംഘടിപ്പിക്കൽ (2.94%) മുതലായവ.

### (X) എസ്.പി.സി. അംഗങ്ങളെ തിരഞ്ഞെടുക്കുമ്പോൾ നേരിടുന്ന പ്രയാസങ്ങൾ

എസ്.പി.സി അംഗങ്ങളെ തിരഞ്ഞെടുക്കുമ്പോൾ നേരിടുന്ന പ്രയാസങ്ങളെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**പട്ടിക - 4.43**

**എസ്.പി.സി അംഗങ്ങളെ തിരഞ്ഞെടുക്കുമ്പോൾ നേരിടുന്ന പ്രയാസങ്ങൾ**

| പ്രതികരണങ്ങൾ | എണ്ണം | ശതമാനം(%) |
|---|---|---|
| പി.ടി.എ യുടെ സമ്മർദം | 2 | 2.94 |
| 8-ാം തരത്തിൽ ചേരാൻ വരുന്ന കുട്ടികളുടെ ആധിക്യം | 9 | 13.24 |
| കായിക ക്ഷമതയ്ക്ക് അവസരം കൊടുക്കുമ്പോൾ IED കുട്ടികളെയും തിരഞ്ഞെടുക്കാൻ അവസരം ലഭിക്കുന്നു | 3 | 4.41 |
| കുട്ടികളുടെ എണ്ണക്കുറവ് സെലക്ഷനെ ബാധിക്കുന്നു | 9 | 13.24 |
| തുടർച്ചയായി 4 വർഷം (8,9 ക്ലാസുകളിലും 11,12 ക്ലാസുകളിലും) എസ്.പി.സി. യിൽ തുടരാനുള്ള അവസരം കുട്ടികൾക്ക് ലഭിക്കുന്നില്ല. | 6 | 8.82 |
| സെലക്ഷന് ലഭിക്കുന്ന സമയം വളരെ കുറവാണ്. | 7 | 10.29 |
| പ്രയാസങ്ങൾ ഒന്നും തന്നെ നേരിട്ടില്ല. | 13 | 19.12 |
| എസ്.പി.സി. കുട്ടികൾക്ക് ശാരീരികക്ഷമത ഇല്ലാത്തത്. (Lack of physical fitness among എസ്.പി.സി. students) | 5 | 7.35 |
| ഉയർന്ന അക്കാദമിക നിലവാരം പുലർത്തുന്ന കുട്ടികൾക്ക് ഗ്രേസ്മാർക്ക് ലഭിക്കാൻ വേണ്ടി എസ്.പി.സി. യിൽ താൽപ്പര്യമുള്ള മറ്റ് കുട്ടികളെ ഒഴിവാക്കുന്നു. | 1 | 1.47 |
| കായിക ക്ഷമതാപരീക്ഷ നടത്താൻ പ്രയാസം നേരിടുന്നു | 5 | 7.35 |
| ഉന്നതങ്ങളിൽ നിന്നുള്ള ശുപാർശ | 2 | 2.94 |
| പഠനസമയം നഷ്ടപ്പെടുന്നതിനാലും, Academic burden ഉള്ളതിനാലും കുട്ടികൾ എസ്.പി.സി. യിലേക്ക് വരുന്നില്ല. | 2 | 2.94 |

എസ്.പി.സി അംഗങ്ങളെ തിരഞ്ഞെടുക്കുമ്പോൾ പ്രയാസം ഒന്നുംതന്നെ നേരിടുന്നില്ല എന്ന് 13% പേർ അഭിപ്രായപ്പെട്ടപ്പോൾ 8-ാം ക്ലാസിൽ ചേരാൻ വരുമ്പോൾ തന്നെ എസ്.പി.സിയിൽ അംഗമാകണം എന്ന കുട്ടികളുടെ ആവശ്യവും വരുന്ന കുട്ടികളുടെ ആധിക്യവും സെലക്ഷനെ ബാധിക്കുന്നു എന്ന് 13% പേർ സൂചിപ്പിച്ചു. കുട്ടികളുടെ എണ്ണക്കുറവ് സെലക്ഷനെ ബാധിക്കുന്നു എന്ന് പറഞ്ഞവരും 13% തന്നെ. സെലക്ഷന് ലഭിക്കുന്ന സമയം കുറവാണ് എന്ന് 10% പേർ ചൂണ്ടിക്കാണിച്ചു. കുട്ടികളുടെ ശാരീരിക ക്ഷമത കുറവ്, അതോടൊപ്പം കായികക്ഷമതാപരീക്ഷ നടത്താനുള്ള പ്രയാസം ഇവ 5 പേർ സൂചിപ്പിച്ചു. ചില സ്ഥലങ്ങളിൽ പി.ടി.എയുടെ സമർദം (2 പേർ) ഉന്നതങ്ങളിൽ നിന്നുള്ള ശുപാർശ (3%) എന്നിവ ഉള്ളതായി രേഖപ്പെടുത്തി. പഠനസമയം നഷ്ടപ്പെടുന്നതിനാലും പഠനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ കഴിയാത്തതിനാലും കുട്ടികൾ എസ്.പി.സിയിലേക്കു വരുന്നില്ല എന്നും സി.പി.ഒമാർ (2.9%) അഭിപ്രായപ്പെട്ടു.

### (xi) എസ്.പി.സി. കേഡറ്റുകളാകാൻ കുട്ടികളുടെ ഭാഗത്തുനിന്നും അധിക താൽപര്യം ഉണ്ടാകാറുണ്ടോ

എസ്.പി.സി. കേഡറ്റുകളാകാൻ കുട്ടികളുടെ ഭാഗത്തുനിന്നും അധിക താൽപ്പര്യം ഉണ്ടാകാറുണ്ടോ എന്നതിനെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**പട്ടിക - 4.44**

**എസ്.പി.സി. കേഡറ്റുകളാകാൻ കുട്ടികളുടെ ഭാഗത്തുനിന്നും അധിക താൽപ്പര്യം**

| പ്രതികരണങ്ങൾ | എണ്ണം | ശതമാനം(%) |
|---|---|---|
| ഉണ്ട് | 67 | 98.53 |
| ഇല്ല | 1 | 1.47 |
| Total | 68 | 100.00 |

99% കുട്ടികൾക്കും എസ്.പി.സി കേഡറ്റുകളാകാൻ അധിക താൽപ്പര്യമുള്ളതായി സി.പി.ഒമാർ പറഞ്ഞു.

## (xii) എസ്.പി.സി. യുടെ നേതൃത്വത്തിൽ നടക്കുന്ന മികച്ച പ്രവർത്തനങ്ങൾ

എസ്.പി.സി. യുടെ നേതൃത്വത്തിൽ നടക്കുന്ന മികച്ച പ്രവർത്തനങ്ങളെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**പട്ടിക - 4.45**

**എസ്.പി.സി. യുടെ നേതൃത്വത്തിൽ നടക്കുന്ന മികച്ച പ്രവർത്തനങ്ങൾ**

| പ്രതികരണങ്ങൾ | എണ്ണം | ശതമാനം (%) |
|---|---|---|
| ലഹരിക്കെതിരെ ബോധവൽക്കരണം | 13 | 19.12 |
| ട്രാഫിക് ബോധവൽക്കരണം | 12 | 17.65 |
| ശുചിത്വം/ ശുചീകരണപ്രവർത്തനം | 7 | 10.29 |
| പരേഡ് | 7 | 10.29 |
| ഇൻഡോർ ക്ലാസുകൾ | 18 | 26.47 |
| ഫീൽഡ് ട്രിപ്പ്/ വിസിറ്റ് | 7 | 10.29 |
| ക്യാമ്പുകൾ | 6 | 8.82 |
| ഫിസിക്കൽ ഫിറ്റ്നസ് ട്രെയിനിംഗ് | 14 | 20.59 |
| കമ്മ്യൂണിറ്റി പ്രൊജക്റ്റുകൾ | 2 | 2.94 |
| CPO മാർ നൽകുന്ന മികച്ച പരിശീലനം | 4 | 5.88 |
| വിദഗ്ധരുടെ ക്ലാസുകൾ | 1 | 1.47 |
| ക്ലാസ് റൂമിന് പുറത്ത് നടക്കുന്ന പ്രവർത്തനങ്ങൾ | 8 | 11.76 |
| അച്ചടക്കം | 8 | 11.76 |
| പരിസ്ഥിതി സംരക്ഷണം | 4 | 5.88 |
| സാമൂഹ്യ സേവനം | 3 | 4.41 |
| നിയമ പഠനം | 1 | 1.47 |
| പാലിയേറ്റീവ് കെയർ | 3 | 4.41 |
| ഭിന്നശേഷിയുള്ള വിദ്യാർഥികളുടെ ഗൃഹസന്ദർശനം | 2 | 2.94 |
| ദുരന്ത നിവാരണം | 1 | 1.47 |

മികച്ച എസ്.പി.സി പ്രവർത്തനങ്ങളായി അധ്യാപകർ രേഖപ്പെടുത്തിയവ ഇവയാണ്.

- ഇൻഡോർ ക്ലാസുകൾ,

- ഫിസിക്കൽ ഫിറ്റ്നസ് ട്രെയ്നിംഗ്,
- ലഹരിക്കെതിരെയുള്ള ക്യാമ്പയിൻ പ്രവർത്തനങ്ങൾ,
- ട്രാഫിക് ബോധവൽക്കരണം,
- ഔട്ട് ഡോർ പ്രവർത്തനങ്ങൾ,
- അച്ചടക്കപാലനം,
- പരിസ്ഥിതി അവബോധം,
- പരേഡ്,
- ശുചിത്വപ്രവർത്തനങ്ങൾ,
- ഫീൽഡ്ട്രിപ്പ്,
- ക്യാമ്പുകൾ,
- സാമൂഹ്യസേവനപ്രവർത്തനങ്ങൾ,
- പാലിയേറ്റീവ്കെയർ,
- ഭിന്നശേഷിക്കാരായ കുട്ടികളുടെ ഗൃഹസന്ദർശനം എന്നിവ തൊട്ടുതാഴെ വരുന്നു.

## (xiii) എസ്.പി.സി.യിൽ നിന്ന് ഒഴിവാക്കേണ്ട പ്രവർത്തനങ്ങൾ

എസ്.പി.സി.യിൽ നിന്ന് ഒഴിവാക്കേണ്ട പ്രവർത്തനങ്ങളെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**പട്ടിക – 4.46**

**എസ്.പി.സി.യിൽ നിന്നും ഒഴിവാക്കേണ്ട പ്രവർത്തനങ്ങൾ**

| പ്രതികരണങ്ങൾ | എണ്ണം | ശതമാനം (%) |
|---|---|---|
| ഒന്നും ഒഴിവാക്കേണ്ടതില്ല | 21 | 30.88 |
| അവധി ദിനങ്ങളിലെ ക്ലാസുകളും ആഘോഷങ്ങളും | 1 | 1.47 |
| അവധിക്കാല പ്രവർത്തനങ്ങൾ വിശേഷിച്ചും അവധിക്കാല ക്യാമ്പുകൾ | 1 | 1.47 |
| ക്ലാസ് സമയത്തെ പ്രവർത്തനങ്ങൾ | 4 | 5.88 |
| ഒരു മാസത്തിൽ ഒരു ശനിയാഴ്ച ഒഴിവാക്കണം | 2 | 2.94 |
| പരേഡുകൾ ഒഴിവാക്കുക | 1 | 1.47 |
| ആക്റ്റിവിറ്റി കലണ്ടറിൽ മാറ്റം വരുത്തേണ്ടതാണ് | 1 | 1.47 |
| ഇൻഡോർ ക്ലാസുകൾ | 2 | 2.94 |

നിലവിൽ എസ്.പി.സി ഏറ്റെടുത്തു നടത്തുന്ന പ്രവർത്തനങ്ങളിൽ ഒഴിവാക്കപ്പെടേണ്ടതായ പ്രവർത്തനങ്ങൾ ഒന്നും തന്നെയില്ല എന്ന അഭിപ്രായക്കാരാണ് ഭൂരിപക്ഷം (62%) സി.പി.ഒമാരും. എന്നാൽ ക്ലാസ് സമയത്തെ പ്രവർത്തനങ്ങൾ, അവധിക്കാല ക്യാമ്പുകൾ, പരേഡുകൾ, ഒരു മാസത്തിൽ ഏതെങ്കിലും ഒരു ശനിയാഴ്ച്ചത്തെ പ്രവർത്തനം, ഇൻഡോർ ക്ലാസുകൾ എന്നിവ ഒഴിവാക്കപ്പെടേണ്ടതാണെന്ന് ചെറിയൊരു ശതമാനം സി.പി.ഒമാർ അഭിപ്രായപ്പെട്ടു.

**(xiv) എസ്.പി.സി. പ്രവർത്തനങ്ങൾ കുട്ടികളുടെ പഠനസമയത്തെ ബാധിക്കുന്നുണ്ടോ?**

എസ്.പി.സി പ്രവർത്തനങ്ങൾ കുട്ടികളുടെ പഠനസമയത്തെ ബാധിക്കുന്നില്ല എന്ന് 85% സി.പി.ഒ മാർ അഭിപ്രായപ്പെട്ടപ്പോൾ 15% പേർ ബാധിക്കുന്നു എന്നാണ് അഭിപ്രായം പറഞ്ഞത്.

എസ്.പി.സി. പ്രവർത്തനങ്ങൾ കുട്ടികളുടെ പഠനസമയത്തെ ബാധിക്കുന്ന തിനെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**പട്ടിക - 4.47**

**എസ്.പി.സി. പ്രവർത്തനങ്ങൾ കുട്ടികളുടെ പഠനസമയവും**

| പ്രതികരണങ്ങൾ | എണ്ണം | ശതമാനം(%) |
|---|---|---|
| ഉണ്ട് | 10 | 14.71 |
| ഇല്ല | 58 | 85.29 |
| ആകെ | 68 | 100.00 |

**(XV) എസ്.പി.സി പ്രവർത്തനപങ്കാളിത്തത്തിലൂടെയുള്ള പഠനപുരോഗതി**

എസ്.പി.സി പ്രവർത്തനപങ്കാളിത്തത്തിലൂടെയുള്ള പഠനപുരോഗതിയെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**പട്ടിക - 4.48**

**എസ്.പി.സി പ്രവർത്തന പങ്കാളിത്തത്തിലൂടെയുള്ള പഠനപുരോഗതി**

| പ്രതികരണങ്ങൾ | എണ്ണം | ശതമാനം (%) |
|---|---|---|
| മികച്ച പഠിതാക്കളായി മാറുന്നു. | 15 | 22.06 |
| $A^+$ ലഭിക്കുന്നതിലധികം പേരും എസ്.പി.സി. | 10 | 14.71 |
| പഠനത്തിൽ ഏകാഗ്രത ലഭിക്കുന്നു. | 9 | 13.24 |
| ചിട്ടയായി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. | 9 | 13.24 |
| പഠനത്തിൽ മികവ് പുലർത്തുന്നു. | 12 | 17.65 |
| സ്വന്തമായി കാര്യങ്ങൾ ചെയ്യാനുള്ള പ്രാപ്തി കൈവന്നു. | 3 | 4.41 |
| മെച്ചപ്പെട്ട വിജയ ശതമാനം | 10 | 14.71 |
| കൂടുതൽ ആത്മവിശ്വാസം | 7 | 10.29 |
| മോട്ടിവേഷൻ | 1 | 1.47 |
| ഭാവിയെക്കുറിച്ച് വ്യക്തമായ ബോധം | 1 | 1.47 |

*"എന്റെ ക്ലാസിലെ ഒരു കുട്ടി ലഹരിക്കടിമയാകുകയും അക്രമവാസനയിലേക്ക് വരെ എത്തുകയും ചെയ്തു. എന്നാൽ അവനെ ജീവിതത്തിലേക്ക് തിരിച്ചു കൊണ്ടു വരണമെന്ന അതിയായ ആഗ്രഹം എനിക്കുണ്ടായി. അതു പ്രകാരം ആദ്യം സ്കൂളിലെ അധ്യാപകരെ വിവരം അറിയിച്ചു. പിന്നീട് കൗൺസലിംഗിനു വിധേയനാക്കാനും സാധിച്ചു. അങ്ങനെ എനിക്ക് നല്ലൊരു കൂട്ടുകാരനെ തിരിച്ചു കിട്ടി. ഈ പ്രവർത്തനങ്ങൾക്ക് എനിക്ക് ധൈര്യം പകർന്നത് എസ്.പി.സി. പദ്ധതിയാണ്."*

*(വിദ്യാർഥിനി, കൊല്ലം ജില്ല)*

എസ്.പി.സി മുഖാന്തരം കുട്ടികളുടെ പഠനത്തിലുണ്ടായ പുരോഗതി വിലയിരുത്തിയപ്പോൾ അവർ മികച്ച പഠിതാക്കളായി മാറിക്കൊണ്ടിരിക്കുന്നു എന്നാണ് 22.06% സി.പി.ഒ മാരുടേയും അഭിപ്രായം. $A^+$ ലഭിക്കുന്നതിലധികം കുട്ടികളും എസ്.പി.സിയാണെന്നും പരിശീലനത്തിലൂടെ ആർജിച്ച ഏകാഗ്രതയും, ചിട്ടയും, ആത്മവിശ്വാസവും പഠനത്തിനനുകൂലമാക്കപ്പെടുന്നു എന്നുമാണ് മറ്റ് അഭിപ്രായങ്ങൾ.

### (xvi) എസ്.പി.സി. പ്രവർത്തനങ്ങൾക്ക് കുട്ടികളുടെ സ്വഭാവരൂപീകരണത്തിലുള്ള സ്വാധീനം.

എസ്.പി.സി. പ്രവർത്തനങ്ങൾ കുട്ടികളുടെ സ്വഭാവരൂപീകരണത്തിൽ ഏതൊക്കെ മേഖലകളിലാണ് സ്വാധീനം ചെലുത്തിയത് എന്നതിനെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**പട്ടിക – 4.49**

**എസ്.പി.സി. പ്രവർത്തനങ്ങൾ കുട്ടികളുടെ സ്വഭാവരൂപീകരണത്തിൽ സ്വാധീനം ചെലുത്തിയ മേഖലകൾ**

| മേഖല | എണ്ണം | ശതമാനം (%) |
|---|---|---|
| കൃത്യനിഷ്ഠ | 66 | 97.06 |
| ഉത്തരവാദിത്വബോധം | 67 | 98.53 |
| വിനയം | 58 | 85.29 |
| തീരുമാനങ്ങൾ എടുക്കാനുള്ള കഴിവ് | 64 | 94.12 |
| നേതൃത്വ ഗുണം | 66 | 97.06 |
| നല്ല ഗൃഹാന്തരീക്ഷം സൃഷ്ടിക്കപ്പെടുന്നു. | 2 | 2.94 |
| സേവന സന്നദ്ധത, സഹജീവിസ്നേഹം | 17 | 25.00 |
| അച്ചടക്കവും പരസ്പരസ്നേഹവും കൂടുന്നു | 4 | 5.88 |
| നല്ല ശാരീരിക ക്ഷമത. | 6 | 8.82 |
| നല്ല വസ്ത്രധാരണരീതി , ഹെയർസ്റ്റൈൽ തുടങ്ങിയവ | 1 | 1.47 |
| നല്ല പെരുമാറ്റം | 7 | 10.29 |
| വ്യക്തിത്വ വികസനം | 4 | 5.88 |
| ഏകാഗ്രത, കർമ്മശേഷി | 2 | 2.94 |
| നിരീക്ഷണ പാടവം | 2 | 2.94 |
| അനുസരണ | 2 | 2.94 |
| ആത്മവിശ്വാസം | 1 | 1.47 |

കേഡറ്റ്സിന്റെ സ്വഭാവരൂപീകരണത്തിൽ ഉണ്ടായ മാറ്റത്തെക്കുറിച്ച് പരാമർശിച്ചപ്പോൾ കൃത്യനിഷ്ഠ, നേതൃത്വഗുണം, ഉത്തരവാദിത്വബോധം, വിനയം, തീരുമാനമെടുക്കാനുള്ള കഴിവ് എന്നിവ വർധിച്ചിട്ടുണ്ടെന്നാണ് ബഹുഭൂരിപക്ഷം (97%). സി.പി.ഒമാരും അഭിപ്രായപ്പെട്ടത്.

ഇതോടൊപ്പം സേവനസന്നദ്ധത, സഹജീവിസ്നേഹം, നല്ല ഗൃഹാന്തരീക്ഷം, അനുസരണ, നിരീക്ഷണശേഷി എന്നിവ കൂടി വർദ്ധിച്ചുവരുന്നതായും സി.പി.ഒമാർ സാക്ഷ്യപ്പെടുത്തുന്നു. എസ്.പി.സിയിലൂടെ സമൂഹത്തിന് മുതൽക്കൂട്ടാവുന്ന ഒരു വിദ്യാർഥിസമൂഹത്തെ വാർത്തെടുക്കാൻ കഴിയുന്നുണ്ടെന്ന് കരുതാവുന്നതാണ്.

### (xvii) സി.പി.ഒ.യുടെചുമതലയിൽ നിന്നും മാറണം എന്ന തോന്നൽ

CPO യുടെചുമതലയിൽ നിന്നും മാറണമെന്ന്എപ്പോഴെങ്കിലുംതോന്നിയിട്ടുണ്ടോ എന്നതിനെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**പട്ടിക - 4.50**

**CPO യുടെചുമതലയിൽ നിന്നും മാറണം എന്ന തോന്നൽ**

| പ്രവർത്തനം | എണ്ണം | ശതമാനം (%) |
|---|---|---|
| ഉണ്ട് | 22 | 32.35 |
| ഇല്ല | 46 | 67.65 |
| ആകെ | 68 | 100.00 |

- **എസ്.പി.സി ചുമതലയിൽ നിന്ന് ഒഴിവാകണം എന്ന് ചിന്തിക്കാനുള്ള കാരണങ്ങൾ.**

എസ്.പി.സി ചുമതലയിൽ നിന്ന് ഒഴിവാകണം എന്ന് ചിന്തിക്കാനുള്ള കാരണങ്ങളെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**പട്ടിക - 4.51**

**എസ്.പി.സി ചുമതലയിൽ നിന്ന് ഒഴിവാകണം എന്ന് ചിന്തിക്കാനുള്ള കാരണങ്ങൾ**

| പ്രതികരണങ്ങൾ | എണ്ണം | ശതമാനം (%) |
|---|---|---|
| ശാരീരികമായ അസ്വസ്ഥത, അവശത | 3 | 4.41 |
| വ്യക്തിപരമായ പ്രവർത്തനങ്ങൾക്ക് സമയം കണ്ടെത്താൻ കഴിയാതെ വരുന്നു | 5 | 7.35 |
| അവധി ദിവസങ്ങൾ കൂടെ പ്രവൃത്തി ദിവസങ്ങളായി മാറ്റപ്പെടുന്നു | 9 | 13.24 |
| ദിവസവും കൂടുതൽ യാത്ര ചെയ്യേണ്ടിവരുന്നതിനാൽ | 6 | 8.82 |
| മറ്റ് ജോലികൾക്ക് വിദ്യാലയത്തിൽ വരുമ്പോൾ പ്രയാസം അനുഭവപ്പെടുന്നു | 3 | 4.41 |
| മറ്റുള്ള അധ്യാപകർക്കും എസ്.പി.സി. യിൽ പ്രവർത്തിക്കാൻ അവസരം നൽകണം | 1 | 1.47 |
| ഒരു ഭാരമായി കരുതുന്നു | 2 | 2.94 |

എസ്.പി.സി ചുമതല തുടർന്നും നിർവഹിക്കാൻ ആഗ്രഹം പ്രകടിപ്പിച്ചത് 68% സി.പി.ഒമാരാണ്. എന്നാൽ 32% പേർ വിവിധ കാരണങ്ങളാൽ ചുമതലയിൽ നിന്ന് മാറിയാൽ കൊള്ളാമെന്ന് രേഖപ്പെടുത്തി. അതിനുള്ള കാരണമായി ചൂണ്ടിക്കാട്ടുന്നത് അവധി ദിവസങ്ങൾ നഷ്ടപ്പെടുന്നതും, വ്യക്തിപരമായ കാര്യങ്ങൾക്ക് സമയം കണ്ടെത്താൻ കഴിയാത്തതും, ശാരീരികമായ അസ്വസ്ഥതകളും, യാത്രകളുമാണ്.

## (xviii) എസ്.പി.സി പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിന് നേരിടുന്ന പ്രയാസങ്ങൾ

എസ്.പി.സി പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിന് നേരിടുന്ന പ്രയാസങ്ങളെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**പട്ടിക – 4.52**

**എസ്.പി.സി പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിന് നേരിടുന്ന പ്രയാസങ്ങൾ**

| പ്രതികരണങ്ങൾ | എണ്ണം | ശതമാനം (%) |
|---|---|---|
| സമയക്കുറവ് | 6 | 8.82 |
| അധികജോലിഭാരം | 9 | 13.24 |
| സാമ്പത്തികപ്രശ്നം, ഗവ: ഫണ്ട് ലഭ്യമല്ല/ ഇല്ല | 15 | 22.06 |
| സ്ത്രീ എന്ന നിലയിൽ ശനിയാഴ്ച ജോലി അധികഭാരം | 1 | 1.47 |
| പ്രയാസം ഒന്നും തന്നെ തോന്നിയിട്ടില്ല | 8 | 11.76 |
| ലഭ്യമായ തുക കൊണ്ട് നല്ല ഫാക്കൽറ്റികളെ ലഭിക്കുന്നില്ല | 2 | 2.94 |
| പണം ശരിയായ സമയത്ത് ലഭിക്കായ്മ | 11 | 16.18 |
| മറ്റുള്ളവരുടെ സഹകരണം ഇല്ല | 1 | 1.47 |
| എൻ സി സി ക്ക് ലഭിക്കുന്നതുപോലെ റിഫ്രഷ്മെന്റ് ലഭിക്കുന്നില്ല | 1 | 1.47 |

വിവിധ പ്രവർത്തനങ്ങൾക്ക് അപ്പപ്പോൾ പണം കണ്ടെത്താൻ കഴിയായ്കയാണ് പ്രധാനമായും നേരിടുന്ന പ്രയാസമായി ചൂണ്ടിക്കാണിച്ചത്. അതേസമയം ഒരു പ്രയാസവും നിലവിൽ അനുഭവപ്പെടുന്നില്ല എന്ന് 23% സി.പി.ഒമാർ അഭിപ്രായപ്പെട്ടു. സമയക്കുറവും, അധികജോലിഭാരവും, സ്ത്രീ എന്ന നിലയിൽ ശനിയാഴ്ച ജോലി ചെയ്യേണ്ടിവരുമ്പോഴുള്ള ബുദ്ധിമുട്ടും ചൂണ്ടിക്കാണിക്കപ്പെട്ട മറ്റു പ്രയാസങ്ങൾ ആണ്.

## (xix) സ്കൂളിന്റെ അന്തരീക്ഷത്തിൽ ഉണ്ടായമാറ്റങ്ങൾ

സ്കൂളിന്റെ അന്തരീക്ഷത്തിൽ ഉണ്ടായമാറ്റങ്ങളെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**പട്ടിക - 4.53**

**സ്കൂളിന്റെ അന്തരീക്ഷത്തിൽ ഉണ്ടായമാറ്റങ്ങൾ**

| പ്രതികരണങ്ങൾ | എണ്ണം | ശതമാനം (%) |
|---|---|---|
| നല്ല നിലയിൽ സ്വാധീനിച്ചിട്ടുണ്ട് | 9 | 13.24 |
| നിയമങ്ങൾ കുട്ടികൾ അനുസരിക്കുന്നു | 4 | 5.88 |
| ശുചിത്വബോധം വളരുന്നു | 9 | 13.24 |
| പരസ്പരരൈക്യം വളരാൻ സഹായിക്കുന്നു | 3 | 4.41 |
| അച്ചടക്കബോധം സ്വയം വികസിക്കുന്നു | 31 | 45.59 |
| ട്രാഫിക് നിയന്ത്രണം | 6 | 8.82 |
| വൃത്തിയുള്ള സ്കൂൾ അന്തരീക്ഷം | 8 | 11.76 |
| പ്ലാസ്റ്റിക് വിരുദ്ധ മനോഭാവം | 4 | 5.88 |

| | | |
|---|---|---|
| ജൈവകൃഷിയോടുള്ള താൽപ്പര്യം | 5 | 7.35 |
| പഠനത്തിൽ കൂടുതൽ ശ്രദ്ധ | 5 | 7.35 |
| ലഹരി വിമുക്ത വിദ്യാലയം | 1 | 1.47 |
| കുട്ടികൾക്കിടയിലുള്ള ചെറിയ പ്രശ്നങ്ങൾ ഏറ്റെടുത്ത് പരിഹരിക്കുന്നു. | 2 | 2.94 |
| എസ്.പി.സി. യിൽ ചേരാൻ മറ്റ് വിദ്യാലയങ്ങളിൽ നിന്നും കുട്ടികൾവരുന്നു | 1 | 1.47 |

സ്കൂളന്തരീക്ഷത്തിൽ ഉണ്ടായ മാറ്റങ്ങളിൽ പ്രമുഖമായത് അച്ചടക്കബോധം കുട്ടികളിൽ സ്വയം വികസിക്കുന്നതാണ് എന്നാണ് 46% സി.പി.ഒമാർ അഭിപ്രായപ്പെട്ടത്. വൃത്തിയുള്ള സ്കൂൾ അന്തരീക്ഷം സൃഷ്ടിക്കപ്പെട്ടതും (11.76%) പരസ്പര ഐക്യം വളർന്നതും, പ്ലാസ്റ്റിക് വിരുദ്ധ മനോഭാവം വികസിച്ചതും ജൈവകൃഷിയോട് ആഭിമുഖ്യം ഉണ്ടായതും കുട്ടികളുടെ പ്രശ്നങ്ങൾ കുട്ടികൾ തന്നെ ഏറ്റെടുത്ത് പരിഹരിക്കുന്നതും സി.പി.ഒമാർ കുട്ടികളിൽ കണ്ട മറ്റുമാറ്റങ്ങളാണ്.

### (XX) എസ്.എസ്.എൽ.സി വിജയശതമാനത്തിലെ സ്വാധീനം

എസ്.എസ്.എൽ.സി വിജയശതമാനത്തിലെ സ്വാധീനത്തെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**പട്ടിക - 4.54**

**എസ്.എസ്.എൽ.സി വിജയശതമാനത്തിലെ സ്വാധീനം**

| പ്രതികരണങ്ങൾ | എണ്ണം | ശതമാനം(%) |
|---|---|---|
| വിജയശതമാനം വർധിച്ചിട്ടുണ്ട് | 22 | 32.35 |
| $A^{+}$ കളുടെ എണ്ണത്തിൽ വർധനവ് ഉണ്ടായിട്ടുണ്ട്. | 23 | 33.82 |
| പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ സഹായിച്ചിട്ടുണ്ട് | 3 | 4.41 |
| സഹപഠിതാക്കളിൽ അച്ചടക്കം, നേതൃത്വഗുണം എന്നിവ വളർത്താൻ സഹായിച്ചിട്ടുണ്ട്. | 4 | 5.88 |
| കൂടുതൽ കുട്ടികൾക്ക് ഉയർന്ന ഗ്രേഡ് നേടാൻ സഹായിച്ചിട്ടുണ്ട് | 9 | 13.24 |
| ആത്മവിശ്വാസത്തോടെ പരീക്ഷയെഴുതാൻ കഴിയുന്നുണ്ട് | 5 | 7.35 |
| 100% വിജയം നിലനിർത്താൻ സഹായിക്കുന്നുണ്ട് | 5 | 7.35 |
| അക്കാദമിക നിലവാരം മെച്ചപ്പെട്ടിട്ടുണ്ട് | 6 | 8.82 |

എസ്.പി.സിയുടെ പ്രവർത്തനങ്ങൾ എസ്.എസ്.എൽ.സി വിജയശതമാനം വർധിപ്പിക്കാൻ ഇടയാക്കിയിട്ടുണ്ടെന്ന് 32% സി.പി.ഒമാരും അഭിപ്രായപ്പെട്ടു. $A^{+}$ ലഭിച്ച കുട്ടികളുടെ എണ്ണത്തിൽ ഗണ്യമായ വർധനവ് വന്നിട്ടുണ്ടെന്നാണ് 34% സി.പി.ഒ മാർ അഭിപ്രായം രേഖപ്പെടുത്തിയത്. കൂടുതൽ കുട്ടികൾക്ക് ഉയർന്ന ഗ്രേഡ് നേടാൻ സാധിച്ചതായും, വിദ്യാലയത്തിന്റെ അക്കാദമിക നിലവാരത്തിൽ അനുഗുണമായ മാറ്റം കൈവരിച്ചതായും ആത്മവിശ്വാസം വർധിച്ചതായും റിപ്പോർട്ട് ചെയ്യപ്പെട്ടു. മൊത്തത്തിൽ എസ്.പി.സി വിദ്യാലയത്തിന്റെ അക്കാദമിക നിലവാരത്തെ നല്ല നിലയിൽ സ്വാധീനിച്ചിട്ടുണ്ടെന്ന് അനുമാനിക്കാം.

### (xxi) സഹപഠിതാക്കളിൽ ഉണ്ടാക്കിയ സ്വാധീനം

സഹപഠിതാക്കളിൽ ഉണ്ടാക്കിയ സ്വാധീനത്തെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**പട്ടിക – 4.55**

**സഹപഠിതാക്കളിൽ ഉണ്ടാക്കിയ സ്വാധീനം**

| പ്രതികരണങ്ങൾ | എണ്ണം | ശതമാനം |
|---|---|---|
| അച്ചടക്കബോധം ഉണ്ടാക്കാൻ | 15 | 22.06 |
| മറ്റ് കുട്ടികൾക്ക് പ്രോത്സാഹനം നൽകുന്നു | 8 | 11.76 |
| സഹപാഠികളിൽ മൂല്യബോധ വികസനം നടക്കുന്നു | 9 | 13.24 |
| ലഹരി പദാർഥങ്ങൾ ബഹിഷ്ക്കരിക്കാനുള്ള പ്രേരണ നൽകി | 6 | 8.82 |
| സഹായ മനോഭാവം വളർത്തിയെടുക്കാൻ സാധിച്ചു | 8 | 11.76 |
| സ്വഭാവ രൂപീകരണത്തിന് സഹായിക്കുന്നു | 17 | 25.00 |
| പഠനബോധന പ്രവർത്തനങ്ങളിൽ | 6 | 8.82 |
| പഠനാനുബന്ധ പ്രവർത്തനങ്ങളിൽ | 4 | 5.88 |
| സഹാനുഭൂതി, സഹകരണം, പരസ്പരസഹായം | 2 | 2.94 |
| കൃത്യനിഷ്ഠ, ഉത്തരവാദിത്വബോധം | 2 | 2.94 |

എസ്.പി.സി അംഗങ്ങളുമായുള്ള സമ്പർക്കം സഹപഠിതാക്കളുടെ സ്വഭാവ രൂപീകരണത്തെ സ്വാധീനിച്ചതായി 25% അധ്യാപകരും (സി.പി.ഒ), അച്ചടക്ക ബോധം വളരാൻ സഹായിച്ചതായി 22% അധ്യാപകരും, മൂല്യബോധവികസനം സാധ്യമാക്കിയതായി 13% അധ്യാപകരും, സഹായമനോഭാവം വളർത്തിയെടുക്കാൻ സാധിച്ചതായി 12% അധ്യാപകരും രേഖപ്പെടുത്തി. ലഹരി പദാർഥങ്ങൾ ബഹിഷ്കരിക്കാനുള്ള പ്രേരണ, പാഠ്യ- പാഠ്യേതര പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടാനുള്ള പ്രേരണ കൃത്യനിഷ്ഠ, ഉത്തരവാദിത്വബോധം തുടങ്ങിയ ഗുണങ്ങളും വികസിച്ചിട്ടുള്ളതായി സാക്ഷ്യപ്പെടുത്തുന്നു.

### (xxii) എസ്.പി.സി. യുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് രക്ഷിതാക്കളിൽനിന്ന് പരാതി ഉണ്ടായ സന്ദർഭങ്ങൾ.

എസ്.പി.സി. യുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് രക്ഷിതാക്കളിൽനിന്ന് പരാതി ഉണ്ടായ സന്ദർഭങ്ങളെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

*" ഒരുപാട് ജീവിത പ്രാരാബ്ധങ്ങൾ നേരിട്ടു വന്നൊരു രക്ഷിതാവാണു ഞാൻ". എന്റെ മാതാപിതാക്കൾ എനിക്ക് നല്ല രീതിയിൽ വിദ്യാഭ്യാസം തന്നു. എന്റെ കുടുംബത്തിൽ ഏറ്റവും കൂടുതൽ വിവരം ഉള്ളത് എനിക്കാണെന്നായിരുന്നു എന്റെ തോന്നൽ. എന്നാൽ എസ്.പി.സി. കേഡറ്റായ എന്റെ ഇളയ മകന്റെ പ്രായോഗികബുദ്ധിക്കും, സമൂഹത്തെ കുറിച്ചുള്ള കാഴ്ചപ്പാടിനും മുന്നിൽ ഞാൻ ഒരു വട്ടപ്പൂജ്യമാണെന്ന് പലപ്പോഴും എനിക്ക് ബോധ്യപ്പെട്ടിട്ടുണ്ട്."*

*(രക്ഷിതാവ്, തിരുവനന്തപുരം ജില്ല)*

**പട്ടിക – 4.56**

**എസ്.പി.സി. യുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് രക്ഷിതാക്കളിൽനിന്ന് പരാതി ഉണ്ടായ സന്ദർഭങ്ങൾ.**

| സന്ദർഭങ്ങൾ | എണ്ണം | ശതമാനം(%) |
|---|---|---|
| അമിതമായ ശാരീരികവ്യായാമം | 0 | 0.00 |
| പഠനസമയം അപഹരിക്കുന്നു | 4 | 5.88 |
| ശനിയാഴ്ചയും പ്രവൃത്തിദിവസമാകുന്നു | 6 | 8.82 |
| മറ്റു പരാതികൾ | 4 | 5.88 |
| പരാതികൾ ഉണ്ടാകാറില്ല | 53 | 77.94 |

**പട്ടിക - 4.57**

**എസ്.പി.സി. യുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് രക്ഷിതാക്കളുടെ പ്രതികരണങ്ങൾ**

| പ്രതികരണങ്ങൾ | എണ്ണം | ശതമാനം(%) |
|---|---|---|
| ഇതുവരെ പരാതികളൊന്നും ലഭിച്ചിട്ടില്ല | 7 | 10.29 |
| ശനിയാഴ്ച ഉച്ചവരെ പരേഡ് വയ്ക്കുന്നതിനാൽ പഠന കാര്യങ്ങളിൽ ശ്രദ്ധിക്കാൻ കഴിയുന്നില്ല | 2 | 2.94 |
| അവധി ദിവസങ്ങളിലെ ക്യാമ്പുകൾ ഒഴിവാക്കണം | 1 | 1.47 |
| അടിസ്ഥാന സൗകര്യക്കുറവ് - പ്രത്യേക മുറി- വസ്ത്രം മാറ്റാനും മറ്റും അത്യാവശ്യമാണ് | 3 | 4.41 |

രക്ഷിതാക്കൾക്ക് എസ്.പി.സി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പരാതികൾ ഒന്നും തന്നെ ഉണ്ടാകാറില്ലെന്ന് അഭിപ്രായമാണ് 78% സി.പി.ഒമാർക്കും. എന്നാൽ ശനിയാഴ്ച പ്രവൃത്തി ദിവസമാകുന്നത് ഒഴുവാക്കണമെന്നും, എസ്.പി.സി പ്രവൃത്തനങ്ങൾ കൊണ്ട് പഠനസമയം നഷ്ടപ്പെടുന്നുണ്ടെന്നും, അവധിക്കാല ക്യാമ്പുകൾ ഒഴിവാക്കണമെന്നുമുള്ള അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്.

## (xxiii) എസ്.പി.സിയുടെ ഇടപെടൽ വേണമെന്ന് സമൂഹം ആവശ്യപ്പെട്ടമേഖലകൾ

എസ്.പി.സിയുടെ ഇടപെടൽ വേണമെന്ന് സമൂഹം ആവശ്യപ്പെട്ടമേഖലകളെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

*"സ്ഥിരമായി ചെയ്തു കൊണ്ടിരിക്കുന്ന പോലീസ് ഉദ്യോഗത്തിൽ നിന്ന് വിഭിന്നമായ ഒരു അനുഭവമാണ് എസ്.പി.സി. പദ്ധതിയിലൂടെ ലഭിക്കുന്നത്. ഒരുപാട് കുട്ടികളെയും രക്ഷിതാക്കളെയും അടുത്തറിയാനും നിരവധി കുട്ടികൾക്ക് ശരിയായ ദിശാബോധം നൽകാനുമുള്ള അവസരം പദ്ധതിയിൽ അംഗമായതിലൂടെ ലഭിച്ചു. "*

*(സൂരജ്, എ.ഡി.എൻ.ഒ., കൊച്ചിൻ സിറ്റി)*

**പട്ടിക - 4.58**

**എസ്.പി.സിയുടെ ഇടപെടൽ വേണമെന്ന് സമൂഹം ആവശ്യപ്പെട്ടമേഖലകൾ**

| പ്രതികരണങ്ങൾ | എണ്ണം | ശതമാനം(%) |
|---|---|---|
| പ്ലാസ്റ്റിക് നിർമ്മാർജനം | 4 | 5.88 |
| മദ്യം, മയക്കുമരുന്ന് ഉപയോഗത്തിനെതിരെ | 14 | 20.59 |
| ട്രാഫിക് ബോധവത്ക്കരണം | 13 | 19.12 |
| രക്ഷിതാക്കളുടെ അമിത മദ്യപാനത്തിനെതിരെ | 1 | 1.47 |
| ശുചീകരണ രംഗത്ത് | 7 | 10.29 |
| ജീവകാരുണ്യ പ്രവർത്തനങ്ങൾ | 13 | 19.12 |
| പാർശ്വവത്ക്കരിക്കപ്പെട്ട അംഗങ്ങളുടെ ഇടയിൽ പ്രവർത്തിക്കാൻ | 5 | 7.35 |
| ക്യാൻസർ ബോധവൽക്കരണം | 2 | 2.94 |
| സാമൂഹ്യപ്രശ്നങ്ങളിൽ ഇടപെടൽ | 1 | 1.47 |
| അച്ചടക്ക പ്രവർത്തനങ്ങൾ | 2 | 2.94 |
| പ്രകൃതിസംരക്ഷണം | 2 | 2.94 |
| വിദ്യാലയോത്സവങ്ങൾ | 1 | 1.47 |

എസ്.പി.സിയുടെ ഇടപെടൽവേണമെന്ന് പൊതുസമൂഹം ആവശ്യപ്പെടുന്നമേഖലകളിൽ പ്രമുഖ സ്ഥാനം മദ്യം, മയക്കുമരുന്ന് ഉപയോഗത്തിനെതിരെയുള്ള പ്രവർത്തനവും ട്രാഫിക് ബോധവൽക്കരണവും ജീവകാരുണ്യ പ്രവർത്തനങ്ങളും, പരിസരശുചീകരണവുമാണ്. ഇതോടൊപ്പം, പ്ലാസ്റ്റിക് നിർമ്മാർജനം, പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ഇടയിലുള്ള പ്രവർത്തനം, ക്യാൻസർ ബോധവൽക്കരണം, പ്രകൃതി സംരക്ഷണം, വിദ്യാലയതല പരിപാടികൾ എന്നിവയിലും ഇടപെടലുകൾ പ്രതീക്ഷിക്കുന്നതായി രേഖപ്പെടുത്തി.

### (xxiv) എസ്.പി.സിയുടെ പ്രവർത്തനങ്ങൾ നടത്തുന്നതിന് പോലീസ് അധികൃതരുടെ പിന്തുണ.

എസ്.പി.സി. യുടെ പ്രവർത്തനങ്ങൾ നടത്തുന്നതിന് പോലീസ് അധികൃതരുടെ പിന്തുണയെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

> *"സ്കൂളിൽ നടക്കുന്ന ഒട്ടുമിക്ക പരിപാടികൾക്കും ചുക്കാൻ പിടിക്കുന്നത് എസ്.പി.സി. കേഡറ്റുകളാണ്. ഏറ്റവും അഭിമാനകരമായ കാര്യം സ്റ്റുഡന്റ് പോലീസ് കേഡറ്റുകളുടെ പെരുമാറ്റവും, മറ്റു സ്വഭാവ സവിശേഷതകളും സ്കൂളിലെ ബാക്കിയുള്ള കുട്ടികൾ മാതൃകയാക്കുന്നു എന്നുള്ളതാണ്."*
>
> *(സി.പി.ഒ, തിരുവനന്തപുരം ജില്ല)*

**പട്ടിക - 4.59**

**എസ്.പി.സിയുടെ പ്രവർത്തനങ്ങൾ നടത്തുന്നതിന് പോലീസ് അധികൃതരുടെ പിന്തുണ**

| പ്രതികരണങ്ങൾ | എണ്ണം | ശതമാനം(%) |
|---|---|---|
| തൃപ്തികരമാണ് | 62 | 91.18 |
| അല്ല | 6 | 8.82 |
| ആകെ | 68 | 100.00 |

**പട്ടിക - 4.60**

| പ്രതികരണങ്ങൾ | എണ്ണം | ശതമാനം(%) |
|---|---|---|
| ഡി.ഐ.മാരുടെ ഇടപെടൽ ആവശ്യാനുസരണം ലഭ്യമാക്കണം | 8 | 11.76 |
| തൃപ്തികരമാണ്, എങ്കിലും കൂടുതൽ പങ്കാളിത്തം ആവശ്യമാണ് | 7 | 10.29 |
| ചില ഡി.ഐ.മാർക്ക് ഇതിനോട് (എസ്.പി.സി.) താൽപ്പര്യമില്ല. | 4 | 5.88 |
| പോലീസ് അധികാരികളുടെ ഇടവിട്ടുള്ള സന്ദർശനം അനിവാര്യ മാണ്. | 1 | 1.47 |
| ഡി.ഐ.മാരുടെ മറ്റ് ഡ്യൂട്ടികൾ ഒഴിവാക്കി പരേഡ് ദിവസങ്ങളിൽ നിർബ്ബന്ധമായും സ്കൂളിലെത്തുക. | 2 | 2.94 |

എസ്.പി.സിയുടെ പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തുന്നതിന് പോലീസ് അധികൃതരുടെ പിന്തുണ തൃപ്തികരമാണെന്ന് 91.18% അധ്യാപകർ അഭിപ്രായപ്പെട്ടപ്പോൾ 8.82% അധ്യാപകർ പോലീസിന്റെ പ്രവർത്തനങ്ങൾ ഇനിയും മെച്ചപ്പെടേണ്ടതുണ്ടെന്ന് സൂചിപ്പിച്ചു. മെച്ചപ്പെടലിനു വേണ്ടി ഡ്രിൽ ഇൻസ്ട്രക്ടർമാരുടെ സമയാസമയങ്ങളിലെ ഇടപെടൽ ആവശ്യമാണെന്ന് ചൂണ്ടി ക്കാണിച്ചു. ചില ഡ്രിൽ ഇൻട്രക്റ്റർമാർക്ക് ഈ പ്രവർത്തനങ്ങളോട് താൽപ്പര്യമില്ല എന്ന് ചുരുക്കം ചില അധ്യാപകർ അഭിപ്രായപ്പെട്ടു. മറ്റു ഡ്യൂട്ടിയുടെ തുടർച്ചയായി ഈ പ്രവർത്തനവും ഏറ്റെടു ക്കേണ്ടിവരുന്നു എന്നതാണ് ഇതിനു പ്രധാനകാരണം എന്നും രേഖപ്പെടുത്തി.

### (XXV) എസ്.പി.സി അംഗങ്ങളുടെ നിലവിലുളള തിരഞ്ഞെടുക്കൽ പ്രക്രിയയിൽ നിർദേശിച്ചമാറ്റങ്ങൾ

എസ്.പി.സി അംഗങ്ങളുടെ നിലവിലുളള തിരഞ്ഞെടുക്കൽ പ്രക്രിയയിൽ നിർദേശിച്ചമാറ്റങ്ങളെ കുറിച്ചുളള വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**പട്ടിക - 4.61**

**എസ്.പി.സി അംഗങ്ങളുടെ നിലവിലുളള തിരഞ്ഞെടുക്കൽ പ്രക്രിയയിൽ നിർദേശിച്ചമാറ്റങ്ങൾ**

| പ്രതികരണങ്ങൾ | എണ്ണം | ശതമാനം(%) |
|---|---|---|
| കായികക്ഷമത ഒരു പ്രധാന മേഖലയാക്കിയെടുക്കണം എഴുത്തുപരീക്ഷയും വേണം | 18 | 26.47 |
| മാതാപിതാക്കൾക്കും കുട്ടികൾക്കും ഇന്റർവ്യൂ വേണം | 5 | 7.35 |
| മാറ്റങ്ങളൊന്നുംതന്നെ ആവശ്യമില്ല | 17 | 25.00 |
| നിലവിൽ തിരഞ്ഞെടുപ്പിൽ അധ്യാപകന് റോൾ ഇല്ല. അതുണ്ടാവണം | 4 | 5.88 |

| | | |
|---|---|---|
| കുട്ടികളെ വ്യക്തിപരമായി തിരിച്ചറിഞ്ഞ് തിരഞ്ഞെടുക്കാൻ അവസരം ഉണ്ടാകണം | 7 | 10.29 |
| മോശമായി പെരുമാറുന്ന എസ്.പി.സി. യെ സേനയിൽ നിന്ന് പുറത്താക്കാൻ പറ്റുന്ന സത്യവാങ്മൂലം എഴുതിവാങ്ങണം | 1 | 1.47 |
| എസ്.സി./എസ്.ടി വിഭാഗം കുട്ടികൾക്ക് പ്രവേശനം ഉറപ്പാക്കണം | 2 | 2.94 |
| ഫോർമൽ ഇന്റർവ്യൂ സി.പി.ഒ./ എ.സി.പി.ഒ.മാരുടെ സെലക്ഷനിൽ നിർബ്ബന്ധമാക്കണം | 1 | 1.47 |

എസ്.പി.സി അംഗങ്ങളുടെ തിരഞ്ഞെടുപ്പിന്റെ പ്രധാന മേഖലയായി കായിക ക്ഷമതയോടൊപ്പം എഴുത്തുപരീക്ഷയും അനിവാര്യമാണെന്ന് 26.47% അധ്യാപകർ അഭിപ്രായപ്പെട്ടപ്പോൾ നിലവിലുള്ള രീതിക്ക് ഒരു മാറ്റവും ആവശ്യമില്ലെന്ന് 25% പേർ അഭിപ്രായപ്പെട്ടു. കുട്ടികളെ വ്യക്തിപരമായി തിരിച്ചറിഞ്ഞ് തിരഞ്ഞെടുക്കണം എന്ന് 10.29% പേർ സൂചിപ്പിച്ചപ്പോൾ മാതാപിതാക്കൾക്കും കുട്ടികൾക്കും ഇന്റർവ്യൂ നടത്തി തിരഞ്ഞെടുക്കണം എന്ന് 7.35% പേർ സൂചിപ്പിച്ചു. എസ്.സി./ എസ്.ടി കുട്ടികൾക്ക് പ്രവേശനം ഉറപ്പാക്കണമെന്ന് 3% പേർ ചൂണ്ടിക്കാണിച്ചു.

### (xxvi) സി.പി.ഒമാരുടെ പരിശീലനത്തിൽ വരുത്തേണ്ട മാറ്റങ്ങൾ

സി.പി.ഒമാരുടെ പരിശീലനത്തിൽ വരുത്തേണ്ട മാറ്റങ്ങളെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**പട്ടിക - 4.62**

**സി.പി.ഒ.മാരുടെ പരിശീലനത്തിൽ വരുത്തേണ്ട മാറ്റങ്ങൾ**

| പ്രതികരണങ്ങൾ | എണ്ണം | ശതമാനം(%) |
|---|---|---|
| മാറ്റം വരുത്തേണ്ടതില്ല | 8 | 11.76 |
| ഇനിയും മികച്ചരീതിയിലുള്ള പരിശീലനം ലഭിക്കണം | 7 | 10.29 |
| ഇടയ്ക്ക് റിഫ്രഷർ കോഴ്സ് നടത്തണം | 18 | 26.47 |
| ബെയ്സിക് ട്രെയ്നിംഗിനു ശേഷം അധിക ദിവസ പരിശീലനം ആവശ്യമില്ല | 3 | 4.41 |
| പരിശീലനത്തിൽ പങ്കെടുത്തിട്ടില്ല/ പരിശീലനത്തിന് വിളിച്ചിട്ടില്ല | 5 | 7.35 |
| വ്യക്തമായ ട്രെയ്നിങ് ഷെഡ്യൂൾ തയാറാക്കിനടപ്പിലാക്കണം | 6 | 8.82 |
| ഒരു മാസം കാലയളവുള്ള പരിശീലനം ലഭിക്കണം | 1 | 1.47 |
| പരേഡ് ഒഴിവാക്കി കൂടുതൽ ക്ലാസുകൾ ഉൾപ്പെടുത്തണം | 1 | 1.47 |
| ജില്ലാതലത്തിൽ പരിശീലനം നൽകണം | 1 | 1.47 |

എസ്.പി.സി അധ്യാപകർക്ക് ഇടയ്ക്ക് റിഫ്രഷർ കോഴ്സ് നൽകണം എന്ന് 26.47% പേർ ആവശ്യപ്പെട്ടു. നിലവിലുള്ള പരിശീലനത്തിൽ ഒരു മാറ്റവും വേണ്ട എന്ന് 11.76% പേർ അഭിപ്രായപ്പെട്ടപ്പോൾ മികച്ചരീതിയിലുള്ള പരിശീലനം ലഭിക്കണമെന്ന് 10.29% പേർ ആവശ്യപ്പെട്ടു. ഇതുവരെ ഒരു പരിശീലനത്തിലും പങ്കെടുക്കാത്ത 7.35% പേർ എസ്.പി.സിയിൽ അധ്യാപകരായിട്ടുണ്ട് എന്ന് കാണാൻ കഴിഞ്ഞു. വ്യക്തമായ ഒരു ട്രെയിനിംഗ് ഷെഡ്യൂൾ തയാറാക്കി വേണം പരിശീലനം നടത്താൻ എന്ന് 8.82% പേർ അഭിപ്രായപ്പെട്ടു.

## (xxvii) സ്കൂളിലെ അക്കാദമിക പ്രവർത്തനങ്ങൾ നടത്താൻ എസ്.പി.സി ചുമതല സൃഷ്ടിക്കുന്ന തടസ്സങ്ങളും മറികടക്കുന്ന രീതികളും

സ്കൂളിലെ അക്കാദമിക പ്രവർത്തനങ്ങൾ നടത്താൻ എസ്.പി.സി ചുമതല തടസ്സമാക്കുന്നുണ്ടോ എന്നതിനെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**പട്ടിക - 4.63**

**സ്കൂളിലെ അക്കാദമിക പ്രവർത്തനങ്ങൾ നടത്താൻ എസ്.പി.സി ചുമതല ഉളവാക്കുന്ന തടസ്സങ്ങൾ**

| | എണ്ണം | ശതമാനം(%) |
|---|---|---|
| ഉണ്ട് | 24 | 35.29 |
| ഇല്ല | 44 | 64.71 |
| ആകെ | 68 | 100.00 |

സ്കൂളിലെ അക്കാദമിക പ്രവർത്തനങ്ങൾ നടത്താൻ എസ്.പി.സി ചുമതല തടസ്സമാകുന്നുണ്ടെങ്കിൽ അതിനെ മറികടക്കുന്നതെങ്ങനെ എന്നതിനെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**പട്ടിക – 4.64**

| പ്രതികരണങ്ങൾ | എണ്ണം | ശതമാനം(%) |
|---|---|---|
| സമയക്രമീകരണം നടത്തുന്നു | 5 | 7.35 |
| ക്ലാസ് കൈകാര്യം ചെയ്യുന്നതിന് മറ്റുള്ള അധ്യാപകരുടെ സഹായം തേടുന്നു | 8 | 11.76 |
| അധികസമയം കണ്ടെത്തുന്നു. | 4 | 5.8 |

എസ്.പി.സിയുടെ ചുമതല സ്കൂളിലെ അക്കാദമിക പ്രവർത്തനങ്ങൽ നടത്താൻ തടസ്സമാകുന്നില്ല എന്ന് (64.7%) അഭിപ്രായപ്പെട്ടപ്പോൾ (35.29%) പേർ തടസ്സമാകുന്നു എന്ന് അഭിപ്രായപ്പെട്ടു. എസ്.പി.സിക്ക് കൂടുതൽ സമയം വിനിയോഗിക്കുന്നതിനാൽ മറ്റ് പ്രവർത്തനങ്ങൾ തടസ്സപ്പെടുന്നു എന്നും എസ്.എസ്.എൽ.സിക്ക് പ്രത്യേകക്ലാസുകൾ എടുക്കാൻ കഴിയുന്നില്ല എന്നും ചുരുക്കം ചില അധ്യാപകർ രേഖപ്പെടുത്തി.

ഇത് പരിഹരിക്കാൻ മറ്റ് അധ്യാപകരുടെ സഹായം 11.76% പേർ തേടിയപ്പോൾ 7.35% പേർ സമയം ക്രമീകരണം നടത്തി ഈ പ്രശ്നത്തിന് പരിഹാരം കണ്ടെത്തി. പഠനത്തിൽ പങ്കെടുത്ത 5.8% പേർ അധിക സമയം കണ്ടെത്തി ഈ പ്രശ്നം പരിഹരിക്കുന്നതായി പഠനം സൂചിപ്പിക്കുന്നു.

## (xxviii) എസ്.പി.സിയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നിർദേശങ്ങൾ

എസ്.പി.സിയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നിർദേശങ്ങളെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

പട്ടിക - 4.65

**എസ്.പി.സിയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നിർദേശങ്ങൾ**

| പ്രതികരണങ്ങൾ | എണ്ണം | ശതമാനം(%) |
|---|---|---|
| മാനുവലുകൾ മലയാളത്തിൽ പ്രസിദ്ധം ചെയുക | 3 | 4.41 |
| ഫണ്ട് കൂടുതൽ അനുവദിക്കുക | 21 | 30.88 |
| മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്നവരെ അംഗീകരിക്കുക | 6 | 8.82 |
| പ്രവർത്തനകലണ്ടർ പ്രസ്തുത വിദ്യാലയത്തിൽ തന്നെ തയാറാക്കുക | 4 | 5.88 |
| എല്ലാ കുട്ടികൾക്കും എല്ലാ ക്യാമ്പിലും പങ്കെടുക്കാനുള്ള അവ സരം നൽകുക. | 3 | 4.41 |
| അധ്യാപകർക്ക് ലീവ് സറണ്ടർ ആനുകൂല്യം ലഭ്യമാക്കുക | 1 | 1.47 |
| എല്ലാ മാസവും ജില്ലാതല റിവ്യൂ മീറ്റിംഗ് സംഘടിപ്പിക്കുക | 1 | 1.47 |
| നല്ല ഫാക്കൽറ്റികളെ കണ്ടെത്തി വിദ്യാലയത്തിൽ എത്തിക്കുക | 4 | 5.88 |
| വേതനം വർദ്ധിപ്പിക്കുക. | 6 | 8.82 |
| ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുക | 2 | 2.94 |
| ശനിയാഴ്ച മാത്രം പ്രവർത്തനങ്ങൾ നടത്തുക | 1 | 1.47 |
| അധ്യാപക കൂട്ടായ്മ എസ്.പി.സി. യുടെ കാര്യത്തിലും വേണം | 2 | 2.94 |
| രണ്ടിലധികം വർഷം എസ്.പി.സി.യിൽ തുടരാൻ അനുവദിക്കുക | 1 | 1.47 |
| വനിത ഡി.ഐ.മാരെ കൃത്യമായി ലഭ്യമാക്കുക | 2 | 2.94 |
| ഹോണറേറിയം വർധിപ്പിക്കുക | 1 | 1.47 |
| കുട്ടികൾക്കുള്ള ലഘുഭക്ഷണ ബത്ത വർധിപ്പിക്കുക | 4 | 5.88 |
| സമൂഹബന്ധ പ്രവർത്തനങ്ങൾ കൂടുതൽ ഉൾപ്പെടുത്തുക | 1 | 1.47 |

എസ്.പിസിയുടെ പ്രവർത്തനം ഫലപ്രദമായി നടക്കണമെങ്കിൽ ആവശ്യമായ ഫണ്ട് അനുവദിക്കണമെന്ന് 30.88% പേർ അഭിപ്രായപ്പെട്ടു. മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്നവരെ അംഗീകരിക്കുക സി.പി.ഒമാരുടെ വേതനം വർധിപ്പിക്കുക. എസ്.പി.സിയുടെ പ്രവർത്തനകലണ്ടർ പ്രസ്തുത വിദ്യാലയത്തിൽ തയാറാക്കുക, നല്ല ഫാക്കൽറ്റി അംഗങ്ങളെ കണ്ടെത്തി വിദ്യാലയത്തിൽ എത്തിക്കുക, കുട്ടികൾക്കുള്ള ലഘുഭക്ഷണബത്ത വർധിപ്പിക്കുക. എല്ലാ കേഡറ്റുകൾക്കും ജില്ലാതല ക്യാമ്പിൽ പങ്കെടുക്കാൻ അവസരം നൽകുക, മാനുവലുകൾ മലയാളത്തിൽ പ്രസിദ്ധീകരിക്കുക എന്നിവയും രേഖപ്പെടുത്തിയിരിക്കുന്നു. വനിത ഡി.ഐ.മാരെ കൃത്യമായി ലഭ്യമാക്കുക, ബോധവൽക്കരണ ക്ലാസുകൾ നടത്തുക, അധ്യാപക കൂട്ടായ്മ എസ്.പി.സിയുടെ കാര്യത്തിലും നടത്തുക, എന്നിവയിലും. അധ്യാപകരുടെ ആനുകൂല്യം വർധിപ്പിക്കുക, ലീവ് സറണ്ടർ അനുവദിക്കുക, രണ്ടിലധികം വർഷം എസ്.പി.സിയിൽ തുടരാൻ അനുവദിക്കുക എന്നിവയാണ് മുന്നോട്ട് വച്ച മറ്റു ചില നിർദേശങ്ങൾ.

## III - അധ്യാപകർക്കുള്ള ചോദ്യാവലിയുടെ വിശകലനം

ആകെ 71 അധ്യാപകരാണ് ഈ ചോദ്യാവലി പൂരിപ്പിച്ചത്. അതിൽ 37 അധ്യാപകരും 38 അധ്യാപികമാരും ഉൾപ്പെടുന്നു. എസ്.പി.സി. പദ്ധതി നിലവിൽ വന്നതിന് ശേഷം സ്കൂളിലുണ്ടായ മാറ്റങ്ങളെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## പട്ടിക - 4.66

### എസ്. പി. സി. പദ്ധതിയുമായി ബന്ധപ്പെട്ട് അധ്യാപകരുടെ പ്രതികരണം

| ഇനം | ഉണ്ട് | ഇല്ല |
|---|---|---|
| സ്കൂളിൽഎസ്.പി.സി. പദ്ധതി നിലവിൽ വന്നതിന് ശേഷം സ്കൂളിന് മികവുകൾ ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽ പെട്ടി ട്ടുണ്ടോ? | 71 (100.00) | 0 (0.00) |
| എസ്.പി.സി.യിലൂടെ പരിശീലനം ലഭിക്കുന്ന കുട്ടികൾക്ക് അവ രുടെ സഹപാഠികളോടും അധ്യാപകരോടുമുള്ള പെരുമാറ്റത്തിൽ എന്തെങ്കിലും പ്രകടമായ വ്യത്യാസം കാണുന്നുണ്ടോ? | 69 (97.18) | 2 (2.82) |
| എസ്.പി.സി.യുടെ പരിശീലനം ക്ലാസ്റൂം പ്രവർത്തനങ്ങളെ ബാധി ക്കാറുണ്ടോ? | 10 (14.08) | 61 (85.92) |
| എസ്.പി.സി.പരിശീലനത്തിലൂടെകുട്ടികളിൽഗുണപരമായമാറ്റങ്ങൾ ഉണ്ടായിട്ടുള്ളതായി കണ്ടിട്ടുണ്ടോ? | 71 (100.00) | 0 (0.00) |
| എസ്.പി.സി.പരിശീലനത്തിന്റെ ഭാഗമായികേഡറ്റുകൾക്ക് ഉണ്ടായ മാറ്റങ്ങൾ സഹപാഠിതാക്കളെസ്വാധീനിക്കുന്നുണ്ടോ? | 63 (88.73) | 6 (8.45) |
| എസ്.പി.സി.യുടെ സി.പി.ഒ ആയിചുമതലഏറ്റെടുക്കുവാൻ താൽപ്പ ര്യമുണ്ടോ? | 9 (12.68) | 62 (87.32) |
| എസ്.പി.സി. പ്രവർത്തനങ്ങളുടെഗുണഫലങ്ങൾ സ്കൂളിലെഎല്ലാ കുട്ടികൾക്കുംലഭിക്കും വിധം വ്യാപിപ്പിക്കേണ്ടതുണ്ടോ? | 65 (91.55) | 6 (8.45) |

എസ്.പി.സി പദ്ധതി നിലവിൽ വന്നശേഷം വിദ്യാലയങ്ങൾക്ക് മികവുകൾ ഉണ്ടായതായി എല്ലാ അധ്യാപകരും (100%) അഭിപ്രായപ്പെടുന്നു.

എസ്.പി.സി പരിശീലനം ലഭിക്കുന്ന കുട്ടികൾ അവരുടെ സഹപാഠികളോടും അധ്യാപകരോടുമു ള്ള പെരുമാറ്റത്തിൽ പ്രകടമായ ഗുണാത്മകമാറ്റം കാണിക്കുന്നതായി ഒട്ടുമിക്ക അധ്യാപകരും (97.18%) അഭിപ്രായപ്പെടുന്നു.

എസ്.പി.സി പരിശീലനം ക്ലാസ്റൂം പ്രവർത്തനങ്ങളെ ബാധിക്കാറില്ലെന്ന് ഭൂരിപക്ഷം അധ്യാപകരും (85%) അഭിപ്രായപ്പെട്ടു. അതേസമയം 14% അധ്യാപകർ എസ്.പി.സി പ്രവർത്തനങ്ങൾ ക്ലാസ് റൂം പ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ടെന്ന് കരുതുന്നവരാണ്.

എസ്.പി.സി പരിശീലനത്തിലൂടെ കുട്ടികളിൽ ഗുണപരമായ മാറ്റങ്ങൾ ഉണ്ടായതായി ദത്തശേഖര ണത്തിൽ പങ്കെടുത്ത എല്ലാ അധ്യാപകരും അഭിപ്രായപ്പെട്ടു.

എസ്.പി.സി കേഡറ്റുകൾക്കുണ്ടായ ഗുണപരമായ മാറ്റങ്ങൾ സഹപാഠികളെ സ്വാധീനിക്കുന്ന തായി മിക്ക അധ്യാപകരും (88.73%) രേഖപ്പെടുത്തിയിട്ടുണ്ട്. കേവലം 8.45% മാത്രമാണ് അത്തരം സ്വാധീനം ഇല്ല എന്ന് കരുതുന്നവർ.

എസ്.പി.സിയുടെ സി.പി.ഒ ആയി ചുമതല ഏൽക്കുവാൻ താൽപ്പര്യമുണ്ടോ എന്ന ചോദ്യത്തിന് സന്നദ്ധരല്ല എന്നാണ് ഒട്ടുമിക്ക അധ്യാപകരും (87.32%) പ്രതികരിച്ചത്.

എസ്.പി.സി യുടെ ഗുണഫലങ്ങൾ സ്കൂളിലെ എല്ലാ കുട്ടികൾക്കും ലഭിക്കുംവിധം വ്യാപിപ്പിക്കേ ണ്ടതുണ്ടെന്ന് ബഹുഭൂരിപക്ഷം അധ്യാപകരും (91.55%) അഭിപ്രായപ്പെട്ടു.

## (i) സ്കൂളിൽ എസ്.പി.സി. പദ്ധതി നിലവിൽ വന്നതിന് ശേഷം സ്കൂളിന് മികവുകൾ ഉണ്ടായിട്ടുള്ള മേഖലകൾ

സ്കൂളിൽ എസ്.പി.സി. പദ്ധതി നിലവിൽ വന്നതിന് ശേഷം സ്കൂളിന് മികവുകൾ ഉണ്ടായിട്ടുള്ള മേഖലകളെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**പട്ടിക - 4.67**

**സ്കൂളിൽ എസ്.പി.സി. പദ്ധതി നിലവിൽ വന്നതിന് ശേഷം സ്കൂളിന് മികവുകൾ ഉണ്ടായിട്ടുള്ള മേഖലകൾ**

| മേഖലകൾ | എണ്ണം | ശതമാനം (%) |
|---|---|---|
| വ്യക്തിശുചിത്വം | 71 | 100.00 |
| പരിസര ശുചിത്വം | 71 | 100.00 |
| സ്വയമുള്ള അച്ചടക്കം | 71 | 100.00 |
| സഹകരണ ബോധം (സേവനസന്നദ്ധത, ജനാധിപത്യബോധം, ഉത്തരവാദിത്വബോധം) | 45 | 63.38 |
| കൃത്യനിഷ്ഠ | 35 | 49.30 |
| പഠനമികവ് | 16 | 22.54 |
| കായികക്ഷമത | 11 | 15.49 |
| കുട്ടികളുടെ എണ്ണത്തിലുള്ള വർധനവ് | 1 | 1.41 |

വ്യക്തി ശുചിത്വം, പരിസരശുചിത്വം ഇവ പാലിക്കുന്നതിൽ മുന്നേറ്റമുണ്ടായിട്ടുണ്ട് എന്നാണ് എല്ലാ അധ്യാപകരും പറയുന്നത്. സ്വയം അച്ചടക്കം പാലിക്കുന്നു എന്ന് അഭിപ്രായപ്പെടുന്നവരും 100 ശതമാനമാണ്. വിദ്യാർഥികൾ സഹകരണബോധം, സേവനസന്നദ്ധത, ജനാധിപത്യബോധം ഉത്തരവാദിത്വബോധം തുടങ്ങിയ മേഖലകളിൽ മികവു പുലർത്തുന്നു എന്ന് ചൂണ്ടിക്കാണിച്ചിട്ടുള്ളത് 63.38% അധ്യാപകരാണ്. വിദ്യാർഥികളുടെ കൃത്യനിഷ്ഠ, നേതൃത്വപാടവം, നിയമബോധം എന്നിവ മെച്ചപ്പെട്ടിട്ടുണ്ട് എന്ന് (49.30%) അധ്യാപകരും രേഖപ്പെടുത്തി. പഠനമികവ് ഉണ്ടായിട്ടുണ്ട് എന്ന് 22.54% അധ്യാപകരും കായികക്ഷമത വർധിച്ചിട്ടുണ്ട് എന്ന് 15.49% അധ്യാപകരും അഭിപ്രായപ്പെടുന്നു. കുട്ടികളുടെ എണ്ണം വർധിച്ചിട്ടുണ്ട് എന്ന് പറഞ്ഞത് ഒരാൾ മാത്രമാണ്.

## (ii) സഹപാഠികളോടും അധ്യാപകരോടുമുള്ള പെരുമാറ്റത്തിൽ പ്രകടമായ ഗുണകരമായ വ്യത്യാസം വന്ന മേഖല

സഹപാഠികളോടും അധ്യാപകരോടുമുള്ള പെരുമാറ്റത്തിൽ പ്രകടമായ ഗുണകരമായ വ്യത്യാസം വന്ന മേഖലകളെകുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## പട്ടിക - 4.68

**സഹപാഠികളോടും അധ്യാപകരോടുമുള്ള പെരുമാറ്റത്തിൽ പ്രകടമായ ഗുണകരമായ വ്യത്യാസം വന്ന മേഖല**

| മേഖലകൾ | എണ്ണം | ശതമാനം (%) |
|---|---|---|
| അച്ചടക്കം/ കൃത്യനിഷ്ഠ/ ആത്മവിശ്വാസം | 22 | 30.99 |
| സഹകരണം/ സഹായം, സേവനസന്നദ്ധത | 25 | 35.21 |
| ബഹുമാനം | 37 | 52.11 |
| പ്രശ്നങ്ങളിൽ പ്രതികരണം | 5 | 7.04 |

എസ്.പി.സി കേഡറ്റുകളായ വിദ്യാർഥികൾ അധ്യാപകരോട് ബഹുമാനത്തോടെ പെരുമാറുന്നു എന്ന് 52.11% അധ്യാപകർ അഭിപ്രായപ്പെട്ടു. മറ്റ് വിദ്യാർഥികളോട് സഹകരണമനോഭാവത്തോടെയും സേവനസന്നദ്ധതയോടെയും പ്രവർത്തിക്കുന്നു എന്ന് പറഞ്ഞിട്ടുള്ളത് 35.21% അധ്യാപകരാണ്. എസ്.പി.സി കേഡറ്റുകൾ ആത്മവിശ്വാസത്തോടെ അധ്യാപകരോടും സഹപാഠികളോടും ഇടപഴകുന്നു എന്ന് അഭിപ്രായപ്പെട്ടിട്ടുള്ളത് 30.99% അധ്യാപകരാണ്.

### (iii) എസ്.പി.സി.പരിശീലനത്തിലൂടെ കുട്ടികളിൽ ഉണ്ടായിട്ടുള്ള ഗുണപരമായ മാറ്റങ്ങൾ

എസ്.പി.സി.പരിശീലനത്തിലൂടെ കുട്ടികളിൽ ഉണ്ടായിട്ടുള്ള ഗുണപരമായ മാറ്റങ്ങളെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## പട്ടിക - 4.69

**എസ്.പി.സി.പരിശീലനത്തിലൂടെ കുട്ടികളിൽ ഉണ്ടായിട്ടുള്ള ഗുണപരമായ മാറ്റങ്ങൾ**

| ഗുണപരമായ മാറ്റങ്ങൾ | എണ്ണം | ശതമാനം |
|---|---|---|
| നേതൃത്വപാടവം | 24 | 33.80 |
| കായികക്ഷമത | 31 | 43.66 |
| സാമൂഹ്യ ബോധം, സഹകരണമനോഭാവം, സേവനസന്നദ്ധത | 31 | 43.66 |
| നിയമംപാലിക്കൽ, പൗരബോധം | 11 | 15.49 |
| പരസ്പരബഹുമാനം | 5 | 7.04 |
| അച്ചടക്കം | 35 | 49.30 |
| പ്രശ്നങ്ങൾ പങ്കുവയ്ക്കൽ | 9 | 12.68 |
| പഠനമികവ് | 11 | 15.49 |
| സർഗാത്മകത | 8 | 11.27 |
| ശുചിത്വം, കൃത്യനിഷ്ഠ | 21 | 29.58 |

പകുതിയോളം അധ്യാപകരുടെ അഭിപ്രായത്തിൽ എസ്.പി.സി പരിശീലനം വഴി വിദ്യാർഥികളിൽ നേതൃത്വപാടവം കായികക്ഷമത, സാമൂഹ്യബോധം, സേവനസന്നദ്ധത, അച്ചടക്കം, ശുചിത്വം എന്നീ ഗുണങ്ങൾ രൂപപ്പെട്ടിട്ടുണ്ട്. ഇവ കൂടാതെ അധ്യാപകർ രേഖപ്പെടുത്തിയ മറ്റ് മാറ്റങ്ങൾ പരസ്പരബഹുമാനം, നിയമം പാലിക്കൽ പൗരബോധം, പഠനമികവ് സർഗാത്മകത, പ്രശ്നം പങ്കുവയ്ക്കൽ എന്നിവയാണ്.

## (iv) എസ്.പി.സി.പ്രവർത്തനങ്ങളിൽ അധ്യാപകർ പങ്കാളികളായ പ്രവർത്തനങ്ങൾ

എസ്.പി.സി.പ്രവർത്തനങ്ങളിൽ അധ്യാപകർ പങ്കാളികളായ പ്രവർത്തനങ്ങളെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**പട്ടിക - 4.70**

**എസ്.പി.സി.പ്രവർത്തനങ്ങളിൽ അധ്യാപകർ പങ്കാളികളായ പ്രവർത്തനങ്ങൾ**

| പ്രവർത്തനങ്ങൾ | എണ്ണം | ശതമാനം (%) |
|---|---|---|
| ബോധവൽക്കരണ ക്ലാസുകൾ | 21 | 29.58 |
| ശുചീകരണം | 8 | 11.27 |
| ക്യാമ്പ് സഹായം, ഉപദേശം | 44 | 61.97 |
| ഫീൽഡ്ട്രിപ്പ് (ശിശുഭവൻ, വൃദ്ധസദനം ) | 15 | 21.13 |
| സാമൂഹ്യ സേവനം | 3 | 4.23 |
| തെരുവു നാടകം, നീന്തൽ, തടയണനിർമാണം, കൃഷി | 8 | 11.27 |
| ദിനാചരണം | 13 | 18.31 |

എസ്.പി.സി പ്രവർത്തനങ്ങളിൽ ഭൂരിപക്ഷം അധ്യാപകരും പങ്കെടുത്തിട്ടുള്ള പ്രവർത്തനം എസ്.പി.സി ക്യാമ്പുകളാണ്. 21 അധ്യാപകർ ബോധവൽക്കരണക്ലാസുകളിൽ ഭാഗഭാക്കായപ്പോൾ 15 പേർ ഫീൽഡ്ട്രിപ്പുകൾ, സ്ഥാപനങ്ങൾ സന്ദർശനം തുടങ്ങിയ പ്രവർത്തനങ്ങളിൽ സഹകരിച്ചു. ദിനാചരണങ്ങൾ, ശുചീകരണം, കൃഷി, സാമൂഹ്യസേവനം തുടങ്ങിയ പ്രവർത്തനങ്ങളിൽ ഏതാനും ചിലർ പങ്കാളികളായിട്ടുണ്ട്. ഇവ കൂടാതെ മറ്റാധ്യാപകരുടെ സഹകരണത്തോടെ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളാണ് തെരുവുനാടകം, നീന്തൽ പരിശീലനം തുടങ്ങിയവ.

## (v) എസ്.പി.സി.പരിശീലനത്തിന്റെ ഭാഗമായി കേഡറ്റുകൾക്ക് ഉണ്ടായ സഹപഠിതാക്കളെ സ്വാധീനിക്കുന്ന മാറ്റങ്ങൾ

എസ്.പി.സി.പരിശീലനത്തിന്റെ ഭാഗമായി കേഡറ്റുകൾക്ക് ഉണ്ടായ സഹപഠിതാക്കളെ സ്വാധീനിക്കുന്ന മാറ്റങ്ങളെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**പട്ടിക - 4.71**

**എസ്.പി.സി.പരിശീലനത്തിന്റെ ഭാഗമായി കേഡറ്റുകൾക്ക് ഉണ്ടായ സഹപഠിതാക്കളെ സ്വാധീനിക്കുന്ന മാറ്റങ്ങൾ**

| സ്വാധീനിക്കുന്ന മാറ്റങ്ങൾ | എണ്ണം | ശതമാനം(%) |
|---|---|---|
| ക്ലാസ്റൂം നിയന്ത്രണം, അച്ചടക്കം, അനുസരണ തുടങ്ങിയ ഗുണങ്ങൾ മാതൃകയാകുന്നു | 19 | 26.76 |
| എസ്.പി.സി. പ്രവർത്തനങ്ങൾ അനുകരിക്കുന്നു | 17 | 23.94 |
| ശുചിത്വ, പരിസ്ഥിതി പ്രവർത്തനങ്ങൾ | 5 | 7.04 |
| നേതൃത്വഗുണം, കൂട്ടായ്മ, സേവനപ്രവർത്തനങ്ങൾ | 12 | 16.90 |
| ചിട്ടയായ പ്രവർത്തനം | 3 | 4.23 |
| സഹപഠിതാക്കളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നു | 6 | 8.45 |
| സഹപഠിതാക്കളെ പഠനത്തിൽ സഹായിക്കുന്നു | 4 | 5.63 |
| ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്നു | 6 | 8.45 |
| നിയമപാലകരെ ബഹുമാനിക്കുന്നു | 1 | 1.41 |

കേഡറ്റുകളുടെ അച്ചടക്കം അനുസരണ തുടങ്ങിയ ഗുണങ്ങൾ സഹപാഠികൾ മാതൃകയാക്കുന്നു എന്ന് ചില അധ്യാപകരും (26.76%) എസ്.പി.സി കുട്ടികളുടെ പ്രവർത്തനങ്ങളെ മറ്റുള്ളവർ അനുകരിക്കുന്നു എന്ന് മറ്റൊരു വിഭാഗം അധ്യാപകരും (23.94%) സൂചിപ്പിക്കുന്നു. കേഡറ്റുകളുടെ നേതൃത്വപാടവവും സേവന പ്രവർത്തനങ്ങളും സഹപഠിതാക്കളെ ആകർഷിക്കുന്നതായി ഒരു ചെറിയ വിഭാഗം അഭിപ്രായപ്പെടുന്നു.

### (vi) സി.പി.ഒ ആയി ചുമതല ഏറ്റെടുക്കുവാൻ താൽപ്പര്യത്തിനുള്ള കാരണങ്ങൾ

സി.പി.ഒ. ആയി ചുമതല ഏറ്റെടുക്കുവാൻ താൽപ്പര്യത്തിനുള്ള കാരണങ്ങളെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**പട്ടിക - 4.72**

**സി.പി.ഒ ആയി ചുമതല ഏറ്റെടുക്കുവാൻ താല്പര്യത്തിനുള്ള കാരണങ്ങൾ**

| കാരണങ്ങൾ | എണ്ണം | ശതമാനം(%) |
|---|---|---|
| സ്വന്തം വ്യക്തിത്വവികാസത്തിനുള്ള അവസരം | 2 | 2.82 |
| സ്കൂളിന്റേയും വിദ്യാർഥികളുടേയും വളർച്ചയ്ക്കു സഹായിക്കുന്ന പദ്ധതിയുടെ ഭാഗമാകുക. | 5 | 7.04 |
| എസ്.പി.സി. യുടെ ആകർഷകമായ പ്രവർത്തനരീതി. പോലീസ് ഫോഴ്സിനോടുള്ള ബഹുമാനം | 4 | 5.63 |

സി.പി.ഒ യുടെ ചുമതല ഏറ്റെടുക്കാൻ സന്നദ്ധരല്ല എന്ന് ബഹുഭൂരിപക്ഷം അധ്യാപകരും പ്രതികരിച്ചപ്പോൾ ഒരു ചെറിയ വിഭാഗം അധ്യാപകർ സന്നദ്ധരാകുന്നതിന് കാരണമായി പറഞ്ഞിട്ടുള്ളത് സ്വന്തം വ്യക്തിത്വവികാസത്തിനുള്ള അവസരം ലഭിക്കുന്നതോടൊപ്പം വിദ്യാർഥികളുടെയും സ്കൂളിന്റേയും പുരോഗതിക്ക് സഹായകമായ പദ്ധതിയിൽ പങ്കാളിയാകാനുമുള്ള അവസരം ലഭിക്കുന്നു എന്നതാണ്. ആകർഷകമായ പ്രവർത്തനരീതിയും, പോലീസ് നോടുള്ള ബഹുമാനവും ഇവ രേഖപ്പെടുത്തിയ മറ്റു കാരണങ്ങളാണ്.

### (vii) എസ്.പി.സി.ഡ്രിൽ ഇൻസ്ട്രക്ടർമാരുംകുട്ടികളുമായുള്ള ഇടപെടലുകൾ

എസ്.പി.സി.ഡ്രിൽ ഇൻസ്ട്രക്ടർമാരുംകുട്ടികളുമായുള്ള ഇടപെടലുകൾ കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**പട്ടിക - 4.73**

**എസ്.പി.സി.ഡ്രിൽ ഇൻസ്ട്രക്ടർമാരും കുട്ടികളുമായുള്ള ഇടപെടലുകൾ**

| പ്രതികരണം | എണ്ണം | ശതമാനം (%) |
|---|---|---|
| തൃപ്തികരം | 66 | 92.96 |
| മെച്ചപ്പെടേണ്ടതുണ്ട് | 5 | 7.04 |
| തൃപ്തികരമല്ല | 0 | 0.00 |
| ആകെ | 71 | 100.00 |

എസ്.പി.സി ഡ്രിൽ ഇൻസ്ട്രക്ടർമാരുടെ കുട്ടികളുമായുള്ള ഇടപെടൽ തൃപ്തികരമാണെന്ന് ഭൂരിപക്ഷം (92.96%) അധ്യാപകരും അഭിപ്രായപ്പെട്ടപ്പോൾ മെച്ചപ്പെടേണ്ടതുണ്ടെന്ന് 7% പേർ സൂചിപ്പിച്ചു.

### (iii) എസ്.പി.സി യുടെ ഗുണഫലങ്ങൾ എല്ലാ കുട്ടികൾക്കും ലഭിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

എസ്.പി.സി യുടെ ഗുണഫലങ്ങൾ എല്ലാ കുട്ടികൾക്കും ലഭിക്കുന്നതിനുള്ള നിർദേശങ്ങളെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**പട്ടിക – 4.74**

**എസ്.പി.സി യുടെ ഗുണഫലങ്ങൾ എല്ലാ കുട്ടികൾക്കും ലഭിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ**

| നിർദ്ദേശങ്ങൾ | എണ്ണം | ശതമാനം (%) |
|---|---|---|
| ബോധവൽക്കരണ ക്ലാസുകളിൽ പങ്കെടുക്കാനവസരം | 19 | 26.76 |
| ക്യാമ്പുകളിൽ പങ്കെടുക്കാൻ അവസരം (എസ്.പി.സി. കുട്ടികൾ മറ്റ് കുട്ടികൾക്ക് ക്യാമ്പ് നടത്തുക) | 16 | 22.54 |
| പരേഡ്, ഡ്രില്ല് എന്നിവയിൽ പങ്കെടുക്കുവാൻ അവസരം | 4 | 5.63 |
| എസ്.പി.സി. യിൽ കൂടുതൽ കുട്ടികളെ ഉൾപ്പെടുത്തുക | 16 | 22.54 |

എസ്.പി.സി പ്രവർത്തനങ്ങളുടെ ഭാഗമായി നടത്തുന്ന ബോധവൽക്കരണക്ലാസുകളിലും ക്യാമ്പുകളിലും ഡ്രിൽ,പരേഡ് തുടങ്ങിയവയിലും പങ്കെടുക്കാൻ എല്ലാ കുട്ടികളെയും അനുവദിക്കുന്നതിലൂടെ സ്കൂളിലെ എല്ലാ കുട്ടികൾക്കും അതിന്റെ ഗുണഫലം ലഭിക്കും എന്ന് ചില അധ്യാപകർ അഭിപ്രായപ്പെടുന്നു. സ്കൂളിലെ മറ്റു കുട്ടികളെയും എസ്. പി. സി. ക്യാമ്പിൽ പങ്കെടുപ്പിക്കണെമെന്നും (26.76%), എസ്.പി.സി യിൽ കൂടുതൽ കുട്ടികളെ ഉൾപ്പെടുത്തണമെന്നും (22.54%) അധ്യാപകർ നിർദേശിച്ചിട്ടുണ്ട്.

### സ്കൂളിലെ മറ്റ് പദ്ധതികളിൽ നിന്നും എസ്.പി.സി. വ്യത്യസ്തമാകുന്നതിനുള്ള കാരണം

സ്കൂളിലെ മറ്റ് പദ്ധതികളിൽ നിന്ന് എസ്.പി.സി. വ്യത്യസ്തമാകുന്നതിനെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**പട്ടിക – 4.75**

**സ്കൂളിലെ മറ്റ് പദ്ധതികളിൽ നിന്ന് എസ്.പി.സി. വ്യത്യസ്തമാകുന്നത്**

| പ്രതികരണങ്ങൾ | എണ്ണം | ശതമാനം(%) |
|---|---|---|
| സ്കൂളിലും സമൂഹത്തിലും എസ്.പി.സി. യുടെ പങ്കാളിത്തം കൂടുതലാണ് | 7 | 9.86 |
| പോലീസിന്റെയും രക്ഷിതാക്കളുടെയും പങ്കാളിത്തം | 15 | 21.13 |
| കൃത്യനിഷ്ഠയോടും ചിട്ടയോടും ഉള്ള പ്രവർത്തനങ്ങൾ, ആക്റ്റിവിറ്റി കലണ്ടർ | 22 | 30.99 |
| ബോധവൽക്കരണ ക്ലാസുകൾ | 9 | 12.68 |
| കായിക ക്ഷമത | 11 | 15.49 |
| ക്യാമ്പുകൾ | 7 | 9.86 |

ആക്ടിവിറ്റി കലണ്ടർ ഉപയോഗപ്പെടുത്തിയുള്ള ചിട്ടയോടും കൃത്യനിഷ്ഠയോടും കൂടിയ പ്രവർത്തനങ്ങൾ എസ്.പി.സി പദ്ധതിയെ മറ്റ് പ്രവർത്തനങ്ങളിൽ നിന്ന് വ്യത്യസ്തമാക്കുന്നു എന്ന് 30.99% അധ്യാപകർ അഭിപ്രായപ്പെടുന്നു. പോലീസിന്റെയും രക്ഷിതാക്കളുടെയും ഉയർന്ന പങ്കാളിത്തമാണ്

മറ്റ് ചിലർ (21.13%) ചൂണ്ടിക്കാണിക്കുന്നത്. എസ്.പി.സി കുട്ടികളുടെ ഉയർന്ന കായികക്ഷമതയും കൃത്യതയോടെ നടത്തുന്ന ക്യാമ്പുകളും എസ്.പി.സിയെ വ്യത്യസ്തമാക്കുന്നു എന്ന് ചെറിയൊരു ശതമാനം (15.49%, 9.86%) അഭിപ്രായപ്പെടുന്നു.

### (ix) എസ്.പി.സി.യുടെ പ്രവർത്തനങ്ങളിൽ കൂടുതലായി ഉൾപ്പെടുത്തണമെന്ന് ആഗ്രഹിക്കുന്നത്

എസ്.പി.സി.യുടെ പ്രവർത്തനങ്ങളിൽ കൂടുതലായി ഉൾപ്പെടുത്തണമെന്ന് ആഗ്രഹിക്കുന്നതിനെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**പട്ടിക - 4.76**

**എസ്.പി.സി.യുടെ പ്രവർത്തനങ്ങളിൽ കൂടുതലായി ഉൾപ്പെടുത്തണമെന്ന് ആഗ്രഹിക്കുന്നത്**

| പ്രവർത്തനങ്ങൾ | എണ്ണം | ശതമാനം |
|---|---|---|
| തുടർ പരിശീലനങ്ങൾക്ക് അവസരം | 6 | 8.45 |
| എസ്.പി.സി. കലാകായിക മൽസരങ്ങൾ സംഘടിപ്പിക്കുക | 3 | 4.23 |
| സാമൂഹ്യ സേവന പരിപാടികൾക്ക് മുൻതൂക്കം | 4 | 5.63 |
| കൂടുതൽ കുട്ടികൾക്ക് പങ്കാളിത്തം | 5 | 7.04 |
| പോലീസ് നിയമനത്തിന് മുൻതൂക്കം | 2 | 2.82 |
| തൊഴിൽ പരിശീലനം, യോഗ പരിശീലനം, കായിക പരിശീലനം | 4 | 5.63 |
| മികച്ച സ്കൂളിനെ തിരഞ്ഞെടുക്കുക | 1 | 1.41 |
| പുറമെ നിന്നുള്ള ഫാക്കൽട്ടിയുടെ ക്ലാസ് | 2 | 2.82 |
| എല്ലാ സ്കൂളിലും bandset, CPO മാർക്ക് ആകർഷകമായ പ്രതിഫലം, ദുരന്ത നിയന്ത്രണ പരിശീലനം, ജനകീയ പ്രശ്നങ്ങൾ കണ്ടെത്താനും പരിഹരിക്കാനുമുള്ള പ്രോജക്റ്റുകൾ (ഒരു അധ്യാപകൻ മാത്രം) | 1 | 1.41 |

കേഡറ്റുകളുടെ തുടർപരിശീലനം, സാമൂഹ്യസേവന പരിപാടികൾക്ക് മുൻതൂക്കം നൽകുക. കൂടുതൽ കുട്ടികൾക്ക് പങ്കാളിത്തം നൽകുക, തൊഴിൽ പരിശീലനം, യോഗ, കായികപരിശീലനം, തുടങ്ങിയവ ഉൾപ്പെടുത്തുക തുടങ്ങിയവയാണ് എസ്.പി.സി പദ്ധതി മെച്ചപ്പെടുത്താൻ മുന്നോട്ടുവച്ചിട്ടുള്ള നിർദേശങ്ങൾ

മികച്ച സ്കൂളിനെ തിരഞ്ഞെടുക്കുക, പോലീസ് നിയമനത്തിന് മുൻതൂക്കം നൽകുക തുടങ്ങിയ നിർദേശങ്ങളും ചിലർ നൽകിയിട്ടുണ്ട്. ഇതിനുപരിയായി എല്ലാ സ്കൂളിലും ബാൻഡ് സെറ്റ്, സി.പി.ഒ.മാർക്ക് ആകർഷകമായ പ്രതിഫലം, ദുരന്ത നിവാരണ പരിശീലനം, ജനകീയ പ്രശ്നങ്ങൾ കണ്ടെത്താനും പരിഹരിക്കാനുമുള്ള പ്രോജക്റ്റുകൾ (ഒരു അധ്യാപകൻ മാത്രം) എന്നീ നിർദേശങ്ങളും മുന്നോട്ടുവെച്ചിട്ടുണ്ട്.

## IV – ഡി.ഐ.മാർക്കുള്ള ചോദ്യാവലിയുടെ വിശകലനം

ആകെ 56 ഡി.ഐ. മാരിൽ നിന്നാണ് വിവരശേഖരണം നടത്തിയത്. ഇതിൽ 38 പേർ പുരുഷ ഡി.ഐ. മാരും 18 പേർ വനിതാ ഡി.ഐ.മാരുമാണ്.

### (i) എസ്.പി.സി ചുമതല ഏറ്റെടുക്കാനുണ്ടായ സാഹചര്യം:

പദ്ധതിയോടുള്ള താൽപ്പര്യവും ആകർഷകത്വവും പരേഡ് പരിശീലിപ്പിക്കാനുള്ള ആഗ്രഹവും, കുട്ടികളുമായി സംവദിക്കുന്നതിനുള്ള താല്പര്യവും കൊണ്ട് ചുമതല ഏറ്റെടുത്തവരുമാണ്

51.78% ഉം. (48.21%) ഡി.ഐ.മാർ മേലധികാരികളുടെ നിർദ്ദേശപ്രകാരവും, നിലവിലെ ഡി.ഐ. സ്ഥലമാറ്റം ആയതുകൊണ്ടും പ്രസ്തുത ചുമതല ഏറ്റെടുത്തവരാണ്.

### (ശശ) എസ്.പി.സി പ്രവർത്തനങ്ങൾ സ്കൂളിൽ നടക്കുന്ന ദിവസങ്ങൾ

ബുധൻ, ശനി ദിവസങ്ങളിലാണ് ഭൂരിഭാഗം സ്കൂളിലും എസ്.പി.സി പ്രവർത്തനങ്ങൾ നടത്തുന്ന തെന്ന് 82.14% ഡി.ഐ. മാർ അഭിപ്രായപ്പെട്ടു.

### (iii) ഡി.ഐ.മാർ ഇടപെടുന്ന പ്രവർത്തനങ്ങൾ

കായിക പരിശീലനം, പരേഡ് എന്നീ പ്രവർത്തനങ്ങളിലാണ് ഡി.ഐ.മാർ കൂടുതലായി ഇടപെടുന്നത് (91.07%). എന്നാൽ നല്ലൊരു ശതമാനം ഡി.ഐ.മാർ വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങളിൽ (ലഹരി, ട്രാഫിക്, നിയമം...) സജീവമായി നേതൃത്വം വഹിക്കുന്നുണ്ട് (41.07%). ഇതോടൊപ്പം കേഡറ്റുകളിൽ അച്ചടക്കം, ജീവിതമൂല്യങ്ങൾ എന്നിവ വളർത്തിയെടുക്കുന്നതിന് പര്യാപ്തമായ വിവിധ ബോധവത്കരണ ക്ലാസുകളും ഡി.ഐ.മാർ കൈകാര്യം ചെയ്യുന്നു.

### (iv) ഏറ്റവും കൂടുതൽ ആത്മവിശ്വാസത്തോടെ ഡി.ഐ.മാർ ഇടപെടുന്ന എസ്.പി.സി പ്രവർത്തനങ്ങൾ

69.64% പേരും കായിക പരിശീലനവും, പരേഡുമാണ് ഏറ്റവും കൂടുതൽ ആത്മവിശ്വാസത്തോടെ നിർവഹിക്കുന്നതായി അഭിപ്രായപ്പെട്ടത്. വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങൾ (ലഹരി, ട്രാഫിക്, നിയമം) എന്നിവയും ആത്മവിശ്വാസത്തോടെ ചെയ്യുന്നു.

### (V) ഡി.ഐ.മാർ ഇടപെടുന്ന പ്രവർത്തന മേഖലകളുടെ വിലയിരുത്തൽ

ഡി.ഐ.മാർ ഇടപെടുന്ന പ്രവർത്തന മേഖലകളുടെ വിലയിരുത്തലുകൾ നടത്തുന്ന മാർഗ്ഗങ്ങളെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**പട്ടിക – 4.77**

**ഡി.ഐ.മാർ ഇടപെടുന്ന പ്രവർത്തന മേഖലകളുടെ വിലയിരുത്തൽ**

| വിലയിരുത്തുന്ന രീതി | എണ്ണം | ശതമാനം(%) |
|---|---|---|
| രക്ഷിതാക്കളുടേയും സമൂഹത്തിന്റേയും അഭിപ്രായത്തിലൂടെ | 41 | 73.21% |
| അധ്യാപകരുടെ അഭിപ്രായത്തിലൂടെ | 14 | 24.99% |

- ഇടപെടുന്ന പ്രവർത്തനമേഖലകളുടെ വിലയിരുത്തൽ:

ഇടപെടുന്ന പ്രവർത്തനമേഖലകൾ വിലയിരുത്തലിനു വിധേയമാക്കാറുണ്ടോ എന്നതിനെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**പട്ടിക – 4.78**

**ഇടപെടുന്ന പ്രവർത്തനമേഖലകൾ വിലയിരുത്തലിനു വിധേയമാക്കാറുണ്ടോ**

| | എണ്ണം | ശതമാനം(%) |
|---|---|---|
| ഉണ്ട് | 55 | 98.21 |
| ഇല്ല | 1 | 1.79 |
| ആകെ | 56 | 100.00 |

ഡി.ഐ.മാർ ഇടപെടുന്ന പ്രവർത്തന മേഖലകൾ വിലയിരുത്തലിന് വിധേയമാക്കാറുണ്ടെന്ന് ഭൂരി ഭാഗം പേരും (98%) അഭിപ്രായപ്പെട്ടു.

- വിലയിരുത്തൽ രീതി

ഡി.ഐ.മാർ ഇടപെടുന്ന പ്രവർത്തന മേഖലകൾ വിലയിരുത്തുന്നതിന്റെ രീതികളെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടു ത്തിയിരിക്കുന്നു.

**പട്ടിക - 4.79**

**വിലയിരുത്തുന്ന രീതി**

| വിലയിരുത്തുന്ന രീതി | എണ്ണം | ശതമാനം (%) |
|---|---|---|
| സൂചകങ്ങളുടെ അടിസ്ഥാനത്തിൽ | 3 | 5.36 |
| കുട്ടികളെ നിരീക്ഷിച്ച് | 41 | 73.21 |
| കുട്ടികളുടെ അഭിപ്രായത്തിലൂടെ | 34 | 60.71 |

ഇത് കുട്ടികളെ നിരീക്ഷിച്ചാണ് മനസ്സിലാക്കുന്നതെന്ന് പഠനത്തിൽ പങ്കെടുത്ത 73.21% പേർ പറ ഞ്ഞു. ഇതോടൊപ്പം 60.71% പേർ കുട്ടികളുടെ അഭിപ്രായം ആരാഞ്ഞ് പ്രവർത്തനങ്ങൾ വിലയിരു ത്തുന്നുണ്ടെന്നും അഭിപ്രായപ്പെട്ടു.

- **പ്രവർത്തനങ്ങൾ വിലയിരുത്തിയതിൽനിന്നും ഡി.ഐ.മാർ കണ്ടെത്തലുകൾ**

എസ്.പി.സി കേഡറ്റുകൾ അച്ചടക്കം ഉള്ളവരാണെന്നും സാമൂഹ്യബോധം, ദേശസ്നേഹം, ഉത്തര വാദിത്വബോധം എന്നിവ പ്രകടിപ്പിക്കുന്നുവെന്നും കൂടുതൽ പേർ അഭിപ്രായപ്പെട്ട. ശരിതെറ്റുകൾ മനസ്സിലാക്കി ശരിയായ വഴിയിൽ സഞ്ചരിക്കുവാനുള്ള തിരിച്ചറിവ് കേഡറ്റുകൾക്ക് ഉണ്ടാകുന്നു ണ്ടെന്നും അവർ അഭിപ്രായപ്പെട്ടു.

## (vi) ഡി.ഐ.മാരുടെ ഉത്തരവാദിത്വം ഫലപ്രദമായി നിറവേറ്റുന്നതിന് സ്കൂളിന്റെ ഭാഗത്തുനിന്നും പ്രതീക്ഷിക്കുന്ന പിന്തുണകൾ

സ്കൂളിലെ മുഴുവൻ അധ്യാപകരുടേയും, അനധ്യാപകരുടേയും, പി.ടി.എയുടേയും സഹകരണം എസ്.പി.സി. പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകാൻ അത്യന്താപേക്ഷിതമാണെന്ന് ഭൂരി പക്ഷം ഡി.ഐ.മാരും രേഖപ്പെടുത്തി.

## (vii) എസ്.പി.സി അംഗങ്ങളെ തിരഞ്ഞെടുക്കുന്ന മാനദണ്ഡങ്ങൾ പാലിക്കൽ

എസ്.പി.സി. അംഗങ്ങളെ തിരഞ്ഞെടുക്കുന്ന മാനദണ്ഡങ്ങൾ പൂർണമായും പാലിക്കാൻ ഉണ്ടാ കുന്ന ബുദ്ധിമുട്ടുകളെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തിയതിന്റെ വിശദാംശ ങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

പട്ടിക - 4.80

**പാലിക്കാൻ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ**

| | എണ്ണം | ശതമാനം (%) |
|---|---|---|
| ബുദ്ധിമുട്ടുണ്ട് | 5 | 8.93 |
| ഇല്ല | 51 | 91.07 |
| **ആകെ** | 56 | 100.00 |

91% ഡി.ഐ.മാരും എസ്.പി.സി അംഗങ്ങളെ തിരഞ്ഞെടുക്കുമ്പോൾ മാനദണ്ഡങ്ങൾ പൂർണമായും പാലിക്കുന്നു എന്ന് അഭിപ്രായപ്പെട്ടു. എന്നാൽ 9% ഡി.ഐ.മാർ ചില പ്രയാസങ്ങൾ അനുഭവപ്പെടുന്നു എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

- **തിരഞ്ഞെടുപ്പ് മാനദണ്ഡങ്ങൾ**

മാനദണ്ഡങ്ങളിൽ മാറ്റം വരുത്തണമോ എന്നതിനെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

പട്ടിക - 4.81

**മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്നതിനെ കുറിച്ച്**

| | എണ്ണം | ശതമാനം |
|---|---|---|
| മാറ്റം വരുത്തേണ്ടതുണ്ട് | 16 | 28.57 |
| ഇല്ല | 40 | 71.43 |
| **ആകെ** | 56 | 100.00 |

നിലവിലുള്ള തിരഞ്ഞെടുപ്പ് മാനദണ്ഡങ്ങളിൽ മാറ്റം വരുത്തേണ്ട എന്നു തന്നെയാണ് ഭൂരിഭാഗം പേരും അഭിപ്രായപ്പെട്ടത്.

**(ശശശ) എസ്.പി.സിയുടെ പ്രവർത്തനങ്ങളിൽ ഏറ്റവും മികച്ച 3 പ്രവർത്തനങ്ങൾ**

1. മയക്കുമരുന്ന് വ്യാപനം തടയൽ, ലഹരിവിരുദ്ധപ്രവർത്തനം എന്നിവയാണ് ഏറ്റവും മികച്ച പ്രവർത്തനമായി 39.3% പേർ അഭിപ്രായപ്പെട്ടത്.
2. വീട്ടിലൊരു ചങ്ങാതിക്കൂട്ടം (Friends at Home) പ്രൊജക്റ്റ് മികച്ചതാണെന്ന് (12.5%) പേർ അഭിപ്രായപ്പെട്ടു.
3. ശുഭയാത്രാ (Traffic Awareness Programme) പ്രൊജക്ട് മികച്ചതാണെന്ന് (12.5%) പേർ അഭിപ്രായം രേഖപ്പെടുത്തി.

- **എസ്.പി.സിയുടെ പ്രവർത്തനങ്ങളിൽ മെച്ചപ്പെടേണ്ടവ**

ഗുഭയാത്ര (Traffic Awareness Programme) , നിയമ ബോധവൽകരണം, ലഹരി, മയക്കുമരുന്ന് വിരുദ്ധ ബോധവത്കരണപ്രവർത്തനങ്ങൾ, പരിസ്ഥിതി സംരക്ഷണം എന്നിവയ്ക്ക് കൂടുതൽ ഊന്നൽ നൽകി മെച്ചപ്പെടുത്തേണ്ടതാണെന്ന് ഭൂരിഭാഗം പേരും അഭിപ്രായപ്പെട്ടു.

- **എസ്.പി.സിയുടെ പ്രവർത്തനങ്ങളിൽ ഒഴിവാക്കേണ്ട (ഉണ്ടെങ്കിൽ) പ്രവർത്തനങ്ങൾ**

നിലവിൽ എസ്.പി.സിയിൽ ഒഴിവാക്കേണ്ടതായി ഒരു പ്രവർത്തനവും ഇല്ല എന്നാണ് ഭൂരിഭാഗം പേരും പറഞ്ഞത്. എങ്കിലും ഓണ അവധി ക്യാമ്പ്, പ്രകൃതിപഠനക്യാമ്പ് എന്നിവ വേണമെങ്കിൽ ഒഴിവാക്കാമെന്ന് ഒറ്റപ്പെട്ട അഭിപ്രായങ്ങളും ഉണ്ടായിട്ടുണ്ട്.

### (ix) എസ്.പി.സിയുടെ പ്രവർത്തനങ്ങൾ കുട്ടികളുടെ സ്വഭാവരൂപീകരണത്തിൽ സ്വാധീനം ചെലുത്തിയ മേഖലകൾ

എസ്.പി.സിയുടെ പ്രവർത്തനങ്ങൾ കുട്ടികളുടെ സ്വഭാവരൂപീകരണത്തിൽ സ്വാധീനം ചെലുത്തിയ മേഖലകളെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**പട്ടിക – 4.82**

**എസ്.പി.സി. യുടെ പ്രവർത്തനങ്ങൾ കുട്ടികളുടെ സ്വഭാവരൂപീകരണത്തിൽ വിവിധ മേഖലകളിൽ വരുത്തിയ സ്വാധീനം.**

| മേഖല | എണ്ണം | ശതമാനം |
|---|---|---|
| ആത്മവിശ്വാസം | 55 | 98.21 |
| നേതൃത്വപാടവം | 52 | 92.86 |
| നിരീക്ഷണപാടവം | 44 | 78.57 |

കുട്ടികളിൽ ആത്മവിശ്വാസം വളർത്തിയെടുക്കാൻ ഈ പദ്ധതി പര്യാപ്തമാണെന്ന് 98% പേർ അഭിപ്രായപ്പെട്ടപ്പോൾ നേതൃത്വപാടവം വളർത്തിയെടുക്കാനും (92.86%). നിരീക്ഷണപാടവം വളർത്തിയെടുക്കാനും (78.57%) ഈ പദ്ധതിപര്യാപ്തമാണെന്ന അഭിപ്രായം ഡി.ഐ.മാർ പങ്കുവച്ചു.

സ്വയം നിയന്ത്രിത അച്ചടക്കം (11%) കൃത്യനിഷ്ഠ പാലിക്കൽ, നിയമങ്ങളെ അനുസരിക്കാനുള്ള സന്നദ്ധത, സഹജീവിസ്നേഹം, മികച്ച സൗഹൃദ രൂപീകരണം തുടങ്ങിയ ഗുണങ്ങളും എസ്.പി.സി പ്രവർത്തനങ്ങളിലൂടെ വളർത്താൻ കഴിയുന്നുവെന്ന അഭിപ്രായവുമുണ്ടായി.

### (x) ഡി.ഐ.മാരുടെ ചുമതല

ഡി.ഐ.യുടെ ചുമതലയിൽ നിന്നും മാറണമെന്ന് എപ്പോഴെങ്കിലും തോന്നിയിട്ടുണ്ടോ എന്നതിനെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**പട്ടിക – 4.83**

**ഡി.ഐ.യുടെ ചുമതലാമാറ്റം**

| | എണ്ണം | ശതമാനം(%) |
|---|---|---|
| ഉണ്ട് | 10 | 17.86 |
| ഇല്ല | 46 | 82.14 |
| **ആകെ** | 56 | 100.00 |

(i) ചുമതലകളിൽ നിന്ന് മാറിനിൽക്കാൻ താൽപ്പര്യമില്ല എന്നാണ് (82.14%) പേരുടെയും അഭിപ്രായം. നൈറ്റ് ഡ്യൂട്ടി കഴിഞ്ഞ് എസ്.പി.സി ഡ്യൂട്ടി ചെയ്യുന്നതും, എസ്.പി.സി ഡ്യൂട്ടികഴിഞ്ഞ് സ്റ്റേഷൻ ഡ്യൂട്ടിചെയ്യുന്നതും, ചെയ്യുന്ന ജോലിക്ക് പ്രോത്സാഹനം ലഭിക്കാത്തതും ഡി.ഐ. എന്ന നിലയിൽ മടുപ്പ് ഉളവാക്കുന്നുണ്ടെന്ന് 20% പേർ ചൂണ്ടിക്കാട്ടുന്നു.

### xi(a) എസ്.പി.സി. യുടെ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടു പോകുന്നതിൽ നേരിടേണ്ടിവന്ന പ്രയാസങ്ങൾ

എസ്.പി.സി.യുടെ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടു പോകുന്നതിൽ ഉണ്ടായ പ്രയാസങ്ങളെ കുറിച്ചുള്ള വിവരങ്ങൾ വിശകലനം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**പട്ടിക – 4.84**

**എസ്.പി.സി. യുടെ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതിൽ നേരിട്ട പ്രയാസങ്ങൾ**

| | എണ്ണം | ശതമാനം(%) |
|---|---|---|
| ഉണ്ട് | 22 | 39.29 |
| ഇല്ല | 34 | 60.71 |
| **ആകെ** | 56 | 100.00 |

'ഇല്ല' എന്നാണ് 60.71% പേരും അഭിപ്രായപ്പെട്ടിരിക്കുന്നത്.

### (b) പ്രതിബന്ധങ്ങൾ

എന്തൊക്കെ പ്രതിബന്ധങ്ങളാണ് പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടു പോകുമ്പോൾ നേരിടേണ്ടിവരുന്നത് എന്നതിനെ കുറിച്ചുള്ള വിവരങ്ങൾ വിശകലനം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**പട്ടിക - 4.85**

**പ്രതിബന്ധങ്ങൾ**

| പ്രയാസങ്ങൾ | എണ്ണം | ശതമാനം(%) |
|---|---|---|
| അമിത ജോലിഭാരം | 12 | 21.43 |
| സഹപ്രവർത്തകരുടെയും മേലധികാരികളുടെയും സഹകരണക്കുറവ് | 2 | 3.57 |
| ഇടപെടൽ മേഖലയിലെ വൈരുധ്യം | 5 | 8.93 |

അമിത ജോലിഭാരമാണ് എസ്.പി.സിയുടെ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതിൽ പ്രയാസം ഉണ്ടാക്കുന്നത്. ഇതോടൊപ്പം ഇടപെടൽ മേഖലകളിലെ വൈരുധ്യം (ക്രമസമാധാനപാലനം, നിയമപാലനം തുടങ്ങിയ ജോലികൾ ഒരു വശത്തും കൗമാരപ്രായക്കാരായ കുട്ടികളുടെ ശാരീരിക, മാനസിക, വൈകാരിക വികാസത്തിലെ ക്രിയാത്മക പങ്കാളിത്തം മറുവശത്തും ) എസ്.പി.സി പ്രവർത്തനങ്ങളെ മുന്നോട്ടുകൊണ്ടുപോകുന്നതിന് പ്രയാസം ഉണ്ടാക്കുന്നുവെന്ന് 38% അഭിപ്രായപ്പെട്ടു.

എസ്.പി.സി ക്ലാസുള്ളപ്പോൾ സ്റ്റേഷൻ ഡ്യൂട്ടി അതിനനുസൃതമായി ക്രമീകരിക്കാതിരിക്കുന്നത് ഏറെ വിഷമം സൃഷ്ടിക്കുന്നു എന്ന ഡി.ഐ.മാർ അഭിപ്രായം രേഖപ്പെടുത്തി.

### (xii) എസ്.പി.സിയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് രക്ഷിതാക്കളിൽ നിന്നുള്ള പരാതികൾ

എസ്.പി.സിയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് രക്ഷിതാക്കളിൽ നിന്നുള്ള പരാതികളെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**പട്ടിക – 4.86**

**എസ്.പി.സി. യുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് രക്ഷിതാക്കളിൽനിന്നും പരാതികളുണ്ടായ സാഹചര്യങ്ങൾ**

| | എണ്ണം | ശതമാനം |
|---|---|---|
| ഉണ്ട് | 4 | 7.14 |
| ഇല്ല | 52 | 92.86 |
| ആകെ | 56 | 100.00 |

പരാതികൾ ഇല്ല എന്ന് ഭൂരിഭാഗം പേരും അഭിപ്രായപ്പെട്ടു (92.86%). എന്നാൽ കുട്ടികൾ വീട്ടിലെത്താൻ വൈകുന്നുവെന്ന കാര്യം ചുരുക്കം ചില രക്ഷിതാക്കൾ പങ്കുവെച്ചു.

### (xiii) എസ്.പി.സിയുടെ ഇടപെടൽ വേണ്ട മേഖലകൾ

എസ്.പി.സിയുടെ ഇടപെടൽ വേണ്ട മേഖലകളെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**പട്ടിക – 4.87**

**എസ്.പി.സി. യുടെ ഇടപെടൽ വേണമെന്ന് സമൂഹം ആവശ്യപ്പെട്ട മേഖലകൾ**

| മേഖലകൾ (Areas) | എണ്ണം | ശതമാനം (%) |
|---|---|---|
| ലഹരിവിരുദ്ധ പ്രവർത്തനം | 56 | 100 |
| ജലസംരക്ഷണ പ്രവർത്തനങ്ങൾ | 36 | 64.29 |
| മാലിന്യനിർമാർജന പ്രവർത്തനങ്ങൾ | 48 | 85.71 |

100% പേരും ലഹരിവിരുദ്ധ പ്രവർത്തനങ്ങളിൽ എസ്.പി.സിയുടെ ഇടപെടൽ വേണമെന്ന് ആവശ്യപ്പെട്ടപ്പോൾ മാലിന്യനിർമാർജനപ്രവർത്തനങ്ങളിലും (85.7%), ജലസംരക്ഷണ പ്രവർത്തനങ്ങളിലും (64.29%) എസ്.പി.സിയുടെ ഇടപെടൽ വ്യാപിപ്പിക്കണമെന്ന് യഥാക്രമം 85,64.29 ശതമാനം DIമാർ അഭിപ്രായപ്പെട്ടു.

സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം, കൃഷി തുടങ്ങിയ മേഖലകളിലും എസ്.പി.സിയുടെ ഇടപെടൽ വേണമെന്ന അഭിപ്രായം ഉണ്ടായിട്ടുണ്ട്.

## (xiv) ഡി.ഐ.മാർക്കുള്ള പരിശീലനത്തിൽ മാറ്റം വരുത്തേണ്ടവ

(i) പരിശീലനത്തിൽ മാറ്റം വരുത്തേണ്ടതില്ലെന്നാണ് 93% ഡി.ഐ.മാരും അഭിപ്രായപ്പെട്ടത്.

(ii) പോലീസ് ട്രെയിനിംഗിൽ നിന്നും കിട്ടിയ അറിവുകൾക്ക് പുറമെ എസ്.പി.സി പ്രോജക്ടിന് അനുയോജ്യമായ ന്യൂതന പരിശിലനം കൂടി നൽകേണ്ടതുണ്ട് എന്ന് 7% ഡി.ഐ.മാർ അഭിപ്രായം രേഖപ്പെടുത്തി.

പോലീസ് ട്രെയിനിംഗിൽ നിന്നും കിട്ടിയ അറിവുകൾക്ക് പുറമെ എസ്.പി.സി പ്രോജക്ടിന് അനുയോജ്യമായ നൂതന പരിശിലനം കൂടി നൽകേണ്ടതുണ്ട് എന്ന് 7% ഡി.ഐ.മാർ അഭിപ്രായം രേഖപ്പെടുത്തി മാറ്റങ്ങളെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**പട്ടിക – 4.89**

**മാറ്റങ്ങൾ ആവശ്യമുള്ള മേഖലകൾ**

| | എണ്ണം | ശതമാനം |
|---|---|---|
| ഡ്രിൽ | 2 | 3.57 |
| എക്സർസൈസ് (വ്യായാമം) | 5 | 8.93 |
| കുട്ടികളുടെ എണ്ണം | 6 | 10.71 |
| പരിശീലനസമയം | 17 | 30.36 |

30.35% പേർ അഭിപ്രായപ്പെട്ടത് എസ്.പി.സിയുടെ പരിശീലന സമയം മാറ്റണമെന്നാണ്ചുരുക്കം ചിലർ ഡ്രിൽ, വ്യായാമം എന്നിവയിൽ മാറ്റം വരുത്തേണ്ടതുണ്ടെന്ന് അഭിപ്രായപ്പെട്ടു.

## (ᶻ) ക്യാമ്പുകളുടെ നടത്തിപ്പിലുണ്ടാകുന്ന പ്രയാസങ്ങൾ

ക്യാമ്പുകളുടെ നടത്തിപ്പിന് സാമ്പത്തിക പ്രയാസം ഉണ്ടെന്ന് ഭൂരിഭാഗം (82%) പേരും അഭിപ്രായപ്പെട്ടു. സാമ്പത്തിക പ്രയാസം ഉള്ളതുകൊണ്ട് നല്ല റിസോഴ്സ് അധ്യാപകരെ/ ട്രെയിനർമാരെ വിളിക്കാൻ കഴിയുന്നില്ലെന്ന് 8% പേർ അഭിപ്രായപ്പെട്ടു. ഡി.ഐ.മാർക്ക് മറ്റ് ജോലിത്തിരക്കുകൾക്കിടയിൽ ക്യാമ്പ് ഡ്യൂട്ടി ചെയ്യുന്നത് ഏറെ ബുദ്ധിമുട്ടുകളുണ്ടാക്കുന്നുണ്ടെന്ന അഭിപ്രായവും രേഖപ്പെടുത്തിയിട്ടുണ്ട്. ഒപ്പം രക്ഷിതാക്കളുടെ സഹകരണമില്ലായ്മ ക്യാമ്പ് നടത്തിപ്പിൽ നേരിടുന്ന വെല്ലുവിളിയാണെന്ന് ഡി.ഐ.മാർ ചൂണ്ടിക്കാട്ടുന്നു.

## (xvi) എസ്.പി.സിയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നിർദേശം

- എസ്.പി.സിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തിക്കാൻ സന്നദ്ധതയുള്ള അധ്യാപകരെ സി.പി.ഒ മാരായി നിയമിക്കണമെന്ന് 8% ഡി.ഐ.മാർ അഭിപ്രായപ്പെട്ടു.
- നിലവിൽ നൽകുന്ന മാസപ്രതിഫലമായ 500 രൂപയിൽ നിന്നും വർദ്ധിപ്പിച്ച ഒരു തുക നൽകണമെന്ന് ഡി.ഐ.മാർ ആവശ്യപ്പെട്ടു.
- സർക്കാർ പദ്ധതി എന്ന നിലയ്ക്ക് പോലീസ് ഡിപ്പാർട്ട്മെന്റിലെ എല്ലാ തലങ്ങളിലും പദ്ധതിയുടെ ഗൗരവത്തെപ്പറ്റി ബോധവൽക്കരണം നടത്തേണ്ടതാണെന്ന് ഡി.ഐ.മാർ അഭിപ്രായപ്പെട്ടു.
- എസ്.പി.സി. ഡ്യൂട്ടിയുള്ള ദിവസങ്ങളിൽ സ്റ്റേഷൻ ഡ്യൂട്ടിയിൽ നിന്നും ഒഴിവാക്കണമെന്ന് ഡി.ഐ.മാർ അഭിപ്രായപ്പെട്ടു.
- എസ്.പി.സി.ക്ക് വേണ്ടി പ്രത്യേകം ബറ്റാലിയനെ നിയോഗിക്കണമെന്ന് അഭിപ്രായമുയർന്നു.
- എസ്.പി.സി ഫണ്ട് വിദ്യാഭ്യാസ വർഷാരംഭത്തിൽ തന്നെ അനുവദിക്കണമെന്നും, ഓരോ വർഷവും യൂണിഫോം അലവൻസ് ലഭ്യമാക്കണമെന്നും ഡി.ഐ.മാർ അഭിപ്രായപ്പെട്ടു.

- ശക്തമായ മോണിറ്ററിംഗ് സംവിധാനം ഉണ്ടാക്കണമെന്നും, സർക്കാർ സ്കൂളുകളിൽ മാത്രം എസ്.പി.സി യൂണിറ്റ് അനുവദിച്ചാൽമതി എന്നും അഭിപ്രായം വന്നു.
- എട്ടാം ക്ലാസ്സിൽ ഹാജർ കുറവായവരെ യാതൊരു കാരണവശാലും ഒമ്പതാം ക്ലാസിൽ എസ്.പി.സി പ്രവർത്തനങ്ങളിൽ പങ്കെടുപ്പിക്കരുതെന്ന് പലരും അഭിപ്രായപ്പെട്ടു.
- എട്ടാം ക്ലാസു മുതൽ പന്ത്രണ്ടാം ക്ലാസ്സുവരെയുള്ള കുട്ടികളെ എസ്.പി.സിക്ക് കീഴിൽ കൊണ്ടു വരണമെന്ന് 78% ഡി.ഐ.മാർ അഭിപ്രായം രേഖപ്പെടുത്തി.

## V- ഡി.എൻ.ഒ./എ.ഡി.എൻ.ഒ. മാർക്കുള്ള ചോദ്യാവലിയുടെ വിശകലനം

എസ്.പി.സി ഫലപ്രാപ്തി പഠനത്തിന്റെ ഭാഗമായി മൂന്ന് ജില്ലകളിലെ ഡി.എൻ.ഒ./എ.ഡി.എൻ.ഒ. മാർക്ക് ചോദ്യാവലി നൽകി വിവരങ്ങൾ ശേഖരിച്ചു. എ.ഡി.എൻ.ഒ. മാരിൽ നിന്നാണ് കൂടുതൽ പ്രതികരണങ്ങൾ ലഭിച്ചത്.

- പദ്ധതി മികച്ച രീതിയിൽ നടത്തുന്നതിന് ഇൻസ്പെക്ടർ ഓഫ് പോലീസ്, സ്റ്റേഷൻ ഹൗസ് ഓഫീസർ, സി.പി.ഒ, ഡി.ഐ തുടങ്ങിയ ഉദ്യോഗസ്ഥരിൽ നിന്ന് ആവശ്യമായ സഹകരണം ലഭിക്കുന്നു എന്നാണ് എല്ലാവരും അഭിപ്രായപ്പെട്ടത്.
- ഫണ്ടിന്റെ അപര്യാപ്തതയും പോലീസ് വിദ്യാഭ്യാസ വകുപ്പുകൾ തമ്മിലുള്ള ഏകോപനക്കുറവും പദ്ധതി നടത്തിപ്പിലെ പ്രധാന പ്രശ്നമായി എല്ലാവരും ചൂണ്ടിക്കാണിക്കുന്നു. ഫണ്ട് യഥാസമയം ലഭ്യമാവുന്നില്ല എന്ന അഭിപ്രായവും ഉയർന്നു വന്നിട്ടുണ്ട്. പോലീസുകാരുടെ ജോലിഭാരം പ്രവർത്തനങ്ങൾക്ക് തടസ്സമാകുന്നുണ്ട് എന്ന് ചിലർ അഭിപ്രായപ്പെട്ടു. വുമൻ ഡ്രിൽ ഇൻസ്ട്രക്ടേഴ്സിന്റെ കുറവും മറ്റൊരു പ്രശ്നമാണ്. സി.പി.ഒ./എ.സി.പി.ഒ.മാർക്കുള്ള ഓണറേറിയം വളരെ കുറവാണ് എന്ന അഭിപ്രായവും ചിലർക്കുണ്ട്.
- റിവ്യൂമീറ്റിംഗ്, സ്കൂൾ തല പ്രവർത്തന റിപ്പോർട്ട്, നേരിട്ടുള്ള സന്ദർശനങ്ങൾ, ഇലക്ട്രോണിക് മീഡിയ തുടങ്ങിയവ ഉപയോഗിച്ചാണ് എസ്.പി.സി പദ്ധതിയുമായി ബന്ധപ്പെട്ട അറിയിപ്പുകൾ വിദ്യാലയങ്ങളിൽ എത്തിക്കുന്നതും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതും എന്ന് എല്ലാവരും അഭിപ്രായപ്പെടുന്നു. ഇതോടൊപ്പം സോഷ്യൽ മീഡിയ, പ്രത്യേകദൂതൻ തുടങ്ങിയവയും ഉപയോഗപ്പെടുത്തുന്നു.
- എസ്.പി.സി യൂണിഫോം സമയബന്ധിതമായി എത്തിക്കാൻ കഴിയുന്നുണ്ട് എന്ന് മൂന്നുപേരിൽ രണ്ടുപേരും ഇല്ലെന്ന് ഒരാളും ചൂണ്ടിക്കാണിച്ചു. ഫണ്ട് വൈകുന്നതാണ് കാരണമായി പറഞ്ഞത്.
- ഭക്ഷണത്തിനുള്ള ഫണ്ട് യഥാസമയം ലഭിക്കുന്നില്ല എന്നു മാത്രമല്ല കിട്ടുന്നത് വളരെ കുറവുമാണെന്ന് എല്ലാവരും പ്രതികരിക്കുന്നു.
- അറിയിപ്പുകൾ കൃത്യസമയത്ത് ലഭിക്കുന്നുണ്ട് എന്നാണ് എല്ലാവരും കരുതുന്നത്.
- എസ്.പി.സി പദ്ധതിയിലേക്ക് കുട്ടികളെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്തേണ്ടതില്ല എന്ന് എല്ലാവരും അഭിപ്രായപ്പെടുന്നു. മാത്രമല്ല ഇപ്പോഴുള്ള തിരഞ്ഞെടുപ്പ് രീതി സുതാര്യമാണെന്നും അവർ കരുതുന്നു.
- പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പിന് വിദ്യാഭ്യാസ വകുപ്പിന്റെ സാമ്പത്തിക സഹായത്തോടൊപ്പം ക്യാമ്പുകൾ, വിവിധ മത്സരങ്ങൾ എന്നിവയുടെ സംഘാടനത്തിലെ പങ്കാളിത്തവും പഠനത്തിൽ പങ്കെടുത്ത എല്ലാവരും പ്രതീക്ഷിക്കുന്നു. കൂടാതെ എല്ലാ പ്രധാനയോഗങ്ങളിലും വിദ്യാഭ്യാസ അധികൃതരുടെ സജീവസാന്നിധ്യവും സ്കൂൾ സന്ദർശനവേളകളിൽ എസ്.പി.സി. പ്രവർത്തനങ്ങൾകൂടി വിലയിരുത്താൻ വേണ്ട മാർഗനിർദേശങ്ങൾ നൽകണമെന്നും ആവശ്യപ്പെടുന്നു. പോലീസിനുള്ളതുപോലെ വിദ്യാഭ്യാസ വകുപ്പിനും എസ്.പി.സി പ്രവർത്തനങ്ങളിൽ തുല്യ ഉത്തരവാദിത്വം ഉറപ്പാക്കണമെന്നും അവർ നിർദേശിക്കുന്നു.
- സ്കൂളുകൾ, സ്റ്റേഷനുകൾ തുടങ്ങിയ സ്ഥാപനങ്ങൾക്കുള്ള നിർദേശങ്ങൾ മേലധികാരികളിൽ നിന്ന് സമയ ബന്ധിതമായി ലഭിക്കാറുണ്ടെന്ന് എല്ലാവരും അഭിപ്രായപ്പെട്ടു.
- പദ്ധതിയുടെ പ്രവർത്തനങ്ങൾക്കുള്ള സാമ്പത്തിക സ്രോതസ് പ്രധാനമായും പ്ലാൻഫണ്ടാണെന്ന് എല്ലാവരും പറഞ്ഞിട്ടുണ്ട്. ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മാത്രമേ ഫണ്ട് നൽകുന്നുള്ളു എന്നും അവർ ചൂണ്ടിക്കാണിക്കുന്നു. സന്നദ്ധസംഘടനകളുടെ ധനസഹായം

ഒരു ജില്ലയിലും ലഭിക്കുന്നില്ല. പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്ന് ധനസഹായം ലഭ്യമാക്കുന്നത് നന്നായിരിക്കും എന്ന് ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

- എസ്.പി.സി പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ ധനസഹായം കൃത്യസമയത്ത് ലഭ്യമാക്കണം എന്ന് എല്ലാവരും നിർദേശിച്ചിട്ടുണ്ട്. സി.പി.ഒ/ഡി.ഒ.മാരെ നിയോഗിക്കുമ്പോൾ താൽപ്പര്യമുള്ളവരെ തിരഞ്ഞെടുക്കണം. അതോടൊപ്പം അവർക്ക് കൃത്യമായ ബേസിക്/ റിഫ്രഷർ പരിശീലനങ്ങളും നൽകണം. വിദ്യാഭ്യാസ വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മറ്റ് ഡിപ്പാർട്ടുമെന്റുകൾ (മോട്ടോർവാഹന വകുപ്പ്, ഫോറസ്റ്റ്, എക്സൈസ്, ഫയർ ആന്റ് റസ്ക്യൂ, ആരോഗ്യം) തുടങ്ങിയവയുടെ കൂടുതൽ സഹകരണം ഉറപ്പാക്കണം. സ്കൂൾ ക്യാമ്പുകൾക്ക് സ്കൂളിന്റെ പരിപൂർണ സഹായം ഉറപ്പുവരുത്തണമെന്നും നിർദേശിച്ചിട്ടുണ്ട്.

## VI – ഫോക്കസ് ഗ്രൂപ്പ് ചർച്ചയുടെ വിശകലനം

ഫോക്കസ് ഗ്രൂപ്പ് ചർച്ചയിൽ പങ്കെടുത്തത് സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ, എസ്.പി.സി. യിൽ അംഗമായിരുന്ന പൂർവ വിദ്യാർഥികൾ, രക്ഷിതാക്കൾ, ജനപ്രതിനിധികൾ,മറ്റ് അധ്യാപകർ , പൊതുജനങ്ങൾ എന്നിവരാണ്. ഇതിൽ പ്രധാനമായും ചർച്ച ചെയ്തത് എസ്.പി.സി. പദ്ധതിയുടെ ലക്ഷ്യങ്ങൾ നേടാൻ പര്യാപ്തമായ വിധത്തിലാണോ ഇതിന്റെ പ്രവർത്തനങ്ങൾ, എസ്.പി.സി.യുടെ വ്യാപനം കുട്ടികളിലുണ്ടായ ഗുണപരമായ മാറ്റങ്ങൾ, രക്ഷിതാക്കളുടെ പങ്കാളിത്തം, ഈ പദ്ധതി മെച്ചപ്പെടുത്തുന്നതിനുള്ള നിർദേശങ്ങൾ തുടങ്ങിയവയാണ്.

എസ്.പി.സി യുടെ ലക്ഷ്യങ്ങൾ നേടാൻ കഴിയും വിധമുള്ള പ്രവർത്തനങ്ങളാണ് എല്ലാ വിദ്യാലയങ്ങളിലും നടക്കുന്നത്. നേതൃത്വഗുണം, പരസഹായ മനസ്ഥിതി, കൃത്യനിഷ്ഠ, ലക്ഷ്യബോധം, തീവ്രമായ പരിശീലനം നേടാനുള്ള സന്നദ്ധത, സമൂഹത്തിൽ അവശതയനുഭവിക്കുന്നവർക്ക് സഹായം ചെയ്യാനുള്ള മനോഭാവം, ധൈര്യം, ആത്മവിശ്വാസം, കാര്യങ്ങൾ തുറന്നു പറയാനുള്ള ആർജവം എന്നീ ഗുണങ്ങൾ എസ്.പി.സി കേഡറ്റുകൾക്ക് കൈവന്നിട്ടുള്ളതായി എഫ്.ജി.ഡി യിൽ പങ്കെടുത്ത എല്ലാവരും സാക്ഷ്യപ്പെടുത്തുന്നുണ്ട്. കൂടാതെ ആരോഗ്യസംരക്ഷണം, മാലിന്യസംസ്കരണം, എന്നീ മേഖലകളിലും നല്ല സംഭാവന എസ്.പി.സി കുട്ടികളിൽ നിന്ന് ഉണ്ടാകുന്നുണ്ട്. എസ്.പി.സി അംഗങ്ങൾ പഠനത്തിലും, എസ്.പി.സി പ്രവർത്തനത്തിലും ഒരു പോലെ ശ്രദ്ധ ചെലുത്തുന്നു. നല്ല മനുഷ്യരായിത്തീരാൻ ഇന്നത്തെ വിദ്യാഭ്യാസം പര്യാപ്തമല്ലെന്നും എസ്.പി.സി പോലുള്ള പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി നൽകുന്ന വിദ്യാഭ്യാസത്തിലൂടെ മാത്രമേ ഉത്തമ പൗരന്മാരെ സൃഷ്ടിക്കാൻ കഴിയുകയുള്ളൂ എന്നും ചർച്ചയിൽ പങ്കെടുത്തവർ അഭിപ്രായപ്പെട്ടു.

ലഹരി വിരുദ്ധ ക്യാമ്പയിനുകൾ, ട്രാഫിക് ബോധവൽകരണം, കായികക്ഷമതാ പരിശീലനങ്ങൾ, കാർഷിക പ്രവർത്തനങ്ങൾ, സാന്ത്വന പ്രവർത്തനങ്ങൾ, പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസ സൗകര്യം ചെയ്യൽ, നേത്രദാന സമ്മതിപത്രം നൽകൽ എന്നിവ എസ്.പി.സി അംഗങ്ങൾ സജീവമായി പങ്കെടുക്കുന്ന മേഖലകളാണ്. കുട്ടികളുടെ കൺസെഷൻ ഉൾപ്പടെയുള്ള യാത്രാ പ്രശ്നങ്ങൾ മോട്ടോർ വാഹന ഇൻസ്പെക്ടറുമായി ബന്ധപ്പെട്ട് എസ്.പി.സി തന്നെ പരിഹരിക്കുന്നു. അതുപോലെ മാർക്കറ്റിൽ ചീഞ്ഞ മത്സ്യം വിൽക്കുന്നത് വിൽപ്പനക്കാരെ ബോധവൽക്കരിച്ചുകൊണ്ട് തടയാൻ കഴിഞ്ഞിട്ടുണ്ട്. തരിശു നിലത്ത് കൃഷി നടത്തുകയും ചെയ്തിട്ടുണ്ട്. രക്ഷിതാക്കൾക്കും ബന്ധുക്കൾക്കും സീറ്റ് ബെൽറ്റ് / ഹെൽമറ്റ് ധരിക്കേണ്ടതിന്റെആവശ്യകതയെ കുറിച്ച് ശക്തമായ ബോധവൽക്കരണവും നൽകുന്നു.

യൂണിഫോം എല്ലാവരുടേയും ആകർഷണം പിടിച്ചു പറ്റുന്നുണ്ട്. പോലീസുകാരുമായി അടുത്തിടപഴകാൻ കഴിയുന്നത് എല്ലാ അർത്ഥത്തിലും ഗുണകരമാണ്. എസ്.പി. കേഡറ്റുകൾക്ക് സമൂഹം മാന്യത കല്പിക്കുന്നതായി കാണാൻ കഴിയുന്നതായി വിശകലനത്തിലൂടെ ബോധ്യപ്പെടുന്നു. മോട്ടോർ വാഹന വകുപ്പ്, ഫയർ സ്റ്റേഷൻ എന്നിവ സന്ദർശിക്കുന്നതുകൊണ്ട് വിവിധ സർക്കാർ വകുപ്പുകൾ നിർവഹിക്കുന്ന ചുമതലകൾ കേഡറ്റുകൾക്ക് തിരിച്ചറിയാൻ കഴിയുന്നുണ്ട്.

എല്ലാ വിദ്യാലയങ്ങളിലും എസ്.പി.സി യൂണിറ്റുകൾ ആരംഭിക്കണമെന്ന് പൊതുവെ അഭിപ്രായ മുയർന്നു.

എസ്.പി.സി അംഗങ്ങളെ  തിരഞ്ഞെടുക്കുന്ന പ്രക്രിയ ഒരു വെല്ലുവിളിയായി അനുഭവപ്പെടുന്നുണ്ട്. വിദ്യാലയാധികൃതരെ സമ്മർദത്തിലാക്കുന്ന സന്ദർഭങ്ങൾ ഇതു സംബന്ധമായി ഉണ്ടാകാറുണ്ട്. എസ്.പി.സി പ്രവർത്തനങ്ങൾ വിദ്യാലയങ്ങളിൽ സുഗമമായി മുന്നോട്ട് കൊണ്ടു പോകുന്നതിന് സാമ്പത്തിക പ്രതിസന്ധി നേരിടുന്ന കാര്യം ചർച്ചയിൽ പങ്കെടുത്ത ഭൂരിഭാഗം പേരും ചൂണ്ടിക്കാട്ടി യതായി മനസ്സിലാക്കുന്നു. എസ്.പി.സി പ്രവർത്തനങ്ങൾ കുട്ടികളുടെ പഠന സമയം അപഹരി ക്കുന്നു എന്നും ചിലർ ചൂണ്ടിക്കാട്ടിയിട്ടുണ്ട്.  എസ്.പി.സിയിൽ ചേരുന്നതിന് മുഖ്യ പ്രചോദനമാ കുന്നത് ഗ്രേസ് മാർക്കാണെന്നാണ് പൊതുവെയുള്ള അഭിപ്രായം. പോലീസുകാരായ ഡ്രിൽ ഇൻസ്ട്രക്ടർമാരുടെ അലഭ്യത പ്രശ്നമാകാറുണ്ട്. കൂടാതെ പോലീസ് വകുപ്പിന്റെ സത്വര ശ്രദ്ധ വേണ്ടുന്ന സന്ദർഭങ്ങളിൽ ആയതു ലഭിക്കുന്നില്ലെന്നും അംഗങ്ങൾ പറഞ്ഞു. വിദ്യാഭ്യാസ വകു പ്പിന്റെ ഇടപെടൽ കുറയുന്നു എന്നതും ഒരു ന്യൂനതയായി ചർച്ചയിൽ പങ്കെടുത്തവർ ചൂണ്ടിക്കാട്ടി. പൊതു പരിപാടികളിൽ എസ്.പി.സി യുടെ സേവനം സമൂഹത്തിലെ വിവിധ കോണിൽ നിന്നും സ്ഥാനത്തും, അസ്ഥാനത്തും ആവശ്യപ്പെടാറുണ്ട്. എസ്.പി.സി പ്രവർത്തനത്തിന്റെ ഗുണഫലം പോലീസ് വകുപ്പിനുമാത്രമായി പോകുന്നു എന്നതാണ് വസ്തുതയെന്ന് ചർച്ചയിൽ പങ്കെടുത്തവർ പറഞ്ഞു.  എസ്.പി.സി അംഗങ്ങളെ അനാവശ്യമായ മീറ്റിംഗുകൾക്കായി വിളിച്ച് ബുദ്ധിമുട്ടിക്കരു തെന്നും ചിലർ അഭിപ്രായപ്പെട്ടു.

എസ്.പി.സി പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ എല്ലാ കുട്ടികൾക്കും തിരിച്ചറിയൽ കാർഡ് നൽക ണമെന്ന് ആവശ്യം ഉയർന്നു വന്നു.  പരേഡുള്ള ദിവസങ്ങളിൽ തൃപ്തികരമായ ഭക്ഷണം നൽക ണം. എസ്.പി.സി അംഗങ്ങളുടെ പ്രകടനപരത (performance) യ്ക്കനുസരിച്ചുള്ള അംഗീകാരം നൽകുന്ന കാര്യത്തിലും ഊന്നൽ നൽകണം. അതുപോലെ തന്നെ സായുധസേനകളിലേക്കുള്ള തിരഞ്ഞെടുപ്പുകളിൽ എസ്.പി.സി യിൽ മികച്ച പ്രകടനം കാഴ്ച വച്ചവർക്ക് മുൻഗണന നൽക ണം. പോലീസിന്റെ വിവിധ പ്രവർത്തനങ്ങളിൽ എസ്.പി.സിയെയും  പങ്കാളികളാക്കണം. പ്രത്യേ കിച്ചും ഹയർസെക്കന്ററി എസ്.പി.സി യൂണിറ്റുകളിൽ ഇതിനു നല്ല സാധ്യതയുണ്ട്.  ഗ്രേസ് മാർക്ക് സമ്പ്രദായം നിലനിർത്തണമെന്നും ഫോക്കസ് ഗ്രൂപ്പ് ചർച്ചയിൽ അഭിപ്രായം വന്നു.  വിദ്യാഭ്യാസ വകുപ്പിൽ നിന്നും ആവശ്യമായ ഫണ്ട് ലഭ്യമാക്കണം. നിലവിൽ ഇത് പോലീസ് വകുപ്പിലൂടെയാണ് പ്രാവർത്തികമാക്കുന്നത്.  എസ്.പി.സി പ്രവർത്തനങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വപരമായ പങ്കാളിത്തം വേണമെന്ന് വിശകലനത്തിലൂടെ മനസ്സിലാക്കാൻ കഴിയുന്നു. ഭാരത് സ്കൗട്ട്സ് & ഗൈഡ്സ് നൽകുന്ന രാഷ്ട്രപതി പുരസ്കാർ, രാജ്യ പുരസ്കാർ  മാതൃക യിൽ  എസ്.പി.സിയിലും പുരസ്കാരങ്ങൾ ഏർപ്പെടുത്തണം. പോലീസ് സേനയിലേക്ക് അംഗ ങ്ങളെ ആകർഷിക്കുന്ന ഫീഡർ യൂണിറ്റുകളായി എസ്.പി.സി യൂണിറ്റുകളെ മാറ്റണമെന്നും ചർച്ച യിൽ പൊതുവായ അഭിപ്രായം വന്നു. സ്കൂളിലെ പാഠ്യ മാർഗരേഖകളിൽ എസ്.പി.സി യുടെ പ്രധാന ആശയങ്ങൾ ഉൾപ്പെടുത്തണം. ക്യാമ്പുകളുടെ നടത്തിപ്പിൽ നല്ല റിസോഴ്സ് അധ്യാപ കരെ/ട്രെയ്നർമാരെ ലഭ്യമാക്കാൻ വേണ്ട മേൽ നടപടികൾ ജില്ലാതലത്തിൽ കൈക്കൊള്ളണം. എസ്.പി.സി യുടെ കമ്മ്യൂണിറ്റി പ്രൊജക്ടുകളിൽ പ്രധാനപ്പെട്ട രണ്ടോ മൂന്നോ പരിപാടികൾക്ക് പ്രത്യേക  ഊന്നൽ നൽകി മുന്നോട്ട് പോകേണ്ടതുണ്ട്.  എസ്.പി.സി വഴി മറ്റുള്ള കുട്ടികൾക്കും രക്ഷിതാക്കൾക്കും ബോധവൽക്കരണ പ്രവർത്തനം നടത്തേണ്ടതും അത്യാവശ്യമാണ്.  ഇതി നെല്ലാം പുറമെ  എസ്.പി.സി യൂണിറ്റുകളെ പങ്കെടുപ്പിച്ചുകൊണ്ട് വിദ്യാഭ്യാസ ജില്ല/ റവന്യൂ ജില്ലാ തല സ്പോർട്സ് മീറ്റുകൾ സംഘടിപ്പിക്കേണ്ടതുണ്ടെന്നും ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ച വ്യക്തികൾ ആവശ്യപ്പെട്ടിട്ടുണ്ട്.  ഹയർസെക്കന്ററികളിലേക്ക് എസ്.പി.സി വ്യാപിപ്പിക്കണമെന്നും പെൺകുട്ടികളുടെ സുരക്ഷയ്ക്കുവേണ്ടി തിരഞ്ഞെടുത്ത ആയോധന കലകൾ പരിശീലിപ്പിക്കണ മെന്നും അഭിപ്രായമുയർന്നു.

രക്ഷിതാക്കളുടെ പങ്കാളിത്തവുമായി ബന്ധപ്പെട്ട് വിദ്യാലയ അധികൃതർ വളരെ നല്ല അഭിപ്രായ മാണ് പങ്കുവെച്ചത്. രക്ഷിതാക്കൾ എസ്.പി.സി യുടെ എല്ലാ പ്രവർത്തനങ്ങളിലും സജീവമായി പങ്കെടുക്കുന്നു. ക്യാമ്പുകൾ, ശുചീകരണ പ്രവർത്തനങ്ങൾ, ധാർമ്മികമായ പിന്തുണ നൽകൽ, ജനപ്രതിനിധികളായ രക്ഷിതാക്കൾ വഴി സാമ്പത്തിക സമാഹരണംനടത്തൽ എന്നിവയും നന്നായി നടക്കുന്നുണ്ടെന്ന് വിശകലനത്തിലൂടെ മനസ്സിലാക്കുന്നു. പരേഡിനു ശേഷം കുട്ടികളെ വീട്ടിലെത്തിക്കാൻ രക്ഷിതാക്കൾ കൂട്ടായ സഹായം ചെയ്യുന്നു.

ബോധവൽക്കരണ ക്ലാസുകളിൽ ലഭിച്ച ആശയങ്ങൾ (സൈബർ, ട്രാഫിക്, ലഹരി, മയക്കു മരുന്ന്...) എസ്.പി കേഡറ്റുകൾ ക്ലാസ്സിലെ മറ്റു കുട്ടികൾക്കു കൂടി പകർന്നു നൽകുന്നു. ഭൂരിഭാഗം കുട്ടികളുടെയും സ്വഭാവ രൂപീകരണത്തിന് ഉത്തമ മാതൃകയാവാൻ എസ്.പി.സി ഘടകത്തിന് സാധിക്കുന്നുണ്ട്. കുട്ടികളുടെ ഇടപെടൽ മുഖാന്തരം സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾക്ക് തടയി ടാൻ സാധിച്ചിട്ടുണ്ട്.

മുതിർന്നവരുടെ നിർബന്ധമില്ലാതെ കുട്ടികൾ നേരത്തെ ഉണരുകയും, വ്യായാമം ചെയ്യുകയും, പഠിക്കുകയും ചെയ്യുന്നു. വീട് വൃത്തിയാക്കലും മാലിന്യ നിർമ്മാർജനവും അവർ സ്വമേധയാ ഏറ്റെടുക്കുന്നുണ്ട്. പഠനത്തിൽ ശരാശരിക്കാരായ കുട്ടികൾ എസ്.പി.സി അംഗങ്ങളായതിനുശേഷം ശരാശരിക്ക് മുകളിലെത്തിയിട്ടുണ്ട്. ഈ കുട്ടികൾ സമയം പാഴാക്കിക്കളയുന്നില്ല. പെൺകുട്ടികൾ ടെൻഷൻ ഫ്രീയായി പെരുമാറുന്നു.

കൃത്യനിഷ്ഠ, ആവശ്യകതാബോധം, ഗൗരവമായ ജീവിത ചിന്ത, ഉത്തരവാദിത്വം എന്നിവ കൈമുത ലായുള്ള ഒരു പ്രധാനപ്പെട്ട കുടുംബാംഗമായി പ്രവർത്തിക്കാൻ എസ്.പി. കേഡറ്റുകൾക്ക് കഴിയു ന്നു. സമൂഹത്തിലെ നന്മകളും തിന്മകളും കണ്ടറിഞ്ഞ് തിന്മകളെ ഇല്ലായ്മ ചെയ്യാനും നന്മകളെ നിലനിർത്താനുമാണ് വിദ്യാഭ്യാസം ലക്ഷ്യമിടുന്നത്. എസ്.പി.സി യിൽ ഇടപെട്ട് പ്രവർത്തിക്കുന്ന ഒരു കുട്ടിക്ക് ധാർമ്മിക ബോധവും, നിയമപാലന ബോധവും ഉണ്ട്. ഇതര പ്രവർത്തനങ്ങളിലൂടെ കുട്ടി നേടിയെടുക്കുന്ന കഴിവുകൾ വിദ്യാലയത്തിന്റെ പൊതുനന്മക്കും സഹപാഠികളുടെ സേവന ത്തിനുമായി വിനിയോഗിക്കപ്പെടുകയാണെന്ന് ഇതുമായി ബന്ധപ്പെട്ട് സംസാരിച്ച എല്ലാവരും അഭിപ്രായപ്പെട്ടു. വിദ്യാഭ്യാസം സമ്പൂർണമാകുന്നതിന് നാം ലക്ഷ്യമിടുന്ന ഗുണകരമായ മാറ്റം സംഭവിക്കാൻ എസ്.പി.സി എന്ന പദ്ധതി വളരെയധികം അനുയോജ്യമാണെന്ന് തെളിയിക്കപ്പെട്ടിരി ക്കുന്നു. എസ്.പി.സി കൾക്കുള്ള പ്രവർത്തനങ്ങളിൽ 'പ്രശ്നോത്തരി' പൊതുവിജ്ഞാനം വർധിപ്പി ക്കാൻ വളരെയധികം സഹായകമായിട്ടുണ്ട് എന്നും അഭിപ്രായമുയർന്നു.

എഴുത്തുപരീക്ഷ, കായികക്ഷമതാപരീക്ഷ എന്നിവയുടെ അടിസ്ഥാനത്തിലാണ് എസ്.പി.സിയിലേ ക്കുള്ള പ്രവേശനം ലഭിക്കുന്നത്. കായികപരിശീലനം, യോഗ, പി.റ്റി, പരേഡ്, എന്നിവ കായിക ക്ഷമത വർധിപ്പിക്കാൻ സഹായിക്കുന്നവയാണ്.

സ്കൂളിന്റെ ദൈനംദിന പ്രവർത്തനങ്ങൾ, ക്യാമ്പ് വഴിയും ക്ലാസുകൾ വഴിയും ലഭിക്കുന്ന അറിവ് തുടങ്ങിയവ രക്ഷിതാക്കളുടെയും അധ്യാപകരുടെയും മുന്നിൽ പ്രകടിപ്പിക്കാനുള്ള അവസരം എസ്.പി.സി കുട്ടികൾ യഥാവിധി പ്രയോജനപ്പെടുത്തുന്നതിനാൽ അവർ വിദ്യാലയത്തിലെ മാതൃ കാ വിദ്യാർത്ഥികൾ ആണ്. നല്ലൊരു ശതമാനം കുട്ടികളും ഉയർന്ന നിലവാരത്തിൽ നീങ്ങുമ്പോൾ വിദ്യാലയങ്ങൾ തന്നെ മെച്ചപ്പെട്ട രീതിയിൽ മാറുന്നതായി റിപ്പോർട്ട് ചെയ്യുന്നു.

## VII പ്രധാന അധ്യാപകരുമായുള്ള അഭിമുഖത്തെ ആസ്പതമാക്കിയുള്ള വിശകലനം

### എസ്.പി.സി പ്രവർത്തനങ്ങളുടെ സ്വാധീനം

അഭിമുഖത്തിൽ പങ്കെടുത്ത ആകെ പ്രധാന അധ്യാപകർ 36 പേരാണ്. ഇവരിൽ 4 പേരൊഴികെ എസ്.പി.സി പ്രവർത്തനങ്ങൾ പഠനത്തെ ഗുണപരമായി സ്വാധിനിക്കുന്നു എന്നാണ് അഭിപ്രായ

പ്പെട്ടത്. ഇതിൽ പഠനത്തിൽ അച്ചടക്കമുണ്ടായിട്ടുണ്ട്, പത്രം വായന കൂടിയിട്ടുണ്ട്, താൽപ്പര്യത്തോടെയും അനുസരണയോടെയും പഠന പ്രവർത്തനത്തിൽ പങ്കെടുക്കുന്നുണ്ട് എന്ന് അഭിപ്രായപ്പെട്ടവരിൽ കൂടുതൽ പേരും ഗ്രാമ പ്രദേശത്തുള്ളവരും, ഗവൺമെന്റ് വിദ്യാലയങ്ങളിൽ ഉൾപ്പെട്ടവരുമാണ്.

ശാരീരികക്ഷമത വർധിക്കുന്നു, നേതൃത്വപാടവം വളർത്തുന്നു, ആത്മവിശ്വാസം വർധിക്കുന്നു എന്ന് അഭിപ്രായപ്പെട്ടവരിൽ കൂടുതൽ പേരും (9 ഗ്രാമപ്രദേശം, 10 ഗവൺമെന്റ്) ഗ്രാമപ്രദേശത്തെ ഗവൺമെന്റ് വിദ്യാലയങ്ങളിലാണ്. എസ്.പി.സി പ്രവർത്തനത്തിലൂടെ റിസൽട്ട് മെച്ചപ്പെട്ടുവെന്നും , ഗ്രൂപ്പ് പഠനത്തിൽ മികച്ച രീതിയിൽ പങ്കെടുക്കുന്നുവെന്നും ചിലർ (8 പേർ) അഭിപ്രായപ്പെട്ടിട്ടുണ്ട്.

### എസ്.എസ്.എൽ.സി വിജയശതമാനത്തിൽ വന്നമാറ്റം

പത്താം ക്ലാസ്സ് വിജയശതമാനത്തിൽ ഗുണകരമായ മാറ്റം എസ്.പി.സി മൂലം ഉണ്ടായിട്ടുണ്ടെന്നാണ് 4 പേരൊഴികെ അഭിപ്രായപ്പെട്ടത്. മാറ്റമില്ലാത്ത നാലു പേരുടെ സ്കൂളുകളും 100 % വിജയം കുറെക്കാലമായി നിലനിർത്തുന്നവരാണ്. അതോടൊപ്പം $A^+$ എണ്ണം കൂടുകയും ചെയ്തിട്ടുണ്ട്. എസ്.പി.സി പ്രവർത്തനങ്ങൾക്ക് നൽകുന്ന ഗ്രേസ് മാർക്ക് ഈ വിജയശതമാനം കൂടുന്നതിന് കാരണമാണ്.

എസ്.പി.സി പ്രവർത്തനങ്ങൾ പാഠ്യവിഷയങ്ങളുമായി എത്രമാത്രം ബന്ധപ്പെടുത്തുന്നുണ്ടെന്ന ചോദ്യത്തിന് പാഠഭാഗവുമായി ബന്ധപ്പെടുത്തുന്നില്ല എന്നാണ് 24 പ്രധാനാധ്യാപകരും അഭിപ്രായപ്പെട്ടത്. 12 പേർ മാത്രമാണ് ചില പ്രവർത്തനങ്ങൾ പാഠ്യപ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തുന്നതിനുള്ള ശ്രമം നടത്തുന്നത്. ഫീൽഡ്ട്രിപ്പ്, സെമിനാർ, ഡിബേറ്റ് തുടങ്ങിയ പഠന തന്ത്രങ്ങളുടെ ഫലപ്രദമായ നടത്തിപ്പിന് , ഹരിത വിദ്യാലയം പ്രവർത്തനങ്ങൾ, ജല സംരക്ഷണം, കേരള സംസ്കാരം, ചരിത്രം, ഭാരത സംസ്കാരം, വ്യക്തി ശുചിത്വം തുടങ്ങിയ ചില മേഖലകളിൽ മാത്രമാണ് എസ്.പി.സി. പ്രവർത്തനവും പാഠ്യവിഷയങ്ങളുമായി ബന്ധിപ്പിക്കാൻ കഴിയുന്നത്. ഇവിടെ ഗ്രാമീണ-നഗര മേഖലകളെന്നോ ഗവൺമെന്റ് എയ്ഡഡ് മേഖലകളെന്നോ കാര്യമായ വ്യത്യാസങ്ങൾ നിരീക്ഷിക്കാൻ സാധിച്ചിട്ടില്ല.

### സ്കൂൾ അന്തരീക്ഷത്തിൽ എസ്.പി.സി യുടെ സ്വാധീനം

സ്കൂൾ അന്തരീക്ഷം അച്ചടക്കമുള്ളതാക്കാനും ചിട്ടപ്പെടുത്താനും എസ്.പി.സി പ്രവർത്തനം സഹായിക്കുന്നുണ്ടെന്ന് 50% (18) പ്രധാനാധ്യാപകർ അഭിപ്രായപ്പെട്ടു. അതേ സമയം 12 പേർ (33%) എസ്.പി.സി പ്രവർത്തനങ്ങൾ സ്കൂൾ അന്തരീക്ഷത്തിൽ കാര്യമായ സ്വാധീനം ചെലുത്തിയിട്ടില്ലെന്ന അഭിപ്രായക്കാരാണ്. പൊതു പരിപാടികളിൽ നേതൃത്വം വഹിക്കൽ, ശുചീകരണം, ട്രാഫിക് ബോധവൽക്കരണം, മറ്റു കുട്ടികളുടെ ദുശ്ശീലങ്ങൾ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തി ഇല്ലാതാക്കൽ, ക്ലബ് പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തൽ എന്നീ മേഖലകളിൽ എസ്.പി.സിയുടെ ഇടപെടൽ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നുണ്ടെന്ന് 66% പേർ പ്രതികരിച്ചു.

### എസ്.പി.സി അംഗങ്ങളുടെ പെരുമാറ്റത്തിൽ ഉണ്ടായ മാറ്റം

എസ്.പി.സി പ്രവർത്തനങ്ങൾ കുട്ടികളുടെ പെരുമാറ്റത്തിൽ അച്ചടക്കവും ചിട്ടയും വിനയവും ഉണ്ടാക്കിയിട്ടുള്ളതായി 9 പ്രധാനാധ്യാപകർ അഭിപ്രായപ്പെട്ടു. മുന്നോട്ടു വരാനുള്ള കഴിവ്, കൃത്യനിഷ്ഠ, പൗരബോധം വളർത്തൽ, നിയമം അനുസരിക്കുന്ന അവസ്ഥ, മറ്റു കുട്ടികൾക്ക് മാതൃകയായുള്ള പെരുമാറ്റം, പ്രവർത്തനങ്ങൾ സ്വയം ഏറ്റെടുക്കൽ, തുറന്നു പറയുന്ന രീതി, തുടങ്ങിയ സ്വഭാവമാറ്റങ്ങൾ ഉണ്ടായതായി മറ്റുള്ളവർ പറഞ്ഞു. ഇവ ഓരോന്നും ഒന്നു രണ്ടുപേർ വീതമാണ് അഭിപ്രായപ്പെട്ടത്. സ്വഭാവത്തിൽ ഒരു മാറ്റവും ഉണ്ടായിട്ടില്ല എന്ന് 6 പ്രധാനാധ്യാപകർ പറഞ്ഞിട്ടുണ്ട്. ഓരോ പ്രവർത്തനത്തിനും ഉപോത്ബലകമായ തെളിവുകൾ കൂടി അവർ നൽകിയിട്ടുണ്ട്. (ലഹരിക്കെതിരെ പ്രവർത്തനം, അസംബ്ലി സംഘാടനത്തിൽ നേതൃത്വം തുടങ്ങിയവ)

## മറ്റു കുട്ടികളിലും അധ്യാപകരിലും എസ്.പി.സി യുടെ പ്രവർത്തനം മൂലം ഉണ്ടായ മാറ്റങ്ങൾ

ഗുണകരമായ മാറ്റങ്ങൾ ഉണ്ടായതായി അഭിപ്രായപ്പെടുമ്പോഴും കൃത്യമായ മേഖലകൾ സൂചിപ്പിക്കാൻ സാധിക്കാത്തവരാണ് 20% പ്രധാനാധ്യാപകർ. ഒരു മാറ്റവും എസ്.പി.സി.ക്ക് ഉണ്ടാക്കാൻ സാധിച്ചില്ല എന്ന അഭിപ്രായം വെറും 3 പേർ മാത്രമാണ് പ്രകടിപ്പിച്ചത്. കുട്ടികളുടെ പെരുമാറ്റ പ്രശ്നങ്ങൾ കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതുമൂലം മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട് എന്ന അഭിപ്രായപ്പെട്ട 5 പേർ ഉണ്ട്. മറ്റു കുട്ടികൾ കൂടി ഈ മേഖലയിലേക്ക് ആകർഷിക്കപ്പെടുന്നു, പരിസ്ഥിതി, ട്രാഫിക് പ്രവർത്തനങ്ങളിൽ സഹായിക്കുന്നു, മറ്റു കുട്ടികൾ എസ്.പി.സി യൂണിഫോമിലുള്ള കുട്ടികളെ അനുസരിക്കുന്നു, ക്യാമ്പസ് മയക്കുമരുന്ന്, ലഹരി വിമുക്തമാക്കാൻ സഹായിക്കുന്നു, ബൈക്കുപയോഗത്തിൽ നിയന്ത്രണം, അക്രമസ്വഭാവത്തിൽ കുറവ് എന്നീ നിരീക്ഷണങ്ങൾ കൂടി പ്രധാനാധ്യാപകർ നടത്തി.

## എസ്.പി.സി പ്രവർത്തനത്തിൽ സന്നദ്ധ സംഘടനകളുടെ ഇടപെടൽ

എസ്.പി.സി പ്രവർത്തനത്തിൽ സന്നദ്ധ സംഘടനകളുടെയോ സാമൂഹ്യ സംഘടനകളുടെയോ ഇടപെടൽ ഉണ്ടായിട്ടില്ല എന്നാണ് 24 (66%) പേർ അഭിപ്രായപ്പെട്ടത്. ഇതിൽ ഗ്രാമ-നഗര, ഗവൺമെന്റ്, എയ്ഡഡ് വ്യത്യാസം കാണുന്നില്ല.

ചില സ്കൂളുകളിൽ പബ്ലിക് ഹെൽത്ത്, കൃഷി, ദുരിതാശ്വാസനിധി സ്വരൂപണം, നിർധനരെ സഹായിക്കൽ, പാലിയേറ്റീവ് കെയർ, ആഘോഷ പരിപാടികൾ തുടങ്ങിയ ഒറ്റപ്പെട്ട പ്രവർത്തനങ്ങളിൽ ഇടപെടുന്നതായി കാണുന്നുണ്ട്. എന്നാൽ എസ്.പി.സി പ്രവർത്തനങ്ങൾ വിവിധ ക്ലബുകളുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്താനുള്ള അനേകം സന്ദർഭങ്ങൾ ഉണ്ട്. ഇവ ഉപയോഗപ്പെടുത്തുന്നതിന് സാധിക്കേണ്ടതുണ്ട്.

## എസ്.പി.സി പദ്ധതിയെപ്പറ്റി രക്ഷിതാക്കളുടെ പ്രതികരണം

ഭൂരിപക്ഷം (32) സ്കൂളുകളിലെ കുട്ടികളും രക്ഷിതാക്കളും എസ്.പി.സി പ്രവർത്തനങ്ങളിൽ (മീറ്റിംഗ്, ക്യാമ്പ്) നന്നായി ഇടപെടുന്നതായി പ്രധാനാധ്യാപകർ സാക്ഷ്യപ്പെടുത്തുന്നു. എസ്.പി.സി യിൽ പങ്കെടുക്കുന്നത് രക്ഷിതാക്കളെ സംബന്ധിച്ചിടത്തോളം അഭിമാനമുള്ളതാണെന്നും, കുട്ടികൾ കൃത്യനിഷ്ഠ, ആത്മവിശ്വാസം, ട്രാഫിക് അവബോധം,വിവിധ പ്രശ്നങ്ങൾ പോലീസിന്റെ ശ്രദ്ധയിൽപ്പെടുത്തൽ തുടങ്ങിയ മേഖലകളിൽ വളരെയധികം മെച്ചപ്പെട്ടിട്ടുണ്ട് എന്ന് രക്ഷിതാക്കൾ അഭിപ്രായപ്പെട്ടതായി പ്രധാനാധ്യാപകർ പറഞ്ഞു. എന്നാൽ 10-ാം ക്ലാസ്സിന് ശേഷം ഇവ നിലനിർത്താൻ സാധിക്കാത്തവർ ഉണ്ട് എന്ന് അവർ പറയുന്നു. കുട്ടികളെ പോലീസ് യൂണിഫോമിൽ കാണുന്നത് രക്ഷിതാക്കളെ സംബന്ധിച്ചിടത്തോളം സന്തോഷമുള്ള കാര്യമാണ്.

## സമൂഹത്തിൽ നിന്ന് എസ്.പി.സി യെപ്പറ്റിയുള്ള പ്രതികരണം

എസ്.പി.സി ഒരു മികച്ച പരിപാടിയാണെന്ന് സമൂഹത്തിന്റെ വിവിധ തലത്തിലുള്ളവർ പ്രതികരിച്ചിട്ടുണ്ടെന്ന് 19% (36) പ്രധാനാധ്യാപകർ അഭിപ്രായപ്പെട്ടു. ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ. ശുചിത്വം, സഹജീവി സ്നേഹം തുടങ്ങിയ ഗുണങ്ങൾ എന്നിവയാണ് സമൂഹത്തിൽ നിന്നും ഏറെ പ്രശംസപിടിച്ചുപറ്റിയത്. സമൂഹത്തിലേക്ക് ഇറങ്ങിച്ചെല്ലാൻ കഴിയുന്ന കൂടുതൽ പ്രവർത്തനങ്ങൾ ഏറ്റെടുക്കണമെന്ന് സമൂഹിക പ്രവർത്തകർ ആവശ്യപ്പെട്ടിട്ടുണ്ട്.

## എസ്.പി.സി യിൽ അംഗങ്ങളാകുന്നതിന് രക്ഷിതാക്കളുടെ ഭാഗത്തുനിന്നുള്ള സമ്മർദങ്ങൾ

50% പ്രധാനാധ്യാപകർക്കും ഇത്തരം സമ്മർദങ്ങൾ ഉണ്ടാകാറുണ്ട്. എന്നാൽ നിർദിഷ്ട മാനദണ്ഡങ്ങൾ കർശനമായി പാലിക്കാറുണ്ടെന്ന് പ്രധാനാധ്യാപകർ പറയുന്നു. 58% സ്കൂളുകളിൽ ഇത്തരം

സമ്മർദങ്ങൾ ഉണ്ടാകാറില്ല. ഗ്രേസ് മാർക്ക് ഈ സമ്മർദത്തിന് കാരണമാണെങ്കിലും മറ്റ് കാരണങ്ങൾ വളരെയധികം ഉണ്ടെന്ന് പ്രധാനാധ്യാപകർ അഭിപ്രായപ്പെട്ടു.

### എസ്.പി.സി തുടങ്ങാനുണ്ടായ സാഹചര്യം

പി.റ്റി.എ, അധ്യാപകർ, എം.എൽ.എ എന്നിവരുടെ താൽപ്പര്യം മൂലം എസ്.പി.സി. പദ്ധതി തിരഞ്ഞെടുത്തത് 9 (25%) പേരാണ്. സ്കൂളിൽ അച്ചടക്കം ഉണ്ടാക്കുന്നതിനും. വിജയശതമാനം കൂട്ടുന്നതിനും ഇത് തിരഞ്ഞെടുത്തത് 15% പേരാണ്. മറ്റു വിവിധ കാരണങ്ങൾ സൂചിപ്പിച്ച സ്കൂളുകളും (വ്യക്തികൾ ആവശ്യപ്പെട്ട മറ്റു സ്കൂളുകളുടെ മാതൃക, ഡിപ്പാർട്ട്മെന്റിന്റെ സ്വാധീനം, കുട്ടികളെ ആകർഷിക്കാൻ) ഉണ്ട്.

### എസ്.പി.സി- സി.പി.ഒ തിരഞ്ഞെടുക്കുന്ന രീതി

15 സ്കൂളുകളിലും (44%) മേലധികാരികളുടെ (പ്രിൻസിപ്പാൾ. എച്ച്.എം) നിർദ്ദേശ പ്രകാരമാണ് സി.പി.ഒ ചുമതല ഏറ്റെടുത്തത്. സ്റ്റാഫ് കൗൺസിൽ തീരുമാനപ്രകാരം 8 സ്കൂളുകളിൽ (22%) സി.പി.ഒ യെ തീരുമാനിച്ചു. 33% സ്കൂളുകളിലാണ് സി.പി.ഒ യെ സ്വന്തം താൽപ്പര്യ പ്രകാരം നിയമിച്ചത്.

### എസ്.പി.സി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിൽ എസ്.ആർ.ജി/സ്റ്റാഫ് കൗൺസിൽ എന്നിവരുടെ പങ്ക്.

പ്രത്യേകിച്ച് പങ്കില്ല എന്നാണ് 24 സ്കൂളുകളും (66%) അഭിപ്രായപ്പെട്ടത്. എന്നാൽ എസ്.പി.സി പ്രവർത്തനങ്ങൾ എസ്.ആർ.ജി.യിൽ അവതരിപ്പിച്ച് അംഗീകാരം നേടുന്നുണ്ട് എന്നും സഹായം നൽകാറുണ്ടെന്നും ഭൂരിപക്ഷം പേരും അഭിപ്രായപ്പെട്ടു. എസ്.പി.സി.ക്ക് പ്രത്യേക പ്രവർത്തനകലണ്ടർ ഉള്ളതുകൊണ്ട് സ്കൂൾതലത്തിൽ തീരുമാനിച്ച പ്രവർത്തനങ്ങൾ നടത്താൻ ഇതിൽ അവസരങ്ങൾ കുറവാണ്.

### അനുവദിക്കുന്ന ഫണ്ടിന്റെ പര്യാപ്തത

എസ്.പി.സി.ക്ക് സർക്കാർ അനുവദിക്കുന്ന ഫണ്ട് അപര്യാപ്തമാണെന്ന് എസ്.സി/എസ്.റ്റി ഫണ്ട് ലഭിക്കുന്ന സ്കൂളിലെ ഹെഡ്മാസ്റ്റർ ഒഴികെ ബാക്കിയെല്ലാവരും അഭിപ്രായപ്പെട്ടു. തീരെ ഫണ്ട് അനുവദിക്കാത്ത സ്വാശ്രയ എസ്.പി.സി സ്കൂളുകൾ ഉണ്ട്. രക്ഷിതാക്കളിൽ നിന്നും, അധ്യാപകരിൽ നിന്നും സഹായം സ്വീകരിച്ചാണ് ഫണ്ട് അപര്യാപ്തത പരിഹരിക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 2 ഇടത്ത് (36 ൽ) മാത്രമാണ് (5%) സഹായം നൽകിയത്. ക്യാമ്പുകൾക്ക് വേണ്ടിയാണിത്. റിഫ്രഷ്മെന്റ് ഫണ്ട് തീരെ അപര്യാപ്തമാണ്.

### എസ്.പി.സി പ്രവർത്തനം ഫലപ്രദമായി നടത്തുന്നതിന് നേരിടുന്ന വെല്ലുവിളികൾ

50% സ്കൂളുകളിൽ കാര്യമായ വെല്ലുവിളികൾ നേരിടുന്നില്ല എന്നാണ് ഹെഡ്മാസ്റ്റർമാർ അഭിപ്രായപ്പെട്ടത്. എന്നാൽ 50% സ്കൂളുകളിൽ ഫണ്ടിന്റെ അപര്യാപ്തതയും അതു കണ്ടെത്തുന്നതിനുള്ള പ്രായോഗിക വിഷമതകളും പരിമിതികളാണ്. പദ്ധതിയിൽ വിദ്യാഭ്യാസവകുപ്പിന്റെ ഇടപെടലിലുള്ള കുറവ് ഒരു പരിമിതിയായി കാണുന്നവരുണ്ട്. എച്ച്.എസ്.എസ്.ലെ എസ്.പി.സികളിൽ വെക്കേഷൻ ക്യാമ്പ് നടത്തുന്നത് വാല്യൂവേഷൻ ഡ്യൂട്ടിക്ക് തടസ്സമാകുന്നുണ്ട്. അധ്യാപകരുടെ സമയക്കുറവ് എല്ലാ പ്രവർത്തനങ്ങളും സമ്പൂർണമായി നടത്തുന്നതിന് പരിമിതിയാണ്.

### പ്രധാന അധ്യാപകർ മുന്നോട്ടുവച്ച എസ്.പി.സി. പദ്ധതി മെച്ചപ്പെടുത്താനുള്ള നിർദേശങ്ങൾ

താഴെ പറയുന്ന നിർദേശങ്ങൾ പ്രധാന അധ്യാപകർ പങ്കുവെച്ചു.

- പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടിയുള്ള ഫണ്ട് വർധിപ്പിക്കണം.

- പഠനത്തിൽ പിന്നാക്കമുള്ള കുട്ടികൾക്ക് പരിഗണന നൽകണം.
- കുട്ടികൾക്ക് പോലീസ് ജോലിക്ക് മുൻഗണന ലഭിക്കുന്ന രീതിയിൽ സർട്ടിഫിക്കറ്റുകൾ നൽകണം.
- ജില്ലാതലത്തിൽ മികച്ച കോ-ഓർഡിനേഷൻ വേണം.
- +2 തലം വരെ പദ്ധതിയുടെ പ്രവർത്തനം വ്യാപിപ്പിക്കണം.
- രക്ഷിതാക്കൾക്ക് കൂടുതൽ ബോധവൽക്കരണം നൽകണം.
- സാംസ്കാരിക പ്രവർത്തനങ്ങൾ കൂടി പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തണം.
- കൃഷി, സ്വയംപര്യാപ്തത എന്നീ മേഖലകളിൽ കൂടുതൽ പ്രവർത്തനം വേണം.
- സി.പി.ഒ മാർക്ക് തുടർ പരിശീലനങ്ങൾ വേണം.
- സ്റ്റുഡന്റ് പോലീസ് കേഡറ്റ് പരിശീലനം കഴിഞ്ഞ കുട്ടികൾക്ക് തുടർ പരിശീലനങ്ങൾ വേണം.
- ആർ.പി മാരുടെ ഓണറേറിയം വർധിപ്പിക്കണം.
- ക്യാമ്പിൽ ഔട്ട് ഡോർ ആക്റ്റിവിറ്റികൾ കൂടുതലായി ഉൾപ്പെടുത്തണം.
- പ്രൊജക്റ്റർ, ലാപ്ടോപ്പ് ഉൾപ്പെടെ ഭൗതിക സൗകര്യങ്ങൾ ലഭ്യമാക്കണം.
- ഡി.ഐ.മാരുടെ സേവനം സ്ഥിരമായി ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കണം.
- ഉപരി പഠനത്തിന് ഗ്രേസ് മാർക്ക് നൽതുന്നതിനെകുറിച്ച് ആലോചിക്കണം.

## VIII - സി.ഐ.മാർക്കുള്ള അഭിമുഖത്തെ ആസ്പദമാക്കിയുള്ള വിശകലനം

- 67% സി.ഐമാർക്കും തങ്ങളുടെ ചുമതലകളെക്കുറിച്ച് പൂർണമായ ധാരണയുണ്ട്.
- എസ്.പി.സി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് സ്കൂളുകൾ, സ്റ്റേഷനുകൾ, എൽ.എസ്.ജി.ഡി. എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥരും ജനപ്രതിനിധികളും സഹായിക്കുന്നതായി എല്ലാ ഓഫീസർമാരും അഭിപ്രായപ്പെട്ടു.
- എസ്.പി.സി പ്രവർത്തനങ്ങളിൽ ഇടപെടുന്നത് മറ്റ് പ്രവർത്തനങ്ങളെ ബാധിക്കുന്നതായി കാണാൻ കഴിഞ്ഞു.
- ക്യാമ്പിലുള്ളവരോ റിട്ടയർ ചെയ്തവരോ ആയ പോലീസ് ഉദ്യോഗസ്ഥരെ ചുമതല ഏൽപ്പിച്ചാൽ പ്രവർത്തനങ്ങൾ സുഗമമായി നടപ്പിലാക്കാമെന്ന് ഭൂരിഭാഗം സി.ഐമാരും അഭിപ്രായപ്പെട്ടു.
- പോലീസിന് ജനകീയമുഖം ഉണ്ടാക്കുന്നതിനും കേസുകൾ കുറയ്ക്കുന്നതിനും ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ, ട്രാഫിക്ക് ബോധവൽകരണം എന്നിവ മെച്ചപ്പെടുത്തുന്നതിനും എസ്.പി.സി സഹായകരമാണ്.
- വിദ്യാഭ്യാസ ലക്ഷ്യങ്ങളുമായി എസ്.പി.സി ലക്ഷ്യങ്ങൾ ഒത്തുപോകുന്നു.
- വിദ്യാഭ്യാസവകുപ്പും പോലീസ് വകുപ്പുമായുള്ള ഏകോപനം കുറവാണ് എന്നാണ് സി.ഐമാർ അഭിപ്രായപ്പെട്ടത്.

- കൂടുതൽ വിദ്യാലയങ്ങളിൽ എസ്.പി.സി പദ്ധതി നടപ്പിലാക്കണമെന്നതാണ് സി.ഐമാരുടെ അഭിപ്രായം.
- എസ്.പി.സി പ്രവർത്തനങ്ങൾ വിജയിപ്പിക്കുന്നതിന് പ്രതിബന്ധങ്ങൾ നിലനിൽക്കുന്നുണ്ട് എന്ന് എല്ലാ സി.ഐമാരും അഭിപ്രായപ്പെട്ടു. (ഉദ്യോഗസ്ഥരുടെ എണ്ണം കുറവായത്, ജോലി ഭാരം, ഫണ്ടിന്റെ അപര്യാപ്ത തുടങ്ങിയവ)

**എസ്.പി.സി പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സി.ഐമാർ നൽകിയ നിർദേശങ്ങൾ.**

- സ്പെഷ്യൽ സെൽ രൂപീകരിക്കുക.
- എൽ എസ് ജി ഡി പങ്കാളിത്തം വർധിപ്പിക്കുക.
- പരിശീലനങ്ങളും ക്യാമ്പുകളും എല്ലാ എസ് പി സി കുട്ടികൾക്കും ലഭ്യമാക്കുക .

## IX- ഡി.ഡി.ഇ.മാരുമായി നടത്തിയ അഭിമുഖത്തിൽ നിന്ന് ലഭിച്ച വിവരങ്ങളുടെ വിശകലനം

എസ്.പി.സി. ഫലപ്രാപ്തി പഠനവുമായി ബന്ധപ്പെട്ട് മൂന്ന് ജില്ലകളിലെ ഡി.ഡി.ഇ.മാരുമായി അഭിമുഖം നടത്തി ശേഖരിച്ച വിവരങ്ങളെ ആസ്പദമാക്കിയുള്ള വിശകലനമാണ് ചുവടെ.

- സ്കൂളിലെ വിവിധ പരിപാടികളിലും, കലാ, കായിക, ശാസ്ത്ര പ്രവൃത്തി പരിചയമേളകൾ തുടങ്ങിയ ജില്ലാതല പരിപാടികളിലും എസ്.പി.സി.യുടെ സേവനം ഉപയോഗപ്പെടുന്നുണ്ടെന്ന് എല്ലാവരും അഭിപ്രായപ്പെട്ടു.
- നിലവിലുള്ള എസ്.പി.സി. പ്രവൃത്തികൾക്ക് ഉപരിയായി സാമൂഹ്യസേവന മേഖലകളിൽ കേഡറ്റുകളുടെ സേവനം കൂടുതൽ ലഭ്യമാകും വിധം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കണമെന്ന് എല്ലാവരും നിർദേശിക്കുന്നു.
- ഡി.ഇ.ഒ.മാർക്ക് എസ്.പി.സി.യുമായി ബന്ധപ്പെട്ട നിർദേശങ്ങൾ നൽകേണ്ട സാഹചര്യം നിലവിലില്ലെന്നും ഡി.ഇ.ഒ.മാരെ എസ്.പി.സി.യുമായി ബന്ധപ്പെടുത്തിയിട്ടില്ലെന്നും ഇവർ വ്യക്തമാക്കി. കൂടാതെ എസ്.പി.സി.യുമായുള്ള പ്രവർത്തനങ്ങളിൽ പോലീസ്വകുപ്പും വിദ്യാഭ്യാസവകുപ്പും ഏകോപിച്ചുള്ള പ്രവർത്തനത്തിന്റെ അഭാവം ഉണ്ടെന്നും ഏകോപിച്ചുള്ള പ്രവർത്തനങ്ങൾ എസ്.പി.സി.യുടെ വിജയത്തിന് അനിവാര്യമാണെന്നും ചൂണ്ടിക്കാട്ടുന്നു.
- ക്ലാസ് റൂം പ്രവർത്തനങ്ങളെ എസ്.പി.സി. പ്രവർത്തനങ്ങൾ തടസ്സപ്പെടുത്തുന്നതായി അറിവില്ല. എന്നാൽ ചില ബോധവൽക്കരണ പ്രവർത്തനങ്ങൾ ക്ലാസ്റൂം സമയത്ത് നടക്കുന്നതിനാൽ സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾക്ക് ചുരുക്കം ചില ക്ലാസ്സുകൾ നഷ്ടപ്പെടുന്നുണ്ട്.

## X- ഐ.ജി. ഓഫ് പോലീസ് ശ്രീ.പി.വിജയൻ ഐ.പി.എസുമായുള്ള അഭിമുഖത്തിൽ നിന്ന് ലഭിച്ച വിവരങ്ങളുടെ വിശകലനം

എസ്.പി.സി സംവിധാനത്തിന്റെ ആശയവും ആവിഷ്കാരവും നടത്തിയ ആൾ എന്ന നിലയിൽ ശ്രീ.പി.വിജയൻ ഐ.പി.എസ്. (ഐ.ജി ഓഫ് പോലീസ്) മായി നടത്തിയ അഭിമുഖത്തിൽ നിന്നും ഈ സംവിധാനം മെച്ചപ്പെടുത്താൻ നൽകിയ നിർദേശങ്ങൾ ചുവടെ ചേർക്കുന്നു.

- എസ്.പി.സിക്ക് ഒരു ഡയറക്ടറേറ്റ് ഉണ്ടാകണം. ഇതിന് ഭരണനിർവഹണ സംവിധാനം ഉണ്ടാകണം. പുതിയ തസ്തികകൾ സൃഷ്ടിക്കുകയും വേണം.
- എസ്.പി.സി പദ്ധതിയിൽ അംഗമായ കേഡറ്റുകൾക്കും സി.പി.ഒ മാർക്കും പരിശീലനത്തിന് വേണ്ടി ഒരു ട്രെയിനിംഗ് അക്കാഡമി സ്ഥാപിക്കണം. മാത്രമല്ല ഇതിന് വ്യക്തമായ ഒരു ഘടന ഉണ്ടായിരിക്കണം.
- എസ്.പി.സി പദ്ധതിയുടെ പ്രവർത്തനത്തെക്കുറിച്ച് എല്ലാ വർഷവും പഠനം നടത്തുകയും കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുകയും ചെയ്യണം.
- എസ്.പി.സിയിലെ പോലീസ് ഉദ്യോഗസ്ഥർക്കും അധ്യാപകർക്കും കാലഘട്ടത്തിന് അനുയോജ്യമായ സംവിധാനം ഒരുക്കേണ്ടതുണ്ട്. അവർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ നൽകണം.
- പട്ടികജാതി പട്ടിക വർഗ കുട്ടികളിലേക്കും തീരദേശ മേഖലയിലെ കുട്ടികളിലേക്കും പദ്ധതിയുടെ ഗുണങ്ങൾ വ്യാപിപ്പിക്കേണ്ടതുണ്ട്.

2. ട്രെയിനിംഗ് ലഭിച്ച വിദ്യാർഥികളെ സ്കൂൾ റിസോഴ്സ് ഗ്രൂപ്പായി നില നിർത്തുന്നത് അഭികാമ്യമാണ്. ഇവർ ഒന്നാം വർഷം എസ്.പി.സിയുടെ അടിസ്ഥാന കോഴ്സ് ചെയ്യുകയും രണ്ടാം വർഷം സഹപഠിതാക്കൾക്കും സമൂഹത്തിനും ഉതകുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യേണ്ടതാണ്. ഇവരുടെ സേവനം വിവിധ മേഖലകളിൽ സമൂഹത്തിനും, രാജ്യത്തിനും ഉപയോഗപ്പെടുത്താവുന്നതാണ്.
3. എസ്.പി.സി പദ്ധതിയുടെ ഗുണം സർക്കാർ സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്കു മാത്രമല്ല അൺ എയ്ഡഡ് സ്കൂളിലെ കുട്ടികൾക്കും ലഭിക്കണം. അൺ എയ്ഡഡ് സ്കൂളിലെ കുട്ടികളെയും സാമൂഹ്യ പ്രതിബദ്ധതയുള്ള പൗരന്മാരായി മാറ്റുക എന്നത് എസ്.പി.സിയുടെ ഉദ്ദേശ്യങ്ങളിൽ ഒന്നാണ്.
4. എസ്.പി.സിയും എൻ.സി.സിയും കുട്ടികളുടെ ഉന്നമനത്തിനായി നിലകൊള്ളുന്ന പദ്ധതികളാണ്. എന്നാൽ ഇവ രണ്ടും ഒരു സ്കൂളിൽ പ്രവർത്തിക്കുമ്പോൾ ചില ആഭ്യന്തര പ്രശ്നങ്ങൾ ഉണ്ടാകാറുണ്ട്. ഇവ പ്രിൻസിപ്പൽമാർ ഇടപെട്ട് പരിഹരിക്കേണ്ടതാണ്.

- എസ്.പി.സി യൂണിഫോം ധരിക്കുന്നതിലൂടെ കുട്ടികൾക്ക് ആത്മവിശ്വാസം, ധൈര്യം എന്നിവ ഉണ്ടാകുന്നുണ്ട്. ഇത് രക്ഷിതാക്കളും സമ്മതിക്കുന്നു. മാത്രമല്ല എസ്.

പി.സിക്ക് വൻ സ്വീകാര്യത ലഭിക്കുന്നതിന് കാരണം ഈ പദ്ധതി സമൂഹത്തിലെ വിവിധ മേഖലകളിലെ പലതരം പ്രശ്നങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നതാണ്.

- കുട്ടികൾക്ക് വിദഗ്ധ പരിശീലനം നൽകാൻ Armed Police ന്റെ സേവനം നൽകുന്നത് അഭികാമ്യമായിരിക്കും. എന്നാൽ സ്കൂളും പോലീസും തമ്മിലുള്ള ബന്ധം അറ്റുപോകാതെ ശ്രദ്ധിക്കണം.
- എസ്.പി.സി കുട്ടികൾ ഹയർസെക്കന്ററി വിദ്യാഭ്യാസം പൂർത്തിയാക്കിയതിന് ശേഷം ഭാവിയിൽ യൂണിഫോം തസ്തികകൾക്ക് അപേക്ഷിക്കുമ്പോൾ അവർക്ക് വെയിറ്റേജ് നൽകുന്നത് പരിഗണിക്കേണ്ടതാണ്. കാരണം എസ്.പി.സിയിൽ അംഗമായിരുന്ന കുട്ടികൾ ഭാവിയിൽ ഏതൊരു ജോലി നേടിയാലും അവർ സമൂഹത്തിന് ഒരു മുതൽകൂട്ടായിരിക്കും.

## XI പി.ടി.എ പ്രസിഡന്റുമാരുമായുള്ള അഭിമുഖം നടത്തി ലഭിച്ച വിവരങ്ങളുടെ വിശകലനം

ആകെ 36 പി.ടി.എ പ്രസിഡന്റുമാരുമായാണ് അഭിമുഖം നടത്തിയത്. (30 പുരുഷൻമാരും 6 സ്ത്രീകളും). ആകെ 9 മേഖലകളിലാണ് പ്രസിഡന്റുമായുള്ള അഭിമുഖം നടത്തിയത്

### 1. സ്കൂളിലെ എസ്.എസ്.എൽ.സി/എച്ച്.എസ്.എസ് വിജയശതമാനത്തിൽ വരുത്തിയ മാറ്റം.

6 സ്കൂളുകളിലൊഴികെ മറ്റെല്ലാ സ്കൂളുകളിലും വിജയശതമാനത്തിൽ പുരോഗതിയുണ്ടായിട്ടുണ്ടെന്ന് പി.ടി.എ. പ്രസിഡന്റ്മാർ. എല്ലാ സ്കൂളുകളിലും എല്ലാ വിഷയത്തിലും $A^{+}$ നേടിയ വിദ്യാർഥികളുടെ എണ്ണത്തിലും കാര്യമായ വർധന ഉണ്ടായിട്ടുണ്ട്. വിജയശതമാനത്തിൽ മാറ്റമില്ലാത്ത സ്കൂളുകൾ നേരത്തേ തന്നെ 100% നേടിയവയാണ്. ഗ്രേസ് മാർക്ക് നൽകുന്നത് വിജയശതമാനം വർധിക്കാൻ ഒരു കാരണമാണ് എന്ന് അവർ അഭിപ്രായപ്പെട്ടു.

### 2. കുട്ടികളുടെ പഠനത്തിൽ എസ്.പി.സി പ്രവർത്തനങ്ങളുടെ സ്വാധീനവും പെരുമാറ്റത്തിലുള്ള വ്യത്യാസവും

കുട്ടികളുടെ പഠനത്തിൽ ഗുണകരമായ മാറ്റമുണ്ടായതായി രക്ഷിതാക്കൾ അഭിപ്രായപ്പെട്ടെന്ന് 34 പി.ടി.എ പ്രസിഡന്റുമാർ പറഞ്ഞു. കൂടാതെ പഠനത്തിൽ ചിട്ട, പെരുമാറ്റത്തിൽ ആകർഷകത്വം, കൃത്യനിഷ്ഠ, കുടുംബകാര്യങ്ങളിൽ ശ്രദ്ധ, രക്ഷിതാക്കളെ സഹായിക്കാനുള്ള മനോഭാവം, നേതൃത്വഗുണം, സാമൂഹ്യപരമായ ഇടപെടൽ എന്നീ കാര്യങ്ങളിൽ ഗുണകരമായ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. ശാരീരിക ക്ഷമതയുടെ കാര്യത്തിലും മാറ്റമുണ്ടായിട്ടുണ്ട്. അന്തർമുഖരായ കുട്ടികളുടെ ആസ്വഭാവത്തിൽ വളരെയേറെ മാറ്റമുണ്ടായിട്ടുണ്ട്. ഏൽപ്പിച്ച ജോലി കൃത്യമായി ചെയ്തു തീർക്കുന്നു. സത്യസന്ധത (കളഞ്ഞുപോയ മാല തിരിച്ചേൽപ്പിച്ച സംഭവം) ഭൗതികാന്തരീക്ഷം ആകർഷകമാക്കാനുള്ള സന്നദ്ധത, ശുചിത്വബോധം, അച്ചടക്കം, തുടങ്ങിയ സ്വഭാവങ്ങൾ ഉള്ളതായി 22 പി.ടി.എ പ്രസിഡന്റുമാർ പറഞ്ഞു. കുട്ടികളിൽ സാമൂഹ്യ വിരുദ്ധ പ്രവർത്തനത്തിനെതിരെ പ്രതികരിക്കാനുള്ള പ്രവണത വളർന്നിട്ടുണ്ടെന്ന് അഭിപ്രായപ്പെട്ടു. എസ്.പി.സി പ്രവർത്തനം മൂലം അവരുടെ സഭാകമ്പം മാറിയതായും മുതിർന്നവരെ ബഹുമാനിക്കുന്ന സ്വഭാവം കൈവന്നതായും ദീനാനുകമ്പ വർധിച്ചതായും അഭിപ്രായപ്പെട്ടു. എന്നാൽ കുട്ടികൾ പോലീസിനെപ്പോലെ കാർക്കശ്യത്തോടെ പെരുമാറുന്നതായി ഒരു പി.ടി.എ പ്രസിഡന്റ് അഭിപ്രായപ്പെട്ടു.

**3. സ്കൂൾ അന്തരീക്ഷത്തിൽ എസ്.പി.സി പ്രവർത്തനങ്ങൾ വരുത്തിയ മാറ്റം.**

സ്കൂൾ അച്ചടക്കം, ശുചീകരണം എന്നിവയിൽ കാര്യമായ മാറ്റങ്ങൾ ഉണ്ടായതായി 22 (66%) പി.ടി.എ പ്രസിഡന്റുമാർ അഭിപ്രായപ്പെട്ടു. മറ്റു കുട്ടികൾക്ക് മാതൃകയായി ഇവർ പ്രവർത്തിക്കുന്നുണ്ട്. സ്കൂൾ ഭൗതികാന്തരീക്ഷം ആകർഷകമാക്കുന്നതിൽ ഇവർ നേതൃത്വപരമായ പങ്ക് വഹിച്ചിട്ടുണ്ട് എന്ന് (20%) പി.ടി.എ പ്രസിഡന്റുമാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. സ്കൂളിൽ അച്ചടക്കത്തിൽ ഗുണപരമായ മാറ്റമുണ്ടായതായി (42%) പേർ അഭിപ്രായപ്പെട്ടപ്പോൾ. എസ്.പി.സി പ്രവർത്തനങ്ങൾ സ്കൂൾ അന്തരീക്ഷത്തിൽ കാര്യമായ മാറ്റമൊന്നുമുണ്ടാക്കിയില്ലെന്ന് 10% പേർ പറയുന്നു. മറ്റു കുട്ടികളിലേക്ക് എസ്.പി.സി കുട്ടികളുടെ ഗുണങ്ങൾ വ്യാപിപ്പിക്കുന്നില്ല എന്ന് (10%) പേർ ചൂണ്ടിക്കാണിച്ചു.

**4. എസ്.പി.സി കാഡറ്റുകൾ കുടുംബത്തിലും സമൂഹത്തിലും ഉണ്ടാക്കിയ മാറ്റം.**

കുടുംബത്തിൽ ഒരു ചിട്ടപ്പെടുത്തൽ ഉണ്ടാക്കിയിട്ടുണ്ട്. രക്ഷിതാക്കളെ സഹായിക്കാനുള്ള മനോഭാവം ഉണ്ടായിട്ടുണ്ടെന്ന് 30% പി.ടി.എ പ്രസിഡന്റുമാർ അഭിപ്രായപ്പെട്ടു. പഠനത്തിലും ഭക്ഷണത്തിലും കൃത്യനിഷ്ഠ, സ്വയംനിയന്ത്രിതമായി പ്രവർത്തനങ്ങൾ ചെയ്യുന്ന രീതി, രക്ഷിതാക്കൾക്ക് പോലും മാതൃകയാക്കാവുന്ന പ്രവർത്തനരീതികൾ, അച്ചടക്കം, അനുസരണശീലം, തുടങ്ങിയ ഒട്ടേറെ മാതൃകാപരമായ പ്രവർത്തനങ്ങൾ കുടുംബത്തിൽ നല്ല സ്വാധീനം ചെലുത്തിയിട്ടുണ്ടെന്ന് കൂടുതൽ പേരും അഭിപ്രായപ്പെട്ടു. മാലിന്യ നിർമ്മാർജനം, ലഹരിക്കെതിരെ ബോധവൽക്കരണം, ട്രാഫിക് നിയന്ത്രണം, മുതിർന്നവരോടുള്ള ബഹുമാനം, സാമൂഹിക തിന്മകൾക്കെതിരെയുള്ള പ്രതികരണം, നേതൃത്വപാടവം എന്നിവ സാമൂഹ്യമായ ഇടപെടൽ മേഖലകളായി പി.ടി.എ പ്രസിഡന്റുമാർ അഭിപ്രായപ്പെട്ടു. പെൺകുട്ടികൾക്കെതിരെയുള്ള ആക്രമണം, കുടുംബത്തിലെയും അയൽ വീടുകളിലേയും പ്രശ്നങ്ങൾ, നിയമലംഘനങ്ങൾ എന്നിവ സി.പി.ഒ മാരുടെയും പോലീസിന്റെയും ശ്രദ്ധയിൽപ്പെടുത്തുന്നുണ്ട്. ഈ രീതി ആവശ്യമുണ്ടോയെന്ന് പരിശോധിക്കേണ്ടതുണ്ട്. എസ്.പി.സി കുട്ടികളുടെ ഗുണപരമായ മാറ്റങ്ങൾ കുടുംബത്തിലും സമൂഹത്തിലും ദൃശ്യമാവുന്നത് കടുതലും ഗ്രാമപ്രദേശങ്ങളിലും, ഗവൺമെന്റ് സ്കൂളുകളിലുമാണ്. നഗരപ്രദേശങ്ങളിലും, എയ്ഡഡ് സ്കൂളുകളിലും ഈ മാറ്റം അത്ര പ്രകടമല്ല എന്ന് വിശകലനത്തിലൂടെ മനസ്സിലാകുന്നു.

**5. എസ്.പി.സി പ്രവർത്തനങ്ങളിൽ സാമൂഹ്യസന്നദ്ധ സംഘടനകളുടെ ഇടപെടൽ**

എസ്.പി.സി പ്രവർത്തനങ്ങളിൽ സാമൂഹ്യസന്നദ്ധ സംഘടകളുടെ ഇടപെടൽ വളരെ പരിമിതമാണ്. (10%) കുടുംബശ്രീ , ക്ലബുകൾ, വായനശാലകൾ, വാണിജ്യ സംഘടനകൾ മതസ്ഥാപനങ്ങൾ തുടങ്ങിയവ മാത്രമാണ് പരിമിതമായ തോതിലെങ്കിലും ഇടപെട്ടത്. അപൂർവം സ്ഥലങ്ങളിൽ (5%) ബാങ്കുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സാമ്പത്തിക സഹായം ഉണ്ടായിട്ടുണ്ട്. മറ്റിടത്തെല്ലാം പി.ടി.എ യുടെ സഹായമാണ് ഉള്ളത്. ക്ലാസ്സുകൾ കൈകാര്യം ചെയ്യാനായി ഒരിടത്ത് (3.1%) സന്നദ്ധ സംഘടനയുടെ സഹായം ഉണ്ടായിട്ടുണ്ട് എന്ന് ഒരു പി.ടി.എ പ്രസിഡന്റ് അഭിപ്രായപ്പെട്ടു.

**മേഖല – 6 എസ്.പി.സി പ്രവർത്തനങ്ങളുടെ പരിമിതികൾ**

ഏറ്റവും പ്രധാന പരിമിതിയായി ചൂണ്ടിക്കാണിച്ചത് ഫണ്ടിന്റെ അഭാവമാണ്. 88% പി.ടി.എ. പ്രസിഡന്റുമാരും അധ്യാപകരുടെ സമയക്കുറവ് (5%) പശ്ചാത്തല സൗകര്യങ്ങളുടെ പരിമിതി (5%) തുടർപ്രവർത്തനം ഇല്ലാത്ത അവസ്ഥ. (30%) കുട്ടികൾക്ക് മെച്ചപ്പെട്ട റിഫ്രഷ്മെന്റിന്റെ അഭാവം (24%) എൽ.എസ്.ജി ജനപ്രതിനിധികളുടെ സഹകരണ കുറവ് (30%) ഡി.ഐ മാരുടെ ഇടപെടൽ കുറവ് (10%) കുട്ടികളുടെ കായികക്ഷമതക്കുറവ്, ഡി.ഐ മാരുടെ ജോലി ഭാരം എന്നിവയും എസ്.പി.സി പ്രവർത്തനങ്ങളുടെ പരിമിതിയായി ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

**മേഖല – 7 എസ്.പി.സി പദ്ധതി മെച്ചപ്പെടുത്താൻ പി.ടി.എ പ്രസിഡന്റുമാർ മുന്നോട്ടു വച്ച നിർദേശങ്ങൾ**

പി.ടി.എ പ്രസിഡന്റുമാരുമായുള്ള അഭിമുഖത്തിൽ താഴെപ്പറയുന്ന നിർദേശങ്ങൾ ഉണ്ടായി.

- ആവശ്യമായ ഫണ്ട് ലഭ്യമാക്കണം.
- കുട്ടികൾക്ക് ആവശ്യമായ പശ്ചാത്തല സൗകര്യം ഒരുക്കണം.
- കുട്ടികൾക്ക് ഐ.ഡി കാർഡ് തയാറാക്കി നൽകണം.
- സ്പോർട്സ് ആന്റ് ഗെയിംസ്, നീന്തൽ തുടങ്ങിയവ ഉൾപ്പെടുത്തണം
- അക്കാദമിക പ്രവർത്തനങ്ങളെ ബാധിക്കാതെ എസ്.പി.സി പ്രവർത്തനങ്ങൾ ക്രമീകരിക്കണം.
- പാഠ്യപദ്ധതിയുമായി എസ്.പി.സി ബന്ധപ്പെടുത്തേണ്ടതുണ്ട്.
- മാസത്തിൽ 2 ശനിയാഴ്ചകളിൽ മാത്രമായി എസ്.പി.സി പ്രവർത്തനങ്ങൾ പരിമിതപ്പെടുത്തണം.
- +2 തലം വരെ എസ്.പി.സി തുടരണം.
- ആകെ കുട്ടികളുടെ എണ്ണത്തിന്റെ ആനുപാതികമായി എസ്.പി.സി കുട്ടികളുടെ സെലക്ഷൻ നടത്തുന്നത് ഉചിതമായിരിക്കും.
- എയ്ഡഡ് സ്കൂളിലെ സ്വാശ്രയ എസ്.പി.സി നിർത്തലാക്കണം.
- പഞ്ചായത്തുകൾ പ്ലാൻ ഫണ്ട് എസ്.പി.സി പ്രവർത്തനങ്ങൾക്കായി വകയിരുത്തണം.
- പോലീസ് സെലക്ഷനിൽ വെയ്റ്റേജ് നൽകണം.
- എസ്.പി.സി യുടെ നേതൃത്വത്തിൽ വിദ്യാലയ സംരംഭങ്ങൾ ആരംഭിക്കണം.
- എസ്.പി.സി. പ്രവർത്തനങ്ങൾ 6-ാം ക്ലാസ് മുതൽ തുടങ്ങുന്നത് അഭികാമ്യമായിരിക്കും.
- 6,7,8,9 ക്ലാസ്സുകളിൽ (4 വർഷം) എസ്.പി.സി വേണ്ടതുണ്ട്.
- മറ്റു ഡിപ്പാർട്ട്മെന്റുകളുമായി ഏകോപനം വേണ്ടതുണ്ട്.
- പോലീസിൽ എസ്.പി.സി വിംഗ് രൂപീകരിക്കുന്നത് പ്രവർത്തനങ്ങൾ മെച്ചപ്പെടാൻ സഹായകമായിരിക്കും.

## XII വിദ്യാഭ്യാസ സെക്രട്ടറിയുമായി – അഭിമുഖം നടത്തിയതിനെ ആസ്പദമാക്കിയുള്ള വിശകലനം

എസ്.പി.സി പദ്ധതിയുടെ ഫലപ്രാപ്തിയുമായി ബന്ധപ്പെട്ട് വിദ്യാഭ്യാസ സെക്രട്ടറിയുമായി നടത്തിയ അഭിമുഖത്തിലൂടെ ഉരുത്തിരിഞ്ഞുവന്ന ആശയങ്ങൾ ചുവടെ ചേർക്കുന്നു.

എസ്.പി.സി പദ്ധതിയുടെ വിജയത്തിന് വിവിധ വകുപ്പുകളുടെ ഏകോപനം സാധ്യമാക്കണം. കൂടാതെ ഈ പദ്ധതിയുടെ ഗുണങ്ങൾ മുഴുവൻ വിദ്യാർഥികൾക്കും ലഭ്യമാകണം.

സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾക്ക് നിർബന്ധിത കായിക പരിശീലനം നൽകുന്നത് വഴി കരുത്തുറ്റ കുട്ടികളെ വാർത്തെടുക്കാം. ഓരോ ജില്ലയിലും എസ്.പി.സി ട്രെയിനിംഗ് സെന്ററുകൾ സ്ഥാപിക്കണം. മാത്രമല്ല എസ്. പി.സി അംഗങ്ങളുടെ നിലവാരം മികച്ചതാക്കാൻ ഡോക്ടർമാർ, ക്രിമിനോളജിസ്റ്റുകൾ, വിവിധ പരിശീലകർ തുടങ്ങിയവരുടെ സേവനം അനിവാര്യമാണ്. ആയതിനാൽ അവരുടെ സേവനം കേഡറ്റുകൾക്ക് ലഭ്യമാക്കണം.

അധ്യയന ദിവസങ്ങളിൽ വിവിധ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് കേഡറ്റുകൾ സ്കൂളിനു പുറത്തുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളിൽ നിലവിലുള്ള വ്യവസ്ഥയിൽ നിന്നുകൊണ്ട് തന്നെ കാര്യക്ഷമമായി ഇടപെടാവുന്നതാണ്.

സി.പി.ഒമാരുടെ സേവനം നിശ്ചിത കാലയളവിൽ ലഭ്യമാക്കുന്നതിന് G.O നിലവിലുണ്ട്. എസ്.പി.സി പദ്ധതി നടത്തിപ്പിന് 10 കോടി രൂപ പുതുതായി ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്.

സി.പി.ഒമാരുടെ ആനുകൂല്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വകുപ്പുതല നിർദേശങ്ങൾ നിലവിൽ വന്നിട്ടുണ്ട്.

# അധ്യായം – 5

# നിഗമനങ്ങളും നിർദേശങ്ങളും

2010 മുതൽ കേരളത്തിലെ ഹൈസ്കൂൾ, ഹയർസെക്കന്ററി സ്കൂളുകളിൽ ആരംഭിച്ച സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി ഇന്ന് മറ്റു നിരവധി സംസ്ഥാനങ്ങളിൽകൂടി നടപ്പിലാക്കി കഴിഞ്ഞു. രാജ്യത്താകമാനം വ്യാപിപ്പിക്കുന്നതിനായി കേന്ദ്രസർക്കാർ ഇതുമായി ബന്ധപ്പെട്ട പഠനങ്ങൾ നടത്തി മുന്നോട്ടുപോവുന്നുവെന്ന് മനസ്സിലാക്കുന്നു. ഏഴു വർഷക്കാലത്തെ ഇതിന്റെ പ്രവർത്തനങ്ങളിലും ഘടനയിലും കാഴ്ചപ്പാടിലും ആവശ്യമായ തിരുത്തലുകളും അനിവാര്യമാണ്. സാമ്പത്തികവിനിയോഗം, ഫണ്ടിന്റെ ലഭ്യത, പ്രവർത്തനമാന്വലുകളുടെ പരിഷ്കരണം, ഘടന, വ്യത്യസ്തവിഭാഗങ്ങളിലുള്ളവരുടെ പങ്കാളിത്തം തുടങ്ങിയവയിൽ മാറ്റം ആവശ്യമാണെന്ന് പഠനത്തിന്റെ ഭാഗമായികണ്ടെത്തി.

പഠനത്തിനായി സർവ്വേ, ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ, മുൻകാലപഠനങ്ങളുടെ വിലയിരുത്തൽ, അഭിമുഖങ്ങൾ എന്നിവ നടത്തി. അവയിലൂടെ ലഭിച്ച പ്രതികരണങ്ങളുടെ ക്രോഡീകരണം പരിശോധിച്ചാണ് പ്രധാനപ്പെട്ട നിഗമനങ്ങളും നിർദേശങ്ങളും രൂപീകരിച്ചത് എന്ന് മനസ്സിലാക്കാവുന്നതാണ്.
പൊതുവിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന് നിരവധി പരിപാടികൾ നടത്തിവരികയാണ്. എസ്.പി.സി. പദ്ധതിയും ഈയൊരു കാഴ്ചപ്പാടിൽ കാണേണ്ടിയിരിക്കുന്നു. കുട്ടിയുടെ കായികവും മാനസികവും വൈകാരികവുമായ വികാസത്തിന് ഊന്നൽനൽകിക്കൊണ്ട്, വിദ്യാഭ്യാസകാഴ്ചപ്പാടിനനുഗുണമായി വികസിപ്പിക്കുന്ന പ്രവർത്തനങ്ങളായിരിക്കും ഇത്തരം പരിപാടിയുടെ ഊന്നൽ . വിവിധ വിഭാഗങ്ങളുടെ ഏകോപനം, സമൂഹത്തിന്റെ സജീവ ഇടപെടൽ, അധ്യാപകരുടെയും വിദ്യാർഥികളുടേയും ക്രിയാത്മകമായ പങ്കാളിത്തം എന്നിവ ഈ പദ്ധതിയുടെ ഫലപ്രാപ്തിക്ക് അത്യാവശ്യമാണ്. മേൽകാഴ്ചപ്പാടുകളിൽ നിന്നുകൊണ്ട് പഠനസമിതി മുന്നോട്ടുവയ്ക്കുന്ന കണ്ടെത്തലുകളും നിർദേശങ്ങളും ചുവടെ ചേർക്കുന്നു.

## കണ്ടെത്തലുകൾ

- എസ്.പി.സി പദ്ധതിയിൽ ചേരാൻ രക്ഷിതാക്കളുടെ താൽപ്പര്യം, പോലീസ് യൂണിഫോമിനോടുള്ള ആകർഷണം, ഗ്രേസ് മാർക്ക് എന്നിവയൊക്കെ പ്രേരണയാകുന്നുവെങ്കിലും 95.07% കുട്ടികളും സ്വന്തം ഇഷ്ടപ്രകാരമാണ് ചേർന്നിട്ടുള്ളതെന്ന് കണ്ടെത്തി.
- എസ്.പി.സി. പദ്ധതിയിലെ ബോധവൽക്കരണ ക്ലാസുകൾ, ഫീൽഡ് ട്രിപ്പുകൾ, സാമൂഹ്യസേവന പ്രവർത്തനങ്ങൾ തുടങ്ങി എല്ലാ പ്രവർത്തനങ്ങളിലും കുട്ടികൾക്ക് താൽപ്പര്യമുണ്ടെങ്കിലും അവർ ഏറ്റവും കൂടുതൽ ഇഷ്ടപ്പെടുന്ന പ്രവർത്തനം (72.6%) ക്യാമ്പുകളാണെന്ന് അഭിപ്രായപ്പെട്ടു.
- എസ്.പി.സി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ചെയ്യുന്ന സേവന ,ബോധവൽക്കരണ പ്രവർത്തനങ്ങളിൽ നിന്ന് ഊർജമുൾക്കൊണ്ട് കേഡറ്റുകൾ സ്വമേധയാ ആവശ്യപ്പെടുന്ന നിരവധി പ്രവർത്തനങ്ങൾ - പരിസര ശുചീകരണം, പച്ചക്കറി, ഔഷധത്തോട്ട നിർമ്മാണം തുടങ്ങിയവ - വിദ്യാലയങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കാറുണ്ട്.
- യൂണിഫോം ധരിക്കുമ്പോൾ ഉണ്ടാകുന്ന അഭിമാനബോധം കേഡറ്റുകൾക്ക് കൂടുതൽ ആത്മവിശ്വാസം നൽകുന്നു. പ്രത്യേകിച്ച് പെൺകുട്ടികൾക്ക്. പോലീസ് ഉദ്യോഗസ്ഥരുമായി അടുത്ത് ഇടപഴകാൻ അവസരം ലഭിക്കുന്നത് തങ്ങളും നിയമപാലകരാണ് എന്ന ബോധം കുട്ടികളിൽ വളരാൻ പര്യാപ്തമാകുന്നു. അതുകൊണ്ട് തന്നെ നിയമലംഘനം നടത്തുവാനോ നിയമലംഘനം നടത്തുന്നവരെ അംഗീകരിക്കുവാനോ എസ്.പി.സി തയാറാകുന്നില്ല.
- എസ്.പി.സി പ്രോഗ്രാമുകൾ വിലയിരുത്തലിന് വിധേയമാക്കുന്ന വിദ്യാലയങ്ങൾ 94% ആണ്. എന്നാൽ വിദ്യാലയങ്ങളിൽ നടപ്പിലാക്കുന്ന വിലയിരുത്തൽ പ്രക്രിയകൾ ഒരേ രീതിയിലുള്ളതോ ശാസ്ത്രീയമായ രീതികൾ അവലംബിച്ചുള്ളതോ അല്ല.
- എസ്.പി.സി പദ്ധതിയുടെ നടത്തിപ്പിന് സ്കൂളുകളിൽ ലഭിക്കുന്ന പ്ലാൻഫണ്ട് പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിന് പര്യാപ്തമല്ല. അനുവദിക്കുന്നതു തന്നെ യഥാസമയം ലഭ്യമാവുന്നില്ല എന്നതും പരിഗണിക്കേണ്ടതാണ്. എസ്. പി. സി. യുടെ പ്രധാന ഘടക

മായ യൂണിഫോം കുട്ടികൾക്ക് കൃത്യസമയത്ത് നൽകുന്നതിന് ഇത് തടസ്സമാകുന്നു. അർഹമായ പ്രതിഫലം നൽകാൻ കഴിയാത്തതുകൊണ്ട് ക്ലാസുകളെടുക്കാൻ വിദഗ്ധരുടെ സേവനം ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല. രക്ഷിതാക്കളും അധ്യാപകരും ചേർന്നാണ് തികയാതെ വരുന്ന പണം കണ്ടെത്തുന്നത്. ചുരുക്കം ചില തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ മാത്രമാണ് ചെറിയ തോതിൽ ധനസഹായം നൽകുന്നത്.

- എസ്.പി.സി.യുടെ പ്രവർത്തനങ്ങൾക്ക് സമൂഹത്തിന്റെ വിവിധ മേഖലകളിൽ നിന്നുള്ള സ്വീകാര്യതയും സഹകരണവും ഒരു പരിധിവരെ ലഭിക്കുന്നുണ്ട് എന്നുള്ളത് ശ്രദ്ധേയമാണ്. രക്ഷിതാക്കളും എസ്.പി.സിയുടെ പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നുണ്ട്.
- വിദ്യാലയങ്ങളിലെ സി. പി. ഒ. ഒഴികെയുള്ള മറ്റധ്യാപകർ ക്യാമ്പ്, ബോധവൽക്കരണ ക്ലാസുകൾ, ഫീൽഡ് ട്രിപ്പുകൾ തുടങ്ങിയ ചില പ്രവർത്തനങ്ങളുമായി സഹകരിക്കുന്നുണ്ടെങ്കിലും സി.പി.ഒയുടെ ചുമതല ഏറ്റെടുക്കാൻ തയാറല്ല എന്നത് ഗൗരവത്തോടെ കാണേണ്ടതാണ്. സി.പി.ഒ. മാരുടെ അധികജോലിഭാരമാണ് ഇതിനു കാരണമായി കണ്ടെത്തിയത്.
- എസ്.പി.സിക്ക് പ്രത്യേക കലണ്ടർ ഉള്ളതിനാൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിൽ എസ്.ആർ.ജി., സ്റ്റാഫ് കൗൺസിൽ എന്നിവയ്ക്ക് കാര്യമായ പങ്കാളിത്തം ഇല്ല എന്ന് പ്രഥമാധ്യാപകർ അഭിപ്രായപ്പെട്ടു. എന്നാൽ എസ്.പി.സി പ്രവർത്തനങ്ങളിൽ ഈ സമിതികൾ സഹകരിക്കുന്നുണ്ട്.
- കുട്ടികളുടെ എണ്ണക്കുറവ് ചില സ്കൂളുകളിലെങ്കിലും എസ്.പി.സി അംഗങ്ങളുടെ തിരഞ്ഞെടുപ്പിനെ ബാധിക്കുന്നുണ്ട്. കുട്ടികളുടെ ശാരീരികക്ഷമതയുടെ കുറവ്, കായികക്ഷമതാപരീക്ഷ നടത്താനുള്ള പ്രയാസം എന്നിവ ശരിയായ തിരഞ്ഞെടുപ്പിനെ ബാധിക്കുന്നുണ്ട്.
- എസ്.പി.സിയുടെ പ്രവർത്തനങ്ങളിൽ പോലീസ് അധികൃതരുടെ പിന്തുണ ഫലപ്രദമായി ലഭിക്കുന്നുണ്ട്. ഇത് പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർധിപ്പിക്കുന്നു. (ചില സ്കൂളുകളിൽ പരിശീലനം ലഭിക്കാത്ത അധ്യാപകർ സി.പി.ഒ. മാരായി പ്രവർത്തിക്കുന്നുണ്ട്.)
- കുട്ടികളോട് ഡ്രിൽ ഇൻസ്ട്രക്ടർമാർ ഇടപെടുന്ന രീതി തൃപ്തികരമാണെന്ന അഭിപ്രായമാണ് ഭൂരിഭാഗം പേർക്കും മാത്രവുമല്ല പകുതിയോളം ഡി.ഐ.മാർ താല്പര്യത്തോടെയാണ് ആ സ്ഥാനം ഏറ്റെടുത്തിട്ടുള്ളത്. എന്നാൽ ഡി.ഐ.മാരുടെ അമിത ജോലിഭാരം, വനിതാ ഡി.ഐ.മാരുടെ കുറവ് എന്നിവ പ്രവർത്തനങ്ങൾ ഫലപ്രദമായി നിർവഹിക്കാൻ തടസ്സം സൃഷ്ടിക്കുന്നുണ്ടെന്ന് അവർ അഭിപ്രായപ്പെടുന്നു. എസ്.പി.സി പ്രവർത്തനങ്ങളുടെ ഉത്തരവാദിത്വം മറ്റ് ഔദ്യോഗിക പ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ട് എന്ന് സി.ഐ.മാർ അഭിപ്രായപ്പെട്ടു. എന്നാൽ പോലീസിന് ജനകീയ മുഖം നൽകുന്നതിനും കേസുകളുടെ എണ്ണം കുറയ്ക്കുന്നതിനും എസ്.പി.സി പദ്ധതി നിർണായക പങ്ക് വഹിക്കുന്നുണ്ട്.
- എസ്.പി.സി. നിർദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്ക് അനുസൃതമായാണ് കുട്ടികളുടെ തിരഞ്ഞെടുപ്പ് നടത്തുന്നത്. എന്നാൽ ചില സ്ഥലങ്ങളിലെങ്കിലും എസ്.പി.സി യുടെ തിരഞ്ഞെടുപ്പിൽ പി.ടി.എ., സമൂഹത്തിലെ ഉന്നതർ എന്നിവരുടെ സമ്മർദം ഉണ്ടാകുന്നുണ്ട്. വിദ്യാലയാധികൃതരെ ബുദ്ധിമുട്ടിലാക്കുന്ന ഇത്തരം സന്ദർഭങ്ങൾ വിദ്യാലയത്തിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്.
- പൊതുവെ ആഭ്യന്തര വകുപ്പധിഷ്ഠിത പരിപാടി ആയിട്ടാണ് ജില്ലകളിൽ എസ്.പി.സി പ്രവർത്തനങ്ങൾ മുന്നോട്ടുപോകുന്നത്. വിദ്യാഭ്യാസവകുപ്പും ആഭ്യന്തര വകുപ്പും തമ്മിലുള്ള ഏകോപനമില്ലായ്മ ഗുരുതരമായ വീഴ്ചയായി ഡി.ഡി.ഇ.മാർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഡി.ഇ.ഒ.മാരെ ഈ പദ്ധതിയുമായി ബന്ധപ്പെടുത്തിയിട്ടില്ല എന്നതും ഗൗരവമായി കാണേണ്ടതാണ്.
- എസ്.പി.സി. പ്രവർത്തനങ്ങളിൽ അവധിക്കാലക്യാമ്പുകൾ, ക്ലാസ് സമയത്തെ പ്രവർത്തനങ്ങൾ തുടങ്ങിയവ ഒഴിവാക്കപ്പെടേണ്ടതായി ചെറിയൊരു ശതമാനം സി.പി.ഒ മാർക്ക് അഭിപ്രായമുണ്ട്.

- എസ്.പി.സി. പ്രവർത്തനങ്ങളിലൂടെ വിദ്യാർഥികളുടെ അക്കാദമിക നിലവാരം മെച്ചപ്പെട്ടിട്ടുണ്ട് എന്ന് രക്ഷിതാക്കളും അധ്യാപകരും അഭിപ്രായപ്പെടുന്നു. എസ്.പി.സി പ്രവർത്തനങ്ങൾ എസ്.എസ്.എൽ.സി വിജയശതമാനത്തിലും $A^+$ന്റെ എണ്ണത്തിലും കാര്യമായ വർധനവിന് കാരണമായിട്ടുണ്ട്. ഗ്രേസ് മാർക്ക് ഇതിൽ ഒരു പ്രധാനഘടകമാണ്.
- എസ്.പി.സി. പ്രവർത്തനങ്ങളുടെ ഫലമായി പഠനസമയം നഷ്ടപ്പെടുന്നു എന്ന് ചുരുക്കം ചില രക്ഷിതാക്കൾ അഭിപ്രായപ്പെട്ടിട്ടുണ്ട്. പക്ഷേ രക്ഷിതാക്കളിൽ നിന്ന് എസ്.പി.സിയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പരാതികളൊന്നും ലഭിച്ചിട്ടില്ല.
- താൽപ്പര്യമുള്ള അധ്യാപകർ മുന്നോട്ടു വരാത്തതുമൂലം സി.പി.ഒ. മാരെ നിയോഗിക്കുമ്പോൾ അധ്യാപകരുടെ താൽപ്പര്യം പരിഗണിക്കാൻ കഴിയുന്നില്ല എന്ന് ചില പ്രഥമാധ്യാപകർ അഭിപ്രായപ്പെട്ടു.
- അധ്യാപകരുടെ അമിതജോലിഭാരവും ആനുകൂല്യങ്ങൾ നൽകാത്തതും ചില സി.പി.ഒമാരിലെങ്കിലും മടുപ്പ് ഉളവാക്കുന്നുണ്ട്.
- സ്കൂളുകളിൽ എസ്.പി.സി പദ്ധതി തുടങ്ങുന്നതിന്, പി.ടി.എ, ജനപ്രതിനിധികൾ എന്നിവരുടെ താൽപ്പര്യം വളരെ പ്രധാനപ്പെട്ട ഒരു ഘടകമാണെന്ന് പ്രഥമാധ്യാപകർ ചൂണ്ടിക്കാണിച്ചു.
- എസ്.പി.സി കേഡറ്റുകൾ അച്ചടക്കം, സാമൂഹ്യബോധം, ദേശസ്നേഹം, ഉത്തരവാദിത്വബോധം എന്നിവ പ്രകടിപ്പിക്കുന്നു. ശരിതെറ്റുകൾ മനസ്സിലാക്കി മുന്നേറാനുള്ള തിരിച്ചറിവ് കേഡറ്റുകൾക്കുണ്ടാകുന്നുണ്ട്. പ്രതികരണ ശേഷിയും ആത്മവിശ്വാസവും വർധിച്ചിട്ടുള്ളതായും കണ്ടെത്തി. കേഡറ്റുകളുടെ പ്രതികരണങ്ങൾ ഇത് തെളിയിക്കുന്നതാണ്.
  - ഏതെങ്കിലും തരത്തിലുള്ള ലഹരിഉപയോഗം കൂട്ടുകാരിലോ പരിചയക്കാരിലോ കണ്ടാൽ ലഹരി ഉപയോഗിക്കുന്നവരെ പറഞ്ഞുതിരുത്താൻ ശ്രമിക്കും എന്ന് 65.8% കുട്ടികൾ പ്രതികരിച്ചു. അധികാരികളെ അറിയിക്കും എന്ന് 46.67% പേരും പറഞ്ഞിട്ടുണ്ട്.
  - ഒരു വൃദ്ധനോ അംഗപരിമിതനോ റോഡുമുറിച്ചുകടക്കാൻ വിഷമിക്കുന്നതുകണ്ടാൽ അവരെ സഹായിക്കുവാൻ എല്ലാ കുട്ടികളും തയാറാണ്.
  - ദേശീയ ഗാനത്തേയൊ ദേശീയ പതാകയെയോ ആരെങ്കിലും അപമാനിക്കുന്നത് ശ്രദ്ധയിൽ പെട്ടാൽ തന്റേതായ രീതിയിൽ പ്രതികരിക്കുന്നവരാണ് എല്ലാവരും. രാജ്യസ്നേഹത്തെപ്പറ്റി അവരെ പറഞ്ഞു ബോധ്യപ്പെടുത്തും എന്ന് 72.5% കുട്ടികളും ഉത്തരം നൽകിയപ്പോൾ മേലധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തും എന്ന് 8.05% പേർ പറഞ്ഞു.
  - തങ്ങളുടെ സമീപ പ്രദേശത്ത് എന്തെങ്കിലും പ്രകൃതി ദുരന്തമുണ്ടായാൽ തന്നാലാകുന്ന ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരാണ് 73.5% കുട്ടികളും. 25.8% കുട്ടികൾ അത്തരം സന്ദർഭങ്ങളിൽ മേലധികാരികളെ വിവരമറിയിക്കുന്നവരാണ് .
  - മറ്റൊരു കുട്ടി തങ്ങളുടെ സുഹൃത്തിനെ മർദ്ദിക്കുന്നത് കണ്ടാൽ ആ പ്രശ്നത്തിൽ ഇടപെട്ട് പരിഹരിക്കാൻ ആഗ്രഹിക്കുന്നവരാണ് 83.05% കുട്ടികളും. ഉടൻ തന്നെ മേലധികാരികളെ വിവരമറിയിക്കുന്നവരാണ് 16.7% കുട്ടികൾ.
  - ഭക്ഷണാവശിഷ്ടങ്ങൾ ക്ലാസിനു പുറത്തോ മറ്റിടങ്ങളിലോ വലിച്ചെറിയുന്നത് കണ്ടാൽ മാലിന്യം വലിച്ചെറിയുന്നതിന്റെ ഭവിഷ്യത്ത് അവരെ പറഞ്ഞു ബോധ്യപ്പെടുത്താൻ 89.16% കുട്ടികളും ശ്രമിക്കും. 8.05% കുട്ടികൾ ഇക്കാര്യം മേലധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുമ്പോൾ 2.8% പേർ സ്വയം ആ സ്ഥലം വൃത്തിയാക്കാൻ തയാറുള്ളവരാണ്.
  - വ്യക്തിശുചിത്വം പാലിക്കാത്ത സുഹൃത്തിനെ കണ്ടാൽ 94.77% കുട്ടികളും വ്യക്തിശുചിത്വത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അവരെ ബോധവൽക്കരിക്കും എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. വ്യക്തിശുചിത്വത്തിന്റെ കാര്യങ്ങളിൽ തങ്ങൾ തെറ്റുകാരനാണ് എന്ന് അധ്യാപകരോ സുഹൃത്തുക്കളോ ചൂണ്ടിക്കാണിച്ചാൽ തീർച്ചയായും തെറ്റു തിരുത്തി ആ തെറ്റ് ആവർത്തിക്കാതെ നോക്കുമെന്ന് 91.17% കുട്ടികളും അഭിപ്രായപ്പെട്ടത്

ശ്രദ്ധേയമാണ്. 3.3% കുട്ടികൾ ക്ഷമ ചോദിക്കുമെന്ന് എഴുതിയപ്പോൾ 1.38% കുട്ടികൾ ശിക്ഷ ഏറ്റുവാങ്ങാൻ തയാറാവും എന്നാണ് രേഖപ്പെടുത്തിയത്.

- വാഹന യാത്രകളിൽ നിയമം അനുസരിപ്പിക്കുന്നതിലും, മാലിന്യം നിർമ്മാർജനം ചെയ്യുന്നതിലും , കുടുംബം സ്വയം പര്യാപ്തമാകുന്നതിലും, വിഷലിപ്തമായ ഭക്ഷ്യവസ്തുക്കളുടെ വില്പന തടയുന്നതിലും, ലഹരി വസ്തുക്കളുടെ വില്പന, ഉപഭോഗം എന്നിവ ഇല്ലായ്മ ചെയ്യുന്നതിലും പഠനത്തിലും എസ്.പി.സി വിദ്യാർഥികൾ സദാ ജാഗരൂകരാണ് എന്ന് രക്ഷിതാക്കളും അധ്യാപകരും അഭിപ്രായപ്പെട്ടു.
- എസ്.പി.സി പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വിദ്യാലയമികവിന് കാരണമാകുന്നുണ്ടെന്ന് ഭൂരിഭാഗവും അഭിപ്രായപ്പെടുന്നു. എന്നാൽ വിദ്യാലയാന്തരീക്ഷത്തിൽ കാര്യമായ മാറ്റങ്ങൾ ഉണ്ടാക്കുന്നതിന് കഴിഞ്ഞിട്ടില്ലെന്ന് ചിലർ അഭിപ്രായപ്പെട്ടു.
- എസ്.പി.സി പദ്ധതി നിലവിൽ വന്നശേഷം വ്യക്തിശുചിത്വവും പരിസരശുചിത്വവും പാലിക്കുന്നതിൽ കുട്ടികൾ കൂടുതൽ ശ്രദ്ധ പുലർത്തുന്നു. കൂടാതെ സ്വമേധയാ അച്ചടക്കം പാലിക്കുന്നതിൽ കുട്ടികൾ ജാഗ്രത കാണിക്കുന്നു. അധ്യാപകരോടും സഹപാഠികളോടുമുള്ള പെരുമാറ്റത്തിൽ ഗുണപരമായ മാറ്റം ഉണ്ടായിട്ടുണ്ടെന്നും അധ്യാപകർ അഭിപ്രായപ്പെട്ടു.

വിദ്യാർഥികളും അധ്യാപകരും രക്ഷിതാക്കളും സ്വാഗതം ചെയ്യുന്ന ഒരു പദ്ധതിയാണ് എസ്.പി.സി. അച്ചടക്കമുള്ള, സാമൂഹ്യബോധവും ആത്മാർഥതയുമുള്ള, നിയമാവബോധവും പ്രതികരണശേഷിയുമുള്ള ഒരു വിദ്യാർഥി സമൂഹത്തെ രൂപപ്പെടുത്താൻ എസ്.പി.സി. പ്രവർത്തനങ്ങൾ പര്യാപ്തമാണ്.

ജലസംരക്ഷണം, മാലിന്യനിർമാർജനം ,പരിസ്ഥിതി സംരക്ഷണം, നിയമ, ഗതാഗത സൈബർ ബോധവൽക്കരണ പ്രവർത്തനങ്ങൾ ലഹരിനിർമാർജനം തുടങ്ങിയ മേഖലകളിൽ എസ്.പി.സിക്ക് ഫലപ്രദമായ ഇടപെടലുകൾ നടത്താൻ കഴിയും.

## നിർദേശങ്ങൾ

### സാമ്പത്തികം

- എസ്.പി.സി പ്രവർത്തനങ്ങൾക്കാവശ്യമായ ധനസഹായം പ്ലാൻ ഫണ്ടിൽനിന്ന് ലഭിക്കുന്നുണ്ടെങ്കിലും സാമ്പത്തികമായ അപര്യാപ്തത പ്രവർത്തനങ്ങളുടെ നടത്തിപ്പിനെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. അതിനാൽ എസ്.പി.സി പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിനാവശ്യമായ സാമ്പത്തിക സഹായം വർധിപ്പിക്കേണ്ടതും, ആയത് അധ്യയന വർഷത്തിന്റെ ആരംഭത്തിൽ തന്നെ ലഭ്യമാക്കേണ്ടതുമാണ്.
- യൂണിഫോം, ഭക്ഷണത്തിനുള്ള ഫണ്ട് എന്നിവ കൃത്യസമയത്ത് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. കേഡറ്റുകൾക്കുള്ള റിഫ്രഷ്മെന്റ് അലവൻസ് വർധിപ്പിക്കണം.
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് എസ്.പി.സി പ്രവർത്തനങ്ങൾക്കുള്ള ധനസഹായം ഉറപ്പാക്കണം.
- വിദ്യാഭ്യാസ വകുപ്പ്, ജനപ്രതിനിധികളുടെ പ്ലാൻ ഫണ്ട് എന്നിവയിൽ നിന്ന് എസ്.പി.സിക്കായി ധനവിഹിതം മാറ്റിവയ്ക്കണം

### വിവിധ വകുപ്പുകളുടെയും വിവിധ പ്രവർത്തനങ്ങളുടെയും ഏകോപനം

- എസ്.പി.സി പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് സ്റ്റേറ്റ് തലത്തിലും ജില്ലാതലത്തിലും വിദ്യാഭ്യാസ വകുപ്പിന്റെയും ആഭ്യന്തര വകുപ്പിന്റെയും ഏകോപനം ഉറപ്പാക്കേണ്ടതുണ്ട്. ആഭ്യന്തര വകുപ്പിനെപ്പോലെ വിദ്യാഭ്യാസവകുപ്പും എസ്.പി.സി യിൽ തുല്യ ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടതുണ്ട്.
- ലഹരി, മയക്കുമരുന്ന് ഉപയോഗം, സൈബർ കുറ്റകൃത്യങ്ങൾ തുടങ്ങി പുതിയ തലമുറയെ നശിപ്പിക്കുന്ന ദുഷ്പ്രവണതകൾക്കെതിരെ സമൂഹത്തിനെ ബോധവൽക്കരിക്കാൻ ഏറ്റവും അനുയോജ്യമായ ഒരു യൂണിറ്റായി സ്കൂളിൽ എസ്.പി.സി യെ ഉപയോഗപ്പെടുത്തണം.
- ക്യാമ്പുകളുടേയും, മത്സരങ്ങളുടേയും സംഘാടനം, പ്രവർത്തനകലണ്ടർ തയാറാക്കൽ മുതലായ കാര്യങ്ങളിൽ വിദ്യാഭ്യാസ വകുപ്പിന്റെ കൂടുതൽ പിന്തുണ ആവശ്യമുണ്ട്.

- സ്കൂൾതലത്തിൽ പ്രവർത്തനങ്ങൾ തീരുമാനിക്കുന്നതിൽ ഏകോപനമുണ്ടാകണം. സംസ്ഥാനതലത്തിൽ നിന്നുള്ള നിർദേശം ഇതിനായി എല്ലാ വിദ്യാലയങ്ങൾക്കും നൽകണം എന്നാൽ എസ്.പി.സി.യുടെ പ്രവർത്തനകലണ്ടർ രൂപീകരിക്കുമ്പോൾ സ്കൂൾ തലത്തിൽ ആസൂത്രണം ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾകൂടി ഉൾക്കൊളളിക്കാൻ കഴിയും വിധം അയവുള്ളതായിരിക്കണം.
- മോട്ടോർ വാഹനവകുപ്പ്, വനം, എക്സൈസ്, ഫയർ & റെസ്ക്യൂ, ആരോഗ്യം, സാമൂഹ്യ നീതി തുടങ്ങിയ വകുപ്പുകളുടെ സഹകരണവും പങ്കാളിത്തവും വർധിപ്പിക്കണം.

### വിദ്യാലയ മികവുകൾ

- ശാസ്ത്രീയമായി പ്രവർത്തനങ്ങളെ വിലയിരുത്തി തുടർപ്രവർത്തനങ്ങൾ പ്ലാൻ ചെയ്യാനുള്ള പരിശീലനം വിദ്യാലയങ്ങൾക്ക് നൽകണം.
- എസ്.പി.സി പ്രവർത്തനങ്ങളെ ക്ലാസ്സ് റൂം പഠനവുമായി ബന്ധിപ്പിച്ച് എല്ലാ കുട്ടികൾക്കും അതിന്റെ മികവ് ലഭ്യമാക്കാനുള്ള ബോധപൂർവമായ പ്രവർത്തനങ്ങൾ നടത്താനാവശ്യമായ നിർദേശങ്ങൾ വിദ്യാഭ്യാസ വകുപ്പ് വഴി നൽകണം.
- എസ്.പി.സി. പ്രവർത്തനങ്ങൾ പഠനമികവിലേയ്ക്ക് കുട്ടികളെ നയിക്കാൻ പര്യാപ്തമാണ്. പക്ഷെ പഠനപിന്നാക്കാവസ്ഥയുള്ള കുട്ടികളെ പരിഗണിക്കുന്ന രീതിയിലല്ല നിലവിലുള്ള തിരഞ്ഞെടുപ്പ്. ഇവരെ കൂടി പരിഗണിക്കുന്ന വിധത്തിൽ തിരഞ്ഞെടുപ്പ് മാനദണ്ഡങ്ങൾ പരിഷ്കരിച്ചാൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കുകൂടി പഠനത്തിൽ മികവു തെളിയിക്കാനുള്ള അവസരം ലഭ്യമാകും.

### ഡി. ഐ. മാരുടെ പ്രവർത്തനങ്ങൾ

- ഡി.ഐ മാരുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് വ്യക്തമായ മാനദണ്ഡങ്ങൾ നിർണയിക്കേണ്ടതുണ്ട്.
- ജില്ലാ സംസ്ഥാന തലങ്ങളിൽ ഡി.ഐ മാരുടെ പ്രവർത്തനങ്ങൾ വിലയിരുത്തി അർഹമായ അംഗീകാരം നൽകേണ്ടതുണ്ട്.
- ഡി.ഐ മാരായി ജോലി ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥരുടെ അമിതജോലിഭാരം ലഘൂകരിക്കുന്നതിനുള്ള നടപടി ഉണ്ടാകണം. എസ്.പി.സിയുള്ള ദിവസങ്ങളിൽ ഡി.ഐ മാരെ സ്റ്റേഷൻ ഡ്യൂട്ടിയിൽ നിന്ന് പൂർണമായും ഒഴിവാക്കണം.
- എസ്.പി.സി പങ്കാളികളായ ഡി.ഐ മാർക്ക് ആകർഷകമായ പ്രതിഫലം നൽകേണ്ടതുണ്ട്.
- എസ്.പി.സി യുടെ പ്രവർത്തനങ്ങൾ നടക്കുന്ന ദിവസം ഡ്രിൽ ഇൻസ്ട്രക്റ്റർമാരുടെ സാന്നിധ്യം ഉറപ്പാക്കണം. വനിതാ ഡി.ഐ മാരുടെ എണ്ണം വർധിപ്പിക്കുകയും അവരെ കൃത്യമായി സ്കൂളുകളിൽ നിയോഗിക്കുകയും ചെയ്യണം.
- കുട്ടികൾക്ക് വിദഗ്ധ പരിശീലനം നൽകാൻ Armed Police ന്റെ സേവനം നൽകുന്നത് അഭികാമ്യമായിരിക്കും. എന്നാൽ സ്കൂളും പോലീസ് സംവിധാനവും തമ്മിൽ ഇന്നുള്ള സൗഹൃദാന്തരീക്ഷം നിലനിർത്തിക്കൊണ്ട് മാത്രമേ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകാവൂ.

### സി.പി.ഒ മാരുടെ പ്രവർത്തനങ്ങൾ

- സി.പി.ഒ മാരെ തൊഴിൽ സംബന്ധമായ മികവിലേക്ക് നയിക്കാൻ പര്യാപ്തമായ മികച്ച പരിശീലനം ഉചിതമായ ഇടവേളകളിൽ നൽകി പ്രസ്തുത സംവിധാനത്തെ പരിപോഷിപ്പിക്കണം.
- സി.പി.ഒ മാർക്ക് ആകർഷകമായ പ്രതിഫലം നൽകണം. കൂടാതെ സറണ്ടർ തുടങ്ങിയസേവനാനുകൂല്യങ്ങൾ കൂടി നൽകണം.
- സി.പി.ഒ മാരുടെ അമിതജോലി ഭാരം കുറച്ചാൽ മറ്റ് അധ്യാപകർക്കും ചുമതല ഏൽക്കുന്നതിന് താൽപ്പര്യമുണ്ടാകും.
- എസ്.പി.സി പ്രവർത്തനങ്ങളിൽ ഒഴിവാക്കപ്പെടേണ്ടതായി സി.പി.ഒ മാർ കണ്ടെത്തിയ അവധിക്കാല ക്യാമ്പുകൾ, ക്ലാസ്സ് സമയത്തെ പ്രവർത്തനങ്ങൾ തുടങ്ങിയ കാര്യങ്ങൾ വിശകലനം ചെയ്ത് വസ്തുതകൾ മനസ്സിലാക്കി പരിഹരിക്കാനുള്ള തീരുമാനം കൈക്കൊള്ളണം.

- ജില്ലാ സംസ്ഥാന തലങ്ങളിൽ സി.പി.ഒ മാരുടെ പ്രവർത്തനങ്ങൾ വിലയിരുത്തി അർഹ മായ അംഗീകാരം നൽകേണ്ടതുണ്ട്.

**എസ്.പി.സി പദ്ധതിയുടെ വ്യാപനം**

- എസ്.പി.സി പദ്ധതി കൂടുതൽ വിദ്യാലയങ്ങളിലേക്കും കൂടുതൽ കുട്ടികളിലേക്കും വ്യാപി പ്പിക്കണം. പട്ടികജാതി പട്ടിക വർഗ കുട്ടികളിലേക്കും തീരദേശ മേഖലയിലെ കുട്ടികളി ലേക്കും എസ്.പി.സി പദ്ധതി വ്യാപിപ്പിക്കേണ്ടതാണ്.
- നിലവിൽ 8, 9 ക്ലാസുകളിലാണ് എസ്.പി.സി. പ്രവർത്തനം നടക്കുന്നത്. രണ്ടു വർഷത്തെ പരിശീലനത്തിനുശേഷം 10-ാം ക്ലാസ്സ് മുതൽ ഈ കേഡറ്റുകൾക്കായി പ്രത്യേ കിച്ച് തുടർ പ്രവർത്തനങ്ങളൊന്നും എസ്.പി.സി. നിർദേശിച്ചിട്ടില്ല. അതുകൊണ്ടു തന്നെ എസ്.പി.സി. പദ്ധതി മുഖാന്തരം കുട്ടികളിലുണ്ടായിട്ടുള്ള ഗുണഫലങ്ങൾ നിലനിർത്തുന്ന തിൽ വേണ്ടത്ര വിജയിക്കുന്നില്ല. ആയതിനാൽ എസ്.പി.സി. പരിശീലനം നേടിയ കുട്ടി കളെ ഒരു റിസോഴ്സ് ഗ്രൂപ്പായി നിലനിർത്തിക്കൊണ്ട് തുടർ പരിശീലന പരിപാടികൾ ആസൂത്രണം ചെയ്യണം. എസ്.പി.സി.യുടെ പ്രാഥമിക പാഠങ്ങൾ ലിറ്റിൽ എസ്.പി.സി ക്ലബ്ബുകൾ വഴി 5, 6 ക്ലാസുകളിൽ നടപ്പിലാക്കണം.
- എസ്.പി.സിക്ക് ഒരു ഡയറക്ട്രേറ്റ് ഉണ്ടാകണം. പുതിയ തസ്തികകൾ സൃഷ്ടിക്കുകയും വേണം. വിദ്യാഭ്യാസവകുപ്പിലും ആഭ്യന്തര വകുപ്പിലും പ്രത്യേകവിഭാഗം രൂപീകരിച്ച് താഴെത്തട്ടുവരെയുള്ള പ്രവർത്തനങ്ങളിൽ ഏകോപനം ഉണ്ടാക്കിയെടുക്കുന്നതിന് ശ്രദ്ധി ക്കേണ്ടതാണ്. വിദ്യാഭ്യാസവകുപ്പിനും, ആഭ്യന്തരവകുപ്പിനും ഇതിൽ തുല്യ പങ്കാളിത്തം വേണം.
- എസ്.പി.സി പദ്ധതിയിൽ അംഗമായ അധ്യാപകർക്കു വേണ്ടി ഒരു ട്രെയിനിംഗ് അക്കാഡമി സ്ഥാപിക്കണം.
- സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾക്ക് പരിശീലനം നൽകുന്നതിന് ഓരോ ജില്ലയിലും എസ്. പി.സി ട്രെയിനിംഗ് സെന്ററുകൾ സ്ഥാപിക്കണം. മാത്രമല്ല എസ്. പി.സി അംഗങ്ങളുടെ നിലവാരം മികച്ചതാക്കാൻ ഡോക്ടർമാർ, ക്രിമിനോളജിസ്റ്റുകൾ, വിദഗ്ധ പരിശീലകർ തുട ങ്ങിയവരുടെ സേവനം അനിവാര്യമാണ്. ആയതിനാൽ അവരുടെ കൂടി സേവനം ലഭ്യമാ ക്കണം.
- എസ്.പി.സിക്ക് നൽകുന്ന ഗ്രേസ് മാർക്ക് പൊതു പരീക്ഷയിൽ ലഭിക്കുന്ന അധികമാർക്ക് എന്ന രൂപത്തിലല്ലാതെ ഉയർന്ന ക്ലാസുകളിലെ പ്രവേശനത്തിനുള്ള വെയിറ്റേജ് എന്ന രൂപ ത്തിൽ പരിഗണിക്കണം.
- എസ്.പി.സി കേഡറ്റുകൾ വിദ്യാഭ്യാസം പൂർത്തിയാക്കിയതിന് ശേഷം യൂണിഫോം തസ്തികകൾക്ക് അപേക്ഷിക്കുമ്പോൾ അവർക്ക് വെയിറ്റേജ് നൽകുന്നത് പരിഗണിക്കേണ്ട താണ്.

**വിലയിരുത്തൽ**

- വിവധ തലങ്ങളിൽ നടക്കുന്ന എസ്.പി.സി. പ്രവർത്തനങ്ങൾ സ്കൂൾ, ജില്ല, സംസ്ഥാന തലങ്ങളിൽ വിലയിരുത്തുകയും അർഹമായ അംഗീകാരം നൽകുകയും ചെയ്യേണ്ടതുണ്ട്.
- ഡി.ഇ.ഒ, ഡി.ഡി.ഇ മാർ വിദ്യാലയ സന്ദർശനവേളകളിൽ എസ്.പി.സി പ്രവർത്തനങ്ങൾ വിലയിരുത്തി നിർദേശങ്ങൾ നൽകണം.
- പോലീസ് അധികാരികളുടെ ഇടവിട്ടുള്ള സന്ദർശനവും മേൽനോട്ടവും വിദ്യാലയങ്ങളിൽ ഉണ്ടാകണം. എസ്.പി.സി. പ്രവർത്തനങ്ങളുടെ ഇടക്കാല, അന്തിമവിലയിരുത്തലുകൾ ശാസ്ത്രീയമായി കൃത്യതപ്പെടുത്തിക്കൊണ്ട് അന്തിമവിലയിരുത്തലിന്റെ ഫലം കൂടി ഉൾപ്പെടുത്തി സർട്ടിഫിക്കറ്റ് നൽകുന്നത് ഉചിതമായിരിക്കും.
- പോലീസ്, വിദ്യാഭ്യാസ ഓഫീസർമാരുടെ നേതൃത്വത്തിൽ എല്ലാ മാസവും ജില്ലാതല അവലോകനം കാര്യക്ഷമമായി നടത്തണം.
- എസ്.പി.സി പദ്ധതിയുമായി ബന്ധപ്പെട്ട് കൃത്യമായ ഇടവേളകളിൽ പഠനം നടത്തുകയും പ്രവർത്തനങ്ങൾ പുനപ്പരിശോധിക്കുകയും കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുകയും

ചെയ്യണം. ഇതനുസരിച്ച് എസ്.പി.സി. മാന്വലുകൾ പരിഷ്കരിക്കുകയും മലയാള ഭാഷയിൽ കൂടി പ്രസിദ്ധീകരിക്കുകയും ചെയ്യണം.

### ഇതര കാര്യങ്ങൾ

- സ്കൂൾ, സബ്ജില്ല, ജില്ല, സംസ്ഥാനതലങ്ങളിലെ വിവിധ മേളകളിൽ വോളന്റിയർമാരായി എസ്.പി.സിയുടെ സേവനം ലഭ്യമാകുന്നതിലൂടെ പ്രസ്തുത മേഖലയിലെ പ്രവർത്തനങ്ങൾ സുഗമമായി നടത്താൻ കഴിയുന്നുണ്ട്. എന്നാൽ പഠനസമയം നഷ്ടപ്പെടുന്ന രീതിയിൽ ഇത്തരം പ്രവർത്തനങ്ങളിൽ പങ്കെടുപ്പിക്കുന്നത് ഒഴിവാക്കേണ്ടതാണ്.
- എസ്.പി.സി പ്രവർത്തനങ്ങൾ കൂടുതൽ വിദ്യാലയങ്ങളിലേക്കും കുട്ടികളിലേക്കും വ്യാപിപ്പിക്കണമെന്ന് സർവ്വെയിൽ പങ്കെടുത്ത എല്ലാവരും അഭിപ്രായപ്പെട്ടു. പട്ടികജാതി പട്ടികവർഗ കുട്ടികളിലേക്കും തീരദേശ മേഖലയിലെ കുട്ടികളിലേക്കും കൂടി ഇതിന്റെ ഗുണങ്ങൾ വ്യാപിപ്പിക്കേണ്ടതാണ്.
- നീന്തൽ, ഫുട്ബോൾ, കരാട്ടെ തുടങ്ങിയ മേഖലകൾ എസ്.പി.സിയിൽ ഉൾപ്പെടുത്തണമെന്ന് കുട്ടികളും, പി.ടി.എ. പ്രസിഡണ്ടുമാരും അഭിപ്രായപ്പെട്ടു. എസ്.പി.സിക്കായി പ്രത്യേക കലാ-കായിക മത്സരങ്ങളും സംഘടിപ്പിക്കണം.
- എസ്.പി.സി പരിശീലനം പൂർത്തിയാക്കിയ കേഡറ്റുകൾക്ക് ആവശ്യമായ തുടർ പ്രവർത്തനങ്ങൾ നൽകണം.
- എസ്.പി.സി പദ്ധതിക്ക് വിദ്യാഭ്യാസവകുപ്പിന്റെ സാമ്പത്തികസഹായം ലഭ്യമാക്കണം. ക്യാമ്പുകൾ മത്സരങ്ങൾ തുടങ്ങിയവയുടെ സംഘാടനം വിദ്യാഭ്യാസ വകുപ്പ് ഏറ്റെടുക്കണം എന്ന് എല്ലാവരും അഭിപ്രായപ്പെട്ടിട്ടുണ്ട്.
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വനം, ഫയർ & റസ്ക്യൂ, ആരോഗ്യം എക്സൈസ്, തുടങ്ങിയ വകുപ്പുകളുടെ കൂടുതൽ സഹകരണം ഉറപ്പുവരുത്തുന്നത് എസ്.പി.സി പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ സഹായകമാകും.
- സ്റ്റുഡന്റ്പോലീസ് കേഡറ്റുകൾക്ക് നിർബന്ധിത കായിക പരിശീലനം നൽകുന്നത് വഴി കരുത്തുറ്റ കുട്ടികളെ വാർത്തെടുക്കാം. എല്ലാ ജില്ലയിലും എസ്.പി.സി ട്രെയിനിംഗ് സെന്ററുകൾ സ്ഥാപിക്കണം. മാത്രമല്ല എസ്. പി.സി അംഗങ്ങളുടെ നിലവാരം മികച്ചതാക്കാൻ ഡോക്ടർമാർ, ക്രിമിനോളജിസ്റ്റുകൾ, വിദഗ്ധ പരിശീലകർ തുടങ്ങിയവരുടെ സേവനം അനിവാര്യമാണ്. ആയതിനാൽ അവരുടെ സേവനം കേഡറ്റുകൾക്ക് ലഭ്യമാക്കണം എന്നീ അഭിപ്രായങ്ങൾ വിദ്യാഭ്യാസ സെക്രട്ടറി പങ്കുവച്ചു.
- എസ്.പി.സിക്ക് കൃത്യമായ ഒരു ഭരണനിർവഹണ സംവിധാനം ഉണ്ടാകണം. പുതിയ തസ്തികകൾ സൃഷ്ടിക്കുകയും വേണം., എസ്.പി.സി പദ്ധതിയിൽ അംഗമായ അധ്യാപകർക്കു വേണ്ടി ഒരു ട്രെയിനിംഗ് അക്കാഡമി സ്ഥാപിക്കണം. എസ്.പി.സി. പദ്ധതിയെപ്പറ്റി എല്ലാ വർഷവും ഒരു പഠനം നടത്തുകയും പ്രവർത്തനം പുനഃപരിശോധിക്കുകയും കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുകയും ചെയ്യണം., എസ്.പി.സിയിലെ പോലീസ് ഉദ്യോഗസ്ഥർക്കും അധ്യാപകർക്കും മെച്ചപ്പെട്ട പ്രവർത്തനാന്തരീക്ഷം സൃഷ്ടിക്കണം. അവർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ നൽകണം.
- കുട്ടികൾക്ക് വിദഗ്ധ പരിശീലനം നൽകാൻ Armed Police ന്റെ സേവനം നൽകുന്നത് അഭികാമ്യമായിരിക്കും. എന്നാൽ സ്കൂളും പോലീസ് സംവിധാനവും തമ്മിലുള്ള സൗഹൃദാന്തരീക്ഷം നിലനിർത്തിക്കൊണ്ട് മാത്രമേ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകാവൂ.
- അംഗങ്ങളുടെ പ്രകടനപരതയ്ക്കനുസരിച്ചുള്ള അംഗീകാരം നൽകുക, എല്ലാ വിദ്യാലയങ്ങളിലും എസ്.പി.സി യൂണിറ്റ് ആരംഭിക്കുക, യൂണിഫോമ്ഡ് ഫോഴ്സിലേയ്ക്കുള്ള തിരഞ്ഞെടുപ്പിൽ എസ്.പി.സി കാർക്ക് മുൻഗണന നൽകുക, ക്യാമ്പുകളുടെ നടത്തിപ്പിന് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ സഹായം ഉറപ്പു വരുത്തുക, രാഷ്ട്രപതി പുരസ്കാർ, രാജ്യപുരസ്കാർ തുടങ്ങിയവയുടെ മാതൃകയിൽ പുരസ്കാരങ്ങൾ ഏർപ്പെടുത്തുക എന്നിവ ഫോക്കസ് ഗ്രൂപ്പ് ചർച്ചയിൽ ഉയർന്ന നിർദേശങ്ങളാണ്.
- രക്ഷിതാക്കളെ വിദ്യാലയത്തിൽ വിളിച്ചു ചേർത്ത് എസ്.പി.സി യുടെ പ്രവർത്തനങ്ങളെക്കുറിച്ച് നല്ല ധാരണ നൽകിയതിനുശേഷമേ എസ്.പി.സി യിൽ കുട്ടികളെ ചേർക്കാനുള്ള നട

പടികൾ ആരംഭിക്കാവൂ. തിരഞ്ഞെടുപ്പ് പ്രക്രിയയ്ക്ക് ആവശ്യമായത്ര സമയം അനുവദിക്കണം.

- പൊതു സമൂഹം പ്രാദേശികമായി ആവശ്യപ്പെടുന്ന കാര്യങ്ങൾ എസ്.പി.സി. വഴി നിർവഹിക്കാനുള്ള സന്നദ്ധത വിദ്യാലയങ്ങൾക്ക് ഉണ്ടാകണം. അതിനാവശ്യമായ നിർദേശങ്ങൾ നൽകണം.
- നിലവിൽ എയ്ഡഡ് സ്കൂളിലുള്ള സ്വാശ്രയ എസ്.പി.സി പരിപാടി നിർത്തലാക്കി സാമ്പത്തിക ആനുകൂല്യങ്ങൾ നൽകികൊണ്ട് പുനസ്ഥാപിക്കണം.

പ്രാരംഭകാലം മുതൽ തന്നെ രക്ഷിതാക്കളുടെയും വിദ്യാർഥികളുടെയും പൊതുജനങ്ങളുടെയും ഇടയിൽ വൻ സ്വീകാര്യത നേടിയെടുക്കാൻ എസ്. പി. സി. പദ്ധതിക്ക് കഴിഞ്ഞു. വിദ്യാർഥികളിലുണ്ടായ ആത്മവിശ്വാസവും, പ്രതികരണ ശേഷിയും, നിയമാവബോധവും, സമൂഹത്തിന്റെ ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് പ്രവർത്തിക്കാൻ പ്രകടിപ്പിച്ച ആർജവവുമാണ് ഈ സ്വീകാര്യതയ്ക്ക് പിന്നിലുള്ളത്. പോലീസ് സേനയും വിദ്യാർഥികളും അധ്യാപകരും തോളോടുതോൾ ചേർന്ന് വിദ്യാലയത്തിലും സമൂഹത്തിലും നടത്തിയ ഇടപെടലുകൾ ശ്രദ്ധേയമായി. ഇത് കുട്ടികളുടെ വ്യക്തിത്വ വികാസം സാധ്യമാക്കുന്നതോടൊപ്പം വിദ്യാലയത്തിന് പുതിയ ഊർജം നൽകുന്നതിലും വിജയിച്ചു. പോലീസിന്റെ ജനകീയ മുഖമായി എസ്. പി. സി. മാറുകയും ചെയ്തു. ജനാധിപത്യമൂല്യങ്ങളിൽ അടിയുറച്ചു വിശ്വസിക്കുന്ന, കർമ്മശേഷിയും കാര്യപ്രാപ്തിയുമുള്ള, ശുഭാപ്തിവിശ്വാസിയായ, യുവ ജനതയെ വാർത്തെടുക്കാൻ തികച്ചും പര്യാപ്തമാണ് എസ്. പി. സി. പദ്ധതി. പ്രവർത്തന ഊർജം തെല്ലും ചോർന്നുപോകാതെ കാലോചിതമായ മാറ്റങ്ങളും പശ്ചാത്തല സൗകര്യങ്ങളും ഒരുക്കി കൂടുതൽ പ്രവർത്തന മേഖലകളിലേക്ക് കടന്നുചെല്ലാൻ എസ്. പി. സി. പദ്ധതിക്ക് കഴിയണം. ഈ പഠനത്തിലൂടെ നൽകിയിട്ടുള്ള നിർദേശങ്ങളും ശുപാർശകളും ഘട്ടം ഘട്ടമായി നടപ്പിലാക്കാൻ കഴിഞ്ഞാൽ ഈ ലക്ഷ്യത്തിലേക്ക് എത്തിച്ചേരുകതന്നെ ചെയ്യും.

## ഉപസംഹാരം

പൗരബോധവും, ലക്ഷ്യബോധവും, സാമൂഹിക പ്രതിബദ്ധതയും സേവനസന്നദ്ധതയുമുള്ള ഒരു യുവജനതയെ വാർത്തെടുക്കുന്നതിനും, നിയമത്തെ അംഗീകരിക്കുകയും, അനുസരിക്കുകയും ചെയ്യുന്ന ഒരു സമൂഹത്തെ സൃഷ്ടിക്കുന്നതിനും, വിദ്യാർഥികളിൽ പൗരബോധം , സമത്വബോധം, മതേതരവീക്ഷണം, അന്വേഷണത്വര, നിരീക്ഷണപാടവം, നേതൃപാടവം, സാഹസിക മനോഭാവം എന്നീ ലക്ഷ്യങ്ങൾ വളർത്തിയെടുക്കുന്നതിനും വേണ്ടി സംസ്ഥാനത്തെ ഹൈസ്കൂൾ, ഹയർസെക്കന്ററി സ്കൂളുകളിൽ വിദ്യാഭ്യാസവകുപ്പിന്റെ സഹകരണത്തോടെ ആഭ്യന്തരവകുപ്പിന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കിയ പരിപാടിയാണ് സ്റ്റുഡന്റ് പോലീസ് കേഡറ്റ്(എസ്.പി.സി). കുട്ടിയുടെ കായികവും മാനസികവുമായ വികസനത്തിലൂന്നിയുള്ള ഈ പ്രവർത്തനപരിപാടിയുടെ വിലയിരുത്തൽ നടത്തി കാലാനുസൃതമായി മാറ്റങ്ങൾ വരുത്തേണ്ടത് ആവശ്യമാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് എസ്.സി.ഇ.ആർ.ടി എസ്.പി.സി പദ്ധതിയുടെ ഫലപ്രാപ്തി പഠനം നടത്തിയത്.

വാഹനയാത്രകളിൽ ഗതാഗത നിയമങ്ങൾ അനുസരിക്കുന്നതിലും ലഹരിവസ്തുക്കളുടെ വിൽപ്പന, ഉപഭോഗം എന്നിവ ഇല്ലായ്മ ചെയ്യുന്നതിലും, മാലിന്യ നിർമാർജനത്തിലും വിഷലിപ്തമായ ഭക്ഷ്യവസ്തുക്കളുടെ വിപണനം തടയുന്നതിലും എസ്.പി.സി. സദാ ജാഗരൂകരാണ് എന്നത് പദ്ധതിയുടെ ഒരു മികവാണ്. വ്യക്തിശുചിത്വവും പരിസരശുചിത്വവും പാലിക്കുന്നതിനും വിദ്യാലയത്തിലും വീട്ടിലും ജൈവകൃഷിയിലൂടെ ഭക്ഷ്യവസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്നതിനും ആ സന്ദേശം സമൂഹത്തിന് നൽകുന്നതിനും കേഡറ്റുകൾ ശ്രമിക്കുന്നു എന്നത് ശുഭോദർക്കമാണ്.

വിദ്യാലയത്തിനകത്തും പുറത്തും ഉണ്ടായിക്കൊണ്ടിരിക്കുന്ന അസാന്മാർഗിക പ്രവർത്തനങ്ങൾ, ലഹരി ഉപയോഗം, പെൺകുട്ടികൾക്കു നേരെയുള്ള അതിക്രമങ്ങൾ, പഠനത്തിൽ നിന്ന് പിന്തിരിപ്പിക്കാനുള്ള ബോധപൂർവമായ ശ്രമങ്ങൾ, സൈബർ കെണികൾ തുടങ്ങിയവ ഒരു പരിധിവരെ എസ്.

പി.സി. വഴി നിയന്ത്രണ വിധേയമായിട്ടുണ്ട്. വിദ്യാർഥികളെ പഠനമികവിലേക്ക് നയിക്കാനും സ്കൂളന്തരീക്ഷത്തിൽ ഗുണാത്മക മാറ്റങ്ങൾ വരുത്താനും എസ്.പി.സി. പ്രവർത്തനങ്ങൾക്ക് സാധ്യമായിട്ടുണ്ട്. വിദ്യാലയം, രക്ഷിതാക്കൾ, വിദ്യാർഥികൾ, പോലീസ് സേനാംഗങ്ങൾ, പിന്തുണ നൽകുന്ന മറ്റ് വകുപ്പുകൾ ഇവയുടെ ഒരു കൂട്ടായ്മ രൂപപ്പെട്ടിട്ടുണ്ട് എങ്കിലും പൊതുവിൽ വിദ്യാഭ്യാസ വകുപ്പും ആഭ്യന്തര വകുപ്പും തമ്മിലുള്ള ഏകോപനക്കുറവ് ദൃശ്യമാണ്. സി.പി.ഒ. മാരും ഡ്രിൽ ഇൻട്രക്ടർമാരും കേഡറ്റുകളോടൊപ്പം നിന്ന് നിസ്വാർഥമായി ചെയ്യുന്ന സേവനങ്ങളാണ് എസ്.പി.സി.പദ്ധതിയുടെ വിജയം. പക്ഷേ അർപ്പണബോധത്തോടെ സേവനമനുഷ്ടിക്കുന്ന സി.പി. ഒമാരും ഡി.ഐ.മാരും അമിത ജോലിഭാരത്താൽ ബുദ്ധിമുട്ടനുഭവിക്കുന്നു. സാമ്പത്തികമായ അപര്യാപ്തത എസ്.പി.സി.യുടെ മുന്നോട്ടുള്ള കുതിപ്പിന് തടസ്സങ്ങൾ സൃഷ്ടിക്കുന്നുണ്ട്. വ്യക്തിഗതമായ ഗുണങ്ങളുടെ വികാസത്തോടൊപ്പം സമൂഹത്തിൽ ഇടപെട്ട് പ്രവർത്തിക്കാനുള്ള വ്യഗ്രതയും എസ്.പി.സി. പദ്ധതി വഴി കുട്ടികൾക്ക് കൈവന്നിട്ടുണ്ട്. മൂല്യബോധമുള്ള വിദ്യാഭ്യാസം ഇന്നത്തെ തലമുറയ്ക്ക് ലഭ്യമാക്കാൻ എസ്.പി.സി. പദ്ധതി കൂടിയേ കഴിയൂ എന്ന അഭിപ്രായം ശക്തമാണ്. അതിനാൽ കൂടുതൽ വിദ്യാലയങ്ങളിലേക്ക് പദ്ധതി വ്യാപിപ്പിക്കുന്നത് സമൂഹത്തിനും വിദ്യാർഥികൾക്കും വിദ്യാലയങ്ങൾക്കും പ്രയോജന പ്രദമാകുമെന്ന് കണ്ടെത്തലുകൾ വ്യക്തമാക്കുന്നു.

***********************

# REFERENCES


- Philip, Neethu (2016). Awareness on Civic Sense and Legal Awareness of Student Police Cadets in Secondary Schools of Pathanamthitta District. M.Ed, Dissertation, IGNOU, Thiruvananthapuram.
- KPMG (2015). Impact Study on Student Police Cadet Project, Thiruvananthapuram.
- Student Police Cadet Project (2015). Compendium of Govt. orders, circulars etc on SPC project. SPC project secretariat, Thiruvananthapuram
- Perspective Planning Division Kerala (2016)
- Anoop.P (2013). Attitude of Student Police Cadets towards SPC programme in Malappuram and Kozhikode District (Unpublished M.Ed dissertation) University of Calicut, Calicut.
- Thahsina , P(2011) A study on the Relationship between Social Adjustment and Self Concept of Student Police Cadets and Non-Student Police cadets of Secondary Schools (Unpublished M.Ed dissertation) University of Calicut.
- Greeshma.T (2017) . Social Interaction of SPC and Non-SPC Students of Secondary Schools (Unpublished M.Ed dissertation) University of Calicut.

## സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി

വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012
ഫോൺ: 0471 - 2341883, 2340323, ഫാക്സ് : 0471-2341869
ഇ-മെയിൽ : scertkerala@gmail.com, web: www.scert.kerala.gov.in

# സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ
## ഫലപ്രാപ്തി പഠനം (2017 –18)

എസ്.സി.ഇ.ആർ.ടി യുടെ നേതൃത്വത്തിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ ഫലപ്രാപ്തിപഠനം നടത്താൻ തിരുമാനിച്ചിരിക്കുകയാണ്. വിവരശേഖരണത്തിനുള്ള ചോദ്യാവലിയാണിത്. വിവരങ്ങൾ സത്യസന്ധമായും വസ്തുനിഷ്ഠമായും നല്കേണ്ടതാണ്. ശേഖരിക്കുന്ന വിവരങ്ങൾ പഠനത്തിനു വേണ്ടി മാത്രമേ ഉപയോഗിക്കുകയുള്ളൂ.

**നിർദ്ദേശങ്ങൾ**

1. ശരിയായ അഭിപ്രായത്തിന് നേരെയുള്ള കോളത്തിൽ (✓) ചെയ്യേണ്ടതാണ്?
2. ആവശ്യമാണെങ്കിൽ ഒന്നിലധികം കോളങ്ങളിൽ (✓) ചെയ്യാവുന്നതാണ്.
3. വിവരണം ആവശ്യമുള്ള സ്ഥലങ്ങളിൽ ആയത് എഴുതിച്ചേർക്കേണ്ടതാണ്.

## സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾക്കുള്ള ചോദ്യാവലി

1. പേര് :
2. സ്കൂൾ :
3. ആൺ/പെൺ :
4. താമസസ്ഥലം :
   - പഞ്ചായത്ത് :
   - മുനിസിപ്പാലിറ്റി :
   - കോർപറേഷൻ :

**ചോദ്യാവലി**

1. SPC പദ്ധതിയിൽ ചേരാനുണ്ടായ കാരണം?

a. ഗ്രേസ് മാർക്ക് ലഭിക്കുമെന്നുള്ളതുകൊണ്ട് ☐

b. രക്ഷിതാക്കളുടെ താൽപ്പര്യപ്രകാരം ☐

c. അധ്യാപകരുടെ പ്രേരണമൂലം ☐

d. സ്വന്തം താൽപ്പര്യപ്രകാരം ☐

e. മറ്റ് കാരണങ്ങൾ (വ്യക്തമാക്കുക)

- ----------------------------------------------
- ----------------------------------------------

2. SPC പദ്ധതിയിൽ നിങ്ങൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട ഒരു പ്രവർത്തനം

a. പി.ടി പരേഡ് ☐

b. ക്യാമ്പുകൾ ☐

c. ബോധവൽക്കരണപ്രവർത്തനങ്ങൾ ☐

d. ക്ലാസ്സുകൾ ☐

e. മറ്റേതെങ്കിലും (വ്യക്തമാക്കുക)

- ----------------------------------------------
- ----------------------------------------------

3. SPC പദ്ധതിയുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങളിൽ നിങ്ങൾക്ക് താൽപ്പര്യമില്ലാത്തവയായി ഏതെങ്കിലും ഉണ്ടോ? ഉണ്ടെങ്കിൽ എന്തുകൊണ്ട്? കാരണം.

| | | പ്രവർത്തനങ്ങൾ | | കാരണം |
|---|---|---|---|---|
| (i) | a. | പി.ടി പരേഡ് | ☐ | ------------------ |
| | b. | ഗതാഗത ബോധവൽക്കരണം | ☐ | ------------------ |
| | c. | ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ | ☐ | ------------------ |
| | d. | സൈബർ സേഫ്റ്റി | ☐ | ------------------ |
| | e. | താൽപ്പര്യമില്ലാത്തതായി ഒന്നുമില്ല | ☐ | ------------------ |
| | f. | മറ്റേതെങ്കിലും (വ്യക്തമാക്കുക) | | |

- ----------------------------------------------
- ----------------------------------------------

4. SPC യുമായി ബന്ധപ്പെട്ട് നിങ്ങളുടെ ആവശ്യപ്രകാരം ഏതെങ്കിലും പ്രവർത്തനങ്ങൾ സ്കൂളിൽ നടത്തിയിട്ടുണ്ടോ?

ഉണ്ട് ☐ ഇല്ല ☐

ഉണ്ടെങ്കിൽ ഏതൊക്കെയാണെന്ന് വ്യക്തമാക്കുക.

- ----------------------------------------------
- ----------------------------------------------

5. സ്കൂൾ അസ്ബ്ലി, മേളകൾ, പൊതുപരിപാടികൾ തുടങ്ങിയവയിൽ നിങ്ങളെ പ്രത്യേകം ചുമതലകൾ ഏൽപ്പിക്കാറുണ്ടോ?

ഉണ്ട് ☐ ഇല്ല ☐

a. ഉണ്ടെങ്കിൽ എങ്ങനെയെല്ലാം?

- ----------------------------------------------
- ----------------------------------------------

6. SPC പ്രവർത്തനങ്ങൾ നിങ്ങളുടെ പഠനത്തെ എങ്ങനെയെല്ലാമാണ് സ്വാധീനിക്കുന്നത്?

a. ആത്മവിശ്വാസം വളർത്തുന്നു. ☐

b. ശാരീരികവും മാനസികവുമായി ഊർജസ്വലത നൽകുന്നു. ☐

c. അടുക്കും ചിട്ടയോടും കൂടി പഠിക്കാൻ കഴിയുന്നു. ☐

d. സമയനിഷ്ഠയും ശ്രദ്ധയും ലഭിക്കുന്നു. ☐

e. ലക്ഷ്യബോധം നൽകുന്നു. ☐

മറ്റെന്തെങ്കിലും (വ്യക്തമാക്കുക)

- ------------------------------------------------
- ------------------------------------------------

7. സ്കൂളിന്റെ അച്ചടക്കവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ നിങ്ങളെ മേൽനോട്ടം ഏൽപ്പിച്ചാൽ:

a. നിർബന്ധപൂർവം അനുസരിപ്പിക്കും ☐

b. നിയമം അനുസരിക്കാൻ പ്രേരിപ്പിക്കും. ☐

c. സ്വയം മാതൃകയായി പ്രവർത്തിച്ച് കാണിക്കും ☐

d. അനുസരിക്കാത്ത കുട്ടികളുടെ വിവരം
അധികാരികളെ അറിയിക്കും. ☐

8. ലഹരിവിരുദ്ധ പ്രവർത്തനം, ഗതാഗത ബോധവൽക്കരണം തുടങ്ങിയ പ്രവർത്തനങ്ങളിൽ നിങ്ങൾ ഇടപെടാനുള്ള കാരണം

a. അധ്യാപകരുടെ നിർബന്ധപ്രകാരം ☐

b. പോലീസ് ഉദ്യോഗസ്ഥർ നിർദേശിച്ചിട്ട് ☐

c. ഇത്തരം പ്രവർത്തനങ്ങൾ എന്റെ കടമയാണെന്ന
ബോധ്യമുള്ളതുകൊണ്ട് ☐

d. മറ്റ് കാരണങ്ങൾ (വ്യക്തമാക്കുക)

- ------------------------------------------------
- ------------------------------------------------

9. SPC പദ്ധതി നിലവിലുള്ളതുകൊണ്ട് നിങ്ങളുടെ സ്കൂളിൽ ഉണ്ടായ മാറ്റങ്ങൾ:

a. പാഠ്യപ്രവർത്തനങ്ങളിൽ കൂടുതൽ മികവുകൾ ☐

b. സ്കൂൾ പ്രവർത്തനങ്ങൾ കൂടുതൽ ചിട്ടപ്പെടുത്താൻ കഴിഞ്ഞു. ☐

c. സ്കൂളിൽ വരുന്ന കുട്ടികളുടെ എണ്ണത്തിൽ വർധനവ് ഉണ്ടായി ☐

d. സാമൂഹ്യപ്രതിബദ്ധതയുള്ള നിരവധി പ്രവർത്തനങ്ങളിൽ
പങ്കാളിത്തമുണ്ടായി. ☐

e. ലഹരിയുടെ ദോഷവശങ്ങളെക്കുറിച്ചും മൊബൈൽ ഫോണിന്റെ
ഗുണദോഷങ്ങളെക്കുറിച്ചും ധാരണയായി. ☐

f. മാറ്റങ്ങളൊന്നും ഉണ്ടായില്ല.

g. മറ്റ് മാറ്റങ്ങൾ ഉണ്ടായെങ്കിൽ വ്യക്തമാക്കുക.

- ------------------------------------------------
- ------------------------------------------------

10. SPC യൂണിഫോം ധരിക്കുന്നതിലൂടെ

a. സുരക്ഷിതത്വബോധം ഉണ്ടാകുന്നു. ☐

b. മറ്റുള്ള കുട്ടികളെ നിർബന്ധപൂർവം അനുസരിപ്പിക്കാമെന്ന ധാരണ ഉണ്ടാകുന്നു. ☐

c. മറ്റുള്ളവർക്ക് മാതൃകയാകേണ്ട വ്യക്തിയാണെന്ന ധാരണ ഉണ്ടാകുന്നു. ☐

d. ഉത്തരവാദിത്വബോധത്തോടെ പ്രവർത്തിക്കേണ്ടതാണെന്ന തിരിച്ചറിവ് ഉണ്ടാകുന്നു. ☐

e. മറ്റെന്തെങ്കിലും (വ്യക്തമാക്കുക)

- ---------------------------------------------------
- ---------------------------------------------------

11. SPC പദ്ധതിയിൽ ചേർന്നതുകൊണ്ട് നിങ്ങളുടെ സ്കൂൾ പഠനസമയം നഷ്ടപ്പെടുന്നുണ്ടോ?

ഉണ്ട് ☐ ഇല്ല ☐

12. സൈബർ സേഫ്റ്റി, സൈബർ ക്രൈം എന്നിവയെപ്പറ്റിയുള്ള ബോധവൽക്കരണം ലഭിക്കാറുണ്ടോ?

ഉണ്ട് ☐ ഇല്ല ☐

13. SPC യുമായി ബന്ധപ്പെട്ട് നിങ്ങളുടെ ഓർമയിൽ നിൽക്കുന്ന ഏറ്റവും മെച്ചപ്പെട്ട ഒരു അനുഭവം എഴുതുക..

- 

14. SPC യുമായി ബന്ധപ്പെട്ട് നിങ്ങൾക്ക് ഏറ്റവും വിഷമം തോന്നിയ ഒരു അനുഭവം എഴുതുക.

- 

15. SPC പദ്ധതിയിൽ ചേർന്നതിന്റെ ഭാഗമായി നിങ്ങളുടെ കുടുംബത്തിൽ ഉണ്ടായ ഗുണപരമായ മാറ്റങ്ങൾ

- 
- 
- 

16. ചുറ്റുമുള്ള സാമൂഹിക പ്രശ്നങ്ങളെ മനസ്സിലാക്കി സഹകേഡറ്റുകളുമൊത്ത് അവ കൂട്ടായ്മകളിലൂടെ പരിഹരിച്ച അനുഭവങ്ങൾ എഴുതുക.

- 
- 
- 

17. SPC കേഡറ്റുകളെ ഉപയോഗപ്പെടുത്തി സ്കൂളിലെ മറ്റു കുട്ടികൾക്ക് ബോധവൽക്കരണം നൽകാനുള്ള അവസരം ലഭിച്ചാൽ എങ്ങനെ ഉപയോഗപ്പെടുത്തും?

- 
- 
- 

18. താഴെ പറയുന്ന സാഹചര്യങ്ങളിൽ നിങ്ങൾ എന്തു നിലപാട് സ്വീകരിക്കും? (ചുരുക്കി എഴുതുക.)

| നം. | സാഹചര്യം | നിങ്ങളുടെ പ്രതികരണം |
|---|---|---|
| 1. | ഏതെങ്കിലും തരത്തിലുള്ള ലഹരി ഉപയോഗം കൂട്ടുകാരിലോ പരിചയക്കാരിലോ കണ്ടാൽ.... | |
| 2. | ഒരു വൃദ്ധൻ/അംഗപരിമിതൻ റോഡ് മുറിച്ചു കടക്കാൻ ശ്രമിക്കുന്നത് കണ്ടാൽ | |
| 3. | ദേശീയഗാനം, ദേശീയപതാക എന്നിവയെ ഒരാൾ തരംതാഴ്ത്തി സംസാരിക്കുന്നത് കേൾക്കാൻ ഇടയായാൽ | |
| 4. | നിങ്ങളുടെ സ്കൂളിന്റെയോ വീടിന്റെയോ സമീപപ്രദേശങ്ങളിൽ വെള്ളപ്പൊക്കം, പ്രകൃതി ദുരന്തങ്ങൾ, സാംക്രമികരോഗങ്ങൾ തുടങ്ങിയ എന്തെങ്കിലും അത്യാഹിതം സംഭവിച്ചാൽ | |
| 5. | നിങ്ങളുടെ സുഹൃത്തിനെ മറ്റൊരു കുട്ടി ഉപദ്രവിക്കാൻ ശ്രമിച്ചാൽ | |

| | | |
|---|---|---|
| 6. | ഭക്ഷണം കഴിച്ചതിനുശേഷം ക്ലാസിന് പിൻവശത്തോ മറ്റ് സ്ഥലങ്ങളിലോ ഭക്ഷണാവശിഷ്ടങ്ങൾ അലക്ഷ്യമായി വലിച്ചെറിയുന്നത് കാണുകയാണെങ്കിൽ | |
| 7. | നിങ്ങളുടെ ഒരു സുഹൃത്ത് വ്യക്തിശുചിത്വം പാലിക്കുന്നില്ല എന്ന് കാണുകയാണെങ്കിൽ | |
| 8. | മുകളിൽ പറഞ്ഞ ഏതെങ്കിലും കാര്യത്തിൽ നിങ്ങൾ തെറ്റുകാരനാണെന്ന് സുഹൃത്തുക്കളോ അധ്യാപകരോ ശ്രദ്ധയിൽപെടുത്തിയാൽ | |

19 (i). SPC പ്രവർത്തനങ്ങളിൽ കൂടുതൽ ഏതെങ്കിലും മേഖലകൾ ഉൾപ്പെടുത്തേണ്ടതുണ്ടോ?

ഉണ്ട് ☐ ഇല്ല ☐

(ii) ഉണ്ടെങ്കിൽ ഏതെല്ലാം?

-
-
-

20. ഈ പദ്ധതി മെച്ചപ്പെടുത്തുന്നതിനുള്ള നിങ്ങളുടെ നിർദേശങ്ങൾ എന്തെല്ലാം?

- SPC പ്രവർത്തനങ്ങൾ പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തുക.
-
-
-

## സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി

വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012
ഫോൺ: 0471 - 2341883, 2340323, ഫാക്സ് : 0471-2341869
ഇ-മെയിൽ : scertkerala@gmail.com, web: www.scert.kerala.gov.in


# സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ
## ഫലപ്രാപ്തി പഠനം (2017 –18)

എസ്.സി.ഇ.ആർ.ടി യുടെ നേതൃത്വത്തിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ ഫലപ്രാപ്തിപഠനം നടത്താൻ തിരുമാനിച്ചിരിക്കുകയാണ്. വിവരശേഖരണത്തിനുള്ള ചോദ്യാവലിയാണിത്. വിവരങ്ങൾ സത്യസന്ധമായും വസ്തുനിഷ്ഠമായും നൽകേണ്ടതാണ്. ശേഖരിക്കുന്ന വിവരങ്ങൾ പഠനത്തിനു വേണ്ടി മാത്രമേ ഉപയോഗിക്കുകയുള്ളൂ.

**നിർദേശങ്ങൾ**

1. ശരിയായ അഭിപ്രായത്തിന് നേരെയുള്ള കോളത്തിൽ (✓) ചെയ്യേണ്ടതാണ്?
2. ആവശ്യമാണെങ്കിൽ ഒന്നിലധികം കോളങ്ങളിൽ (✓) ചെയ്യാവുന്നതാണ്.
3. വിവരണം ആവശ്യമുള്ള സ്ഥലങ്ങളിൽ ആയത് എഴുതിച്ചേർക്കേണ്ടതാണ്.

## അധ്യാപകർക്കുള്ള (CPO) ചോദ്യാവലി

**പ്രാഥമിക വിവരങ്ങൾ**

I. പേര് :

II. സ്കൂളിന്റെ പേര് :

III. ആൺ/പെൺ :

IV വയസ്സ് :
പ്രവർത്തിച്ചുവരുന്ന കാലയളവ് :

SPC കുട്ടികളുടെ എണ്ണം :
4. പദ്ധതിയിൽ അംഗങ്ങളാകുന്ന വിദ്യാർത്ഥികൾക്ക് പ്രോത്സാഹനമെന്ന നിലയിലും ചേരാനുദ്ദേശിക്കുന്നവർക്ക് പ്രചോദനമെന്ന നിലയിലും നിശ്ചയിക്കപ്പെട്ട മാനദണ്ഡങ്ങൾ പുലർത്തുന്നവർക്ക് എസ്.എസ്.എൽ.സി, പ്ലസ് ടു തല പരീക്ഷകളിൽ ഗ്രേസ് മാർക്ക് അനുവദിക്കുന്നതിന് സ്റ്റുഡന്റ് പോലീസ് പദ്ധതിയുടെ നോഡൽ ഓഫീസർ പരാമർശം (2) പ്രകാരം ശുപാർശ ചെയ്തു. പൊതു വിദ്യാഭ്യാസ ഡയറക്ടർ തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർ, ഹയർ സെക്കണ്ടറി ഡയറക്ടർ സംസ്ഥാന പോലീസ് മേധാവി എന്നിവർ യഥാക്രമം പരാമർശം (3), (5), (6), (7) കത്തുകൾ പ്രകാരം ശുപാർശയോട് യോജിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സ്റ്റുഡന്റ് പോലീസ് പദ്ധതിയിലെ പ്രകടനത്തിന് ചുവടെ ചേർത്തിട്ടുള്ള പ്രകാരം ഗ്രേഡിംഗ് നൽകുന്നതിനും

| Attendance | Outdoor Test | Indoor test | Grade |
|---|---|---|---|
| 90% and above | 90% and above | 90% and above | A+ |
| 80% and above | 75% and above | 75% and above | A |
| 75% and above | 50% and above | 50% and above | B |

സ്റ്റുഡന്റ് പോലീസ് കേഡറ്റുകളായ എസ്.എസ്.എൽ.സി., ഹയർ സെക്കണ്ടറി (പ്ലസ് ടു), വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്ക് പരാമർശം (4) സർക്കാർ ഉത്തരവ് പ്രകാരം എൻ.സി.സി. കേഡറ്റുകൾക്ക് നൽകി വരുന്നതിന് തുല്യമായ ഗ്രേസ് മാർക്ക് നൽകുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

സാജൻ പീറ്റർ
പ്രിൻസിപ്പൽ സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
പരീക്ഷാ കമ്മീഷണർ, തിരുവനന്തപുരം.
നോഡൽ ഓഫീസർ, സ്റ്റുഡന്റ് പോലീസ് പദ്ധതി & ജില്ലാ പോലീസ് മേധാവി, തൃശ്ശൂർ സിറ്റി.
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് ( പത്ര ദൃശ്യ മാധ്യമങ്ങളിലൂടെ പ്രചരണം നൽകുന്നതിന് വെബ് സൈറ്റിൽ പ്രദർശിപ്പിക്കുന്നതിനും)
പൊതുഭരണ (എസ്.സി) വകുപ്പ്. ഇനം നം.............തീയതി..........
പൊതുവിദ്യാഭ്യാസ(ജി, യു, സ്പെഷ്യൽ സെൽ) വകുപ്പുകൾ.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

കേരള സർക്കാർ

സംഗ്രഹം

ആഭ്യന്തര വകുപ്പ് - സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി - കമ്മ്യൂണിറ്റി പോലീസ് ഓഫീസർമാർക്ക് ഓണറേറിയം അനുവദിച്ച് ഉത്തരവാകുന്നു

---

ആഭ്യന്തര (ബി) വകുപ്പ്

സ.ഉ.(സാധാ) നം. [illegible]/2012/ആഭ്യന്തരം — തീയതി, തിരുവനന്തപുരം, 20.11.2012

---

പരാമർശം: 1. സ.ഉ. (പി) നം. [illegible]/2010/ആഭ്യന്തരം തീയതി 29.05.2010

2. സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി സംസ്ഥാന നോഡൽ ഓഫീസറുടെ [illegible]

നം. 35/ക്യാമ്പ്/സി.പി.സി. തൃശ്ശൂർ സിറ്റി/12 നമ്പർ കത്ത്

3. സംസ്ഥാന പോലീസ് മേധാവിയുടെ 11.04.2012 ലെ റ്റി.1/7575/2012 നം. കത്ത്

## ഉത്തരവ്

സ്റ്റുഡന്റ് പോലീസ് കേഡറ്റ് എന്ന പേരിൽ സംസ്ഥാനത്തെ സർക്കാർ, എയിഡഡ് വിദ്യാലയങ്ങളിലെ 8 മുതൽ 12 വരെയുള്ള ക്ലാസ്സുകളിലെ വിദ്യാർത്ഥി, വിദ്യാർത്ഥിനികൾക്കായി ഒരു പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പരാമർശം (1) ഉത്തരവ് പ്രകാരം അംഗീകരിച്ച് ഉത്തരവായിരുന്നു.

പദ്ധതി നടത്തിപ്പിനായി വിദ്യാലയങ്ങളിലെ ഒരു അദ്ധ്യാപകനെയും അദ്ധ്യാപികയെയും [illegible] കമ്മ്യൂണിറ്റി പോലീസ് ഓഫീസർ, അഡീഷണൽ കമ്മ്യൂണിറ്റി പോലീസ് ഓഫീസർ എന്നീ നിലകളിൽ [illegible] നൽകി നിയോഗിച്ചിട്ടുണ്ട്. ഇവർക്ക് ഓണറേറിയം അനുവദിച്ച് [illegible] സംസ്ഥാന നോഡൽ ഓഫീസറും, സംസ്ഥാന പോലീസ് മേധാവിയും [illegible] സർക്കാരിന് [illegible].

ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് [illegible] കമ്മ്യൂണിറ്റി പോലീസ് ഓഫീസർ, അഡീഷണൽ കമ്മ്യൂണിറ്റി പോലീസ് ഓഫീസർ എന്നീ [illegible] പ്രവർത്തിക്കുന്ന അദ്ധ്യാപകർക്ക് പ്രതിമാസം 500/- രൂപ നിരക്കിൽ ഓണറേറിയം അനുവദിച്ച് ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

[illegible]

പ്രിൻസിപ്പൽ സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി

സംസ്ഥാന നോഡൽ ഓഫീസർ, സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി

(ജില്ലാ പോലീസ് മേധാവി, തൃശ്ശൂർ സിറ്റി)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം (മറ്റൊരു വകുപ്പിന് [illegible] [illegible])

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം

പൊതുവിദ്യാഭ്യാസ ഡയറക്ടർ

[illegible] വിദ്യാഭ്യാസ ഡയറക്ടർ

[illegible] വിദ്യാഭ്യാസ ഡയറക്ടർ

പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്

ധനകാര്യ വകുപ്പ് (15.10.2012 ലെ 53606/[illegible]/2012/ധന പ്രകാരം)

പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നം. [illegible] തീയതി [illegible] പ്രകാരം)

[illegible] ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

ആഭ്യന്തരവകുപ്പ് - സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി എസ്.എസ്.എൽ.സി., ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാർത്ഥികളായ കേഡറ്റുകൾക്ക് ഗ്രേസ് മാർക്ക് അനുവദിക്കുന്നത് - സ്പഷ്ടീകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആഭ്യന്തര (ജി) വകുപ്പ്

സ.ഉ. (സാ) നം.1124/2013/ആഭ്യന്തരം തീയതി, തിരുവനന്തപുരം,24.04.2013

---

പരാമർശം: 1. സ.ഉ (കൈ) നം.214/2012/ആഭ്യന്തരം തീയതി 04.05.2012

2. സ്റ്റുഡന്റ് പോലീസ് കേഡറ്റ് സംസ്ഥാനതല നോഡൽ ഓഫീസറുടെ 13.02.2013 തീയതിയിലെ 35/SPC Sectt/PHQ/12 നമ്പർ കത്ത്

3. പൊതുവിദ്യാഭ്യാസ (എസ്.സി.) വകുപ്പിന്റെ 25.02.2013 ലെ 6397/എസ്.സി.3/2013/പൊ.വി.വ നമ്പർ അനൗദ്യോഗിക കുറിപ്പ്

4. സെക്രട്ടറി, ബോർഡ് ഓഫ് ഹയർ സെക്കണ്ടറി എക്സാമിനേഷൻസ്, കേരളം -ന്റെ 06.04.2013 തീയതിയിലെ ഇ.എക്സ്.II (1)15806/എസ്.പി.സി/2012 നമ്പർ കത്ത്

## ഉത്തരവ്

പൗരബോധവും ലക്ഷ്യബോധവും സാമൂഹ്യപ്രതിബദ്ധതയുമുള്ള ഒരു യുവജനതയെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് വിജയകരമായി നടപ്പിലാക്കിവരുന്ന സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയിൽ അംഗങ്ങളായ എസ്.എസ്.എൽ.സി., ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്ക് എൻ.സി.സി കേഡറ്റുകൾക്ക് നൽകിവരുന്നതിന് തുല്യമായ ഗ്രേസ് മാർക്ക് അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവായിട്ടുള്ളതാണ്. എന്നാൽ സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾക്ക് അനുവദിക്കേണ്ട ഗ്രേസ് മാർക്ക് സംബന്ധിച്ചും ആയത് ഏത് അദ്ധ്യയന വർഷം മുതൽ നടപ്പിലാക്കണമെന്നതു സംബന്ധിച്ചും വിവിധ തലങ്ങളിൽ നിന്നും വളരെയധികം സംശയങ്ങളും അന്വേഷണങ്ങളും ഉന്നയിക്കപ്പെട്ടു.

(2)2012-13 അദ്ധ്യയന വർഷം പൊതു പരീക്ഷയ്ക്കു ഹാജരാകുന്ന എസ്.എസ്.എൽ.സി, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി വിദ്യാർത്ഥികളായ കേഡറ്റുകൾക്ക് സ്റ്റുഡന്റ് പോലീസ് പദ്ധതി പ്രവർത്തനങ്ങളിൽ 75% ഹാജർ ഉണ്ടെങ്കിൽ 5% ഗ്രേസ് മാർക്ക് അനുവദിക്കാവുന്നതാണെന്ന് സ്റ്റുഡന്റ് പോലീസ് സംസ്ഥാനതല ഉപദേശക സമിതി ശുപാർശ ചെയ്തു.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയിൽ അംഗങ്ങളായ വിദ്യാർത്ഥി/വിദ്യാർത്ഥിനികൾക്ക് പദ്ധതി പ്രവർത്തനങ്ങളിൽ 75% ഹാജർ ഉണ്ടെങ്കിൽ 5% ഗ്രേസ് മാർക്ക് അനുവദിക്കാവുന്നതാണെന്നും 2012-13 അദ്ധ്യയന വർഷം മുതൽ പൊതു പരീക്ഷയ്ക്ക് ഹാജരായ/ഹാജരാകുന്ന എസ്.എസ്.എൽ.സി, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി വിദ്യാർത്ഥി/വിദ്യാർത്ഥിനികളായ കേഡറ്റുകൾക്ക് ഗ്രേസ് മാർക്കിന് അർഹതയുണ്ടെന്ന് സ്പഷ്ടമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. അർഹരായ

വിദ്യാർത്ഥി/വിദ്യാർത്ഥിനികൾക്ക് ഗ്രേസ് മാർക്ക് ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട എല്ലാ വ . പ്പി കളും ഉടൻ നടപടി സ്വീകരിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
പുഷ്കരൻ എൻ.
അഡീഷണൽ സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
തൊഴിലധിഷ്ഠിത വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പരീക്ഷാ കമ്മീഷണർ, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം
സെക്രട്ടറി, ബോർഡ് ഓഫ് ഹയർ സെക്കണ്ടറി എക്സാമിനേഷൻസ്, തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്
ഉന്നതവിദ്യാഭ്യാസ വകുപ്പ്
സംസ്ഥാന നോഡൽ ഓഫീസർ, സ്റ്റുഡന്റ് പോലീസ് പദ്ധതി, പോലീസ് ആസ്ഥാനം, തിരുവനന്തപുരം
ഡയറക്ടർ,വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം (പത്ര/ദൃശ്യ മാധ്യമങ്ങളിലൂടെ വ്യാപകമായ പ്രചരണം നടത്തുന്നതിനും വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും)
കരുതൽ ഫയൽ, ഓഫീസ് കോപ്പി

പകർപ്പ്: ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ആഭ്യന്തര വകുപ്പിന്റെ അധികചുമതല വഹിക്കുന്ന പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

GOVERNMENT OF KERALA

Abstract

Student Police Cadet Project – Community Police Officers and Additional Community Police Officers – Duties and Responsibilities assigned – Orders Issued.

GENERAL EDUCATION (SC) DEPARTMENT

G.O(MS)No.216/13/Gl. Edn. Dated, Thiruvananthapuram, 20..07..2013.

Read:-1. G.O(P) No.121/2010/Home Dated 29..5..2010.
2. G.O (Rt) No.3284/11/G.Edn Dated 12..8..2011.
3. Letter No.59/SPC SECTT/PHQ/2013 Dated 27..5..2013 from the State Police Chief-Kerala, Thiruvananthapuram

ORDER

As per the G.O read as 1st paper above Government have approved the project proposal "Student Police Cadet" intended to launch in High Schools, Higher Secondary Schools and Vocational Higher Secondary Schools in the State to train the student community to evolve as future leaders of a democratic society by inculcating within them respect for the law, discipline, civic sense, empathy for vulnerable sections of society and resistance to social evils. The project is being implemented jointly by the departments of Home, Education and supported by the departments of Transport, Forest, Excise and Local Self Government . As per the G.O read as 2nd paper above Government have issued guidelines defining the roles of Deputy Director, District Educational Officers, Assistant Directors, Principals and Headmasters / Headmistress' of Higher Secondary Schools, Vocational Higher Secondary Schools and High Schools in this regard. In each SPC Project implemented school two teachers have been selected and designated as Community Police Officer (CPO) and Additional Community Police Officer (ACPO) with the responsibility of school level project implementation by giving basic training and are conferred with Honorary Sub Inspector Rank. As per the letter read as 3rd paper above, the State Police Chief-Kerala, Thiruvananthapuram has proposed the following duties and

responsibilities of the CPOs and ACPOs and provisions to remove them from the charge of CPOs/ACPOs. He has further submitted a list of teachers for designating them as CPOs and ACPOs and requested Government to approve the same.

2). Government have examined the matter in detail and are pleased to issue orders approving the following duties and responsibilities of CPOs/ACPOs and the provisions for removing them from the charge of CPOs/ACPOs. Government also accord sanction to designate the teachers (list appended) who got basic training and interested in the SPC Project as CPOs/ACPOs and are conferred with honorary Sub Inspector's rank. The teachers who are successfully completed the basic training and performing duties as CPOs/ACPOs will be eligible for admissible honorarium with effect from 1..6..2013.

**Duties and Responsibilities of CPOs/ACPOs**

1. CPO/ACPO will be the sole responsible person of the Student Police Project in each school.
2. He/She is responsible for keeping SPC office in a clean and orderly manner.
3. He/She has to prepare and keep all the registers and records upto date.
4. He/She has to collect and keep the bio-data of cadets in the prescribed performa.
5. CPO/ACPO has to carry out the activities of the project as per the activity calendar.
6. The CPO/ACPO will be exemplary persons to the cadets and he / she has to address the cadets by their name.
7. He/She will be the in charge of school level camp and conducting outdoor and indoor tests.
8. He/She has to maintain a warm and healthy relation with the Station House Officer, Police Student Liaison Officer, Drill Inspectors, District Nodal Officer and Headmaster/Principal for the better implementation of the project.
9. He/She has to wear the uniform of Honorary Sub Inspector during parade and other official functions of the project. During PT, Route March, Cross Country etc., he/she has to wear PT dress.
10. A Community Police Officer / ACPO will be in good turn-out and the male CPO/ACPOs in a decent hair cut and shave.
11. He/She has to report monthly performance of the school in the prescribed performa to the District Nodal Officer through the headmaster/principal on completion of each month's activities.
12. He/She has to help the District Nodal Officer, Assistant District Nodal Officer and Drill Instructors for convening the monthly district level review meetings and other SPC District level activities.

13. He/She has to behave in a systematic and impartial manner with the cadets without prejudice.
14. He/She is responsible for convening periodical meetings such as school level advisory committee and cadet's parents meeting etc.
15. He/She has to attend all the training programmes such as basic training, refresher course, orientation training, work shops and other meetings related to the project.
16. Any lapse in performing these duties has to be reported by the School Principal /District Educational Officer/Station House Officer to the District level advisory committee (DLAC). The DLAC will examine the issue and take appropriate decision.

**Provision for removing the CPOs/ACPOs**

The teachers can be removed from the charge of CPOs/ACPOs by the District Level Advisory Committee on the basis of the following situations.

1. Misuse of Uniform for any unfair use.
2. Indisciplined behaviour and misconduct.
3. Lack of interest in the project like not attending meetings, training etc.
4. Misappropriation of fund.
5. Medically unfit for the project works
6. For any other reason which, in the opinion of the competent authority, is sufficient to warrant discharge etc.

3). The decision of the District Level Advisory Committee will be final in the matters of discipline.

By Order of the Governor,

**P.M. THOMAS**
Additional Secretary to Government

To

The State Police Chief-Kerala, Police Headquarters, Thiruvananthapuram
The Nodal Officer, SPC Project & City Police Commissioner, Thiruvananthapuram.
The Director of Public Instructions, Thiruvananthapuram.
The Director, Higher Secondary Education, Thiruvananthapuram
The Director, Vocational Higher Secondary Education, Thiruvananthapuram
The Principal Accountant General, (Audit), Kerala, Thiruvananthapuram
The Accountant General, (A&E), Kerala, Thiruvananthapuram
Home (G) Department (U.O No.56154/G.1/13/Home, Dated 28..6..2013)
SF/OC

Forwarded / By Order

Section Officer

# ജനറൽ എഡ്യുക്കേഷൻ വിഭാഗം

കേരള സർക്കാർ ഉത്തരവ് 121/2010 ആഭ്യന്തരം തീയതി മെയ് 29, 2010 പ്രകാരം സ്റ്റുഡൻസ് പോലീസ് കേഡറ്റ് പദ്ധതി നടപ്പാക്കുന്നതിന് ഉത്തരവായിട്ടുള്ളതാണ്.

വിദ്യാഭ്യാസം ,പോലീസ് ,വനം ,എക്സൈസ് ,മോട്ടോർ വാഹനം ,തദ്ദേശ സ്വയം ഭരണം തുടങ്ങിയ വകുപ്പുകളുടെ സഹകരണത്തോടു കൂടി സ്കൂളുകളിൽ നടപ്പാക്കുന്ന പദ്ധതിയാണ് സ്റ്റുഡൻസ് പോലീസ് കേഡറ്റ് പദ്ധതി .

പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് സംസ്ഥാന തല ഉപദേശക സമിതിയും ജില്ലാതല ഉപദേശക സമിതിയും സ്ക്കൂൾ തല ഉപദേശക സമിതിയും രൂപീകരിയ്ക്കേണ്ടതാണ്. ഈ പദ്ധതി സ്കൂളുകളിൽ നടപ്പാക്കുന്നതിനാൽ വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥർ പ്രധാന പങ്ക് വഹിയ്ക്കേണ്ടതായിട്ടുണ്ട്. ആയതിലേയ്ക്ക് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ താഴെക്കൊടുക്കുന്നു.

## DD/RDD മാരുടെ ചുമതലകൾ.

1. ജില്ലയിലെ എല്ലാ S P C പദ്ധതികളുള്ള സ്കൂളുകളുടേയും ഉത്തരവാദിത്വം D D യ്ക്കായിരിയ്ക്കും. കൂടാതെ ടി സ്ക്കൂളിൽ നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ ഏകോപിപ്പിച്ചുള്ള നടത്തിപ്പിന്റേയും ചുമതല D D യ്ക്കായിരിയ്ക്കും.
2. ജില്ലാ അഡൈ്വസറി കമ്മറ്റിയിൽ പങ്കെടുക്കുകയും ഓരോ സ്കൂളിന്റേയും അവലോകന റിപ്പോർട്ട് ഹാജരാക്കുകയും ചെയ്യേണ്ടതാണ്.
3. S P C സ്കൂളുകളുടെ monthly കോൺഫറൻസുകൾ ( DEO മാർ / H M / പ്രിൻസിപ്പൽ CPO/ACPO) നടത്തേണ്ടതാണ്.
4. ഓരോ മാസത്തേയും അവലോകന റിപ്പോർട്ട് സ്റ്റേറ്റ് DPI യ്ക്കും , കോപ്പി സ്റ്റേറ്റ് നോഡൽ ഓഫീസർക്കും അയയ്ക്കേണ്ടതാണ്.
5. S P C പദ്ധതിയ്ക്കായി ചെലവഴിയ്ക്കുന്ന തുക ശരിയായ രീതിയിൽ വിനിയോഗിയ്ക്കപ്പെടുന്നുണ്ടോ എന്ന് ഓഡിറ്റ് നടത്തി ഉറപ്പ് വരുത്തേണ്ടതാണ്.
6. സ്കൂളുകളിൽ നിന്നും സെലക്ട് ചെയ്യപ്പെടുന്ന CPO / ACPO മാർ സ്വഭാവഗുണമുള്ളവരും ഉത്തരവാദിത്വബോധമുള്ളവരുമായ വ്യക്തികളാണെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

7. മറ്റ് സർക്കാർ വകുപ്പുകളുമായി ബന്ധപ്പെട്ട് S P C നടത്തിപ്പിലേയ്ക്ക് ആവശ്യമായ സഹായങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്

8. മാസത്തിൽ ഒരു തവണ S P C പദ്ധതിയിലുള്ള ഒരു വിദ്യാലയം സന്ദർശിയ്ക്കേണ്ടതാണ്.

9. ജില്ലാതല സമ്മർ ക്യാമ്പുകൾ നല്ലരീതിയിൽ നടത്തപ്പെടുന്നു എന്ന് ഉറപ്പുവരുത്തേണ്ടതും ടി ക്യാമ്പിൽ പങ്കെടുക്കേണ്ടതുമാണ്.

10. S P C സ്കൂളുകളുടെ വിശദ വിവരങ്ങളും രേഖ കളും സൂക്ഷിയ്ക്കേണ്ടതും ഇതിനായി ഒരു സെക്ഷൻ ഓഫീസറെ ചുമതലപ്പെടുത്തേണ്ടതുമാണ്.

11. ജില്ലയിലെ ഉപദേശക സമിതി അംഗങ്ങളായും DNO യുമായും നല്ല ബന്ധം പുലർത്തി സഹകരണം ഉറപ്പാക്കേണ്ടതാണ്.

## DEO യുടെ ചുമതലകൾ

1. ജില്ലയിലെ S P C യുമായി ബന്ധപ്പെട്ടുള്ള എല്ലാ പദ്ധതികളുടെയും നടത്തിപ്പിന് D D സഹായിയ്ക്കേണ്ടതാണ്.

2. D E O യുടെ അധികാര പരിധിയിലുള്ള S P C സ്ക്കൂളുകളിലെ വിവിധ പദ്ധതികൾ ഏകോപിപ്പിച്ച് നടത്തേണ്ട ചുമതല D E O യ്ക്കാണ്.

3. ജില്ലയിലെ S P C യുടെ സുഗമമായ നടത്തിപ്പിനു വേണ്ടി DNO യുമായും മറ്റുദ്യോഗസ്ഥരുമായും നിരന്തരം ബന്ധം പുലർത്തേണ്ടതാണ്.

4. ആക്ടിവിറ്റി കലണ്ടർ പ്രകാരമാണ് പദ്ധതി പ്രവർത്തനങ്ങൾ നടത്തുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

5. CPO / ACPO മാരെ മറ്റ് ജോലികൾക്ക് നിയോഗിയ്ക്കുമ്പോൾ S P C യുടെ പ്രവർത്തനത്തിന് തടസ്സം വരാത്ത രീതിയിൽ നിയോഗിയ്ക്കേണ്ടതാണ്.

6. സ്ക്കൂളുകളിൽ വെക്കേഷൻ ക്യാമ്പുകൾ നടത്തപ്പെടുന്നുണ്ടന്ന് ഉറപ്പ വരുത്തേണ്ടതും ടി സമയം സ്കൂൾ സന്ദർശിയ്ക്കേണ്ടതുമാണ്.

7. മാസത്തിൽ ഒരു തവണ S P C പദ്ധതിയിലുള്ള ഒരു വിദ്യാലയം സന്ദർശിയ്ക്കേണ്ടതാണ്.

## HEADMASTER / PRINCIPAL മാരുടെ ചുമതലകൾ

1. സ്കൂളിലെ S P C പദ്ധതി നടത്തിപ്പിന്റെ പൂർണ്ണ ഉത്തരവാദിത്വം HEADMASTER / PRINCIPAL മാർക്കായിരിയ്ക്കും.

2. CPO / ACPO മാരായി തിരഞ്ഞെടുക്കപ്പെടുന്ന അധ്യാപകർ സ്വഭാവ ഗുണവും നേതൃപാടവവും ഉള്ളവരായിരിയ്ക്കണം.

3. എല്ലാ മാസവവും സ്കൂൾ ഉപദേശക സമിതി യോഗം കൂടേണ്ടതാണ്.

4. S P C യ്ക്ക് ഓഫീസ് മുറിയും കേഡറ്റുകൾക്ക് വസ്ത്രം മാറുന്നതിനുള്ള മുറി സൗകര്യം ഒരുക്കേണ്ടതുമാണ്.

5. ആക്ടിവിറ്റി കലണ്ടർ പ്രകാരമാണ് പദ്ധതി പ്രവർത്തനങ്ങൾ നടത്തുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
6. ലെയ്സൺ ഓഫീസർമാർ , ഡ്രിൽ ഇൻസ്ട്രക്ടർമാർ , CPO / ACPO മാർ എന്നിവരെ ഏകോപിപ്പിച്ച് പ്രവർത്തനങ്ങൾ വിജയകരമായി നടത്തേണ്ടതും എല്ലാവരുമായി നല്ല ബന്ധം പുലർത്തേണ്ടതുമാണ്.
7. പദ്ധതിയ്ക്കായി അനുവദിച്ചു വരുന്ന തുകകൾ ലെയ്സൺ ഓഫീസറും HEADMASTER / PRINCIPAL എന്നിവർ ജോയിന്റ് അക്കൗണ്ടായി നിക്ഷേപിയ്ക്കേണ്ടതും ആയതു ശരിയായ രീതിയിലാണ് ചിലവഴിയ്ക്കുന്നതെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

8. കേഡറ്റുകളെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടി ക്രമങ്ങൾ DNO /IP/SHO/DI/CPO/ACPO എന്നിവരുമായി ചേർന്ന് നടപ്പാക്കേണ്ടതാണ്.
9. സ്കൂൾ തല റിപ്പോർട്ടുകൾ യഥാ സമയം DD/RDD യ്ക്കും DNO യ്ക്കും അയച്ചുവെന്ന് ഉറപ്പാക്കേണ്ടതാണ്.
10. മാസം തോറുമുള്ള സ്റ്റേറ്റ്മെന്റ് സംസ്ഥാന നോഡൽ ഓഫീസർക്ക് DNO മുഖാന്തിരം അയച്ചുകൊടുക്കേണ്ടതും ആയതിന്റ ഒരു കോപ്പി DD സമർപ്പിയ്ക്കേണ്ടതാണ്.
11. S P C പദ്ധതി നടപ്പാക്കുന്നതിൽ എല്ലാ അദ്ധ്യാപകരുടേയും PTA യുടേയും സഹകരണം ഉറപ്പാക്കേണ്ടതാണ്.
12. കേഡറ്റുകൾ S P C യുടെ പ്രവർത്തനങ്ങളോട് അനുബന്ധിച്ച് പുറത്തുപോകുമ്പോൾ അവർക്ക് മതിയായ സുരക്ഷിതത്വം ഉറപ്പുവരുത്തേണ്ടതും അദ്ധ്യാപകർ അവർക്കൊപ്പം ഉണ്ടായിരിയ്ക്കേണ്ടതുമാണ്.
13. സ്കൂൾ തല S P C ക്യാമ്പ് സംഘടിപ്പിയ്ക്കേണ്ടതാണ്.
14. CPO / ACPO മാരെ മറ്റ് ജോലികൾക്ക് നിയോഗിയ്ക്കുമ്പോൾ S P C യുടെ പ്രവർത്തനത്തിന് തടസ്സം വരാത്ത രീതിയിൽ നിയോഗിയ്ക്കേണ്ടതാണ്.
15. കേഡറ്റുകൾ അച്ചടക്കത്തോടുകൂടി പദ്ധതി പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.
16. S P C ഓഫിസിൽ സൂക്ഷിയ്ക്കേണ്ട എല്ലാ രജിസ്റ്ററുകളും ശരിയാം വണ്ണം സൂക്ഷിയ്ക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതും ഇവ കൃത്യമായി പരിശോധിയ്ക്കേണ്ടതുമാണ്.

## CPO / ACPO മാരുടെ ചുമതലകൾ

1. സ്കൂളിലെ പദ്ധതിയുടെ നടത്തിപ്പിന്റ ഉത്തരവാദിത്വം നിർവ്വഹിയ്ക്കേണ്ടതാണ്.
2. . S P C ഓഫിസ് മനോഹരമായി സൂക്ഷിയ്ക്കേണ്ടതാണ്.
3. നിർദ്ദേശപ്രകാരമുള്ള എല്ലാ രജിസ്റ്ററുകളും കൃത്യമായി തയ്യാറാക്കി സൂക്ഷിയ്ക്കേണ്ടതാണ്.
4. കേഡറ്റുകളെ ക്കുറിച്ചുള്ള വിശദ വിവരങ്ങളും ബയോഡേറ്റയും ഓഫീസിൽ സൂക്ഷിയ്ക്കേണ്ടതും ഒരു കോപ്പി DNO യ്ക്ക് അയച്ചുകൊടുക്കേണ്ടതുമാണ്.
5. P T ,Parade എന്നിവ ആക്ടിവിറ്റി കലണ്ടർ പ്രകാരം നടത്തേണ്ടതാണ്.

6. കേഡറ്റുകൾ മാന്യമായി വസ്ത്രം ധരിയ്ക്കുന്നുണ്ടോ എന്നും മാന്യമായി പെരുമാറുന്നുണ്ടോ എന്നും ശ്രദ്ധിയ്ക്കേണ്ടതാണ്.
7. ഉയർന്ന ഉദ്യോഗസ്ഥർ സ്കൂൾ പരിശോധിയ്ക്കുന്ന സമയം . S P C യുടെ രജിസ്റ്ററുകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.
8. കേഡറ്റുകളോട് പെരുമാറുമ്പോൾ അന്തസ്സും മാന്യതയും കാത്തു സൂക്ഷിയ്ക്കേണ്ടതും അച്ചടക്കം ഉറപ്പു വരുത്തേണ്ടതുമാണ്.
9. സ്കൂൾ തല ക്യാമ്പുകൾ നടത്തുന്നതിന് മുൻ കൈ എടുത്ത് പ്രവർത്തിയ്ക്കേണ്ടതുമാണ്.
10. ലെയ്സൺ ഓഫീസർ / SHO/DI/HM എന്നിവരുമായി യോജിച്ച് പദ്ധതി നടപ്പേക്കേണ്ടതും അവരുമായി നല്ല ബന്ധം പുലർത്തേണ്ടതുമാണ്.
11. സ്കൂൾ തല ടെസ്റ്റുകൾ നടത്തുംമ്പോൾ H M / DNO മാരെ സഹായിയ്ക്കേണ്ടതാണ്.
12. . S P C യുടെ പ്രവർത്തനങ്ങളിൽ പങ്കെടുക്കുമ്പോൾ നിർ ബന്ധമായും യൂണിഫോം ധരിയ്ക്കേണ്ടതാണ്.
13. പദ്ധതിയേപ്പറ്റി മാസം തോറും റിപ്പോർട്ട് തയ്യാറാക്കി HEADMASTER / PRINCIPAL മുഖാന്തിരം DNO യ്ക്ക് അയയ്ക്കേണ്ടതും ഒരു കോപ്പി DD യ്ക്ക് സമർപ്പിയ്ക്കേണ്ടതുമാണ്.
14. കേഡറ്റുകൾക്ക് ഇൻഡോർ ക്ലാസ്സുകൾ നടത്തുമ്പോൾ . S P C website പരിചയപ്പെടുത്തി *കൊടുക്കേണ്ടതും മറ്റു സ്കൂളിലെ* പ്രവർത്തനങ്ങൾ എങ്ങിനെ നടക്കുന്നു എന്ന് website മുഖാന്തിരം ധരിപ്പിയ്ക്കേണ്ടതുമാണ്.
15. Website ൽ സ്കൂളിന്റ് വിശദ വിവരങ്ങൾ , CPO / ACPO മാരുടെ ഫോട്ടോകൾ തുടങ്ങിയ ഡേറ്റകൾ ഉൾപ്പെടുത്തേണ്ടതും കൂടാതെ പദ്ധതി പ്രവർത്തനത്തിന്റ് ഫോട്ടോകൾ യഥാസമയം ഉൾപ്പെടുത്തേണ്ടതുമാണ്.

<u>Abbreviations.</u>

SPC -STUDENTS POLICE CADET.
RDD -REGIONAL DEPUTY DIRECTOR.
DD - DEPUTY DIRECTOR.
DNO - DISTRICT NODAL OFFICER.
DEO - DISTRICT EDUCATIONAL OFFICER.
DI - DRIL INSTRUCTOR.
IP - INSPECTOR OF POLICE.
SHO - STATION HOUSE OFFICER
CPO - COMMUNITY POLICE OFFICER.
ACPO - ASST. COMMUNITY POLICE OFFICER.

നം. റ്റി1/74315/2010
പോലീസ് ആസ്ഥാനം
കേരളം, തിരുവനന്തപുരം
തീയതി. 12/07/2011

## സർക്കുലർ നമ്പർ 19 / 2011

വിഷയം: " സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി " - ഭരണ നിർവ്വഹണത്തിനായി തയ്യാറാക്കിയിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

1. കേരള സർക്കാർ ഉത്തരവ് (പി) നമ്പർ 121/10/ആഭ്യന്തരം തീയതി 29 മേയ് 2010 പ്രകാരം പൗരബോധവും, ലക്ഷ്യബോധവും, സാമൂഹ്യപ്രതിബദ്ധതയും, സേവനസന്നദ്ധതയുമുള്ള ഒരു യുവജനതയെ വാർത്തെടുക്കുന്നതിനായി സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നടപ്പിലാക്കുന്നതിനായി ഉത്തരവിട്ടിട്ടുള്ളതാണ്.

2. വിദ്യാഭ്യാസം, വനം, എക്സൈസ്, മോട്ടോർ വാഹനം, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകളുടെ സഹായ സഹകരണത്തോടെ കേരളാ പോലീസ് നടപ്പാക്കി വരുന്ന സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനായി ചുവടെ പറയുന്ന ഭരണപരമായ നടപടികൾ ആവശ്യമാണ്.

3. സംസ്ഥാന പോലീസ് മേധാവി ചെയർമാനും, പൊതുവിദ്യാഭ്യാസ സെക്രട്ടറി കൺവീനറും, ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ, ഹയർ സെക്കന്ററി ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കന്ററി ഡയറക്ടർ, എൻ.എസ്.എസ് സംസ്ഥാന ലെയ്സൺ ഓഫീസർ, വനം, എക്സൈസ്, മോട്ടോർ വാഹനം, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകളുടെ മേധാവികൾ എന്നിവർ അംഗങ്ങളായ സംസ്ഥാന തല ഉപദേശക സമിതി പദ്ധതി നടത്തിപ്പിനായി രൂപീകരിച്ചിട്ടുണ്ട്.

4. ജില്ലാ കളക്ടർ രക്ഷാധികാരിയും, ജില്ലാ പോലീസ് മേധാവി ചെയർമാനും കോർപ്പറേഷൻ / മുൻസിപ്പാലിറ്റി / ജില്ലാ പഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, ജില്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, ആർ.ഡി.ഡി. (എച്ച്.എസ്.എസ്), അസി. ഡയറക്ടർ (വി.എച്ച്.എസ്.സി), വനം, എക്സൈസ്, മോട്ടോർ വാഹനം, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നിവയുടെ ജില്ലാ തല അധികാരികൾ അംഗങ്ങളുമായ ജില്ലാ ഉപദേശക സമിതികൾ എല്ലാ പോലീസ് ജില്ലകളിലും രൂപീകരിക്കേണ്ടതാണ്.

5. സ്കൂൾ പ്രിൻസിപ്പാൾ, സ്ഥലം പോലീസ് സർക്കിൾ ഇൻസ്പെക്ടർ / പോലീസ് സബ് ഇൻസ്പെക്ടർ, പി.റ്റി.എ പ്രസിഡന്റ്, വിദ്യാഭ്യാസം, വനം, എക്സൈസ്, മോട്ടോർ വാഹന വകുപ്പുകളുടെ പ്രതിനിധികൾ, സ്ഥലത്തെ തദ്ദേശ സ്ഥാപനത്തിലെ വാർഡ് മെമ്പർ / കൗൺസിലർ, സ്റ്റാഫ് സെക്രട്ടറി എന്നിവർ അംഗങ്ങളായ സ്കൂൾ തല ഉപദേശക സമിതികൾ പദ്ധതി പ്രവർത്തിക്കുന്ന ഓരോ സ്കൂളിലും രൂപീകരിക്കേണ്ടതാണ്.

6. ഹൈസ്കൂൾ വിഭാഗ്, സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയെ " സ്റ്റുഡന്റ് പോലീസ് കേഡറ്റ് - ഹൈസ്കൂൾ വിംഗ് " എന്നും, ഹയർസെക്കന്ററി തലത്തിൽ നടപ്പിലാക്കുന്ന പദ്ധതിയെ സ്റ്റുഡന്റ് പോലീസ് കേഡറ്റ് എന്നും വിളിക്കുന്നു.

7. അദ്ധ്യാപകരിൽ നിന്നും സ്കൂൾ അധികൃതർ തെരഞ്ഞെടുക്കുന്ന രണ്ട് കമ്മ്യൂണിറ്റി പോലീസ് ഓഫീസർ ആയി സ്റ്റുഡന്റ് പോലീസ് കേഡറ്റ് നിലവിലുള്ള സ്കൂളിൽ പദ്ധതിയുടെ ഇൻചാർജ്ജ്





30

ആയി പ്രവർത്തിക്കുന്നു. സാമൂഹ്യ പ്രതിബദ്ധതയും സേവന സന്നദ്ധതയുമുള്ള അദ്ധ്യാപിക-അദ്ധ്യാപകൻമാരിൽ നിന്നും ഒരാളെ കമ്മ്യൂണിറ്റി പോലീസ് ഓഫീസറായും, ഒരാളെ അഡീ. കമ്മ്യൂണിറ്റി പോലീസ് ഓഫീസറായും പ്രിൻസിപ്പാളിന് നിയോഗിക്കാവുന്നതാണ്. കമ്മ്യൂണിറ്റി പോലീസ് ഓഫീസർ, അഡീ. കമ്മ്യൂണിറ്റി പോലീസ് ഓഫീസർ എന്നിവരിൽ ഒരാൾ അദ്ധ്യാപികയായിരിക്കണം.

8. കലാലയവും പോലീസും തമ്മിലുള്ള ബന്ധം നിലനിർത്തുന്നതിനും, പദ്ധതിയുടെ സുഗമമായ മേൽനോട്ടത്തിനുമായി സർക്കിൾ ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത ഒരു പോലീസ് ഉദ്യോഗസ്ഥനെ പോലീസ്-സ്റ്റുഡന്റ് ലെയ്സൺ ഓഫീസറായി ഓരോ സ്കൂളിനായും ജില്ലാ പോലീസ് മേധാവി ചുമതലപ്പെടുത്തേണ്ടതാണ്.

9. ഹൈസ്കൂളിലും, ഹയർസെക്കന്ററി സ്കൂളിലുമായി 500-ൽ കൂടുതൽ കുട്ടികൾ പഠിക്കുന്ന സർക്കാർ / സർക്കാർ എയ്ഡഡ് വിദ്യാലയങ്ങളെയായിരിക്കണം സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതികൾക്കായി തെരഞ്ഞെടുക്കേണ്ടത്. സ്കൂളുകൾ തെരഞ്ഞെടുക്കേണ്ട ചുമതല സംസ്ഥാന ഉപദേശക സമിതിക്കായിരിക്കും.

10. തൊട്ടു മുമ്പുള്ള വാർഷിക പരീക്ഷയിൽ ചുരുങ്ങിയത് C+ ഗ്രേഡ് (50% മാർക്ക്) നേടിയവരും, നിശ്ചിത ശാരീരിക യോഗ്യതയുള്ളവരും പ്രധാന അദ്ധ്യാപകന്റെ സ്വഭാവ സർട്ടിഫിക്കറ്റും, രക്ഷകർത്താവിന്റെ സമ്മത പത്രവും ഉള്ള വിദ്യാർത്ഥികളെയാണ് സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയിലേക്ക് തെരഞ്ഞെടുക്കേണ്ടത്.

11. സംസ്ഥാന തലത്തിലേയും, ജില്ലാതലത്തിലേയും ഉപദേശക സമിതികളെ സഹായിക്കുന്നതിനും പദ്ധതിയുടെ നടത്തിപ്പിനുമായി സംസ്ഥാന തലത്തിൽ സീനിയർ പോലീസ് സൂപ്രണ്ട് റാങ്കിൽ കുറയാത്ത ഐ.പി.എസ് ഉദ്യോഗസ്ഥനെയും, ജില്ലാ തലത്തിൽ ഡി.വൈ.എസ്.പി റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥനെയും നോഡൽ ഓഫീസർമാരായി നിയമിക്കുന്നതാണ്. അവരുടെ ഉപദേശനിർദ്ദേശങ്ങളിലും മേൽ നോട്ടത്തിലും ആണ് പദ്ധതി നടത്തേണ്ടത്.

12. ആഭ്യന്തരം, വിദ്യാഭ്യാസം, വനം, എക്സൈസ്, മോട്ടോർ വാഹനം, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകളുടെ പദ്ധതി വിഹിതത്തിൽ നിന്നും, റോഡ് സേഫ്റ്റി ഫണ്ട്, നിർദ്ദിഷ്ട രാഷ്ട്രീയ മധ്യമ ശിക്ഷക് അഭിയാൻ എന്നിവയിൽ നിന്നും സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ നടത്തിപ്പിനായുള്ള തുക കണ്ടെത്തേണ്ടതാണ്. കാലാകാലങ്ങളിൽ ഇതു സംബന്ധിച്ച നിർദ്ദേശങ്ങൾ പോലീസ് ആസ്ഥാനത്തു നിന്നും ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും നല്കുന്നതാണ്.

13. പദ്ധതിയുടെ ഉദ്ദേശങ്ങൾ സാക്ഷാത്കരിക്കുന്നതിനും, കേഡറ്റുകളുടെ ചുമതലകൾ നിർവ്വഹിക്കുന്നതിനും പര്യാപ്തമായ (1) കായിക പരിശീലനം (Outdoor Classes), (2) പഠന ക്ലാസുകൾ (Indoor Classes), (3) പ്രായോഗിക പരിശീലനം (Practical Traning) എന്നിവ നിശ്ചിത പീരിയഡുകൾ നിശ്ചയിച്ച് ഓരോ അദ്ധ്യയനവർഷവും നടത്തേണ്ടതാണ്. ശരാശരി ഒരു വിദ്യാർത്ഥിയ്ക്ക് 130 മണിക്കൂർ അദ്ധ്യയനവും പരിശീലനവും വിഭാവനം ചെയ്യുന്നു.

14. അവധിക്കാല മിനിക്യാമ്പുകൾ അതാത് സ്കൂളുകളിൽ വച്ചു സംഘടിപ്പിക്കേണ്ടതാണ് . ജില്ലാ സായുധ ക്യാമ്പുകൾ, ബറ്റാലിയൻ ആസ്ഥാനങ്ങൾ, പോലീസ് ട്രെയിനിംഗ് കോളേജ് (തിരുവനന്തപുരം), കേരളാ പോലീസ് അക്കാദമി (തൃശൂർ) എന്നീ കേന്ദ്രങ്ങളിൽ എവിടെയെങ്കിലും വച്ച് 7 ദിവസം നീണ്ടു നിൽക്കുന്ന റസിഡൻഷ്യൽ സമ്മർ ക്യാമ്പുകൾ ജില്ലാ അടിസ്ഥാനത്തിൽ സംഘടിപ്പിക്കാവുന്നതാണ്.

15. കാക്കി പാന്റ്, കാക്കി ഷർട്ട് (Police Uniform), ബ്ലാക്ക് ഷൂ, കാക്കി സോക്സ്, ബ്ലാക്ക് ബെൽറ്റ്, ബ്ലൂ ബെറെ ക്യാപ്പ് എന്നിവയാണ് സ്റ്റുഡന്റ് പോലീസ് കേഡറ്റുകളുടെ യൂണിഫോം. കായിക പരിശീലന സമയത്ത് വെളുത്ത ടീഷർട്ടും, കറുത്ത പാന്റും, ക്യാൻവാസ് ഷൂവും ധരിക്കേണ്ടതാണ്.

16 ആദ്യവർഷത്തിൽ ഓരോ സ്കൂളിൽ നിന്നും 44 കുട്ടികളെ വീതം ഈ പദ്ധതിയിൽ പങ്കെടുപ്പിക്കണം. 22 പേർ വീതം അടങ്ങുന്ന പെൺകുട്ടികളുടെ ഒരു പ്ലാട്ടൂണും ആൺകുട്ടികളുടെ ഒരു പ്ലാട്ടൂണുമാണ് തെരഞ്ഞെടുക്കേണ്ടത്.

17 സ്കൂൾ PTA fund, ബാങ്ക് / പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നുള്ള സ്പോൺസർഷിപ്പ് എന്നിവയിൽ കൂടിയും സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയ്ക്കുള്ള തുക കണ്ടെത്താവുന്നതാണ്.

18. സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നടത്തിപ്പിനുള്ള സംസ്ഥാന തല ഉപദേശകസമിതിയുടെ ഫണ്ട് കൈകാര്യം ചെയ്യുന്നതിനായി SBT തിരുവനന്തപുരം മെയിൻ ബ്രാഞ്ചിൽ പോലീസ് ആസ്ഥാനത്തിന്റെ ചുമതലയുള്ള പോലീസ് ഇൻസ്പെക്ടർ ജനറലിന്റെയും, സ്റ്റുഡന്റ് പോലീസ് [illegible] തുടങ്ങുകയും സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ ഫണ്ട് സ്കൂൾ തലത്തിൽ കൈകാര്യം ചെയ്യുന്നതിന് തെരഞ്ഞെടുക്കപ്പെട്ട സ്കൂളിന്റെ അധികാരപരിധിയിൽ വരുന്ന സർക്കിൾ ഇൻസ്പെക്ടറുടെയും, സ്കൂളിന്റെ പ്രിൻസിപ്പിൽ/ ഹെഡ്മാസ്റ്ററുടെയും പേരിലുള്ള സംയുക്ത അക്കൗണ്ട് തുടങ്ങുകയും ചെയ്തിട്ടുണ്ട്.

19. ഭാവി സമൂഹത്തെ പടുത്തുയർത്തുവാനുള്ള ഒരു സംരംഭം എന്നുള്ള നിലയിൽ പദ്ധതിയുടെ നയരൂപീകരണത്തിലും, നടത്തിപ്പിലും യാതൊരുവിധ വിഭാഗീയതയും സങ്കുചിത താത്പര്യങ്ങളും കടന്നു കൂടാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

20. കേരളാ പോലീസിലെ വിവിധ റാങ്കുകളിലുള്ള പോലീസ് ഉദ്യോഗസ്ഥർക്ക് ഈ പദ്ധതി നടപ്പിലാക്കി വിജയിപ്പിക്കുന്നതിൽ പ്രധാന പങ്കു വഹിക്കാനുണ്ട്. അതിനായി ഓരോ റാങ്കിലുമുള്ള ഉദ്യോഗസ്ഥരുടെ പ്രധാന ചുമതലകൾ താഴെ കൊടുത്തിരിക്കുന്നു.

**<u>ജില്ലാ പോലീസ് മേധാവികൾക്കുള്ള ചുമതലകൾ</u>**

1. സ്റ്റുഡന്റ് പോലീസ് പദ്ധതിയുടെ ജില്ലാ ഉപദേശക സമിതിയുടെ നടത്തിപ്പിന്റെ ഉത്തരവാദിത്തം ജില്ലാ പോലീസ് മേധാവിക്കായിരിക്കും. എല്ലാ അംഗങ്ങളുടെയും സാന്നിദ്ധ്യവും സഹകരണവും ജില്ലാ പോലീസ് മേധാവി ഉറപ്പു വരുത്തേണ്ടതാണ്.
2. ജില്ലാ ഉപദേശക കമ്മിറ്റി മീറ്റിങ്ങ് രണ്ടു മാസത്തിൽ ഒരു തവണയെങ്കിലും കൂടേണ്ടതാണ്.
3. ജില്ലാ ഉപദേശക കമ്മിറ്റി മീറ്റിങ്ങിന്റെ മിനിറ്റ്സ് സ്റ്റേറ്റ് നോഡൽ ഓഫീസർ മുഖാന്തിരം സംസ്ഥാന തല ഉപദേശക സമിതിക്ക് അയക്കേണ്ടതാണ്.
4. സ്റ്റുഡന്റ് പോലീസ് പദ്ധതിയുടെ ജില്ലയിലെ സുഗമമായ പ്രവർത്തനത്തിനായി വിദ്യാഭ്യാസ അധികൃതരുമായും മറ്റു ഉപദേശക സമിതി അംഗങ്ങളുമായും നിരന്തരം ബന്ധം പുലർത്തേണ്ടതാണ്.
5. എസ്.പി.സി പദ്ധതിക്കായി അനുവദിക്കുന്ന തുക ശരിയായ രീതിയിൽ തക്ക സമയത്ത് വിതരണം ചെയ്യേണ്ടതും ആയത് ശരിയായ വിധത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഉപയോഗിക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. എല്ലാ സ്കൂൾ വർഷവും അവസാനിച്ച ശേഷം പദ്ധതി നടപ്പാക്കിയ സ്കൂളിലെ പദ്ധതി സംബന്ധമായ കണക്കുകളും മറ്റ് അക്കൗണ്ടുകളും ആഡിറ്റ് ചെയ്തു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.
6. ഡി.വൈ.എസ്.പി റാങ്കിൽ കുറയാത്ത അനുയോജ്യനായ ഒരു ഉദ്യോഗസ്ഥനെ എസ്.പി.സി പദ്ധതിയുടെ ജില്ലാ നോഡൽ ഓഫീസർ ആയി ശുപാർശ ചെയ്യേണ്ടതാണ്.
7. സേനയിലെ ഇൻസ്പെക്ടർ / സബ് ഇൻസ്പെക്ടർ റാങ്കിലുള്ള അനുയോജ്യനായ ഉദ്യോഗസ്ഥനെ അസിസ്റ്റന്റ് ജില്ലാ നോഡൽ ഓഫീസറായി നിയോഗിക്കേണ്ടതാണ്.
8. എ.എസ്.ഐ/സീനിയർ സി.പി.ഒ/സി.പി.ഒ റാങ്കിലുള്ള അനുയോജ്യരായ ഉദ്യോഗസ്ഥരെ ഡ്രിൽ ഇൻസ്ട്രക്ടർമാരായി നിയോഗിക്കേണ്ടതാണ്. ഡ്രിൽ ഇൻസ്ട്രക്ടർ ആയി

നിയോഗിക്കപ്പെടുന്നവർ എസ്.പി.സി പദ്ധതി നടപ്പിലാക്കിയ സ്കൂൾ പരിധിയിലെ സ്റ്റേഷനിൽ നിന്നുള്ള ഉദ്യോഗസ്ഥരാകുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

9. നാൽപ്പത് വയസിൽ കൂടാത്തവരും പരേഡ്/ഡ്രിൽ എന്നിവയിലും മറ്റും വൈഭവം ഉള്ളവരും നല്ല സ്വഭാവ ശീലം ഉള്ളവരെയുമായിരിക്കണം ഡ്രിൽ ഇൻസ്ട്രക്ടർമാരായി നിയോഗിക്കേണ്ടത്. ഇത്തരത്തിൽ നിയോഗിക്കുന്നവരെ ഒരു വർഷത്തിനുള്ളിൽ സ്ഥലം മാറ്റാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

10. ഡ്രിൽ ഇൻസ്ട്രക്ടർമാർക്കും, കമ്മ്യൂണിറ്റി പോലീസ് ഉദ്യോഗസ്ഥന്മാർക്കുമുള്ള ആവശ്യമായ പരിശീലന പദ്ധതികൾ സംഘടിപ്പിക്കേണ്ടതാണ്.

11. മറ്റു സർക്കാർ വകുപ്പുകളുമായി ബന്ധപ്പെട്ട് ആവശ്യമായ ഫണ്ട് രൂപീകരണത്തിനു വേണ്ടി അതാതു വകുപ്പ് മേധാവികളുമായി ബന്ധം സ്ഥാപിക്കേണ്ടതാണ്.

12. മൂന്നു മാസത്തിലൊരിക്കൽ എസ്.പി.സി നടത്തിപ്പിനോടനുബന്ധിച്ചുള്ള ജില്ലാ തലത്തിലുള്ള ഒരു അവലോകന റിപ്പോർട്ട് സ്റ്റേറ്റ് നോഡൽ ഓഫീസർ മുഖേന സ്റ്റേറ്റ് അഡ്വൈസറി കമ്മിറ്റിക്ക് അയക്കേണ്ടതാണ്.

13. ഒരു അസിസ്റ്റന്റ് കമാണ്ടറിന്റെ നേതൃത്വത്തിൽ എസ്.പി.സി പദ്ധതി നടപ്പിലാക്കിയ സ്കൂളുകൾ സന്ദർശിച്ച് PT, Parade എന്നിവയുടെ നടത്തിപ്പിനെക്കുറിച്ചും ഉദ്ദേശ്യലക്ഷ്യങ്ങളെക്കുറിച്ചും എസ്.പി.സി കേഡറ്റുകൾക്ക് പറഞ്ഞുകൊടുക്കുന്നതിന് അവസരം ഉണ്ടാക്കേണ്ടതാണ്.

14. മാസത്തിൽ ഒരു തവണ ജില്ല പോലീസ് മേധാവി എസ്.പി.സി പദ്ധതി നടപ്പാക്കിയ ഒരു വിദ്യാലയം സന്ദർശിക്കേണ്ടതാണ്.

15. എസ്.പി.സിയുടെ സുഗമമായ നടത്തിപ്പിനായി ജില്ലാ പോലീസിന്റെ ലഭ്യമായ എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കേണ്ടതാണ്.

16. ജില്ലാ തല സമ്മർ ക്യാമ്പുകൾ എല്ലാ വർഷത്തിലും നടത്തുന്നുണ്ട് എന്നു ഉറപ്പു വരുത്തേണ്ടതാണ്.

17. എല്ലാ അധ്യയനവർഷാരംഭത്തിലും ബന്ധപ്പെട്ട DNO/ADNO/SDPO/CIs/ SHOs/DIs/Principal/ Headmaster/CPO/ACPO എന്നിവരുടെ ഒരു യോഗം വിളിച്ചു ചേർക്കേണ്ടതാണ്.

## ജില്ലാ നോഡൽ ഓഫീസറുടെ ചുമതലകൾ

1. എസ്.പി.സി പദ്ധതിയുടെ സുഗമമായ പ്രവർത്തനത്തിനു ജില്ലാ പോലീസ് മേധാവി സഹായിക്കേണ്ടതാണ്.
2. എസ്.പി.സി പദ്ധതിയുമായി ബന്ധപ്പെട്ട സ്കൂളുകൾക്ക് പദ്ധതി നടത്തിപ്പിനായി ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങളും, സഹായ സഹകരണങ്ങളും നൽകേണ്ടതാണ്.
3. സ്റ്റുഡന്റ് പോലീസ് പദ്ധതിയുടെ ജില്ലയിലെ സുഗമമായ പ്രവർത്തനത്തിനായി ഉപ വിദ്യാഭ്യാസ ഡയറക്ടറുമായും, മറ്റു ഉപദേശക സമിതി അംഗങ്ങളുമായും നിരന്തരം ബന്ധം പുലർത്തേണ്ടതാണ്
4. ആക്റ്റിവിറ്റി കലണ്ടർ പ്രകാരമാണ് എസ് പി സി യുടെ പ്രവർത്തനങ്ങൾ നടക്കുന്നത് എന്ന് ഉറപ്പു വരുത്തേണ്ടതാണ്.
5. എസ്.പി.സി പദ്ധതിയിലേക്ക് കേഡറ്റുകളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ CIs/SHOs/DIs/Principal/ Headmaster/CPO/ACPO എന്നിവരുടെ സഹായത്തോടെ നടത്തേണ്ടതും ആയതിനു മേൽ നോട്ടം വഹിക്കേണ്ടതുമാണ്.
6. വർഷത്തിൽ ഒരിക്കൽ എല്ലാ എസ്.പി.സി സ്കൂളുകളിലും പരിശോധന നടത്തേണ്ടതും, പരിശോധന റിപ്പോർട്ട് ജില്ലാ പോലീസ് മേധാവി മുഖേന സ്റ്റേറ്റ് നോഡൽ ഓഫീസർക്ക് അയക്കേണ്ടതുമാണ്. ഈ സമയം തൻ വർഷത്തെയും മുൻ വർഷത്തെയും കണക്കുകളും ധന വിനിയോഗവും പരിശോധിക്കേണ്ടതാണ്

7. എല്ലാ മാസവും DI/CPO/ACPO എന്നിവരെ ഉൾപ്പെടുത്തി കോൺഫറൻസ് നടത്തേണ്ടതാണ്.

8. എല്ലാ മാസവും ക്രൈം കോൺഫറൻസ് നടക്കുന്ന ദിവസമോ (ക്രൈം കോൺഫറൻസിനു മുൻപോ ശേഷമോ) മറ്റൊരു ദിവസമോ CIs/SHOs എന്നിവരെ ഉൾപ്പെടുത്തി എസ്.പി.സി യുമായി ബന്ധപ്പെട്ട വിഷയങ്ങൾ അവലോകനം ചെയ്യേണ്ടതാണ്.

9. എസ്.പി.സി പദ്ധതിയുടെ ജില്ലാതല ഓഫീസ് ആരംഭിക്കേണ്ടതും എസ്.പി.സി പദ്ധതിയുടെ എല്ലാ രേഖകളും നല്ല രീതിയിൽ സൂക്ഷിക്കേണ്ടതുമാണ്

10. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും മറ്റു വകുപ്പുകളിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കുന്നതിനു വേണ്ടി പദ്ധതികൾ/രൂപരേഖ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്.

11. എസ്.പി.സി പദ്ധതിയുടെ റിപ്പോർട്ടുകൾ യഥാസമയം ശേഖരിക്കേണ്ടതും അവ സ്റ്റേറ്റ് നോഡൽ ഓഫീസർക്ക് അയച്ചു കൊടുക്കേണ്ടതുമാണ്.

12. സേനയിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു ജില്ലാതല നിരീക്ഷക സംഘത്തെ രൂപവത്കരിക്കേണ്ടതും, PT, Parade എന്നിവയുടെ നിലവാരം ഉറപ്പുവരുത്തേണ്ടതുമാണ്.

## <u>സബ് ഡിവിഷണൽ ഓഫീസർമാരുടെ ചുമതലകൾ.</u>

1. എസ്.പി.സി പദ്ധതി നടപ്പിലാക്കിയിട്ടുള്ള സ്കൂളുകളിൽ പദ്ധതിയുടെ പ്രവർത്തനങ്ങൾ നേരിട്ട് വിലയിരുത്തേണ്ടതാണ്.

2. എസ്.പി.സി പദ്ധതിയുടെ ഫണ്ട് യഥാവിധി ഉപയോഗിക്കുന്നുണ്ട് എന്നു ഉറപ്പു വരുത്തേണ്ടതുമാണ്.

3. സി.ഐ ഓഫീസ് പരിശോധന നടത്തുന്ന സമയങ്ങളിൽ സി.ഐ ഓഫീസുകളിൽ എസ്.പി.സി പദ്ധതിയുമായി ബന്ധപ്പെട്ട് സൂക്ഷിച്ചിരിക്കുന്ന ഫയലുകളും രേഖകളും പരിശോധിക്കേണ്ടതുമാണ്.

4. മാസം തോറും നടത്തേണ്ട ക്രൈം കോൺഫറൻസിനോടൊപ്പം, എസ്.പി.സി പദ്ധതിയുടെ പ്രവർത്തനങ്ങളുടെ അവലോകനവും നടത്തേണ്ടതാണ്.

5. എസ്.പി.സി യുമായി ബന്ധപ്പെട്ട പദ്ധതികൾ രൂപീകരിക്കേണ്ടതും എല്ലാ പ്രവർത്തനങ്ങളിലും പങ്കെടുക്കേണ്ടതും, എല്ലാ സഹായ സഹകരണങ്ങളും ചെയ്തു കൊടുക്കേണ്ടതുമാണ്.

6. ഓരോ മാസവും ഒരു എസ്.പി.സി പദ്ധതി നടപ്പിലാക്കിയ സ്കൂളിലെങ്കിലും സന്ദർശനം നടത്തേണ്ടതാണ്.

7. ആക്റ്റിവിറ്റി കലണ്ടർ പ്രകാരം ആണ് എസ്.പി.സി യുടെ പ്രവർത്തനങ്ങൾ നടക്കുന്നത് എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## <u>സർക്കിൾ ഇൻസ്പെക്ടർ മാരുടെ ചുമതലകൾ</u>

1. എസ്.പി.സി പദ്ധതി നടപ്പിലാക്കിയിട്ടുള്ള സ്കൂളുകളിൽ എസ്.പി.സി പദ്ധതിയുടെ മുഴുവൻ പ്രവർത്തന ചുമതലകളും, അതാതു സി.ഐ (പൊലീസ് സ്റ്റുഡന്റ് ലെയ്സൺ ഓഫീസർ) മാർക്കായിരിക്കും.

2. എല്ലാ മാസവും ഒരു തവണയെങ്കിലും സ്കൂൾ തല ഉപദേശക സമിതി യോഗം ചേരേണ്ടതാണ്.

3. ആക്റ്റിവിറ്റി കലണ്ടർ പ്രകാരം ആണ്, എസ്.പി.സി യുടെ പ്രവർത്തനങ്ങൾ നടക്കുന്നത് എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

4. എസ്.പി.സി പദ്ധതിയിലേക്ക് കേഡറ്റുകളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ CIs/SHOs/DIs/Principal/Headmaster/CPO/ACPO എന്നിവരുടെ സഹായത്തോടെ



36

നടത്തേണ്ടതും കേഡറ്റുകളെ തിരഞ്ഞെടുക്കുന്നതിനോടനുബന്ധിച്ചുള്ള എല്ലാ രേഖകളും (അപേക്ഷ തള്ളിയ രേഖകൾ ഉൾപ്പെടെ) സൂക്ഷിക്കേണ്ടതാണ്.

5. അർദ്ധ വാർഷിക പരിശോധന നടത്തേണ്ടതും, റിപ്പോർട്ടുകൾ സ്റ്റേറ്റ് നോഡൽ ഓഫീസർക്ക് ഉചിത മാർഗ്ഗേന (SDPO മുഖേന) അയച്ചു കൊടുക്കേണ്ടതുമാണ്. ഒരു കോപ്പി ഡി.എൻ.ഒ ക്കും അയച്ചു കൊടുക്കേണ്ടതുമാണ്.

6. എല്ലാ മാസവും, PT യും, Parade ഉം നടക്കുന്ന സമയങ്ങളിൽ എസ്.പി.സി സ്കൂളുകളിൽ സിഐ മാർ സന്ദർശനം നടത്തേണ്ടതും ആയതിന്റെ റിപ്പോർട്ട് ഡി.എൻ.ഒ ക്ക് അയച്ചു കൊടുക്കേണ്ടതുമാണ്.

7. സ്കൂൾ തല ഉപദേശക സമിതിയുടെ സഹായത്തോടെ സ്കൂൾ തല അവധിക്കാല ക്യാമ്പ് സംഘടിപ്പിക്കേണ്ടതാണ്.

8. PT യും, Parade ഉം സുഗമമായി നടത്തുന്നതിനു വേണ്ടി കുറഞ്ഞത് ഓരോ സ്കൂളിനും, രണ്ടു ഡ്രിൽ ഇൻസ്ട്രക്ടർമാരെ നിയമിക്കേണ്ടതാണ്. സ്കൂളുകളിൽ വനിത കേഡറ്റുകൾ ഉണ്ടെങ്കിൽ ഡ്രിൽ ഇൻസ്ട്രക്ടർമാരായി ഒരു വനിത സിവിൽ പോലീസ് ഓഫീസറെ നിയമിക്കേണ്ടതും, ഡ്രിൽ ഇൻസ്ട്രക്ടർമാരുടെ പ്രവർത്തനം വിലയിരുത്തേണ്ടതുമാണ്.

9. ഇൻഡോർ, ഔട്ട് ഡോർ ക്ലാസുകൾ സംഘടിപ്പിക്കേണ്ടതാണ്.

10. എസ്.പി.സി ഫണ്ടിന്റെ ഉപയോഗം ശരിയായ വിധത്തിലാണെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

11. എസ്.പി.സി പദ്ധതിയെ സംബന്ധിച്ച രേഖകൾ നല്ല രീതിയിൽ സൂക്ഷിക്കേണ്ടതാണ്.

12. ഓരോ സ്കൂളിന്റേയും ഓരോ മാസത്തെയും പ്രവർത്തന അവലോകന റിപ്പോർട്ട് അടുത്ത മാസം നാലാം തിയ്യതിക്കകം ഡി.എൻ.ഒ ക്ക് അയച്ചു കൊടുക്കേണ്ടതാണ്.

13. എസ്.പി.സി കേഡറ്റുകളുടെ അച്ചടക്കവും, പ്രവർത്തന മികവും ഉറപ്പു വരുത്തുവാൻ വേണ്ട നിർദ്ദേശങ്ങൾ ഡ്രിൽ ഇൻസ്ട്രക്ടർമാർക്ക് നൽകേണ്ടതാണ്.

14. എസ്.പി.സി കേഡറ്റുകളുടെ പ്രധാനപ്പെട്ട സ്ഥലങ്ങളിലേക്കുള്ള സന്ദർശനങ്ങൾ ഏകോപിപ്പിക്കേണ്ടതും, ആവശ്യമായ സഹായ സഹകരണങ്ങൾ ചെയ്തു കൊടുക്കേണ്ടതുമാണ്.

15. സർക്കാർ ഉത്തരവ് നമ്പർ (പി) 121/2010/ആഭ്യന്തരം തിയ്യതി 25.09.10ൽ പറയുന്ന എല്ലാ ഡ്യൂട്ടികളും, ഉത്തരവാദിത്വവും, ചെയ്യുവാൻ ബാധ്യസ്ഥനാണ്.

16. PT ക്കും, Parade നും, ആവശ്യമായ ഡ്രിൽ ഇൻസ്ട്രക്ടർമാരെ നിയോഗിച്ചിട്ടുണ്ട് എന്നും അവർ ആ പ്രവൃത്തി കൃത്യമായി ചെയ്യുന്നുണ്ടെന്നും ഉറപ്പു വരുത്തേണ്ടതാണ്.

17. ഉയർന്ന ഉദ്യോഗസ്ഥന്മാരുടെ എസ്.പി.സി സ്കൂൾ സന്ദർശന വേളയിൽ സ്വന്തം സാന്നിധ്യം ഉറപ്പു വരുത്തേണ്ടതാണ്.

## എസ് എച്ച് ഒ മാരുടെ ചുമതലകൾ

1. പോലീസ് സ്റ്റേഷൻ പരിധിയിലെ എസ്.പി.സി പദ്ധതിയുടെ നടത്തിപ്പിന്റെ ഉത്തരവാദിത്വം അതാത് എസ്.എച്ച്.ഒമാർക്കായിരിക്കും. എസ്.പി.സി പദ്ധതിയുടെ സുഗമമായ നടത്തിപ്പിലേക്കായി സിഐ (പി.എസ്.എൻ.ഒ) മാരെ സഹായിക്കേണ്ടതാണ്.

2. PT ക്കും, Parade നും, ആവശ്യമായ ഡ്രിൽ ഇൻസ്ട്രക്ടർമാരെ നിയോഗിച്ചിട്ടുണ്ട് എന്നും അവർ ആക്റ്റിവിറ്റി കലണ്ടർ പ്രകാരമാണ് ക്ലാസ്സുകൾ എടുക്കുന്നത് എന്നും ഉറപ്പു വരുത്തേണ്ടതാണ്

3. എസ്.പി.സി പദ്ധതി നടപ്പിലാക്കിയിട്ടുള്ള സ്കൂളുകളിൽ ഇടക്കിടെ സന്ദർശനം നടത്തേണ്ടതും, ഡ്രിൽ ഇൻസ്ട്രക്ടർമാരുടെയും, കേഡറ്റുകളുടെയും പ്രവർത്തനം വിലയിരുത്തേണ്ടതുമാണ്.

4. സിഐ മാരുടെ (പി.എസ്.എൻ.ഒ) അഭാവത്തിൽ എസ്.പി.സി പദ്ധതിയുമായി ബന്ധപ്പെട്ട സിഐ മാരുടെ ചുമതലകൾ എസ്.എച്ച്.ഒ മാർ നിർവ്വഹിക്കേണ്ടതാണ്

5. സ്കൂൾ തലത്തിൽ എസ്.പി.സി ക്യാമ്പ് നടത്തേണ്ടതാണ്.

6. എസ്.പി.സി കേഡറ്റുകൾക്ക് പോലീസ് സ്റ്റേഷൻ സന്ദർശന വേളയിലും, മറ്റു പ്രധാനപ്പെട്ട സ്ഥലങ്ങൾ സന്ദർശിക്കുന്ന അവസരങ്ങളിലും, വേണ്ട സഹായ സഹകരണങ്ങൾ ചെയ്തു കൊടുക്കേണ്ടതാണ്.

7. സ്കൂൾ തലത്തിൽ എസ്.പി.സി പദ്ധതിയുടെ പ്രവർത്തനങ്ങളെ (PT, Parade) പ്രതികൂലമായി ബാധിക്കാത്ത വിധത്തിലായിരിക്കണം ഡ്രിൽ ഇൻസ്ട്രക്ടർമാരെ നൈറ്റ് ഡ്യൂട്ടിക്കും, സ്പെഷ്യൽ ഡ്യൂട്ടിക്കുമായി നിയോഗിക്കേണ്ടത്.

## <u>ഡ്രിൽ ഇൻസ്ട്രക്ടർമാരുടെ ചുമതലകൾ</u>

1. ആക്റ്റിവിറ്റി കലണ്ടർ പ്രകാരം എസ്.പി.സി കാഡറ്റുകൾക്ക് PT യും Parade ഉം നടത്തേണ്ടതാണ്.
2. എസ്.പി.സി പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളിലും അന്തസ്സുള്ള വസ്ത്രം ധരിച്ചിരിക്കുന്നതിനും കാഡറ്റുകളോട് മാന്യമായി പെരുമാറുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.
3. സ്കൂൾ തലത്തിൽ മാസം തോറുമുള്ള എസ്.പി.സി പ്രവർത്തന റിപ്പോർട്ട് തയ്യാറാക്കുന്നതിൽ സി.പി.ഒ മാരെ സഹായിക്കേണ്ടതാണ്.
4. എസ്.പി.സി കേഡറ്റുകളുടെ അച്ചടക്കം ഉറപ്പു വരുത്തേണ്ടതാണ്.
5. എസ്.പി.സി യുമായി ബന്ധപ്പെട്ട രേഖകൾ തയ്യാറാക്കുന്നതിനു സി.പി.ഒ മാരെ സഹായിക്കേണ്ടതാണ്.
6. എസ്.പി.സി കേഡറ്റുകൾ എസ്.പി.സി പദ്ധതിയുമായുള്ള പ്രവർത്തനങ്ങളിൽ പങ്കെടുക്കുമ്പോൾ കേഡറ്റുകളോടൊപ്പം ഉണ്ടാകേണ്ടതാണ്.
7. ഉയർന്ന ഉദ്യോഗസ്ഥരുടെ എസ്.പി.സി സ്കൂൾ പരിശോധന വേളയിൽ സി.പി.ഒ മാരെ സഹായിക്കേണ്ടതാണ്.
8. അതാത് സ്കൂളുകളിലെ എസ്.പി.സി കേഡറ്റുകളുടെ PT യുടേയും Parade ന്റെയും പ്രവർത്തന മികവ് അതാത് സി.ഐ (പി.എസ്.എൽ.ഒ) മാരെ അറിയിക്കേണ്ടതാണ്.
9. സ്വന്തം പെരുമാറ്റത്തിലും കുട്ടികളോടുള്ള പെരുമാറ്റത്തിലും വളരെ ഉയർന്ന നിലവാരം കാത്തു സൂക്ഷിക്കേണ്ടതാണ്.

Sd/

**സംസ്ഥാന പോലീസ് മേധാവി**

To

List 'B' യിലുള്ള എല്ലാ ഓഫീസർമാർക്കും അറിവിലേയ്ക്കും അനന്തര നടപടികൾക്കുമായി.

പോലീസ് ആസ്ഥാനത്തെ എല്ലാ ഉദ്യോഗസ്ഥൻമാരുടെയും CA മാർക്കും അറിവിലേയ്ക്ക്.

**No. 59/SPC SECTT/PHQ/2013**
**POLICE HEADQUARTEFRS,KERALA**
**THIRUVANANTHAPURAM**
Dtd. 07.06.2013

**DGO NO. 971/2013**

Sub: **Student Police Cadet Project**-Selection and approval of Drill Instructors - Reg.

Ref: 1. GO (P) No. 121/2010/Home Dtd 29.05.2010
2. Circular No. 19/2011 Dtd 12.07.2011 of the State Police Chief-Kerala
3. Lr. No.59/SPC SECTT/PHQ Dtd.2.05.2013 of the State Nodal Officer-SPC Project

**The STUDENT POLICE CADET** Project is a school-based initiative by Kerala Police that trains high school students to evolve as future leaders of a democratic society by inculcating within them respect for the law, discipline, civic sense, empathy for vulnerable sections of society and resistance to social evils. The project also enables youth to explore and develop their innate capabilities, thereby empowering them to resist the growth of negative tendencies such as social intolerance, substance abuse, deviant behavior, and anti-establishment violence. Equally, it strengthens within them commitment towards their family, the community, and the environment.

Implemented jointly by the Departments of Home and Education, and supported by Departments of Transport, Forest, Excise, Local Self-Government, Fire & Rescue and Sports & Youth Affairs. The SPC project was launched in August 2010 in 127 schools across Kerala, with 11176 students - both boys and girls - enrolled as Cadets. The project has now been expanded to a total of 247 high schools and higher secondary schools across Kerala with a combined strength of 15,064 SPCs.

In each SPC Project implemented school two police personnel either from police station or from A R Camp are detailed as Drill Instructors for giving training and supervising other project activities in the school.

In each SPC school, Drill Instructor conducts PT and parade drills twice a week and organize indoor class once in a week. They also organize field visits, study tour to the places of importance, non-residential camps during Onam and Christmas vacations and lead community service projects. Many of these drill instructors also participate in the annual seven day state level residential camp for the SPCs.

**Duties and responsibilities of Drill Instructors**

1. Drill Instructors must be in good turn out and a role model to the cadets in discipline and other activities
2. He/She has to take the project activities including PT and parade as per the activity calendar.
3. He/She is liable for keeping discipline among the cadets and he/she has to address cadets by their name.
4. He/She has to help the CPO/ACPO in preparing Monthly Performa Report, keeping all records in the SPC Office and help the CPO/ACPO during the visit of Superior officers.
5. He/She will be present along with the cadets during field visits, outdoor camps and all other outdoor activities.
6. The DIs has to report the progress/problem if any of the project activities to the SHO, CI, PSLO and DNO.
7. The DI has to identify the cadets who are backward in studies and he/she can take appropriate action with the concurrence of the headmaster for their improvement.
8. He/She has to maintain a warm and healthy relation with the cadets, CPO and Headmaster/Principal for the better implementation of the project.
9. He/She can also encourage the cadets having athletics and artistic talents and find out opportunities to showcase their abilities.
10. He/She has to keep a high dignity in behavior and conduct to the cadets and school authorities.
11. He/She has to organize field visits and assist CPO/ACPO in organizing all other indoor and outdoor activities.
12. He/She has to assist the DNO for conducting school level Advisory committee meeting.

The drill instructors are the backbone of the implementation of the project in each school and wrong selection of the Drill Instructors may affect the project adversely. Hence the District Police Chiefs are directed to observe the following points in implementing the scheme.

1. The police personnel having ability to teach parade and PT will be selected as drill instructors

2. Drill instructors who do not have interest in the project may not selected/continued

3. The drill instructor may be exempted from heavy duties and night duty on the previous day of the activity day

4. All drill instructors should be available at the school for imparting the training as per the activity calendar.

5. They should not be transferred out from the present post at least for a period of two years

6. The police personnel with a minimum experience of 10 years will be selected as drill instructors

7. Any lapse in performing these duties has to be reported by the CPO/ACPO to the District level advisory committee (DLAC). DLAC will examine the matter and take appropriate action. The decisions of DLAC is final in matters of discipline

The police personnel selected for working in the SPC Project are designated as drill instructors and their approved list is attached herewith as Appendix A

Sd/- (07.6.2013)
**STATE POLICE CHIEF-KERALA**

"I am directed to convey the above orders of the State Police Chief-Kerala"

**Manoj Abraham IPS**
Inspector General of Police (HQ)
**For State Police Chief-Kerala**

Encl : Appendix A
Copy to : All Dist. Police Chiefs for necessary action
: DGO Book and Stock File